# VI. നിയമനിർമ്മാണകാര്യം:

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും.

### (1) 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012 -ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങേയ്ക്ക് എന്തെങ്കിലും സംസാരിക്കാനുണ്ടോ?

ശ്രീ. കെ. എം. മാണി: സർ, ഇതൊരു ഹിസ്റ്റോറിക്കൽ നിയമമാണ്. ഇന്ന് നമ്മുടെ നാട്ടിലെ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം അമിത പലിശ കൊടുക്കാൻ നിർവ്വാഹമില്ലാതെ ധാരാളം ആളുകൾ കടക്കെണിയിലാകുകയും ആത്മഹത്യ ചെയ്യുകയും ദുരിതമനുഭവിക്കുകയും ചെയ്യുന്നു എന്നതാണ്. ഇത് തടയുന്നതിന് ഇഫക്ടീവായ ഒരു നിയമം വേണമെന്നതുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നത്. മണി ലെൻഡേഴ്സ് നിയമത്തിന്

ചെറിയൊരു മേഖലയിൽ മാത്രമേ നിയന്ത്രണമുള്ളൂ. സമഗ്രമായ നിയന്ത്രണം എല്ലാ മേഖലയിലും വേണമെങ്കിൽ മണി ലെൻഡേഴ്സ് നിയമം നിലനിൽക്കുകയും മറ്റൊരു നിയമം സമാന്തരമായി ഉണ്ടാവുകയും ചെയ്യേണ്ടത് ആവശ്യമാണെന്നതുകൊണ്ടാണ് ഈ നിയമം കൊണ്ടുവന്നത്. സബ്ജക്ട് കമ്മിറ്റിയിൽ എല്ലാവരും ഇത് സ്വാഗതം ചെയ്തു. ഡിസെന്റിംഗ് നോട്ടുണ്ടെങ്കിലും പൊതുവെ ഈ നിയമ നിർമ്മാണത്തോട് എല്ലാവരും യോജിച്ചു എന്നുള്ളതിൽ എനിക്ക് സന്തോഷമുണ്ട്. സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

(വിയോജനക്കുറിപ്പ് നൽകിയ ഡോ. ടി.എം. തോമസ് ഐസക്, എം.എൽ.എ. സീറ്റിലില്ലായിരുന്നു.)

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഈ നിയമത്തിനുള്ളിൽനിന്ന് ശ്രീ. കെ.എം. മാണി ഇവിടെ വിവരിച്ചതുപോലെ കേരളത്തിൽ അമിത പലിശ ഈടാക്കുന്നതുകൊണ്ട് ആത്മഹത്യയിലുൾപ്പെടെ എത്തിച്ചേരുന്ന വളരെ സാധാരണക്കാരായ അധ്വാനിക്കുന്നവരും നല്ലവരുമായ മനുഷ്യരുടെ പ്രശ്നങ്ങളെല്ലാം പരിഹരിക്കാവുന്ന വിധത്തിൽ ശക്തമല്ല ഈ നിയമമെന്നതാണ് ഡിസെന്റ് എഴുതിയപ്പോൾ ഞങ്ങളുടെ ഒന്നാമത്തെ അഭിപ്രായം. പലിശ എന്നുപറയുന്നത് പാപവും അമിതപലിശ മഹാപാപവുമായതുകൊണ്ടാണ് ക്രിസ്തുദേവനും പ്രവാചകനായ മുഹമ്മദും വളരെ ശക്തമായി പലിശയെ എതിർത്തത്. പലിശ പണത്തിന്റെ മാലിന്യമാണ്. അങ്ങനെയാണെങ്കിൽ കേരളം സാധാരണ മാലിന്യം കൊണ്ടും പലിശയുടെ മാലിന്യം കൊണ്ടും നിറഞ്ഞ സംസ്ഥാനമാണ്. പണത്തിന്റെ മാലിന്യമില്ലാതാക്കി പണത്തെ ശുദ്ധീ

കരിക്കുകയെന്നതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെങ്കിൽ ഈ നിയമം കുറച്ചുകൂടി ശക്തമാകണം. കേരളത്തിലെ ഏറ്റവും വലിയ പ്രശ്നം നിയമം ഇല്ലാത്തതല്ല. 1958-ലെ മണി ലെൻഡേഴ്സ് ആക്ടിന്റെ നിയമങ്ങൾ നടപ്പാക്കിയാൽ, ഇന്ത്യയിൽ കേരളം മാതൃകയാകണമെങ്കിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന പലിശയിൽ നിന്ന് താഴ്ന്ന പലിശയിൽ കുറച്ചാർക്കെങ്കിലും പലിശരഹിത സംവിധാനത്തിൽ കേരളത്തിൽ പണം ലഭിക്കാനും മനുഷ്യന്റെ അധ്വാനത്തിന്റെ വില പലിശയായിക്കൊടുക്കുന്ന തരത്തിലുള്ള സംവിധാനം നിൽനിൽക്കുന്നത് ഇല്ലാതാക്കാനും കേരളത്തിലെ ഗവൺമെന്റിന് കഴിയണം. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നെൽകർഷകർക്ക് പലിശരഹിത വായ്പ കൊടുക്കാൻ തീരുമാനിച്ചപ്പോൾ അത് വിപ്ലവകരമായ തീരുമാനമായത് നെൽ കർഷകർ അവരുടെ ഉല്പന്നത്തിന്റ വിലയിൽനിന്ന് ഒരു പങ്ക് പലിശക്കാരന് കൊടുക്കേണ്ടി വരുന്ന സംവിധാനത്തിൽനിന്ന് മാറ്റപ്പെട്ടപ്പോൾ അത് വലിയൊരു ആശ്വാസമാവുകയും ആ ആശ്വാസം കേരളത്തിലെ നെൽകൃഷി മേഖലയിൽ ഉല്പാദന വർദ്ധനവിനും കൃഷിയുടെ വിസ്തൃതിക്ക് കാരണമാവുകയും ചെയ്തു.

അമിതപ്പലിശയല്ല, പലിശയെന്ന പാപത്തിൽ നിന്നുതന്നെ പതുക്കെ മോചിപ്പിക്കാവുന്ന ഒരു സംവിധാനത്തിലേയ്ക്ക് കേരളത്തെ എന്തുകൊണ്ട് എത്തിച്ചുകൂട. എന്തുകൊണ്ട് അമിതപ്പലിശ വാങ്ങാവുന്ന സംവിധാനത്തിലേയ്ക്ക് കേരളത്തിലെ സാധാരണക്കാരൻ പോകുന്നുവെന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. കേരളത്തിലെ അമിതപ്പലിശയും, ദിവസവട്ടിയും, മണിക്കൂർവട്ടിയും കണ്ടുവട്ടിയും, മീറ്റർവട്ടിയും തണ്ടലുമെല്ലാം കേരളത്തിൽ അധികമായി നിലനിൽക്കുന്നത് പട്ടണങ്ങളിലല്ല, ഗ്രാങ്ങളിലാണ്. അതിൽ

പ്രധാനം അതിർത്തി ഗ്രാമങ്ങളാണ്. സാധാരണ ബാങ്കിംഗ് സംവിധാനം ഗവൺമെന്റ് നിയന്ത്രണത്തിലുള്ള പണമിടപാട് സംവിധാനം എത്താത്തിടത്താണ് ഇത്തരം കുറ്റവാളികൾ എത്തുന്നതും ചൂഷണം അധികം നടത്തുന്നതും. ഇങ്ങനെയൊരു നിയമം കൊണ്ടുവരുന്നതിനുമുമ്പ് ആദ്യം ആലോചിക്കേണ്ടത്, എന്തുകൊണ്ട് സാധാരണക്കാരായ അതിർത്തിമേഖലയിലെ പാവപ്പെട്ട കൃഷിക്കാരും കച്ചവടക്കാരുമായ മാനുഷ്യരെ വട്ടിപ്പലിശക്കാരന്റെ അധിക ചൂഷണത്തിന് വിട്ടുകൊടുക്കുന്നുവെന്നുള്ളതാണ്. സത്യത്തിൽ നമ്മുടെ ബാങ്കിംഗ് സംവിധാനവും പണമിടപാട് സംവിധാനവും സാധാരണക്കാരേയും നഗരജീവിതത്തിന്റെ തട്ടിപ്പും വെട്ടിപ്പും അറിഞ്ഞുകൂടാത്തവരേയും പണമിടപാട് സംവിധാനത്തിന്റെ അതിർത്തിയിൽ എത്തിക്കുകയാണ്. പണമിടപാട് സംവിധാനം അവിടെ കിട്ടുന്നുവെന്ന് ഉറപ്പാക്കുകയാണ്. അവരുടെ ജീവിതത്തിന് ആശ്വാസകരമായ ഒരു സംവിധാനം ഉണ്ടെന്ന് ഉറപ്പിക്കുകയാണ് ഗവൺമെന്റ് ആദ്യം ചെയ്യേണ്ടത്. അല്ലാതെ, അമിതപ്പലിശ എന്നുപറയുന്നിടത്ത് ഒരു നിയമം കൊണ്ടുവന്നതുകൊണ്ടുമാത്രം കേരളത്തിലെ സാധാരണ ജീവിതത്തിന്റെ പണമിടപാട് സംവിധാനത്തിന്റെ എത്താപ്പിടിയിലാണ് വിദൂര ഗ്രാമങ്ങളിലെ മനുഷ്യൻ നിൽക്കുന്നതെങ്കിൽ അവൻ ഇനിയും ചൂഷണത്തിന് വിധേയമാകും. അതുകൊണ്ട് ആദ്യം ചെയ്യേണ്ടത് പണമിടപാട് സംവിധാനത്തിന്റെ പലിശ ഒന്ന് കുറയ്ക്കുകയാണ്. രണ്ട്, ഏറ്റവും സാധാരണക്കാരനായ, അദ്ധ്വാനിച്ച് മാത്രം ജീവിക്കുന്ന മനുഷ്യരുടെ ഇടയിലാണ് കേരളത്തിൽ ഏറ്റവും കൂടുതൽ ആത്മഹത്യ നടക്കുന്നത്. വയനാട് ഏറ്റവും കൂടുതൽ ആത്മഹത്യ നടക്കുന്നുവെങ്കിൽ വയനാട് ജില്ലയിൽ ബാങ്കിംഗ് സംവിധാനം വിദൂരമായ ഗ്രാമങ്ങളിലെ സാധാരണ മനുഷ്യന്റെ കൂരകളിലേയ്ക്ക് എത്തു

ന്നില്ലെന്നുള്ള കുറവ് കൂടി കേരളത്തിന്റെ പൊതുസംവിധാനത്തിന്റെ പ്രത്യേ കതയിലേയ്ക്ക് വയനാട്ടിലെ സുൽത്താൻ ബത്തേരിയോ കൽപ്പറ്റയോ പുൽപ്പള്ളിയോ ഒഴികെയുള്ള പൂതാടിയോ മുള്ളൻകൊല്ലിയോ പോലുള്ള സ്ഥലങ്ങളിൽ എത്തുന്നില്ലെന്നുള്ള പ്രയാസം കൂടി നമ്മുടെ മുന്നിലുണ്ട്. ഇതി നുള്ള പരിഹാരം കൂടി ഗവൺമെന്റ് മുന്നോട്ട് വച്ചെങ്കിൽ മാത്രമേ ഈ നിയമം ശക്തിപ്പെടൂ. സത്യത്തിൽ ദുർബലനും അദ്ധ്വാനിക്കുന്നവനും സാധാര ണക്കാരനും നല്ലവനും വിശ്വാസിയുമായ മനുഷ്യനാണ് എപ്പോഴും ചൂഷണ ത്തിന് വിധേയമാകുന്നത്. അവർക്കാണ് വട്ടിപ്പലിശക്കാരും കൊള്ളപ്പലിശ ക്കാരും പണം കടം കൊടുക്കുന്നതോടൊപ്പം 5,000 രൂപ കടം കൊടുത്തിട്ട് 25,000 രൂപയാണ് കൊടുത്തതെന്ന് രേഖയുണ്ടാക്കിയാൽ അങ്ങ് പറയുന്ന അമിതപ്പലിശ നിയമത്തിന്റെ പരിധിയിൽ ഇവരെ ശിക്ഷിക്കാൻ ഒക്കുകയില്ല. കാരണം രേഖാപരമായി ഇവരെ കുരുക്കാനുള്ള വഴിയുണ്ടാക്കിയാൽ പിന്നെ അങ്ങ് പറയുന്ന നിയമത്തിന്റെ പരിരക്ഷയിൽ സാധാരണ മനുഷ്യൻ വരില്ല. കേരളത്തിൽ കടാശ്വാസ കമ്മീഷൻ കൊണ്ടുവന്നു. പ്രൈവറ്റ് മണി ലെൻഡേ ഴ്സിന്റെ അമിതപ്പലിശയ്ക്ക് വിധേയമായ മനുഷ്യൻ സ്ഥാപിക്കപ്പെട്ടാൽ ശിക്ഷിക്കപ്പെടുന്ന നിയമമുണ്ട്. പക്ഷേ ഒരു പ്രൈവറ്റ് മണി ലെൻഡേഴ്സിനെ തിരെയും പരാതി വരുന്നില്ല. അതിനുകാരണം ഭയം കൂടിയുണ്ട്. പ്രൈവറ്റ് മണി ലെൻഡേഴ്സ് പ്രവർത്തിക്കുന്നത് പലിശകൊണ്ടാണ്. അതുകൊണ്ടാണ് ക്രിസ്തുദേവനും പ്രവാചകനും ശക്തമായി അതിനെ എതിർത്തത്. പലിശ കൊണ്ട് ജീവിക്കുന്ന സമൂഹം ഒരു ഗുണ്ടാസംഘത്തെ കൂടി നിലനിർത്തും. അവരുടെ ക്രിമിനൽ സ്വഭാവം പലിശയിൽ തന്നെയുണ്ട്. ആ ക്രിമിനൽ സ്വഭാ വമുള്ള പണത്തിന്റെ വലിയൊരു പങ്ക് ക്രിമിനൽവൽക്കരണത്തിനുവേണ്ടി

ചെലവഴിക്കും. അതുകൊണ്ട് ഈ പേര് ഇങ്ങനെവേണമോയെന്ന് ആലോചിക്കണം. അതായത് വാങ്ങുന്നവന്റെ പേര് അധമർണ്ണൻ എന്നാണ്. കൈ താഴ്ത്തിവച്ച് വാങ്ങുന്നവനാണ് അധമർണ്ണൻ. കൊടുക്കുന്നവൻ ഉത്തമർണ്ണനാണ്. സത്യത്തിൽ നേരെ തിരിച്ചാണ് വേണ്ടത്. കാരണം വാങ്ങുന്നവൻ നിശ്ചയമായും പലിശ സഹിതം കൊടുക്കുകയാണ്. സത്യത്തിൽ അവനാണ് ഉത്തമർണ്ണൻ. അത് വാങ്ങി പലിശകൊട്ടാരം കെട്ടി  കേരളത്തിൽ മുഴുവൻ പരസ്യ ബോർഡ് വച്ച് നടക്കുന്നവൻ അധമർണ്ണനാണ്. യേശുദേവനും പ്രവാചകനും പറഞ്ഞതനുസരിച്ച് പലിശയുടെ കൊട്ടാരം കെട്ടി പാർക്കുന്നവനൊരിക്കലും സ്വർഗ്ഗം കിട്ടില്ല. ഒട്ടകം  സൂചിക്കുഴലിലൂടെ കടന്നാലും ഇവരാരും സൂചിക്കുഴലിലൂടെ കടന്ന് അപ്പുറം പോകത്തില്ലെന്നാണ്. അവരുടെ പേര് ഉത്തമർണ്ണൻ എന്നാണ്. ആ വാക്കുകൊണ്ട് അർത്ഥമാക്കുന്നത് മെച്ചപ്പെട്ടവൻ എന്നാണ്. വാങ്ങുന്നവന്റെ പേര് അധമർണ്ണൻ എന്നാണ്. സത്യത്തിൽ അത് നേരെ തിരിച്ചാണ് വരേണ്ടത്. അതുകൊണ്ട് മാണിസാറിന് കഴിയുമെങ്കിൽ ഈ പേരൊന്ന് മാറ്റുന്നത് നല്ലതാണ്. വാങ്ങുന്നത് മോശപ്പെട്ട കാര്യത്തിനല്ല. വലിയ മുതലാളിമാരും മറ്റും വാങ്ങുന്നത് അവരുടെ സ്വാർത്ഥ താൽപ്പര്യങ്ങൾക്കാണ്. ഭാര്യയ്ക്ക് ക്യാൻസർ രോഗമുണ്ടാകുമ്പോഴും അച്ഛന് ഹൃദ്രോഗം ഉണ്ടാകുമ്പോഴും മക്കൾക്ക് പഠിക്കാൻ നിവൃത്തിയില്ലാതാകുമ്പോഴും 10 പവന്റെ മാലയിട്ട് മകളെ അയയ്ക്കാനുള്ള മനസ്സിലുള്ളത് വിവാഹത്തിൽ പ്രകടിപ്പിക്കാനും വേണ്ടിയൊക്കെ വാങ്ങിപ്പോകുന്നതാണ്. അങ്ങനെ വാങ്ങിപ്പോകാൻ നിർബന്ധിതനാകുന്നവന് മിനിമം സഹായത്തിൽ കൊടുക്കാൻ ഒരു ഗവൺമെന്റ് സംവിധാനം എന്തുകൊണ്ടില്ലെന്ന ചോദ്യത്തിന് തീർച്ചയായും ഈ ബിൽ അവതരിപ്പിക്കുമ്പോൾ കേരളം

പോലെ എല്ലാവരും സാക്ഷരരായ, എല്ലാവരും ഉടുത്തൊരുങ്ങി നടക്കുന്ന, ഇതുപോലൊരു അസംബ്ളിയിൽ ഇരിക്കുന്ന നമുക്ക് ബാദ്ധ്യതയുണ്ട്. എന്തു കൊണ്ട് പ്രൈവറ്റ് മണി ലെൻഡേഴ്സിന്റെ ക്രൂരതയ്ക്കുമുമ്പിൽ പാവപ്പെട്ട ധാരാളം മനുഷ്യർ കേരളത്തിൽ കടം വാങ്ങി ഇരയായി അവസാനം മാനം കാക്കാൻ വേണ്ടി പ്രാണൻ കളയേണ്ടിവരുന്നു. ഭീഷണി കൊണ്ടെന്ന് മൂന്നാം വകുപ്പിലൊക്കെ പറയുന്നുണ്ട്. അങ്ങനെ  എത്രപേരെ ശിക്ഷിക്കാൻ നമുക്ക് തെളിവുണ്ടാകും?  50,000 രൂപ അല്ലെങ്കിൽ 3 വർഷം തടവ് എന്നാണ് പറയുന്നത്. 50,000 രൂപ എന്നുപറയുന്നത് അവർക്ക് അത്യാവശ്യം ഒരു ഗുണ്ടാപ്പണിക്ക് കൊടുക്കുന്നതാണ്. അതുകൊണ്ട് മാത്രം ഈ നിയമത്തെ അവർ ഭയപ്പെടുമോ. ഒരു നിയമത്തെ ക്രിമിനൽ സ്വഭാവം പുലർത്തുന്നവർ ഭയപ്പെടണമെങ്കിൽ ഭയപ്പെടാൻ തക്ക തരത്തിൽ ആ നിയമത്തിൽ വ്യവസ്ഥ ഉണ്ടാകണം. നമുക്കെല്ലാമറിയാം, കേരളത്തിൽ ധാരാളം പണം പലിശയ്ക്ക് കൊടുക്കുന്നതിൽ വലിയൊരു പങ്ക് കള്ളപ്പണമാണ്. കേരളത്തിലെ ഉദ്യോഗസ്ഥർക്ക് കൊടുക്കുന്ന കൈക്കൂലിയും കേരളത്തിൽ അല്ലാതെ വരുന്ന ഹവാലപ്പണവും  ടാക്സ് കൊടുക്കാത്ത പണവും ഉൾപ്പെടെ ഇതിൽ വരും. കേരളത്തിൽ കള്ളപ്പണം വ്യക്തിപരമായും അല്ലാതെയും പലിശയ്ക്ക് കൊടുക്കുന്നുണ്ട്.  സത്യത്തിൽ കേരളത്തിൽ ഇതിനെ നിയമം മൂലമല്ല, നിരോധിക്കുകയാണ് വേണ്ടത്. കേരളത്തിൽ ഗവൺമെന്റ് സംവിധാനത്തിലൂടെ, പണം ഉള്ളവൻ ഗവൺമെന്റ് സംവിധാനത്തിൽ കൊണ്ട് വന്നിട്ട് ഗവൺമെന്റ് മിനിമം പലിശയ്ക്ക് കൊടുക്കട്ടെ. വ്യക്തിപരമായി പണം പലിശയ്ക്ക് കൊടുത്ത് വ്യക്തിപരമായി പണം ഉണ്ടാക്കുന്ന സംവിധാനം കേരളത്തിൽ എന്തിന് ഉണ്ടാകണം? നിയമവിധേയമല്ലാത്ത പണം നിയമവിധേയമല്ലാത്ത തരത്തിൽ

കൊടുത്ത് നിയമവിധേയമല്ലാത്ത തരത്തിൽ കാശുണ്ടാക്കി നിയമവിധേയമല്ലാത്ത ഗുണ്ടാസംഘത്തെയും കൊണ്ട് നടന്ന് ആളുകളെ മാനഹാനിപ്പെടുത്തി മരണത്തിലേയ്ക്ക് കൊണ്ടുവിടുന്ന സംവിധാനത്തെ കേരളം നിരോധിക്കണം. സമ്പാദ്യമുള്ള എല്ലാവർക്കും പലിശ കിട്ടണം. 'നിങ്ങൾ വിദ്യാഭ്യാസ വായ്പയ്ക്ക് എന്തിന് ഒരു വർഷം നടക്കണം, 3 മിനിട്ട് കൊണ്ട് ഇവിടെ ലഭിക്കും' എന്ന് കേരളത്തിൽ ഒരുപാട് സ്ഥലത്ത് ബോർഡ് വച്ചിട്ടുണ്ട്. സത്യത്തിൽ മാണിസാറിന്റെ പ്രസിദ്ധമോ കുപ്രസിദ്ധമോ ആയ ഒരു വാചകമുണ്ട്. 'വളരുംതോറും പിളരുകയും പിളരുംതോറും വളരുകയും ചെയ്യും' എന്നാണ് മാണിസാർ കേരളാ കോൺഗ്രസ്സിനെക്കുറിച്ച് പറഞ്ഞത്. പലിശക്കാശ് ഉണ്ടാക്കുന്ന ചിലരും വളരുംതോറും പിളരും പിളരുംതോറും വളരുകയും ചെയ്യും. അവർ കേരളത്തിലെ പണം മുഴുവൻ കൊള്ളയടിക്കുകയാണ്. ഇവിടെ പ്രശ്നം എന്തെന്ന് വച്ചാൽ അമിതപ്പലിശ എന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം മറ്റ് പലിശ ശരിയാണെന്ന് തോന്നും. പലിശ എല്ലാം തെറ്റാണ്. എങ്കിലും പലിശ കൊണ്ട് ചിലപ്പോൾ സാധാരണക്കാരന് എടുപ്പുകൂലിയും നടത്തിപ്പുകൂലിയും ആയിട്ടൊക്കെ കൊടുക്കാൻ ഒരു ഗവൺമെന്റ് സംവിധാനത്തിന് പറ്റും. പക്ഷേ, അതിൽ തന്നെ ഇൻഡ്യയോടൊപ്പമല്ല കേരളം നിൽക്കേണ്ടത്. ഇൻഡ്യയെക്കാൾ മെച്ചപ്പെട്ട, പലിശ കുറവുള്ള പണമിടപാട് സംവിധാനത്തിന്റെ സുതാര്യതയുള്ള പണത്തിന് ശുദ്ധീകരണ സ്വഭാവമുള്ള ഒരു സംവിധാനത്തിലേയ്ക്ക് കേരളം എത്തിച്ചേരണം. നിർഭാഗ്യവശാൽ ഇന്ന് ഇൻഡ്യയിൽ പലിശ കൊണ്ടുള്ള കൊട്ടാരങ്ങൾ ഏറ്റവും കൂടുതൽ ഒരു അദ്ധ്വാനത്തിന്റെ വിയർപ്പില്ലാതെ കെട്ടിപ്പടുത്തത് നാട് നീളെ കാണാവുന്ന സംസ്ഥാനമാണ് കേരളം. കേരള

ത്തിന്റെ വളർച്ച, കേരളത്തിലെ മനുഷ്യന്റെ അദ്ധ്വാനസ്വഭാവം മാഞ്ഞതും വിയർപ്പിന്റെ തുള്ളികൾ വീണത് കുറഞ്ഞതും ഇതൊരു കാരണമാണ്. കഴിഞ്ഞ ചർച്ചയിൽ പങ്കെടുത്ത് പറഞ്ഞു. കൊല്ലത്ത് രാവിലെ 90 രൂപ കൊടുത്തിട്ട് തിരുവനന്തപുരത്ത് വന്ന് മടങ്ങിച്ചെല്ലുമ്പോൾ 100 രൂപ കിട്ടും. തിരുവനന്തപുരത്ത് 100 രൂപ കൊടുത്താൽ 110 രൂപ കിട്ടുമെന്ന് കഴിഞ്ഞ ചർച്ചയിൽ പങ്കെടുത്ത് പറയുകയുണ്ടായി. ഇതെങ്ങനെ തടയും? ഈ നിയമ മനുസരിച്ച് കേസ്സുകൾ എടുക്കാത്തത്, ഭയപ്പെടുത്തുന്ന ഈ തെറ്റിനെ ന്യായീകരിക്കുന്ന, ഈ തെറ്റിൽ ചേർന്നുനിൽക്കുന്ന ഉദ്യോഗസ്ഥ-പോലീസ്-രാഷ്ട്രീയ മാഫിയ സംവിധാനമെല്ലാം ചേർന്നൊരു സംവിധാനത്തിലാണ് ഇത് നിലനിൽക്കുന്നത്.

ശ്രീ. എ. എം. ആരിഫ്: സർ, വളരുന്തോറും പിളരുകയും പിളരുന്തോറും വളരുകയും എന്ന് അങ്ങ് പറഞ്ഞല്ലോ. നേരത്തെ കേരള കോൺഗ്രസ് വ്യത്യസ്ത നേതൃത്വത്തിന്റെ കീഴിലായിരുന്നപ്പോൾ ഉണ്ടായി രുന്ന സീറ്റ് ലയിച്ച് കഴിഞ്ഞപ്പോൾ ഇല്ലാതെ പോയൊരവസ്ഥ എങ്ങനെയാണ് അങ്ങ് വ്യാഖ്യാനിക്കുന്നത്?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, തീർച്ചയായിട്ടും ശരിയായി വളർന്നാലെ ശരിയായി നിൽക്കൂ.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഒരു രാഷ്ട്രീയ കക്ഷിയുടെ ഓജസ്, തേജസ് എന്നിവ നിയമ സഭയിലുള്ള നമ്പറിനെയാണോ അതോ അതിന്റെ നിലപാടുകളേയും നയങ്ങളേയും പരിപാടികളെയുമാണോ അടിസ്ഥാനമാക്കുന്നത്?

ശ്രീ. സി. പി. മുഹമ്മദ് : അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് 1957-ൽ ഒറ്റയ്ക്കാണ് ഇവിടെ ഭരണം കിട്ടിയത്. ഭരണം കിട്ടി രണ്ടായി പിളർന്നതിനു ശേഷം വീണ്ടും രണ്ടായി യോജിച്ച് മുന്നണിയായിട്ട് അന്നത്തെ സീറ്റ് കിട്ടാത്തത് എന്തുകൊണ്ടാണെന്ന് താങ്കൾ ആലോചിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി: സർ, പിളർപ്പിന്റെ ഗുണമാണത്. അന്ന് ശ്രീ. മുല്ലക്കര രത്നാകരന് മുന്നേമൂന്ന് സീറ്റ്. അങ്ങനെ ഒരിക്കലും കേരള കോൺഗ്രസ്സ് താഴേയ്ക്ക് വന്നിട്ടില്ല. ഇപ്പോൾ ആ മൂന്നിൽ നിന്ന് ശ്രീ. മുല്ലക്കര രത്നാകരന്റെ പാർട്ടി ഇന്ത്യയിലെ ഒരു വലിയ പാർട്ടിയായി വളർന്നിരിക്കുന്നു. ഇതാണ് അതിന്റെ സത്യം.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, 1957-ൽ ഒന്നായിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി ലോകത്തെ അത്ഭുതപ്പെടുത്തിക്കൊണ്ട് ബാലറ്റ് പെട്ടിയിലൂടെ കേരളത്തിൽ അധികാരത്തിൽ വന്നത് അന്നും ഇന്നും വിദേശത്ത് ഒരുപാട് പേപ്പറുകൾ അവതരിപ്പിക്കുന്നതിനും ഒരുപാട് യൂണിവേഴ്സിറ്റികളുടെ പഠനത്തിനുമൊക്കെ കാര്യമായിട്ടുണ്ട്. അതിനെക്കുറിച്ച് കൂടുതൽ ഞാൻ പറയുന്നില്ല. 1957-ൽ കിട്ടിയതിനേക്കാൾ വോട്ട് 1960-ൽ തോൽക്കുമ്പോൾ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കിട്ടി. കേരളത്തിൽ ഇരു കമ്മ്യൂണിസ്റ്റ് പാർട്ടികളും ചേർന്നാൽ ഇതുവരെ ഒരു തെരഞ്ഞെടുപ്പിലും 1960-ൽ കിട്ടിയ വോട്ടിൽനിന്നും താഴോട്ട് വന്നിട്ടില്ല. ശ്രീ. കെ. എം. മാണി പറഞ്ഞതുപോലെ വളരുന്തോറും പിളരും എന്നത് ചിലത് പിളർന്നാലേ വളരൂ. ചിലത് പിളർന്നാൽ വളരുകയില്ല. അതൊക്കെ ഓരോ സാഹചര്യമാണ്. ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. ഇവിടത്തെ പ്രശ്നം കേരളത്തിൽ പലിശ

വളർന്നപ്പോൾ കേരളത്തിലെ സാധാരണക്കാരന്റെ ജീവിതം മുടിഞ്ഞു പോയതാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, താങ്കൾ ഇപ്പോൾ പലിശയും കൂട്ടു പലിശയുമൊക്കെയുള്ള കണക്കുകളെ സംബന്ധിച്ചാണല്ലോ പറയുന്നത്. അതിനിടയിലാണ് ശ്രീ. എ. എം. ആരിഫ് ഒരു കാര്യം ഇവിടെ സൂചിപ്പിച്ചത്. പലിശയുടെ കാര്യത്തിൽ രണ്ടും രണ്ടും നാലും, നാലും നാലും എട്ടുമായിരിക്കും. പക്ഷെ രാഷ്ട്രീയത്തിൽ രണ്ടും രണ്ടും മൂന്നും, നാലും നാലും അഞ്ചും ആകും. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, പലിശയുടെ കാര്യത്തിലും രാഷ്ട്രീയ ത്തിന്റെ കാര്യത്തിലും ഒരുമിച്ച് ചേർക്കാവുന്ന ഘടകങ്ങളല്ല, ഒരുമിച്ച് ചേർക്കാൻ സാധിക്കാത്ത ഘടകങ്ങളാണ് കൂടുതൽ. രാഷ്ട്രീയം നിൽക്കുന്നത് ചില മൂല്യങ്ങൾക്കുവേണ്ടിയാണ്. പലിശ നിൽക്കുന്നത് മൂല്യ രഹിതമായിട്ടാണ്. അപ്പോൾ രണ്ടും രണ്ടും നാല് എന്ന് പറഞ്ഞുകഴിഞ്ഞാൽ അല്ലെങ്കിൽ നൂറും നൂറും ഇരുന്നൂറ് എന്നു പറഞ്ഞുകഴിഞ്ഞാൽ 200 നല്ല രൂപ യുമുണ്ട് ചീത്ത രൂപയുമുണ്ട്. നൂറും നൂറും കൂട്ടി ഇരുന്നൂറുകൊണ്ട് ബിവ റേജസ് കോർപ്പറേഷന്റെ മുമ്പിൽ പോയി ക്യൂ നിന്നാൽ അത് നല്ലതല്ല. നൂറും നൂറും കൂട്ടി ഇരുന്നൂറുകൊണ്ട് പാവപ്പെട്ടവന്റെ അമ്മയ്ക്ക് മരുന്നുവാ ങ്ങാൻ പോയാൽ അത് നല്ലതാണ്. ഒന്ന് മാനവീകതയുടെ കൂടെയും മറ്റൊന്ന് രാക്ഷസീയതയുടെ കൂടെയും. കേരളം ഈ ഇരുന്നൂറ് രൂപ മാനവീകതയ്ക്കു വേണ്ടി ചെലവഴിക്കുന്നുവോ അതോ രാക്ഷസീകയതയ്ക്കുവേണ്ടി ചെലവഴി ക്കുന്നുവോ എന്നുള്ളതാണ് ചോദ്യം. ഞാൻ പാർട്ടിയെ കുറ്റപ്പെടുത്തുന്നില്ല.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ഇവിടെ ഇല്ലാതെ പോയി. അതാണ് ശ്രീ. കെ. എം. മാണി ഇടപെടേണ്ടിവന്നത്. കേരള കോൺഗ്രസിന്റെ ശക്തിയും ഓജസും ഞങ്ങളുടെ മാണിസാറ് തന്നെയാണ്. വളരെ ശക്തമായി യോജിച്ച് ഒറ്റക്കെട്ടായി പോകുന്നു എന്നതുകൊണ്ട് കേരള കോൺഗ്രസ് പാർട്ടി കേരളത്തിലെ ഏറ്റവും പ്രമുഖ ജനാധിപത്യ പാർട്ടിയായി വളരും എന്ന കാര്യത്തിൽ നിങ്ങൾക്കൊരു സംശയവും വേണ്ട.

ശ്രീ. രാജു എബ്രഹാം: സർ, ഞാനിവിടെ ഇല്ലാതെപോയി എന്ന് ബഹുമാനപ്പെട്ട പി. സി. ജോർജ് പറഞ്ഞതിനർത്ഥം മനസ്സിലായില്ല. ശ്രീ. കെ. എം. മാണി ഇവിടെ വളരെ വ്യക്തമായി മറുപടി പറഞ്ഞതാണ്. മാണിസാറിന് ഓജസ് ഇല്ലെന്നും തനിക്കാണ് ഓജസ് എന്നുമാണോ ശ്രീ. പി. സി. ജോർജ് പറയുന്നത്?

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. രാജു എബ്രഹാം എന്റെ അടുത്ത സുഹൃത്താണെന്ന് പറയുമെങ്കിലും സ്ഥിരമായി എനിക്ക് പാരവയ്ക്കുന്ന ഒരാളായി മാറിയിരിക്കുകയാണ്. കേരള കോൺഗ്രസിന്റെ യോജിപ്പ് എന്നു പറയുന്നത് മാനസികമായ യോജിപ്പാണ്. ശ്രീ. പി. ജെ. ജോസഫും ശ്രീ. കെ. എം. മാണിയും തമ്മിലുള്ള യോജിപ്പും ആ പാർട്ടിയോടൊപ്പം പി. സി. ജോർജിന്റെ ചേർച്ചയെന്നുംപറയുന്നത് 100 ശതമാനവും ആത്മാർത്ഥമാണ്. നിങ്ങൾക്ക് ഒരു സംശയവും വേണ്ട. കാലം അത് തെളിയിച്ചുതരും. ഞങ്ങളും അത് തെളിയിച്ച് തരും.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ശ്രീ. കെ. എം. മാണി കേരള കോൺഗ്രസിന്റെ മുതലാണ്. ശ്രീ. പി. സി. ജോർജ് പലിശയാണോ അമിത

പലിശയാണോ എന്നത് സാറ് തന്നെ പറയേണ്ടിവരും. അതുകൊണ്ട് ഞാൻ ഇതിനൊന്നും ഉത്തരം പയാനുദ്ദേശിക്കുന്നില്ല.

ശ്രീ. എം. ഹംസ: സർ, കേരള കോൺഗ്രസിന്റെ ഓജസാണ് ശ്രീ. കെ. എം. മാണി എന്ന് പറഞ്ഞു. രണ്ട് എം.പി.യുള്ള മുസ്ലീം ലീഗിന് കേന്ദ്ര മന്ത്രി സ്ഥാനം കിട്ടുകയും രണ്ട് എം.പി.യുള്ള കേരള കോൺഗ്രസിന് കേന്ദ്ര മന്ത്രി സ്ഥാനം കിട്ടാതെവരികയും ചെയ്തപ്പോൾ മാണിസാറിന്റെ ഓജസിന് വല്ല കുറവും വന്നിട്ടുണ്ടോ എന്നതിനെക്കുറിച്ച് അങ്ങേയ്ക്ക് പറയാൻ കഴിയുമോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ബില്ലിന്റെ ഓജസ് തീർച്ചയായും കേരളത്തിലെ പണമിടപാട് സംവിധാനത്തിന്റെ അഴുക്ക് മാറ്റാനുള്ള യജ്ഞമാണെങ്കിൽ കേരളത്തിലെ പലിശ സംവിധാനവും അതുകൊണ്ട് ജീവിക്കുന്ന കൊട്ടാരങ്ങളെയും അതിന്റെ മൈക്രോഫിനാൻസ് സംവിധാനത്തെയും ചൂഷണത്തെയും ഉൾപ്പെടെ ഈ ബില്ലിനകത്തുകൊണ്ടുവരാൻ കഴിയണം. അങ്ങ് പറയുന്നത് കോടതി തന്നെ ഇത് തെളിയിക്കപ്പെടുമെന്നാണ്. ഇത് തെളിയിക്കപ്പെടാൻ വളരെ പ്രയാസമാണ്. കേരളത്തിൽ വട്ടിപ്പലിശയും പ്രൈവറ്റ് മണി ലെൻഡേഴ്സ് സംവിധാനവും നടക്കുന്നത് ഒരുതരം ഭയപ്പെടുത്തലിന്റെ അകത്തുനിറുത്തിയാണ്. അതിൽ എന്തുമാത്രം ക്രൂരതയാണ് നടക്കുന്നത്. മാനഹാനിവന്ന് എത്രയോ പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്. എത്രയോപേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. എത്രയോ വീടുകയറി ആക്രമണങ്ങൾ നടന്നിട്ടുണ്ട്. എത്രയോ പേരെ വഴിയിൽത്തടഞ്ഞ് ക്രൂരമായ ചോദ്യം ചെയ്യൽ നടത്തിയിട്ടുണ്ട്. ഇതെല്ലാം പലിശയെന്നുപറയുന്ന മാലിന്യമുണ്ടാക്കുന്ന ക്രിമിനൽ സ്വഭാവം കൊണ്ട് കേരളത്തിൽ വളരുന്ന ഒരു ഗുണ്ടാ സമ്പ്രദായമാണ്. ആ ഗുണ്ടാ സമ്പ്രദായം വളർത്തുന്ന ഉദ്യോഗസ്ഥ രാഷ്ട്രീയ മാഫിയ സംവിധാനമൊക്കെ ചേർന്ന്

കേരളത്തിലെ പണമിടപാട് സംവിധാനം ഇന്ത്യയിൽ എങ്ങുമില്ലാത്തവണ്ണം മലീമസമാക്കി, അതിലൂടെ നേടിയെടുത്ത പലിശക്കൊട്ടാരങ്ങൾ കൊണ്ട്, ദിവസവും വളരുന്ന കണക്കുകൾ കൊണ്ട്, ചോദ്യം ചെയ്യാൻ ആരുമില്ല എന്ന അഹങ്കാരം കൊണ്ട് നടക്കുന്ന ഈ വിഭാഗത്തെ നിലയ്ക്കു നിറുത്താനും സംവിധാനത്തെയാകെത്തന്നെ തച്ചുടയ്ക്കാനും പുതുക്കിപ്പണി യാനും കഴിയുമെങ്കിൽ മാത്രമെ 1958-ലെ മണി ലെൻഡേഴ്സ് ആക്ടിൽ നിന്ന് പുതുതായി ഒന്ന് 2012 ഡിസംബർ മാസത്തിൽ സൃഷ്ടിക്കുമ്പോൾ അർത്ഥമുണ്ടാകൂ. ഇതിൽ പറഞ്ഞിരിക്കുന്നതുവച്ച് അങ്ങനെ സൃഷ്ടിക്കാൻ കഴിയുമെന്നും ഈ പണമിടപാട് സംവിധാനത്തെ മുഴുവൻ ശുദ്ധീകരിക്കാൻ കഴിയുമെന്നും പാവപ്പെട്ടവൻ മാനഹാനി വന്ന് ആത്മഹത്യയിലേയ്ക്ക് പോകുന്ന സംവിധാനം അവസാനിപ്പിക്കാൻ കഴിയുമെന്നുമുള്ള ഒരു ഉറപ്പുമില്ല. അതിന് ഉറപ്പ് വേണമെങ്കിൽ കേരളത്തിലെ സാധാരണ മനുഷ്യന്റെ കൊച്ചുകൊച്ച് ആവശ്യങ്ങൾക്കുൾപ്പെടെ നമ്മുടെ നിയന്ത്രിതമായ പണമിടപാട് സംവിധാനത്തെ ഏത് കോണിലും എത്തിക്കാൻ കഴിയണം. അതിനപ്പുറത്ത് നിൽക്കുന്നവർ കെട്ടിപ്പടുക്കുന്നത്, പലിശയുടെ കാര്യത്തിൽ ഏതെങ്കിലും ഒരാൾ ആത്മഹത്യചെയ്താൽ 50,000 രൂപ പിഴയല്ല ഈടാ ക്കേണ്ടത് അവരുടെ മൊത്തം ആസ്തിയുടെ ഒരു പങ്ക് ഗവൺമെന്റിലേയ്ക്ക് ചേർക്കാൻ കഴിയണം. കാരണം അത് പലിശകൊണ്ട് ഉണ്ടാക്കിയതാണ്. അത് ക്രിമിനൽ സ്വഭാവം കൊണ്ട് ഉണ്ടാക്കിയതാണ്. അത് കുറ്റവാളിത്ത പണമാണ്. ആ കുറ്റവാളിത്ത പണത്തിന്റെ ഒരു പങ്ക് അത്തരം ഒരു കേസിൽപ്പെട്ടാൽ ഗവൺമെന്റിലേയ്ക്ക് ചേർക്കണം. യൂറോപ്പുപോലുള്ള ചില രാജ്യങ്ങളിൽ അത്തരം ചില നിയമങ്ങളുണ്ട്. പിന്നെ ആ കുറ്റം

ചെയ്യാൻ പാടില്ല. അങ്ങനെയൊരു ഭയമുണ്ടാക്കാൻ കഴിയുമെങ്കിൽ മാത്രമേ....... കേസ് തെളിയിക്കാനുള്ള ഉത്തരവാദിത്വം ആ വ്യക്തിക്ക് കൊടുത്താലും ശരിയാകില്ല. അതിന്റെ ഉത്തരവാദിത്തം ഗവൺമെന്റ് ഏറ്റെടുക്കണം. ഗവൺമെന്റ് അതിനൊരു സംവിധാനം ഉണ്ടാക്കണം. ആ സംവിധാനത്തിലൂടെ പലിശയെന്നു പറയുന്ന മഹാപാപം കേരളത്തിൽ തീർക്കാൻ, പലിശയെന്നത് ഒരു പാപമാണെന്ന തോന്നലുണ്ടാക്കാൻ, അതുകൊണ്ട് കെട്ടിപ്പടുത്തതൊക്കെ സാധാരണ മനുഷ്യന്റെ ആത്മാവും ജീവിതവും കൊണ്ട് കെട്ടിപ്പടുത്തതാണെന്ന തിരിച്ചറിവുണ്ടാക്കാൻ അവിടെ വ്യവസ്ഥാപിതമായ ഒരു സംവിധാനമുണ്ടാക്കാൻ അതിൽ കേരളത്തിലെ എല്ലാ പണമിടപാട് സംവിധാനത്തെയും ........... മാണി സാർ കഴിഞ്ഞ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞത് എല്ലാ പണമിടപാട് സ്ഥാപനങ്ങളും ഇതിലെ മൂന്നാം വകുപ്പനുസരിച്ച് വരുമെന്നാണ്. വരാൻ പ്രയാസമാണ്. കാരണം പല നിയമങ്ങൾക്കു വിധേയമായി നിൽക്കുന്ന പണമിടപാട് സംവിധാനത്തിൽ കേരളത്തിൽ എല്ലാവർക്കും പ്രവർത്തിക്കാനുള്ള സംവിധാനം കൊടുക്കുമ്പോൾ അതിൽ അമിത പലിശ, വട്ടി പലിശ, മീറ്റർ പലിശ, മണിക്കൂർ പലിശ എന്നിങ്ങനെയുള്ളവയെ മാത്രം ഉൾപ്പെടുത്താൻ തീരുമാനിച്ചാൽ നമുക്ക് ഇതിനകത്ത് കൊണ്ടുവരാനും കൊണ്ടു വന്നാൽ തന്നെ തെളിയിക്കാനും കുറ്റവാളിയാണെന്ന് ഉറപ്പിക്കാനും ശിക്ഷിക്കാനും കഴിയാത്തൊരു സാഹചര്യമുണ്ടാകും. അങ്ങനെയൊരു സാഹചര്യമുണ്ടാകാതിരിക്കണമെങ്കിൽ കുറച്ചു കൂടി വ്യക്തമായി ഈ നിയമത്തിലെ വ്യവസ്ഥകളെ ശക്തിപ്പെടുത്താനും എല്ലാ പണമിടപാട് സംവിധാനത്തെയും ഇതിൽ കൊണ്ടു വരാനും, കൊണ്ടു വന്നാൽ ശിക്ഷിക്കപ്പെട്ടാൽ ആരാണോ പലിശ കൊണ്ട് കെട്ടിപ്പൊക്കിയത് അതിന്റെ 30 ശതമാനം

പണമെങ്കിലും, അതൊരുപാട് കോടി രൂപവരും, അതൊക്കെ ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ കൊണ്ടു വരാനും പിടിച്ചെടുക്കാനും കഴിയുന്ന ഒരു സംവിധാനമുണ്ടെങ്കിലേ ഈ നിയമം കേരളത്തന്റെ രാക്ഷസീയക്കെതിരായി ഒരു യുദ്ധത്തിനുതകുന്ന ആയുധമാകൂ. അല്ലെങ്കിൽ മുന ഒടിഞ്ഞു പോകും. അതു കൊണ്ട് ഡിസെന്റ് നോട്ടിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ അത്തരത്തിൽ ഈ നിയമം ശക്തിപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഒരു രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പലിശ സമ്പ്രദായത്തിന് വളരെയധികം സാമൂഹിക സാമ്പത്തിക പ്രാധാന്യമുണ്ട്. അതുകൊണ്ടാണ് നമ്മുടെ ജീവിത ചലനങ്ങൾക്കനുസരിച്ച് റിസർവ് ബാങ്ക് ഇടയ്ക്കിടയ്ക്ക് റിപ്പോ നിരക്കും റിവേഴ്സ് റിപ്പോ നിരക്കുമൊക്കെ മാറ്റിക്കൊണ്ടിരിക്കുന്നത്. സമ്പദ് വ്യവസ്ഥയിലെ ജീവിത ചലനങ്ങളെ ആസ്പദമാക്കിയാണ് പലിശ നിരക്ക് പലപ്പോഴും നിശ്ചയിക്കപ്പെടുന്നത്. സമ്പദ് വ്യവസ്ഥയുടെ ദിശാബോധം ഈ പലിശ നിരക്കിന്റെ സ്വഭാവത്തിനനുസരിച്ച് നമുക്ക് വ്യക്തമായി മനസ്സിലാക്കാൻ കഴിയും. ശ്രീ. മുല്ലക്കര രത്നാകരൻ സൂചിപ്പിച്ച പോലെ പലിശ ഏറ്റവും നല്ല ചൂഷണ ഉപാധിയാണ്. മനുഷ്യന്റെ സാമ്പത്തിക ആവശ്യത്തെ സന്ദർഭമനുസരിച്ച് സൂക്ഷ്മമായി ഉപയോഗിച്ചു കൊണ്ട് ചൂഷണത്തിനിരയാക്കുകയാണ് സ്വകാര്യ പണമിടപാടുകാർ ചെയ്യുന്നത്. ഈ ചൂഷണസാധ്യത നിലനിൽക്കുന്ന സാഹചര്യമാണ് അമിത പലിശയ്ക്ക് കളമൊരുക്കുന്നത്. ഇതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതു കൊണ്ട് അമിത പലിശ വാങ്ങുന്നതിലൂടെ നടക്കുന്ന വൻ ചൂഷണം നില നിൽക്കാവുന്ന സാമ്പത്തിക പശ്ചാത്തലം ഇല്ലാതാക്കുകയാണ് വേണ്ടത്. അതാണ് അമിത പലിശ ഈടാക്കുക എന്ന പ്രശ്നത്തിൽ നിന്ന് ശാശ്വതമായ

പരിഹാരമുണ്ടാകാനുള്ള വഴി. താത്കാലികമായ വഴികളല്ല, ശാശ്വതമായ വഴികളാണ് ഭരണകൂടം തേടേണ്ടത്. പക്ഷെ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥ അമിതമായ പലിശ ഈടാക്കുകയെന്ന ആ ചൂഷണം വർദ്ധിപ്പിക്കുന്ന രീതി യിലുള്ള ഒരന്തരീക്ഷമാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് വളരെ വിശദമായി മനസ്സിലാകും. അങ്ങനെ ഒരന്തരീക്ഷം സൃഷ്ടിച്ചിരിക്കുന്നു എന്നതിനാൽ ഈ ബില്ലിന് പ്രസക്തിയില്ല എന്ന് ഞാൻ പറയുന്നു. അമിത പലിശയിലൂടെയുള്ള ചൂഷണം ഈ ബില്ലിലൂടെ ഒഴിവാക്കാൻ കഴിയില്ല. 1988 ലാണ് കേരള പണം കടം കൊടുപ്പുകാർ ആക്ട് (Kerala Money Lenders Act) നിലവിൽ വന്നത്. അന്ന് ആ നിയമം വരാനുള്ള കാരണമെന്താണ്? അന്നത്തെ സമ്പദ് വ്യവസ്ഥ യിലെ പണമിടപാട് രീതി ഒരുപാട് ചൂഷണത്തിന് അനുകൂലമയിരുന്നു എന്നുള്ളതാണ്. അന്ന് സ്വകാര്യ ബാങ്കിംഗ് സമ്പ്രദായം മാത്രമാണ് നിലവിലു ണ്ടായിരുന്നത്. അന്ന് സർക്കാർ ഇടപെട്ടുകൊണ്ട് പണമിടപാട് ഗുണഭോക്താ വിന് അനുകൂലമാക്കി മാറ്റുവാൻ ശ്രദ്ധിച്ചിരുന്നില്ല, കഴിഞ്ഞിരുന്നില്ല. അതു കൊണ്ടാണ് അത്തരമൊരു നിയമം അന്ന് കൊണ്ടുവരേണ്ടി വന്നത്. പണമിട പാട് മേഖലയിൽ ജനകീയ ഇടപെടൽ ഇല്ലാത്ത കാലത്ത് വൻ പലിശ ഈടാക്കിക്കൊണ്ടുള്ള അമിത ചൂഷണം എങ്ങും നടക്കുമായിരുന്നു. ചുരുക്ക ത്തിൽ അമിത പലിശ വാങ്ങുവാനുള്ള ഒരു സാമ്പത്തിക പരിസരം അന്നു ണ്ടായിരുന്നു. അതാണ് അന്ന് ആക്ട് വരാനുണ്ടായ കാരണം. ഈ സാമ്പത്തിക പരിസരം മാറ്റുക എന്നുള്ളതാണ് അമിത പലിശ തടയാനുള്ള പ്രധാന വഴി. അത്തരത്തിൽ ഒരിടപെടൽ നമ്മുടെ സമ്പദ് വ്യവസ്ഥയിൽ നട ന്നിട്ടുണ്ട്. അത് 1969-ലാണ്. അന്ന് സ്വകാര്യ ബാങ്കുകളെ കേന്ദ്ര സർക്കാർ ദേശസാത്ക്കരിക്കുകയാണ് ചെയ്തത്. എന്തിനാണത് ചെയ്തത്. നേരത്തെ

ഇവിടെ സൂചിപ്പിച്ച അമിത പലിശയിലൂടെയുള്ള ചൂഷണം സമ്പദ് വ്യവസ്ഥ യിൽ ഇല്ലാതാക്കാൻ സമ്പദ് വ്യവസ്ഥക്ക് ദിശാബോധമുണ്ടാക്കുവാൻ പൊതു മേഖലാ ബാങ്കുകളെ സൃഷ്ടിച്ചുകൊണ്ട് സ്വകാര്യ പണമിടപാടുകൾ നടത്തി യിരുന്ന ബാങ്കുകളെയും ദേശസാത്ക്കരിക്കുകയാണ് ചെയ്തത്. ആ ദേശസാത്ക്കരണത്തിന് ശേഷം പണമിടപാട് ചൂഷണ ഉപാധിയല്ല മറിച്ച് സാമ്പത്തിക നീതി ഉറപ്പാക്കുന്ന ഇടപാടാണെന്ന ആശയം ഇന്ത്യൻ ബാങ്കിംഗ് വ്യവസ്ഥയിൽ കൊണ്ടുവരികയാണ്. ഇത് വളരെ പ്രധാനപ്പെട്ട താണ്. പണമിടപട് ചൂഷണമല്ല അത് സാമ്പത്തിക നീതി ഉറപ്പാക്കുന്ന ഒരു ഇടപെടലാണെന്ന ആശയം സെൻട്രൽ സമ്പദ് വ്യവസ്ഥയിൽ പ്രത്യേകിച്ച് ബാങ്കിംഗ് വ്യവസ്ഥയിൽ കൊണ്ടു വരിക എന്നുള്ളതാണ് അന്ന് ചെയ്തത്. അതാണ് കൃത്യമായിട്ടുള്ള ഇടപെടൽ. ആ ഇടപെടലിന് ശേഷം അമിത പലിശ ഉപയോഗിച്ച് രാജ്യത്ത് നടന്നിരുന്ന ചൂഷണം വൻതോതിൽ കുറഞ്ഞ തിന് ഒരുപാടുദാഹരണങ്ങളുണ്ട്. ഇപ്പോഴെങ്കിലും നമ്മളത് ഓർക്കേണ്ടതുണ്ട്. സ്വകാര്യ പണമിടപാടുകാർ വൻതോതിൽ കൊഴിഞ്ഞുപോയത് ഈ കാലഘട്ട ത്തിലാണ്. അമിതപലിശ ഈടാക്കുന്ന സ്വകാര്യ പണമിടപാടുകാർ നിർത്തി പോയത് ഈ ഒരു സാഹചര്യമുണ്ടായതുകൊണ്ടാണ്. ജനപക്ഷത്തു നിന്ന് സർക്കാർ ഇടപെടുമ്പോൾ ഉണ്ടാക്കുവാൻ പറ്റുന്ന നിരവധി ശ്രദ്ധേയമായ മാറ്റങ്ങളുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ ഈ ആശയം വളരെ പ്രധാന പ്പെട്ടതാണ്. അതിലൊന്നാണ് നേരത്തെ പറഞ്ഞത്. ജനപക്ഷത്തുന്നിന് സർക്കാർ ഇടപെടുമ്പോൾ ഉണ്ടാവുന്ന നിരവധി മാറ്റങ്ങളിലൊന്നാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. അതുകൊണ്ട് അമിതപലിശ ഈടാക്കുവാൻ അവസരം ഉണ്ടാക്കുന്ന സമ്പദ് വ്യവസ്ഥയാണ് ഇവിടെ ശാശ്വത പരിഹാര ത്തിന് വേണ്ടി മാറ്റേണ്ടത്. നേരെ തിരിച്ചാണ് നാം പോകുന്നത്. അങ്ങയുടെ

ബഡ്ജറ്റിലൂടെ കേരളത്തിന്റെ നയവും അതേ ദിശയിൽ തിരിച്ചുപൊയ്ക്കൊണ്ടിരിക്കുകയാണ്. കൊള്ളപ്പലിശയും കൊള്ള ലാഭവും കള്ളപ്പണവും ഏത് രീതിയിലും വളരുവാൻ സാധ്യതയുള്ള സമ്പദ് വ്യവസ്ഥയാണ് ഇപ്പോൾ നിലകൊള്ളുന്നത്. ഇതാണ് ഇവിടെ അടിസ്ഥാന പ്രശ്നം. 1991-ൽ ഏർപ്പെടുത്തിയ നരസിംഹം കമ്മിറ്റി മുതൽ തുടങ്ങിയതാണ് ബാങ്കിംഗ് റഗുലേഷൻ നിർദ്ദേശങ്ങൾ. അത് വർമ്മാ കമ്മിറ്റി മുതൽ രംഗരാജൻ കമ്മിറ്റി വരെ എത്തി. നിർദ്ദേശങ്ങളെന്തൊക്കെയെന്ന് എല്ലാവർക്കുമറിയാം ഞാൻ വിശദീകരിക്കുന്നില്ല. ലോകസഭയിൽ ഒരു പുതിയ ബിൽ വരുന്നു. ബാങ്കിംഗ് രംഗത്ത് പൂർണ്ണമായ സ്വകാര്യവത്ക്കരണം ലക്ഷ്യമിടുന്ന ബില്ലാണിത്. ലൈഫ് ഇൻഷ്വറൻസ് മേഖലയിലും വിദേശ പങ്കാളിത്തം കൊണ്ടു വരുന്നു. അതനുസരിച്ച് സ്വകാര്യ ബാങ്കിംഗ് ഇൻഷ്വറൻസ് സംരഭങ്ങളും ന്യൂ ജനറേഷൻ ബാങ്കുകളും സമ്പദ് വ്യവസ്ഥയിൽ വന്നുകൊണ്ടേയിരിക്കുകയാണ്. അമിത പലിശ സമസ്ത മേഖലയിലും ഉണ്ടാകത്തക്ക രീതിയിലുള്ള സാമ്പത്തിക പരിസരം വളർന്നു വന്നുകൊണ്ടിരിക്കുന്നു എന്നതാണ് പറഞ്ഞതിന്റെ അർത്ഥം. ഇത് ചൂഷണാന്തരീക്ഷം കൂടുതൽ സൃഷ്ടിക്കുകയാണ്. അത്തരത്തിൽ നാം ഒരു പ്രശ്നം കൂടി പരിശോധിക്കേണ്ടതുണ്ട്. നേരത്തെ ഇവിടെ സൂചിപ്പിച്ച വട്ടിപ്പലിശക്കാരെ നിയന്ത്രിക്കുവാൻ സഹകരണ സ്ഥാപനങ്ങൾക്ക് നല്ലപോലെ കഴിഞ്ഞിട്ടുണ്ട്. ആ സഹകരണ മേഖലയും മൂഖ്യ ബാങ്കിംഗ് മേഖലയിലേയ്ക്ക് ഉദ്ഗ്രഥിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്നത് ഇവിടെ അമിതപലിശ ഈടാക്കാനുള്ള സാഹചര്യം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ് എന്ന് നമ്മൾ തിരിച്ചറിയേണ്ടിയിരിക്കുന്നു. സഹകരണ ബാങ്കിംഗ് മേഖലയും തകർച്ചയിലേയ്ക്കാണ്. പൊതുമേഖലാ ബാങ്കുകളും ഷെഡ്യൂൾഡ്

ബാങ്കുകളും സഹകരണ ബാങ്കുകളും ചേർന്ന് ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ മാസ് ബാങ്കിംഗ് എന്ന സമ്പ്രദായമാണ് ഉണ്ടാക്കിയിരുന്നത്. ആ മാസ് ബാങ്കിംഗ് എന്നുപറയുന്ന സമ്പ്രദായത്തിൽ വട്ടിപ്പലിശയ്ക്ക് പ്രാധാന്യമില്ല. അമിത പലിശയ്ക്ക് പ്രാധാന്യമില്ല. മാസ് ബാങ്കിംഗിലൂടെ ഈ നാട്ടിലെ ജനങ്ങളിൽ നിന്ന് സ്വരൂപിക്കുന്ന പണം ഈ നാട്ടിലെ ജനങ്ങളിലെത്തിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ഉത്പാദനം വർദ്ധിപ്പിച്ച് സമ്പദ് വ്യവസ്ഥയിൽ മൈക്രോ ഇക്കോണമിക് സ്റ്റേറ്റ് വളർത്തി ജനങ്ങൾക്ക് ജീവിക്കാനുള്ള അന്തരീക്ഷമുണ്ടാക്കുകയാണ് ചെയ്യുന്നത്. രാജ്യത്തിന്റെ വളർച്ചയ്ക്കനുസരിച്ച് മാസ് ബാങ്കിംഗ് കൂടുതൽ ശക്തമാക്കുകയാണ് വേണ്ടത്. പക്ഷെ സ്വകാര്യവത്ക്കരണത്തിലൂടെ അത് ക്ലാസ് ബാങ്കിംഗാക്കി മാറ്റുന്നു എന്നതാണ് നേരത്തെ പറഞ്ഞ പ്രശ്നത്തിന്റെ ഭാഗമായിട്ടുണ്ടാകുന്ന രണ്ടാമത്തെ പ്രശ്നം. ക്ലാസ് ബാങ്കിംഗ് സമ്പ്രദായത്തിൽ അമിത പലിശയുണ്ടാകും, വട്ടി പലിശയുണ്ടാകും. അത് തീർച്ചയാണ്. അതുകൊണ്ട് മാസ് ബാങ്കിംഗ് സമ്പ്രദായത്തിൽ നിന്നും ക്ലാസ് ബാങ്കിംഗ് സമ്പ്രദായത്തിലേയ്ക്കുള്ള മാറ്റത്തെ പ്രതിരോധിക്കുന്ന രീതിയിലുള്ള നിയമ നിർമ്മാണങ്ങളാണ് രാജ്യത്തുണ്ടാകേണ്ടത്. നമ്മുടെ സംസ്ഥാനത്ത് അത് കഴിയില്ല എന്ന യാഥാർത്ഥ്യം നമ്മൾ മനസിലാക്കുന്നു. പക്ഷെ അഖിലേന്ത്യാ സമ്പദ് വ്യവസ്ഥയുമായി ബന്ധപ്പെടുത്തിയല്ലാതെ പരിഹരിക്കപ്പെടുമെന്ന് നമ്മൾ വിചാരിക്കുന്ന ഈ പ്രശ്നം പരിഹരിക്കപ്പെടാൻ കഴിയില്ല എന്ന കാര്യമാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. എവിടെ ജനകീയ ഇടപെടൽ ഇല്ലാതാകുന്നുവോ അവിടെ വൻ ചൂഷണം അരങ്ങേറും, ജനകീയത നഷ്ടപ്പെടും, പാവപ്പെട്ടവർ കഷ്ടപ്പെടും. അതിന് ചെറിയൊരു ഉദാഹരണം ഞാൻ പറയാം. കേന്ദ്ര സർക്കാർ പുതിയ ഒരു തീരുമാനമെടുക്കാൻ പോകുന്നു; കമ്പനികളുടെ ആവ

ശ്യത്തിന് അനുസരിച്ച് ഔഷധങ്ങളുടെ വില വർദ്ധിപ്പിക്കാൻ പോകുന്നു. ഓരോ വർഷവും മരുന്നുകളുടെ വില വർദ്ധിപ്പിക്കുവാൻ കമ്പനികൾക്ക് അവ കാശം കൊടുക്കുവാൻ പോകുകയാണ്. പെട്രോളിന്റെയും ഡീസലിന്റെയും വിലനിയന്ത്രണം എടുത്തുകളഞ്ഞതുപോലെ ചൂഷണത്തിനനുസരിച്ച് ജന കീയ ഇടപെടൽ, സർക്കാരിന്റെ ഇടപെടൽ ഇല്ലാതാകുന്ന മറ്റൊരു പുതിയ മേഖലകൂടി തുറക്കപ്പെടാൻ പോകുകയാണ്. അത്തരത്തിലുള്ള വലിയ ഒരു പ്രശ്നം നമ്മുടെ രാജ്യത്ത് നാം നേരിടാൻ പോകുകയാണ്. 1991-ന് മുമ്പ് 373 ഔഷധങ്ങളുടെ വില നിശ്ചയിച്ചിരുന്നത് കേന്ദ്ര സർക്കാരായിരുന്നു. അന്ന് ലോകത്ത് മരുന്നിന് ഏറ്റവും കുറവ് വിലയുണ്ടായിരുന്നത് നമ്മുടെ രാജ്യത്താണ്. പക്ഷേ 1991-ന് ശേഷം ഇപ്പോൾ ആകെ 33 ഔഷധങ്ങളുടെ വില മാത്രമാണ് സർക്കാർ നിശ്ചയിക്കുന്നത്. ഇതിലൂടെ മരുന്നുകളുടെ വില ആയിരമിരട്ടി വരെ വർദ്ധിച്ചിട്ടുണ്ട്. ഇനിയും വർഷാവർഷം വർദ്ധിപ്പി ക്കുവാൻ അവസരം കമ്പനികൾക്ക് നൽകുമ്പോൾ എത്ര ഇരട്ടിയാകും അതിന്റെ വില വർദ്ധനവെന്ന് കണ്ടുതന്നെ അറിയണം. ആരോഗ്യരംഗം പൊതു ആശുപത്രികളിൽ നിയന്ത്രിച്ചിരുന്ന ഒരു കാലം, ആ കാലത്ത് ഈ നാട്ടിലെ സ്വകാര്യ ആശുപത്രി മേഖല കുത്തഴിഞ്ഞതു പോലെയായിരുന്നില്ല എന്ന് നമുക്ക് പരിശോധിച്ചാൽ മനസ്സിലാകും. ഇപ്പോഴുണ്ടായ നഴ്സുമാരുടെ സമരം, നിരവധി സ്വകാര്യ മേഖലയിലെ പ്രശ്നങ്ങൾ ഇതെല്ലാം നിങ്ങൾ മന സ്സിലാക്കേണ്ടതാണ്. എല്ലാ ചികിത്സയും നൈതികതയും തകർത്തുകൊണ്ട് മനുഷ്യനിൽ മരുന്നു പരീക്ഷണം പോലും വൻതോതിൽ നടക്കുകയാണ്. സർക്കാർ ഇടപെടൽ ഇല്ലാതാകുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങ ളുടെ ഒരു ഉദാഹരണം മാത്രമാണ് മരുന്നുപരീക്ഷണം. രോഗിക്ക് ചികിത്സി

ക്കുവാൻ പണമില്ല എന്ന അവസ്ഥയെ മുതലെടുത്തുകൊണ്ട് സൗജന്യമായി മരുന്ന് തരാമെന്നു പറഞ്ഞ് രോഗികളെ ആശുപത്രിയിലേയ്ക്ക് എത്തിച്ച് മരുന്നു പരീക്ഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഹൃദയമിടിപ്പ് വർദ്ധിപ്പിക്കുന്ന മരുന്ന് പരീക്ഷിച്ച് ഹൃദയമിടിപ്പ് വർദ്ധിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുകയാണ്. ആ നിരീക്ഷണത്തിനുശേഷം വീണ്ടും മരുന്നു കൊടുത്ത് ആ വർദ്ധനവിന്റെ റേറ്റ് എത്രയാണ് എന്ന് രേഖപ്പെടുത്തുകയാണ്. അങ്ങനെ മൂന്നോ നാലോ അഞ്ചോ ആറോ തവണ ഹൃദയമിടിപ്പ് വർദ്ധിക്കുന്നുണ്ടോ എന്ന് മരുന്ന് പരീക്ഷിച്ചു കഴിഞ്ഞാൽ അഞ്ചാമത്തെ തവണ പരീക്ഷിക്കാൻ രോഗിയുമുണ്ടാവില്ല എന്ന അവസ്ഥ. പക്ഷേ പരീക്ഷിച്ചയാളിന് കോടിക്കണക്കിന് പണം കിട്ടും എന്ന അവസ്ഥയും നിലനിൽക്കുകയാണ്. ഇതെല്ലാം നമ്മുടെ രാജ്യത്ത് സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ബഹുരാഷ്ട്ര കമ്പനികളുടെ പുതിയ പേറ്റന്റ് നിയമമനുസരിച്ച് പണം നേടുന്നതിനുള്ള ചില നടപടികളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇങ്ങനെ കോടിക്കണക്കിന് രൂപ നമ്മുടെ രാജ്യത്തേയ്ക്ക് വരുമ്പോൾ അത് കള്ളപ്പണമായി മാറുന്നു. ഇത് ഗുരുതരമായ പണപ്പെരുപ്പത്തിലേയ്ക്ക് എത്തിക്കുന്നു, രൂപയുടെ മൂല്യത്തകർച്ചയിലേയ്ക്ക് എത്തിക്കുന്നു. അങ്ങനെ സമ്പദ് വ്യവസ്ഥയിൽ നേരത്തെ സൂചിപ്പിച്ച വലിയ ചൂഷണത്തിനുള്ള സാഹചര്യം ഉണർന്നു വരികയാണ്. ചികിത്സിക്കാൻ പൊതുസംവിധാനവുമില്ല, മരുന്നു വാങ്ങുവാൻ പണവുമില്ല എന്ന അവസ്ഥ സമ്പദ് വ്യവസ്ഥ സൃഷ്ടിക്കുമ്പോൾ എന്തു പലിശയായാലും പണം കിട്ടിയാൽ മതി എന്ന് മനുഷ്യർക്ക് തോന്നുന്നത് സ്വാഭാവികം മാത്രമാണ്. ഒരു വീട് വയ്ക്കാൻ, രണ്ട് സെന്റ് സ്ഥലം വാങ്ങാൻ സാധാരണക്കാരന് പറ്റാത്ത അവസ്ഥ വരുമ്പോൾ, സ്വന്തം മക്കളെ മോഹത്തിന് അനുസരിച്ച് പഠിപ്പിക്കുവാൻ പറ്റാത്ത സാഹചര്യമുണ്ടാവുമ്പോൾ, സ്വന്തം മകളുടെ കല്യാണ

ത്തിന് രണ്ടു ഗ്രാം സ്വർണ്ണം വാങ്ങിക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടാവുമ്പോൾ സ്വാഭാവികമായും അമിത പലിശ ഈടാക്കുന്നവരുടെ അവസരം വർദ്ധിക്കുകയാണ്. ഈ സാഹചര്യമൊക്കെ ഉണ്ടാക്കുന്നത് സമ്പദ് വ്യവസ്ഥയാണ്.

ശ്രീ. എ.കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മാണി സർ കൊണ്ടുവന്ന ഈ നിയമമെന്നു പറയുന്നത് 1958-ലെ മണി ലെൻഡേഴ്സ് ആക്ടോ, 1956-ലെ കമ്പനീസ് ആക്ടോ ബാധകമായിട്ടുള്ള കമ്പനികൾക്കും സ്ഥാപനങ്ങൾക്കും മാത്രമേ ബാധകമായിട്ടുള്ളൂ. ഞാൻ കെ.എസ്.എഫ്.ഇ.-യുടെ ചെയർമാനായിരുന്ന കാലഘട്ടത്തിലെ കണക്കുപ്രകാരം 4500 ഓളം വരുന്ന ബ്ലേഡ് കമ്പനികൾ കേരളത്തിലുണ്ടായിരുന്നു. അങ്ങനെയുള്ള അനധികൃത ബ്ലേഡ് കമ്പനികളാണ് അറവു നടത്തുന്നത്. അതിനെ നിയന്ത്രിക്കാൻ ഈ നിയമത്തിലെന്തെങ്കിലുമുണ്ടോ? ഞാൻ നോക്കിയിട്ട് അങ്ങനെയൊന്നും കാണുന്നില്ല. പ്രൊഫസർ നോക്കിയിട്ട് അത്തരത്തിലുള്ള കമ്പനികളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും ഇതിലുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അത്തരത്തിലുള്ള കമ്പനികളും പണമിടപാടുകളും നിയന്ത്രിക്കുവാനുള്ള വഴിയെന്താണ് എന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. സമ്പദ് വ്യവസ്ഥയിൽ അതിനനുസരിച്ചുള്ള നിലപാടില്ലെങ്കിൽ അങ്ങ് സൂചിപ്പിച്ച 4500 കമ്പനികൾ വർദ്ധിച്ചു വർദ്ധിച്ചു വരികയേയുള്ളൂ. അതുകൊണ്ട് അത്തരത്തിലുള്ള പണമിടപാടുകളെ തടയാൻ ഈ നിയമത്തിൽ വകുപ്പില്ല എന്നു മാത്രമല്ല മൊത്തം ഈ നിയമം കൊണ്ട് ആ പ്രശ്നം പരിഹരിക്കുവാൻ കഴിയുകയില്ല എന്നാണ് ഞാൻ പറഞ്ഞതിന്റെ രത്നച്ചുരുക്കം.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഇപ്പോൾ ഈ പറഞ്ഞ പ്രശ്നം കൂടാതെ മറ്റൊരു പ്രശ്നം കൂടിയുള്ളത്, അങ്ങ് സംസാരിച്ചപ്പോൾ പറഞ്ഞു, കല്യാണത്തിന് സ്വർണ്ണം വാങ്ങാൻ പണമില്ലാതെ വരുമ്പോൾ; അത്യാവശ്യം മരുന്ന് വാങ്ങിക്കാൻ പണമില്ലാതെ വരുമ്പോൾ ഓടിച്ചെന്ന് ഇതുപോലെ പൈസ വാങ്ങും. ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത് അങ്ങനെ പണം വാങ്ങുന്ന ഒരാളിനെ ഉപദ്രവിക്കുകയോ ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കുകയോ ചെയ്താൽ ശിക്ഷിക്കുമെന്നാണ്. പക്ഷേ ഇങ്ങനെ ഒരാളെ ശിക്ഷിക്കുന്നതിന് മാത്രമേ ഈ ബില്ലിൽ പറഞ്ഞിട്ടുള്ളൂ. ആ കുടുംബത്തിലെ അംഗങ്ങൾക്ക് എന്തെങ്കിലും സംഭവിച്ചാൽ; ഒരാൾ കടം വാങ്ങിയാൽ അയാളുടെ അച്ഛനെയോ മക്കളെയോ ഭാര്യയെയോ ഉപദ്രവിക്കാം അതിനുംകൂടി ഇതിനകത്ത് വകുപ്പുണ്ടാക്കേണ്ടതല്ലേ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അതിനുകൂടി ഇതിനകത്ത് വകുപ്പുണ്ടാക്കിയാൽ അത്തരം പ്രശ്നം പരിഹരിക്കാമെങ്കിലും ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞതുപോലെ അതും ആത്യന്തികമായി പരിഹരിക്കപ്പെടില്ല എന്നുള്ളത് മനസ്സിലാക്കുമ്പോൾ ഞാൻ അതിനപ്പുറമാണ് പറയുന്നത്. അങ്ങനെ കുറച്ചു പേരുടെ പ്രശ്നമേ ഉള്ളൂ. ഈ പ്രശ്നം തന്നെ പരിഹരിക്കാനുള്ള വഴി അത്തരത്തിലുള്ള ഒരാൾക്കുണ്ടാകുന്ന പ്രശ്നം അതുവഴി ആ കുടുംബത്തിനുണ്ടാകുന്ന പ്രശ്നം എന്നിവ പരിഹരിക്കാൻ താൽക്കാലികമായി ഒരു നിയമത്തിലൂടെ കഴിയുമെന്ന് കരുതരുത്. ആ പ്രശ്നം ആത്യന്തികമായി പരിഹരിക്കാനുള്ള വഴി നിലനിൽക്കുന്ന സമ്പദ് വ്യവസ്ഥയിലെ പ്രശ്നങ്ങളും ഈ നിയമവും തമ്മിലുള്ള വൈരുദ്ധ്യവും ഇല്ലാതാക്കുക എന്നുള്ളതാണ്. ആ വൈരുദ്ധ്യത്തിലേയ്ക്കാണ് ഞാൻ വരുന്നത്. അതുകൊണ്ട് അമിത ചൂഷണത്തിന് കളമൊരുക്കുന്ന സമ്പദ് വ്യവസ്ഥയുടെ ധനക്കമ്മി

കുറയ്ക്കുക എന്ന നയമടക്കം അങ്ങ് ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നയമടക്കം ഇല്ലാതാക്കിയാൽ മാത്രമേ ഈ പ്രശ്നത്തിന് ശാശ്വതമായ ഒരു പരിഹാരം കാണാൻ കഴിയൂ. പക്ഷേ ഇന്ന് കേന്ദ്രസർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നയം തന്നെയാണ് ഇവിടെ യു.ഡി.എഫ്. സർക്കാരും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ച ചൂഷണത്തിന് സാഹചര്യമൊരുക്കുന്ന ഒരു സാമ്പത്തിക പരിസരം നമ്മുടെ കേരളത്തിലുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ പ്രശ്നം ഈ തരത്തിൽ മനസ്സിലാക്കാതെ ചെറിയൊരു നിയമം കൊണ്ട് ശിക്ഷ അല്പം കൂട്ടി എന്നുള്ളതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ കഴിയില്ല.

ശ്രീ. എം. ഹംസ: സർ, നിക്ഷേപങ്ങൾക്ക് ഇവിടെ ബ്ലേഡ് കമ്പനികളും മറ്റുമൊക്കെ ഉള്ള സന്ദർഭത്തിൽ വായ്പക്കാരിൽനിന്നും രണ്ടു ശതമാനം

പലിശ മാത്രമെ ഈ കമ്പനികൾ കൂടുതൽ വാങ്ങാൻ പാടുള്ളൂ. നിക്ഷേപങ്ങൾ എന്നുപറയുന്നത് മാർക്കറ്റ് റേറ്റിലേ വാങ്ങാൻ പാടുള്ളൂ. ഈ ഗവൺമെന്റ് വന്നതിനുശേഷം നിരവധി കമ്പനികൾ നിക്ഷേപം വാങ്ങുന്നുണ്ട്. പ്രത്യേകിച്ച് മുത്തൂറ്റ്, മുത്തൂറ്റ്, മുത്തൂറ്റ് .....എന്നൊക്കെ പറയുന്ന ധാരാളം കമ്പനികൾ ധാരാളം പലിശ കൂടുതൽ കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ കൂടുതൽ പലിശയ്ക്ക് മുത്തൂറ്റ് പോലെയുള്ള കമ്പനികൾ ഇവിടെ വളർന്നു വരുന്നത് എന്ത് പ്രതിഭാസത്തിന്റെ ഭാഗമാണെന്ന് അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, മുത്തൂറ്റ് മാത്രമല്ല ഞാൻ പറഞ്ഞത് ശ്രദ്ധിച്ചിരുന്നുവെങ്കിൽ ഇതെല്ലാം മനസ്സിലാകും. മുത്തൂറ്റ് മാത്രമല്ല ഏത് സാമ്പത്തിക ഇടപാടും രാജ്യത്ത് വളർന്നു വരുന്നത് നമ്മുടെ നാട്ടിൽ നടപ്പിലാക്കുന്ന സാമ്പത്തിക നയം കൊണ്ടാണ്. അക്കാര്യം മനസ്സിലാകാതെ ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരമുണ്ടാകില്ല. സമ്പൂർണ്ണ സ്വകാര്യവൽക്കരണം എന്ന സാമ്പത്തികനയം നടപ്പിലാക്കുമ്പോൾ ഒരു ഭാഗത്തു മാത്രം ഒരു ചെറിയ ശിക്ഷ കൊണ്ട് അത് നിയന്ത്രിക്കാമെന്ന് വിചാരിക്കുന്നത് തെറ്റാണ്. നമ്മുടെ രാജ്യത്തുള്ള സമ്പദ് വ്യവസ്ഥയാണ് ഈ പ്രശ്നം രൂക്ഷമാക്കുന്നത്. അതിന് ഉദാഹരണമാണ് ഞാൻ പറഞ്ഞത്. 1969-ൽ ബാങ്കുകൾ ദേശസാൽക്കരിച്ച് മാസ് ബാങ്കിംഗിലേയ്ക്ക് നമ്മുടെ രാജ്യത്തെ കൊണ്ടുവന്നപ്പോൾ മാത്രമാണ് ഈ വെട്ടിപ്പലിശക്കാരിൽ നിന്നും അല്പമെങ്കിലും ആശ്വാസം സാധാരണ ജനങ്ങൾക്കുണ്ടായത്. അതുകൊണ്ട് അത്തരത്തിലുള്ള മാസ് ബാങ്കിംഗ് സമ്പ്രദായം വികസിപ്പിച്ചുകൊണ്ടുവന്നാൽ

Uncorrected / Not for publication

മുത്തൂറ്റ് പോലെയുള്ള പണമിടപാട് സ്ഥാപനങ്ങളെ നമുക്ക് ഇല്ലാതാക്കി കൊണ്ടുവരാൻ കഴിയും. പക്ഷേ മാസ് ബാങ്കിംഗിൽ നിന്ന് ക്ലാസ് ബാങ്കിംഗി ലേയ്ക്ക് സെൻട്രൽ ബാങ്കിംഗ് സിസ്റ്റം മാറുമ്പോൾ ക്ലാസ് എന്നത് വർക്കിംഗ് ക്ലാസല്ല അപ്പർ ക്ലാസ് എന്നാണ് ഉദ്ദേശിച്ചതെന്നുള്ളതുകൊണ്ട് തീർച്ചയായും മാസ് അതിൽ നിന്ന് ഐസോലേറ്റ് ചെയ്യപ്പെടും, പ്രാന്തവൽക്കരിക്കപ്പെടും, അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ സെൻട്രൽ ബാങ്കിംഗ് സിസ്റ്റത്തിന് കഴിയാതെ വരുമ്പോൾ സ്വാഭാവികമായും അമിത പലിശ ഈടാക്കുന്ന സ്വകാര്യപണമിടപാടുകാർ വളർന്നു വരും. അതുകൊണ്ട് ഇവിടെ ചെറിയൊരു വൈരുദ്ധ്യമുണ്ട്. ചൂഷണത്തിന് കളമൊരുക്കുന്ന സമ്പദ് വ്യവസ്ഥ, അതേ നയം തുടരുന്ന സംസ്ഥാന സർക്കാർ, അമിത പലിശ ഈടാക്കൽ നിരോധന ബിൽ ഇതു തമ്മിൽ ഒരു വൈരുദ്ധ്യമുണ്ട്. ഞാൻ ഒന്നു കൂടി സൂചിപ്പിച്ചുകൊണ്ട് നിറുത്തുകയാണ്. ചൂഷണത്തിന് കളമൊരു ക്കുന്ന ഒരു സമ്പദ് വ്യവസ്ഥ, അമിതമായ ചൂഷണത്തിന് സ്വകാര്യ വൽക്കരണം, അതേ നയം തുടരുന്ന ഒരു സംസ്ഥാന സർക്കാർ, അതേ സമയം അമിത പലിശ ഈടാക്കൽ നിരോധന ബിൽ ഇത് പരസ്പര പൂരകമല്ല. ഇത് പരസ്പര വിരുദ്ധമാണ്. അതുകൊണ്ട് തന്നെ ഞാൻ എന്റെ വിയോജനം രേഖപ്പെടുത്തുന്നു. ഈ ബില്ലിൽ അതനുസരിച്ച് പരിഷ്ക്കാര ങ്ങൾ വരുത്തി ഈ ബിൽ അനുസരിച്ചുള്ള നയങ്ങൾ കേന്ദ്രസർക്കാരിനോട് പറഞ്ഞ് സമ്പദ് വ്യവസ്ഥയിൽ മാറ്റങ്ങൾ വേണം എന്നുള്ളൊരു ആശയം കൂടി ഇതിൽ കൂട്ടിച്ചേർത്താലെ ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരമുണ്ടാകൂ, ആത്മാർത്ഥമായ സമീപനമാകൂ എന്നു പറഞ്ഞുകൊണ്ട് നിറുത്തുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബില്ലിന്മേലുള്ള എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയാണ്. ഇതു സംബന്ധിച്ച ഓർഡിനൻസ് 2012 ഓഗസ്റ്റ് മാസം 23-ാം തീയതിയാണ് ഗവർണ്ണർ ഒപ്പിട്ടത്. 2012 നവംബർ മാസത്തിൽ തിരുവനന്തപുരം ഫോർട്ട് പോലീസ് സ്റ്റേഷനിൽ അഞ്ച് പോലീസ് ഉദ്യോഗസ്ഥന്മാരുൾപ്പെടെ 11 പേർക്കെതിരെ സാമ്പത്തിക കേസ് രജിസ്റ്റർ ചെയ്തു. പുതിയ നിയമം അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്യുന്നതിനുപകരം 1958-ലെ Money Lenders Act പ്രകാരമാണ് അവർക്കെതിരെ കേസ്സെടുത്തിട്ടുള്ളത്. ഒരു ഓർഡിനൻസ് നിലവിൽ വന്നാൽ അതിന്റെ അടിസ്ഥാനത്തിൽ വേണം സാമ്പത്തിക തിരിമറി സംബന്ധിച്ച കേസ്സുകൾ വരുമ്പോൾ നടപടികൾ സ്വീകരിക്കേണ്ടത്. ഇതിൽ പോലീസുദ്യോഗസ്ഥന്മാർ ഉൾപ്പെട്ടപ്പോൾ അവരെ രക്ഷപ്പെടുത്തുവാൻ വേണ്ടി ബോധപൂർവ്വം 1958-ലെ Money Lenders Act പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയാണുണ്ടായത്. ഓർഡിനൻസ് പ്രഖ്യാപിക്കപ്പെട്ടതിനുശേഷം കേരള സംസ്ഥാനത്ത് മൂന്ന് വർഷം തടവും അമ്പതിനായിരം രൂപ പിഴയും വിധിക്കാവുന്ന എത്ര കേസ്സുകൾ എടുത്തിട്ടുണ്ട്; യഥാർത്ഥത്തിൽ ഇതിലെ പ്രതികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുവാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നൊക്കെ ബഹുമാന്യനായ ശ്രീ. കെ.എം. മാണി പരിശോധിക്കുന്നത് നല്ലതായിരിക്കും. ഇക്കാലത്ത് പൊതുസമൂഹത്തിന് ആഡംബരജീവിതത്തോട് താൽപ്പര്യം കൂടുതലാണ്. എത്ര പണം കിട്ടിയാലും ഒരുകാര്യത്തിനും തികയുന്നില്ല, കൂടുതൽ കൂടുതൽ പണം കിട്ടണമെന്ന മാനസികാവസ്ഥയിലാണ് പല

ആളുകളും ജീവിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോഴാണ് തിരുവനന്തപുരത്ത് 'ടോട്ടൽ ഫോർ യു' എന്ന സ്ഥാപനം വലിയതോതിൽ സാമ്പത്തിക കുറ്റകൃത്യം നടത്തിയത്. 'ടോട്ടൽ ഫോർ യു' എന്ന് പറഞ്ഞാൽ എല്ലാം നിനക്ക് വേണ്ടി എന്നാണ് അർത്ഥം. ആ സ്ഥാപനത്തിൽ ഡെപ്പോസിറ്റ് ചെയ്യുന്ന തുകയുടെ ഇരട്ടി അതിനടുത്ത മാസം അതേ ദിവസം നിക്ഷേപകന് ലഭിക്കുമെന്നാണ് പറഞ്ഞത്. അതായത് ഇന്ന് 10000 രൂപ ഡെപ്പോസിറ്റ് ചെയ്താൽ അടുത്ത മാസം 17-ാം തീയതി 20000 രൂപ സ്ഥാപനം കൊടുക്കും. തുടക്കത്തിൽ കുറേ യാളുകൾക്ക് ഇങ്ങനെ കൊടുത്തപ്പോൾ, അവർക്ക് കിട്ടിയ തുകയുടെ വിശദാംശങ്ങൾ പുറത്തുപറയുകയും അതിന്റെ ഫലമായി ഒരുപാട് ആളുകൾ ഈ സ്ഥാപനത്തിൽ പണം ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തു. ഒരാൾക്ക് ഹൃദയ ശസ്ത്രക്രിയ നടത്തുവാൻ 4 ലക്ഷം രൂപ വേണം, കയ്യിൽ രണ്ട് ലക്ഷം രൂപ ഉണ്ട്. ഈ സ്ഥാപനത്തിൽ കൊണ്ടുപോയി ഡെപ്പോസിറ്റ് ചെയ്താൽ ഒരു മാസത്തിനകം 4 ലക്ഷം രൂപയായി തിരിച്ചുകിട്ടുമെന്ന് പറഞ്ഞുകൊണ്ട് ഡെപ്പോസിറ്റ് ചെയ്തപ്പോൾ കൈയ്യിലുണ്ടായിരുന്ന പണംകൂടി പോയി. 25 വയസ്സുള്ള ശബരീനാഥ് എന്ന് പറയുന്ന ചെറുപ്പക്കാ രനാണ് ഈ സ്ഥാപനം നടത്തിയിരുന്നത്. ഇയാൾ 25 വയസ്സിനിടയിൽ 250 കോടി രൂപയുടെ ഇടപാടാണ് നടത്തിയത്. ആഡംബര കാറുകൾ വാങ്ങി ക്കൂട്ടി, നിരവധി സമ്മാനങ്ങൾ കൊടുത്തു, സംഭാവനകൾ കൊടുത്തു ഇഷ്ടപ്പെട്ട ആളുകൾക്ക് എല്ലാം കൊടുത്തു അങ്ങനെ ആഡംബരപൂർണ്ണമാ യിട്ടുള്ള ജീവിതമാണ് അദ്ദേഹം നയിച്ചത്. നമ്മുടെ നാട്ടിൽ ആഡംബര ജീവിതം നയിക്കണമെന്ന താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ ചില

ആളുകൾ സ്പോട്ട് പലിശയ്ക്ക് പണം കടം എടുത്ത് ടൂർ പോവുകയാണ്. അങ്ങനെ ജീവിക്കുന്ന ആളുകൾ ജീവിതാവസാനം ഗുരുതരമായ പ്രതിസന്ധി യിൽ അകപ്പെടുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. എനിക്ക് പരിചയമുള്ള ഒരു കുടുംബം അവസാനം ആത്മഹത്യ ചെയ്തു. പണത്തിന് പുറകേ പായുന്ന മാനസികാവസ്ഥ നമ്മുടെ നാട്ടിലുണ്ട്. പണം കിട്ടുമെന്ന് പറഞ്ഞാൽ എന്തും ചെയ്യും. അങ്ങനെ ചെയ്യാൻ തയ്യാറായി വരുന്ന ആളുകളെ പറ്റിക്കുന്ന സംവിധാനവും നമ്മുടെ നാട്ടിലുണ്ട്. തവളയെ എംബാം ചെയ്ത് കാണിച്ച് ലക്ഷക്കണക്കിന് രൂപ തട്ടിയെടുത്ത കഥ നമ്മുടെ നാട്ടിൽ നിന്ന് വന്നിട്ടുണ്ട്. മറ്റൊന്ന് സ്വർണ്ണക്കുടമാണ്. സ്വർണ്ണമിട്ടാൽ ഇരട്ടിയായി കിട്ടുമെന്ന് പറയുമ്പോൾ ആളുകൾ വീഴുകയാണ്. അതു പോലെതന്നെ ഭാഗ്യം വരുത്തുവാൻ പൂജ ചെയ്യുന്നു. പൂജ നടത്തിയ ഏലസ് കൈയ്യിൽ കെട്ടിയാൽ ഭാഗ്യം പിറകേ വരുമെന്ന സ്ഥിതി വിശേഷമാണ്. അതിന്റെ ഭാഗമായി .................

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: അങ്ങ് പറഞ്ഞുവരുന്ന കാര്യങ്ങൾ ശരിയാണ്. ഏലസും ശംഖും മറ്റും വാങ്ങിയാൽ വലിയ ധനലാഭം ഉണ്ടാകു മെന്ന പരസ്യം ടെലിവിഷൻ ചാനലുകളിൽ വരുന്നുണ്ട്. ഇത്തരം പരസ്യങ്ങ ളിൽ ഒരുപാട് ആളുകൾ പെട്ടുപോകുന്നു, ഒരുപാട് ആളുകൾ കാശ് കൊടുത്തു വാങ്ങിക്കുന്നു, പക്ഷേ പ്രയോജനമൊന്നും ലഭിക്കുന്നില്ല. ഇത്തരം തട്ടിപ്പുകൾക്കെതിരായി സർക്കാർ വേണ്ടത്ര നടപടി സ്വീകരിക്കുന്നില്ലായെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: സർ, ശ്രീ. അബ്ദുൾ ഖാദർ പറഞ്ഞത് വളരെ ശരിയാണ്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് അധികാര ത്തിലിരിക്കുമ്പോഴാണ് ടോട്ടൽ ഫോർ യു തട്ടിപ്പ് കേരളത്തിൽ അരങ്ങേ

റിയത്. അന്നത്തെ ഗവൺമെന്റ് കുറ്റക്കാരെ മാതൃകാപരമായി നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും ജയിലിലിലടയ്ക്കുകയും ചെയ്തു. കേരളത്തിലെ സകല സാമ്പത്തിക തട്ടിപ്പു കാരും സാമൂഹ്യവിരുദ്ധന്മാരും നിയമവിരുദ്ധമായി പ്രവർത്തിക്കുവാൻ താൽപ്പര്യമുളള ആളുകൾക്കുമെല്ലാം ഒരു പ്രചോദനം കിട്ടിയ അവസ്ഥയാണ് യു.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ കേരളത്തിൽ ഉണ്ടായി ട്ടുളളത്. ശ്രീ. കെ. വി. അബ്ദുൾ ഖാദർ പറഞ്ഞത് സമ്പൂർണ്ണമായും ശരിയാ ണ്. ഇപ്പോൾ ഈ നിയമം പൈലറ്റ് ചെയ്തത് ബഹുമാന്യനായ കെ.എം. മാണി സാർ ആണ്. കെ.എം. മാണി സാറിന്റെ അദ്ധ്വാന വർഗ്ഗ സാമ്പത്തിക സിദ്ധാന്തം തന്നെയുണ്ട്. ബഹുമാന്യനായ ശ്രീ. സാജുപോൾ ഇവിടെ പ്രസംഗിക്കുന്ന സമയത്ത്, ശ്രീ. കെ. എം. മാണി സാർ, ലണ്ടനിൽ ചെന്ന് സ്വീകരണം ഏറ്റുവാങ്ങിയെന്നും അവിടെയുളള ആളുകൾക്കെല്ലാം പുസ്തകം കൊടുത്തുവെന്നും പറയുകയുണ്ടായി. ശ്രീ. സാജുപോളിന്റെ പ്രസംഗം കഴിഞ്ഞതിനുശേഷം മുതലാളിത്തത്തിനും കമ്മ്യൂണിസത്തിനും ബദലാണ് തന്റെ സാമ്പത്തിക സിദ്ധാന്തമെന്ന് ബഹുമാന്യനായ ശ്രീ. കെ.എം. മാണി സാർ ഇവിടെ വിശദീകരിക്കുകയും ചെയ്തു. കമ്മ്യൂണിസത്തിനും മുതലാളിത്തത്തിനും മെറിറ്റും ഡീമെറിറ്റും ഉണ്ട്. ഈ രണ്ട് ആശയങ്ങളു ടെയും മെരിറ്റുൾപ്പെടുന്നതാണോ അതോ മുതലാളിത്തത്തിന്റേയും കമ്മ്യൂണിസത്തിന്റേയും ഡീമെരിറ്റുൾപ്പെടുന്നതാണോ ബഹുമാന്യനായ കെ. എം. മാണി സാറിന്റെ അധ്വാനവർഗ്ഗ സിദ്ധാന്തം എന്നറിയുവാനുളള ആഗ്രഹം എനിക്കുണ്ട്. താങ്കളുടെ വിശദീകരണത്തിൽനിന്നും പ്രവർത്തനത്തിൽനിന്നും ധനകാര്യവകുപ്പുമന്ത്രിയെന്ന ഇടപാടുകളിൽനിന്നുമൊക്കെ എനിക്ക് മനസ്സി ലാകുന്നത് ഈ രണ്ട് ആശയത്തിന്റെയും ഡീമെരിറ്റിനേയാണ് താങ്കളുടെ

അദ്ധ്വാനവർഗ്ഗ സിദ്ധാന്തം പ്രതിനിധീകരിക്കുന്നതെന്നാണ്. ശ്രീ.കെ.എം.മാണി സർ അതൊന്ന് വിശദീകരിച്ചാൽ മതി. ഞാൻ നെഗറ്റീവായിട്ടല്ല, പോസിറ്റീവായിട്ടാണ് പറഞ്ഞത്. മുമ്പൊരിക്കൽ താങ്കൾ നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ അത് കമ്മി ആണെന്നും മിച്ചമാണെന്നുമുള്ള തർക്കം വന്നു. അവസാനം കമ്മിയാണെന്നും പറയാം മിച്ചമാണെന്നും പറയാം എന്ന നിലയിൽ ധനകാര്യഭാഷയ്ക്ക് 'കമ്മിച്ചം' എന്ന പുതിയ വാക്കുതന്നെ കിട്ടി. ഇപ്പോൾ മുതലാളിത്തവും കമ്മ്യൂണിസവുമെന്ന രണ്ട് ആശയം ഉൾക്കൊള്ളുന്ന പുതിയ സിദ്ധാന്തമാണ് അങ്ങ് അവതരിപ്പിക്കുന്നത് അത് മുതലാളിത്ത കമ്മ്യൂണിസമാണോ അതോ മുതലാണിസമാണോ എന്നാണ് എനിക്ക് അറിയാനുള്ളത്. ബഹുമാന്യനായ ധനകാര്യവകുപ്പ് മന്ത്രിയുടെ സാമ്പത്തിക ശാസ്ത്രത്തിന് മാണിയോണിക്സ് എന്ന് പേരിടാമോ? അതുപോലെ മുതലാളിത്തവും കമ്മ്യൂണിസവും ചേർന്നാൽ മുതലാണിസം എന്ന് പേരിടാമോയെന്ന വളരെ സത്യസന്ധമായ സംശയമാണ് അങ്ങയോട് ചോദിക്കുന്നത്. അങ്ങയുടെ ഈ സാമ്പത്തിക ശാസ്ത്ര സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഒന്നര വർഷത്തെ ഭരണം കഴിഞ്ഞപ്പോൾ സർക്കാരിന്റെ കടബാധ്യത ഒരു ലക്ഷം കോടി രൂപ കഴിഞ്ഞുവെന്നാണ് പുതിയ കണക്കുകൾ വ്യക്തമാക്കുന്നത്. ഇങ്ങനെ ലക്ഷക്കണക്കിന് കോടി രൂപയുടെ ബാധ്യത നാടിന് വരുമ്പോഴും കേരളത്തിലെ മൂന്നേകാൽ കോടി മലയാളികൾക്ക് യാതൊരുഗുണവും ഇല്ല. അപ്പുറത്തിരിക്കുന്ന ചില ആളുകൾക്ക് ഗുണം ഉണ്ടാകുന്നുണ്ട് എന്നല്ലാതെ കേരളത്തിലെ സാധാരണക്കാരായ മനുഷ്യർക്ക് യാതൊരു ഗുണവുമില്ല. നമ്മുടെ നാട്ടിൽ രൂക്ഷമായ വിലക്കയറ്റമാണ്. അത് സംബന്ധിച്ച് നിയമസഭ ചർച്ച ചെയ്തതാണ്. രൂക്ഷമായ വിലക്കയറ്റം

തടഞ്ഞുനിർത്താൻ എന്ത് നടപടിയാണ് യു.ഡി.എഫ് ഗവൺമെന്റ് സ്വീകരിക്കുന്നത്? പണം അനുവദിക്കാത്തതാണോ പ്രശ്നം; പണം അനുവദിച്ചിട്ടും ഫലപ്രദമാകാത്തത് എന്താണ്? പണം അനുവദിക്കാത്തതിന്റെ ഭാഗമായിട്ടാണെങ്കിൽ അത് ഗുരുതരമായ പ്രശ്നമാണ്. അത് ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണ്. പണം അനുവദിച്ചിട്ടും ഫലപ്രദമാകുന്നില്ലെങ്കിൽ അത് അനുവദിക്കപ്പെട്ടത് ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്നാണ്, രണ്ടായാലും ഈ ഗവൺമെന്റ് പ്രതിയാണ്. നാട്ടിലെ വിലക്കയറ്റം തടഞ്ഞുനിർത്താൻ എന്ത് നടപടിയാണ് യു.ഡി.എഫ് ഗവൺമെന്റ് സ്വീകരിക്കുവാൻ പോകുന്നത്? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അഞ്ച് വർഷക്കാലം ഭരിച്ചപ്പോൾ കേരളത്തിൽ വികസനത്തിന്റെ വേലിയേറ്റം നടപ്പിലാക്കുവാൻ കഴിഞ്ഞു. എന്റെ മണ്ഡലത്തിൽ വലിയ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ അഞ്ച് വർഷത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണത്തിന് സാധിച്ചു. ഇപ്പോൾ ഒന്നും ചെയ്യുവാൻ കഴിയുന്നില്ലായെന്നുള്ളത് വസ്തുതയാണ്. നാട്ടിൽ വിലക്കയറ്റം തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല. ചൂണ്ടിക്കാണിച്ച് പറയാൻ കഴിയുന്ന ശക്തമായ വികസന പ്രവർത്തനങ്ങൾ നടപ്പിലാകുന്നില്ല; എന്നാലും ഗവൺമെന്റിന്റെ സാമ്പത്തിക ബാധ്യതയ്ക്ക് യാതൊരു കുറവുമില്ല, അത് അനുനിമിഷം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ലക്ഷക്കണക്കിന് കോടി രൂപയുടെ ബാധ്യതയായി. ക്ഷേമപദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. യു.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ്............

<u>ശ്രീ. വി. ശിവൻ കുട്ടി</u>: ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിച്ചുകൊണ്ടിരുന്ന സമയത്ത് വികസനപ്രവർത്തനങ്ങൾക്കായി ഏറ്റവും കൂടുതൽ ഫണ്ട് അനുവദിച്ചത് അന്നത്തെ പ്രതിപക്ഷത്തിനായിരുന്നു. ഇപ്രാവശ്യം കണ

ക്കുകൾ പരിശോധിച്ച് നോക്കിയാൽ ഫണ്ട് അനുവദിക്കുന്നത് ശരിയായ രീതിയിലല്ലായെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ചെന്താമരാക്ഷൻ: ബഹുമാനപ്പെട്ട ശ്രീ. വി. ശിവൻകുട്ടി പറഞ്ഞത് ഭാഗികമായി ശരിയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ പക്ഷപാതപരമായിട്ടുള്ള സമീപനമല്ല, ഇടതുപക്ഷമെന്നോ വലതുപക്ഷമെന്നോ എന്ന് നോക്കാതെ എം. എൽ.എ മാരെ പരിഗണിക്കുന്ന സമീപനമാണ് സ്വീകരിച്ചത്. അത് പൊതുവായി സ്വീകരിക്കേണ്ട സമീപനമാണ്. ഇപ്പോൾ യു.ഡി.എഫിന്റെ ആളുകൾ അത്തരമൊരു സമീപനമല്ല സ്വീകരിക്കുന്നത്. യു.ഡി.എഫ്-ന്റെ കൂടെ നിൽക്കുന്ന ആളുകളെ രഹസ്യമായി വിളിച്ച് എല്ലാം കാര്യങ്ങളും ചെയ്തുകൊടുക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ എം. എൽ.എ-മാരെ പരിഗണിക്കുന്നതു പോലുമില്ല. ഞങ്ങൾ ഓട് പൊളിച്ച് നിയമസഭയിൽ വന്ന ആളുകളല്ല, ജനങ്ങൾ തെരഞ്ഞെടുത്ത് വന്നിട്ടുള്ള ജനപ്രതിനിധികളാണ്. ഞങ്ങൾ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പരിശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന് ഗവൺമെന്റിന്റെ പിന്തുണയും പരിശ്രമവും ഉണ്ടാകണം. ആ നിലയിലുള്ള പിന്തുണയും സഹായവും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ലഭിക്കുന്നില്ല. ഇവിടെ വിലക്കയറ്റം തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല, വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നില്ല, നാട്ടിലെ സാധാരണക്കാരന് കിട്ടേണ്ട ക്ഷേമ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല. ഗവൺമെന്റിന്റെ സാമ്പത്തിക ബാധ്യതയിൽ യാതൊരു കുറവും വന്നിട്ടില്ലായെന്നാണ് സമീപകാലത്തെ കണക്കുകൾ വ്യക്തമാക്കുന്നത്. ഇപ്പോൾ കേരള ഗവൺമെന്റിന്റെ കടബാധ്യത ഒരു ലക്ഷം

കോടി കഴിഞ്ഞിരിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ നിന്ന് പോകുന്നതിനുമുമ്പ് രണ്ട് ലക്ഷം കോടി രൂപയായി വർദ്ധിക്കുവാൻ സാധ്യതയുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പെൻഷൻ പ്രായം 56 വയസ്സാക്കി വർദ്ധിപ്പിച്ചു. എന്നിട്ടും സാമ്പത്തിക ബാധ്യത കുറയുന്നില്ല. ഇപ്പോൾ ശ്രീ. കെ. എം. മാണി സാറും അദ്ദേഹത്തെ സഹായിക്കുന്ന ചില ആളുകളും ചേർന്ന് പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഗൂഢാലോചന നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ലക്ഷക്കണക്കിന് അഭ്യസ്തവിദ്യരായ യുവജനങ്ങൾ തൊഴിലില്ലാത്തവരായി പുറത്ത് നിൽക്കുമ്പോൾ പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചാൽ രൂക്ഷമായ പ്രതിഷേധം കേരള സംസ്ഥാനത്ത് ഉയർന്നുവരുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ജനവിരുദ്ധമായ സമീപനം സ്വീകരിക്കുന്ന സർക്കാരിന്റെ നയം തിരുത്തിക്കുന്നതിനാവശ്യമായ ശക്തമായ നിലപാട് ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം സ്വീകരിക്കും. ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബില്ലിന്മേലുള്ള വിയോജനക്കുറിപ്പ് ഈ രൂപത്തിൽ രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ :</u> സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. ഓർഡിനൻസിന് പകരമുള്ള ഒരു ബില്ലാണ് ഈ സഭയുടെ മുമ്പാകെ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശത്തോടുകൂടിയാണ് ഈ ബിൽ ഇവിടെ ചർച്ച ചെയ്യുന്നത്. നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന Money Lenders Act-

ൽത്തന്നെ വിവിധ കുറ്റങ്ങൾ ചെയ്യുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥകളുണ്ട്. ഈ ഓർഡിനൻസ് ഇപ്പോൾ പുറപ്പെടുവിക്കേണ്ട ആവശ്യമെന്തായിരുന്നു എന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഈ സഭയിൽ വ്യക്തമാക്കിയിട്ടില്ല. ഓർഡിനൻസ് പുറപ്പെടുവിക്കുന്നത് ഒരു അടിയന്തരകാര്യം നേരിടുന്നതിനുവേണ്ടിയാണ്. ഇതുസംബന്ധിച്ച ഓർഡി നൻസ് പുറപ്പെടുവിച്ച് 2012 ആഗസ്റ്റ് 27-ാം തീയതി ഈ നിയമം പ്രാബല്യത്തിൽ വന്നുകഴിഞ്ഞു. ആഗസ്റ്റ് 27-നുശേഷം നാലുമാസക്കാലമായി ഓർഡിനൻസിനായി ഈ നിയമം സംസ്ഥാനത്ത് നിലനിൽക്കുകയാണ്. ഇതിൻപ്രകാരം എത്രയാളുടെ പേരിൽ നടപടി സ്വീകരിച്ചു? ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ചെന്താമരാക്ഷൻ ഇതുസംബന്ധിച്ച് ചോദിച്ചു. ഏതൊരാളും അയാൾ നൽകുന്ന ഏതെങ്കിലും വായ്പയിൻമേൽ അമിത പലിശ ഈടാക്കാൻ പാടില്ലായെന്ന് മൂന്നാം വകുപ്പ് വ്യക്തമായി അനുശാസിക്കുന്നുണ്ട്. അങ്ങനെ ചെയ്യുന്ന ആളുകളെ മൂന്നുവർഷം വരെ ശിക്ഷിക്കാനും 50,000 രൂപ പിഴ ഈടാക്കുവാനും വ്യവസ്ഥയുണ്ട്. ഈ ഓർഡിനൻസ് നിലവിൽ വന്നതിനുശേഷം, ഈ കഴിഞ്ഞ നാലുമാസത്തി നിടയിൽ ഒരാളും ഇങ്ങനെ പ്രവർത്തിച്ചിട്ടില്ല എന്നതാണോ ആർക്കെതിരെയും ഒരു നടപടിയും സ്വീകരിക്കാത്തതിന്റെ കാരണം? ഇത്തരത്തിൽ ഈ നിയമത്തിൽ പറയുന്നതുപോലെ, ആരെങ്കിലും അമിതപലിശ ഈടാക്കുകയോ; മണിക്കൂർ വട്ടി പ്രകാരമോ വണ്ടി വട്ടി പ്രകാരമോ വായ്പ പ്രകാരമോ കുറ്റം ചെയ്യുകയോ മീറ്റർ വട്ടി ഈടാക്കുകയോ തണ്ടൽ എന്ന ഇനത്തിൽ കുറ്റം ചെയ്യുകയോ ചെയ്യുന്ന ഒരു കുറ്റവാളിയും നാലുമാസമായി കേരളത്തിലില്ലാത്തതുകൊണ്ടാണോ

ഒരാളുടെപോലും പേരിൽ നടപടിയെടു ക്കാൻ കഴിയാഞ്ഞത്? യഥാർത്ഥത്തിൽ, നാലുമാസം ആയിട്ടും നടപ്പിലാ ക്കാതെ വെറും പ്രചരണത്തിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഒരു നിയമ മാണിത്. നടപ്പിലാ ക്കാൻ വേണ്ടിയാണെങ്കിൽ Money Lenders Act പ്രകാരം തന്നെ ഈ കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കാം. 1958-ലെ Money Lenders Act പ്രകാരം നടപടി സ്വീകരിക്കുന്നതിനുവേണ്ടി പലപ്പോഴും ഇവിടെ ഇടപെടലുകളുണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ നടപടി എടുക്കേണ്ടുന്ന ഉദ്യോഗസ്ഥൻമാർ ഇത്തരം ആളുകൾക്കെതിരായി നടപടി എടുക്കാൻ സന്നദ്ധരല്ല. അതുകൊണ്ടാണ് നിയമം വന്ന് നാലുമാസമായിട്ടും ഒരാളുടെയും പേരിൽ നടപടി എടുക്കാത്തത്. മുമ്പ് Money Lenders Act പ്രകാരം കുറ്റംചെയ്യുന്ന ആളുകളെക്കൂടി Anti Social Activities Prevention Act-ൽ ഉൾപ്പെടുത്തിയിരുന്നു. ഞാൻ അത് പരിശോധിച്ച സന്ദർഭത്തിൽ മനസ്സിലാ ക്കാൻ കഴിഞ്ഞത്, പലപ്പോഴും ഇങ്ങനെ കുറ്റം ചെയ്യുന്ന ആളുടെ പേരിൽ റിപ്പോർട്ട് നൽകാൻപോലും ഡിപ്പാർട്ടുമെന്റുകൾ തയ്യാറല്ല എന്നാണ്. ഇങ്ങനെ ആരെങ്കിലും കുറ്റം ചെയ്തിട്ടുണ്ടോ എന്നതു സംബന്ധിച്ച് പോലീസിനെ അറിയിക്കുന്നതിനോ പോലീസുവഴി നടപടി എടുക്കുവാനോ ബന്ധപ്പെട്ട വകുപ്പുകൾക്ക് യാതൊരു താൽപ്പര്യവുമില്ല. Anti Social Activities Prevention Act ഈ സംസ്ഥാനത്ത് നടപ്പിലാക്കി ആറ് വർഷമായിട്ടും ഇത്തരത്തിലുള്ള വളരെ ചുരുക്കം കേസ്സുകൾ മാത്രമേ അതിൽ വരുന്നുള്ളൂവെന്നത് ഒരു സാമൂഹിക പ്രശ്നമാണ്. Money Lenders Act പ്രകാരം നടപടി എടുക്കാത്ത സർക്കാർ ഈ പുതിയ

നിയമപ്രകാരം എന്ത് നടപടിയെടുക്കും? നാലുമാസക്കാലമായി ഒന്നും ചെയ്യാത്ത ഈ ഗവൺമെന്റിന് ഏതെങ്കിലും നിയമം നടപ്പാക്കുവാൻ കഴിയുമോ? ബില്ല് പാസ്സാക്കാത്തതുകൊണ്ടാണോ ഈ ഓർഡിനൻസ് നടപ്പിലാക്കാൻ കഴിയാതെ പോയതെന്നതു സംബന്ധിച്ച് വ്യക്തമാക്കേണ്ടതായിട്ടുണ്ട്. Money Lenders Act പ്രകാരം- Carrying on money lending business without license, or by violating conditions of license; അതുപോലെ തന്നെ Charging of interest exceeding 2% above the minimum charged by commercial banks; Doing money lending business without exhibiting lenders in regional names- ഇതെല്ലാം cognizable offense ആണ്. ഇങ്ങനെയുള്ള വിവിധ പ്രശ്നങ്ങൾ Money Lenders Act പ്രകാരം ശിക്ഷാർഹമായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും നമ്മുടെ സംസ്ഥാനത്ത് ഇത്തരം ആളുകളുടെ പേരിൽ നടപടിയെടുക്കുന്ന കാര്യത്തിൽ ഭരണകൂടത്തിനുള്ള നിസ്സംഗത ഒരു പ്രധാന ഘടകമാണ്. ഇതിൽ മാറ്റം വരുത്തുന്നില്ലെങ്കിൽ ഈ നിയമം കൊണ്ട് ഒരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല. ഇത് മറ്റ് നിയമങ്ങളെപ്പോലെ ഒരു നിയമമായി മാത്രം നിൽക്കും, അതാണ് അനുഭവത്തിൽ വരാൻ പോകുന്നത്. 1934-ലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യാ ആക്ട് പ്രകാരം റിസർവ് ബാങ്ക് നിശ്ചയിക്കുന്ന പലിശ നിരക്കിനേക്കാൾ അധികം വാങ്ങാൻ പാടില്ലായെന്ന നിയമമാണ് നമ്മുടെ രാജ്യത്തുള്ളത്. 1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകരിച്ച കമ്പനികൾ 1958-ലെ കേരള പണം കടം കൊടുക്കൽ ആക്ടിന്റെ കീഴിൽ

ലൈസൻസ് എടുക്കേണ്ടതില്ല. ഇതിന്റെ മറവിലാണ് നമ്മുടെ സംസ്ഥാനത്തും രാജ്യത്തും ഇത്തരത്തിലുള്ള ഇടപാടുകൾ വ്യാപകമായി നടന്നുകൊണ്ടിരിക്കുന്നത്. ഇപ്പോൾ നമ്മുടെ നാട്ടിൽ ന്യൂ ജനറേഷൻ ബാങ്ക് എന്ന പേരിൽ പുതിയ ബാങ്കുകൾ തുടങ്ങിയിട്ടുണ്ട്. ഈ പേരിൽ HDFC ബാങ്ക്, ICICI ബാങ്ക്, Axis ബാങ്ക് എന്നിവ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. അവ വലിയ രീതിയിലുള്ള കൊള്ളയാണിവിടെ നടത്തുന്നത്. ന്യൂ ജനറേഷൻ ബാങ്കുകളെ ഈ നിയമത്തിന്റെ പരിധിയിലുൾപ്പെടുത്താൻ ഈ ബില്ലിൽ വ്യവസ്ഥയുണ്ടോ? ഈ ന്യൂ ജനറേഷൻ ബാങ്കുകളിൽനിന്ന് ഉണ്ടായിട്ടുള്ള ഒരനുഭവം എന്റെ മുമ്പിൽ ഒരാൾ പറഞ്ഞു. ഒരാൾ ഒരു ബാങ്കിൽ 5000 രൂപ നിക്ഷേപിച്ചു. അയാൾ അതിൽനിന്നും ഒരു പൈസപോലും എടുത്തിട്ടില്ല. 5 വർഷം കഴിഞ്ഞ് ബാങ്കിൽനിന്നും അയാൾക്കുവന്ന നോട്ടീസിൽ പറയുന്നത് നിങ്ങൾ 2000 രൂപ സർവ്വീസ് ചാർജ് അടച്ചില്ലെങ്കിൽ നിങ്ങളുടെ 5000 രൂപ പോകും എന്നാണ്. ഇത് ന്യൂ ജനറേഷൻ ബാങ്കുകൾ നടത്തുന്ന ഏറ്റവും വലിയൊരു കൊള്ളയാണ്. 1 ലക്ഷം രൂപ ബാങ്കിൽ നിക്ഷേപിച്ചാൽ പുതിയ ഇടപാടുകളൊന്നും ഒരു വർഷത്തിനിടയിൽ നടക്കുന്നില്ലെങ്കിൽ സർവ്വീസ് ചാർജ് എന്ന രീതിയിൽ അങ്ങോട്ട് പൈസ കൊടുക്കണം. ഇങ്ങനെ ഒരു സിസ്റ്റം ഇവിടെ നടക്കുന്ന കാര്യം ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇത് വലിയൊരു കൊള്ളയാണ്. ICICI, HDFC, Axis എന്നീ ബാങ്കുകൾ അമിത പലിശയാണ് ഈടാക്കുന്നത്. ഇവർ വാങ്ങുന്ന പലിശ ആരെങ്കിലും പരിശോധിക്കുന്നുണ്ടോ? വലിയ ബോർഡൊക്കെ വച്ച് നടത്തുന്നതായ തുകൊണ്ട് മറ്റ് ദേശസാൽകൃത

ബാങ്കുകളെപ്പോലെ വ്യവസ്ഥാപിതമായ ബാങ്കാണെന്ന് ജനങ്ങൾ ധരിച്ചുവച്ചിരിക്കുകയാണ്. ഇവരുടെ കീഴിൽ ആന്റി സോഷ്യൽ ആക്ടിവിറ്റീസ് നടത്തുന്ന ഒരു സംഘം കടന്നുവരുന്നുണ്ട്. ഇവർ പലിശയ്ക്ക് പണം കടം കൊടുക്കുകയും പ്രോമിസറി നോട്ട് എഴുതിവാങ്ങി ക്കുകയും, സ്വത്തിന്റെ റിക്കോർഡ് വാങ്ങിവയ്ക്കുകയും, ബ്ലാങ്ക് ചെക്കിൽ ഒപ്പിട്ടുവാങ്ങുകയും ചെയ്യുന്നു. നിശ്ചിത സമയം കഴിഞ്ഞിട്ടും വായ്പ തിരിച്ചട ച്ചില്ലെങ്കിൽ വീട് ജപ്തി ചെയ്യുകയാണ്. അതിനുവേണ്ടി ഗുണ്ടാസംഘം പ്രവർത്തിക്കുന്നുണ്ട്. ഈ ന്യൂ ജനറേഷൻ ബാങ്കുകളുടെ കീഴിൽ നമ്മുടെ സംസ്ഥാനത്ത് ഒരു ഗുണ്ടാ സംഘം തഴച്ച് വളരുന്നുണ്ട്. ഇക്കാര്യം ഗവൺമെന്റ് വേണ്ടത്ര പരിഗണിച്ചിട്ടില്ല. അവരൊന്നും ഈ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. അവർ ക്കെതിരെ കേസ്സെടുക്കാൻ ഈ ഗവൺമെന്റിന് ധൈര്യമുണ്ടോ? സർക്കാർതന്നെ ഈ ബാങ്കുകളെ പ്രോത്സാഹിപ്പിക്കുകയാ ണ്, ആക്സിസ് ബാങ്കിൽ സർക്കാർതന്നെ ഡെപ്പോസിറ്റ് ഇടുന്നു. കൊച്ചി മെട്രോയുടെ പണത്തെക്കുറിച്ച് ഇവിടെ വിവാദം വന്നില്ലേ? കൊച്ചി മെട്രോ യുടെ രണ്ട് കോടി രൂപ ഈ ബാങ്കിൽ നിക്ഷേപിച്ചു. നമ്മുടെ സംസ്ഥാ നത്തെ പൊതു മേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവ ഈ ന്യൂ ജനറേ ഷൻ ബാങ്കിൽ ഇങ്ങനെ ഡെപ്പോസിറ്റ് ചെയ്താൽ ആ സ്ഥാപനത്തിന് നാട്ടു കാരുടെ ഇടയിൽ വിശ്വാസമുണ്ടാകും. അങ്ങനെവരുമ്പോൾ മറ്റുള്ളവരും ഇത്തരം ബാങ്കുകളിൽ പണം നിക്ഷേപിക്കും. ഇത്തരത്തിൽ ന്യൂ ജനറേഷൻ ബാങ്കുകൾ നമ്മുടെ സംസ്ഥാനത്ത് വലിയ സാമ്രാജ്യം വികസിപ്പിച്ചുവരികയാ ണ്. ഇത് കേരളത്തിൽ മാത്രമല്ല, ലോകവ്യാപകമായിത്തന്നെ നടക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത്, ഈ പ്രബുദ്ധ കേരളത്തിലും ഇങ്ങനെ നിർബാധം ഇടപെടാനുള്ള ഒരു സാഹചര്യം ഉണ്ടായിരിക്കുന്നു എന്നുള്ളത് ഗുരുതരമായ

പ്രശ്നമാണ്. അത് വേണ്ടത്ര ഗൗരവത്തോടെ പരിഗണിച്ചിട്ടില്ല എന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. പാലോട് രവി: സർ, ന്യൂ ജനറേഷൻ ബാങ്കുകൾ ഉൾപ്പെടെയുള്ള, നിരവധി തട്ടിപ്പുകൾക്ക് നേതൃത്വം കൊടുക്കുന്ന ബാങ്കുകളുടെ ബ്രാഞ്ചുകളുടെ ഉദ്ഘാടനത്തിന് ജനപ്രതിനിധികളെ വിളിക്കാറുണ്ട്. എം.എൽ.എ. മാർ എം.പി.മാർ, മന്ത്രിമാർ എന്നിവർ ഇത്തരം ബാങ്കുകളുടെ ഉദ്ഘാടനം നടത്തുന്നതിനാൽ അതിന് വളരെയേറെ പബ്ലിസിറ്റി ലഭിക്കുകയാണ്. ഇതിന്റെ വിശ്വാസ്യത ബോധ്യം വരാതെ ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ ഉദ്ഘാടത്തിന് ജനപ്രതിനിധികൾ പങ്കെടുക്കുകയില്ലാ യെന്നുള്ള തീരുമാനം ഭരണ പക്ഷവും പ്രതിപക്ഷവും ആലോചിച്ച് കൈക്കൊള്ളണം. കൂടാതെ ഇക്കാര്യത്തിൽ സ്പീക്കറോ ഗവൺമെന്റോ ഇത്തരമൊരു ഡയറക്ഷൻ കൊടുക്കാനും തയ്യാറാകണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട പാലോട് രവി പറഞ്ഞത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. പല എം.എൽ.എ. മാരെയും മന്ത്രിമാരെയും ഈ സ്ഥാപനങ്ങളുടെ വിവിധ പരിപാടികൾക്ക് ക്ഷണിച്ച് അതിന്റെ വിശ്വാസ്യത വളർത്തുകയാണ്. ഞാൻ മന്ത്രിയായിരുന്നപ്പോഴും എം.എൽ.എ. ആയിരുന്നപ്പോഴും ഇത്തരം സ്ഥാപനങ്ങളുടെ ഉദ്ഘാടനത്തിന് ക്ഷണിച്ചിട്ടുണ്ട്. പക്ഷേ, ഞാൻ ഇതുവരെയും പോയിട്ടില്ല. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ, അതൊരു സ്വകാര്യ സ്ഥാപനമായിട്ടാണ് പ്രവർത്തിക്കുന്ന തെന്നുള്ള കാര്യം മറച്ചുവയ്ക്കാനാണ് മന്ത്രിമാരെയും എം.എൽ.എ. മാരെയും പൊതു അംഗീകാരമുള്ള ആളുകളെയും ഉദ്ഘാടനത്തിനായി ക്ഷണിക്കുന്നത്. അതിനുശേഷം ഇത്തരം സ്ഥാപനങ്ങൾ ബ്ലേഡ് കമ്പനി കളായിട്ടാണ് പ്രവർത്തിക്കുന്നത്. ഒരു ബ്ലേഡ് മാഫിയ നമ്മുടെ

സംസ്ഥാനത്ത് വളർന്നുവന്നിട്ടുണ്ട്. ഈ മാഫിയകൾ വിവിധ രൂപങ്ങളിലാണുള്ളത്. മരുന്ന് മാഫിയ, മണൽ മാഫിയ എന്നിങ്ങനെയുള്ള മാഫിയകൾ കഴിഞ്ഞ ദിവസത്തെ ചർച്ചകളിൽ ഉയർന്നുവന്നിരുന്നു. ഇപ്പോൾ ബ്ലേഡ് മാഫിയയും ചർച്ചകളിൽ ഉയർന്നുവന്നിരിക്കുകയാണ്. ഇവിടെ മാഫിയ ഭരണമാണ് നടക്കുന്നതെന്ന് കോൺഗ്രസിന്റെ സമാദരണീയനായ നേതാവ് ശ്രീ. വി. എം. സുധീരൻ പറയുകയുണ്ടായി. മാഫിയ പ്രവർത്തനം നടത്തുന്ന ആളുകൾക്ക് ഇത്തരം ബാങ്കുകൾ അവരുടെ ഏറ്റവും വലിയ സാമ്പത്തിക സോഴ്സാണ്. ഇത്തരത്തിലുള്ള അമിത പലിശ ഈടാക്കുന്ന സ്ഥാപനങ്ങളാണ് ഈ മാഫിയ സംഘത്തിന് കേരളത്തിൽ വളരാനുള്ള അവസരം ചെയ്തുകൊടുക്കുന്നത്.

ശ്രീ. ഇ.കെ. വിജയൻ: സർ, ന്യൂ ജനറേഷൻ ബാങ്കുകളെ ഗവൺമെന്റ് തന്നെ പ്രോത്സാഹിപ്പിക്കുകയാണ്. ഗ്രാമപഞ്ചായത്തുകളിൽ, തൊഴിലുറപ്പ് പദ്ധതിയുടെ ആനുകൂല്യങ്ങൾ ഇത്തരം ന്യൂ ജനറേഷൻ ബാങ്കിലെ എ.റ്റി.എം. കൗണ്ടറിലൂടെ വിതരണം ചെയ്യാൻ തീരുമാനിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ യഥാർത്ഥത്തിൽ വലിയൊരു ചൂഷണമാണ് ഇവിടെ നടക്കുന്നത്. അത് തടയുന്നതിനുള്ള തീരുമാനം എടുപ്പിക്കാനുള്ള ഒരു നിർദ്ദേശം ബഹുമാനപ്പെട്ട മെമ്പർക്ക് ഇവിടെ പ്രകടിപ്പിച്ചുകൂടേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, തൊഴിലുറപ്പ് പദ്ധതിയുടെ പണം ഈ ബാങ്കിൽ നിക്ഷേപിക്കുകയാണെങ്കിൽ ആ പണം അവിടെനിന്ന് നഷ്ടപ്പെടും. അവർ ഇടപാട് നടത്തിയില്ലെങ്കിൽ നിങ്ങൾ ഈ പൈസ എടുക്കാത്തതിനാൽ പൈസ അങ്ങോട്ട് നൽകണമെന്ന് പറഞ്ഞുകൊണ്ട് അവർക്ക് നോട്ടീസ് വരും.

ശ്രീ. വി.എസ്. സുനിൽകുമാർ: സർ, അങ്ങ് ഇവിടെ പരാമർശിക്കുന്നത് ന്യൂ ജനറേഷൻ ബാങ്കുകളുടെ ഇടപെടലിനെക്കുറിച്ചാണ്. ഇതൊരു വലിയ ക്രമസമാധാന പ്രശ്നമായി നമ്മുടെ രാജ്യത്ത് വളരുകയാണ്. ന്യൂ ജനറേഷൻ ബാങ്കുകൾ അവരുടെ കടം കൊടുത്ത പണം തിരിച്ചുപിടിക്കുന്ന തിനുവേണ്ടി ഗുണ്ടാ സംഘങ്ങളെ പോറ്റി വളർത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ പ്രദേശത്തുള്ള പല ഗുണ്ടാ സംഘങ്ങളുടെയും ക്വട്ടേഷൻ സംഘങ്ങളുടെയുമെല്ലാം പ്രധാനപ്പെട്ട അസൈൻമെന്റുകളിലൊന്ന് ഈ ന്യൂ ജനറേഷൻ ബാങ്കുകളുടെ പൈസ പിരിച്ചെടുക്കുക എന്നുള്ളതാണ്. ആളുകളെ അവരുടെ ജോലിസ്ഥലത്ത് പോയി അപമാനിക്കുക, ഫോൺ വിളിച്ച് ഭീഷണിപ്പെടുത്തുക, നേരിട്ട് ഗുണ്ടാ സംഘങ്ങൾ വന്ന് ബുദ്ധിമുട്ടിക്കുക തുടങ്ങിയ ധാരാളം കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുകയാണ്. അത് നിയന്ത്രിക്കാനുള്ള ഒരു സംവിധാനവും നമ്മുടെ സംസ്ഥാനത്തില്ലായെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്. ഉയർന്ന പലിശ കൊടുത്തും ആളുകൾ കടം വാങ്ങാൻ നിർബന്ധിതരാകുന്നത് അവന് വേറൊരു ഗതിയും ഇല്ലാതെ വരുമ്പോഴാണ്. സാധാരണ ഗതിയിൽ അമിത പലിശയ്ക്ക് ആരും കടം വാങ്ങാറില്ല. എത്ര തുക വേണമെങ്കിലും കടം നൽകുമെന്നുള്ള ബാങ്കുകളുടെ പ്രചരണം കേട്ട് പല ആവശ്യത്തിനും ആളുകൾ കടം എടുക്കുന്നുണ്ട്. യഥാർത്ഥത്തിൽ ഇപ്പോൾ അരി വാങ്ങണമെങ്കിൽപ്പോലും കടമെടുക്കേണ്ട സ്ഥിതിയി ലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. അത്യാവശ്യ കാര്യത്തിനല്ല, ആഡംബരത്തിനുവേണ്ടിയും പണം കടം എടുത്ത് അവസാനം അത് തിരിച്ചടയ്ക്കാൻ സാധിക്കാതെ ബുദ്ധിമുട്ടുന്നവരാണ് അധിക പലിശ ഈടാ

ക്കുന്നവരുടെ ഇരകളായി മാറുന്നത്. സഹകരണ ബാങ്കുകളിൽ നിന്നും മറ്റ് ബാങ്കുകളിൽ നിന്നും കടം ലഭിക്കണമെങ്കിൽ ചില നിബന്ധനകളുണ്ട്. ആ നിബന്ധനകൾ കാരണം പലർക്കും സഹകരണ ബാങ്കുകളിൽ നിന്നും ദേശസാൽകൃത ബാങ്കുകളിൽ നിന്നും കടം ലഭിക്കുന്നില്ല. ഈ സ്ഥിതിയാണ് അമിത പലിശ ഈടാക്കുന്ന ആളുകൾ ചൂഷണം ചെയ്യുന്നത്. കേരളത്തിലെ സഹകരണ ബാങ്ക് ഏറ്റവും കൂടുതൽ നിക്ഷേപമുള്ള ഒരു ബാങ്കാണ്. നമ്മുടെ സംസ്ഥാനത്തെ സഹകരണ മേഖയിലയിലുള്ള നിക്ഷേപം 70,000 കോടി രൂപയായി ഉയർന്നിട്ടുണ്ട്. ഇത്രയധികം നിക്ഷേപം കേരളത്തിലെ സഹകരണ ബാങ്കുകളിലുണ്ടായിട്ടും എന്തുകൊണ്ടാണ് ആളുകൾ അമിത പലിശ കൊടുത്ത് കടം വാങ്ങാൻ നിർബന്ധിതരാകുന്നത്? ഇതാണ് നമ്മുടെ സമൂഹം ചർച്ച ചെയ്യേണ്ട പ്രശ്നം. നമ്മുടെ ബാങ്കുകളിൽ യഥേഷ്ടം പണമുണ്ട്. കേരളത്തിലെ ദേശസാൽകൃത ബാങ്കുകളുടെ നിക്ഷേപത്തിന്റെ വലിയൊരു ഭാഗം സംസ്ഥാനത്തിനകത്ത് വിതരണം ചെയ്യുന്നില്ല. 30-40 ശതമാനമായിരുന്നു നേരത്തെയുണ്ടായിരുന്ന വിതരണം. ഇപ്പോൾ അത് 60 ശതമാനമായി എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഈ നിക്ഷേപ ത്തിന്റെ ഗണ്യമായ ഭാഗം മറ്റ് സംസ്ഥാനങ്ങളിലാണ് വിതരണം ചെയ്യുന്നത്. കേരളത്തിലുള്ള ആവശ്യക്കാർക്ക് ഈ ബാങ്കുകളിൽ നിന്ന് പണം ലഭിക്കാതെ വരുമ്പോൾ അവർ അമിത പലിശയ്ക്ക് പണം കടമെടുക്കാൻ നിർബന്ധിതരാ കുകയാണ്. സഹകരണ ബാങ്കുകളിൽ നിന്ന് കടം ലഭിക്കാതെ വരുമ്പോൾ ഗ്രാമീണജനങ്ങൾ എത്ര പലിശയായാലും തൽക്കാലത്തെ ആവശ്യം നിറവേറ്റുന്നതിനായി ഇത്തരം സ്ഥാപനങ്ങളിൽനിന്ന് പണം കടമെടുക്കുക യാണ്. വിദ്യാഭ്യാസ വായ്പ ഇന്ന് ഏറ്റവും വലിയൊരു പ്രശ്നമാണ്.

എഞ്ചിനീയറിംഗ് പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കും മെഡിക്കൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കും പെട്ടെന്ന് പത്ത് ലക്ഷം രൂപയുടെ ആവശ്യം വരുമ്പോൾ സഹകരണ ബാങ്കുകളിൽ നിന്നോ മറ്റ് ബാങ്കുകളിൽ നിന്നോ പണം കടമായി ലഭിക്കാതെ വരുമ്പോൾ അവർ അമിത പലിശയ്ക്ക് കടമെടുക്കാൻ നിർബന്ധിതരാകുകയാണ്. ആയതിനാൽ ഉപരി പഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്ക് രണ്ട് ശതമാനം പലിശയ്ക്ക് നിർബന്ധമായും വായ്പ നൽകണം. ഇക്കാര്യം യു.ഡി.എഫ്.ന്റെ മാനിഫെസ്റ്റോയിൽ പരാമർശിച്ചിട്ടുണ്ട്. ഇപ്പോൾ യു.ഡി.എഫ്.ന്റെ മാനിഫെസ്റ്റോ പൂഴ്ത്തി വച്ചിരിക്കുകയാണ്, അത് ആർക്കും കിട്ടാനില്ല. അരി മാത്രമല്ല ഇവിടെ പൂഴ്ത്തി വച്ചിരിക്കുന്നത്. യു.ഡി.എഫ്-ന്റെ മാനിഫെസ്റ്റോയും പൂഴ്ത്തി വച്ചിരിക്കുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, മാനിഫെസ്റ്റോയുടെ കോപ്പികൾ എന്റെ കൈവശമുണ്ട്. അത് പൂഴ്ത്തിവച്ചിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മാനിഫെസ്റ്റോ പൂഴ്ത്തിവച്ചത് ശ്രീ. കെ. സി. ജോസഫ് ആയിരിക്കും. അതുകൊണ്ടാണ് കോപ്പികൾ സൂക്ഷിച്ച് വച്ചിരിക്കുന്നത്. ഞാൻ അന്വേഷിച്ചപ്പോൾ ആർക്കും അത് ലഭിക്കുന്നില്ലായെന്നുള്ള വിവരമാണ് ലഭിച്ചത്. വിദ്യാർത്ഥികൾക്ക് രണ്ട് ശതമാനത്തിന് വായ്പ നൽകുമെന്ന് മാനിഫെസ്റ്റോയിൽ പരാമർശിച്ചിട്ടുണ്ട്. നിങ്ങൾ എത്രപേർക്ക് ഇത്തരത്തിൽ വായ്പ നൽകിയിട്ടുണ്ട്? ഇങ്ങനെയുള്ള വായ്പ നൽകാൻ തയ്യാറായാൽ അമിത പലിശയ്ക്ക് കടം വാങ്ങാൻ നിർബന്ധതരാകുന്ന അവസ്ഥ സംസ്ഥാനത്ത് ഇല്ലാതാകും. ഇങ്ങനെയൊരു സാഹചര്യം നില നിൽക്കുന്നതുകൊണ്ടാണ് എങ്ങനെയെങ്കിലും വായ്പയെടുത്ത് അവസാനം

ബ്ലാങ്ക് ചെക്കിൽ ഒപ്പിടാൻ ആളുകൾ നിർബന്ധിതരാകുന്നത്. ഒരു ലക്ഷം രൂപ കടമെടുക്കുന്ന ആൾ ബ്ലാങ്ക് ചെക്കിൽ ഒപ്പിട്ട് കൊടുക്കുമ്പോൾ അവസാനം അവൻ ബാങ്കിൽ അടയ്ക്കേണ്ടത് പത്ത് ലക്ഷം രൂപയായിരിക്കും. ഇത്തരം സംഭവങ്ങൾ നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. ഇത്തരത്തിൽ വഞ്ചിക്കപ്പെട്ട പല ആളുകളും എന്നെ സമീപിച്ചിട്ടുണ്ട്. ഇത് വലിയ തോതിലുള്ള വെട്ടിപ്പാണ്.

ശ്രീ. സി.കെ. നാണു: സർ, നമ്മുടെ നാട്ടിലെ പാവപ്പെട്ട ആളുകൾക്ക് രോഗം വന്നാൽ ചികിത്സിക്കുന്നതിനും ഓപ്പറേഷൻ നടത്തുന്നതിനും ലക്ഷക്കണക്കിന് രൂപ ആവശ്യമാണ്. പാവപ്പെട്ട ആളുകളെ സഹായിക്കുന്നതിനായി ഇന്ന് യാതൊരു സംവിധാനവും നിലവിലില്ല. അങ്ങനെ വരുമ്പോൾ ആ കുടുബത്തിലെ അംഗങ്ങൾക്ക് രോഗിയെ രക്ഷിക്കാൻ ഏതു രീതിയിലുള്ള പലിശയായാലും അത് സ്വീകരിക്കുകയല്ലാതെ വേറെ നിർവ്വാഹമില്ല. ഇന്ന് ചികിത്സയ്ക്ക് ഇത്രയും വലിയ തുക ആവശ്യം വരുന്ന കാലഘട്ടത്തിൽ നമ്മുടെ ബാങ്കിംഗ് മേഖല പ്രത്യേകിച്ച് നാഷണലൈസ്ഡ് ബാങ്കായാലും സഹകരണ ബാങ്കായാലും ഇക്കാര്യം ശ്രദ്ധിച്ചില്ലെങ്കിൽ പാവപ്പെട്ടവൻ കൂടുതൽ കൂടുതൽ ദുരിതത്തിലാകും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട സി.കെ.നാണു പറഞ്ഞത് വളരെ ശരിയാണ്. കാരണം, രോഗബാധിതർപോലും അമിത പലിശയ്ക്ക് കടം വാങ്ങാൻ നിർബന്ധിതരാകുന്ന ഒരു സാഹചര്യം നിലനിൽക്കുകയാണ്. ഇങ്ങനെയുള്ള രോഗികളുടെ പ്രശ്നങ്ങൾ പരിഗണിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപനം നിലനിൽക്കുമ്പോൾത്തന്നെ ബഹുമാനപ്പെട്ട കെ. എം. മാണി പ്രഖ്യാപിച്ചിട്ടുള്ള കാരുണ്യ പദ്ധതിയിലൂടെ വളരെകുറച്ച് ആളുകൾക്കുമാത്രമേ ഈ ആനുകൂല്യം ലഭിക്കുന്നുള്ളൂ. വലിയൊരു വിഭാഗം

ആളുകൾക്കും ഗവൺമെന്റിന്റെ യാതൊരുവിധ സഹായവും ലഭിക്കാത്ത സാഹചര്യത്തിൽ ചികിത്സയ്ക്കായി അമിതപലിശയ്ക്ക് ബ്ലേഡ് കമ്പനി ക്കാരനെ ആശ്രയിക്കേണ്ടിവരുന്ന ഒരു സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. ബഹുമാനപ്പെട്ട എ. കെ. ബാലൻ കെ.എസ്.എഫ്.ഇ.-യുടെ ചെയർമാനായി രുന്ന കാലത്ത് അദ്ദേഹത്തിനുണ്ടായ അനുഭവത്തെപ്പറ്റി ഇവിടെ പറഞ്ഞതാണ്. അന്ന് 4500 ബ്ലേഡ് കമ്പനികളാണ് ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ അത് വർദ്ധിച്ചിട്ടുണ്ടാവുമെന്ന കാര്യത്തിൽ യാതൊരു സംശയവു മില്ല. ആരുടെയെങ്കിലും കൈവശം ഇത്തരം ബ്ലേഡ് കമ്പനികളുടെ കണക്കുണ്ടോ; ആരെങ്കിലും ഇതിനെപ്പറ്റി പരിശോധിക്കുന്നുണ്ടോ? ഓരോരുത്തരുടെയും കയ്യിൽ കുറച്ച് കാശ് വന്നാൽ പിന്നെ ബ്ലേഡ് പലിശയ്ക്ക് കൊടുക്കുന്ന സ്തിയാണുള്ളത്. യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനത്ത് ഇത്തരം ബ്ലേഡ് സ്ഥാപനങ്ങൾ ഒരു മാഫിയാ സംഘമായി വളരുന്നുവെന്നതാണ് ഏറ്റവും ആപത്കരമായ അവസ്ഥ. ഇത്തരം മാഫിയാ സംഘങ്ങളെ സർക്കാരിനുപോലും നിയന്ത്രിക്കാൻ പറ്റാത്ത സ്ഥിതിയി ലേയ്ക്ക് എത്തിയിരിക്കുകയാണ്. ഉദ്യോഗസ്ഥർപോലും അവരെക്കുറിച്ച് റിപ്പോർട്ട് നൽകാത്ത സാഹചര്യത്തിലാണ് ഇങ്ങനെയൊരു നിയമം വേണമെ ന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്ക് ചിന്ത വന്നത്. അങ്ങനെയൊരു ചിന്ത കൊണ്ടുവന്നതിന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രിക്ക് നന്ദി രേഖപ്പെടുത്തുകയാണ്. പക്ഷേ, നിങ്ങൾക്ക് ഈ നിയമം എത്രത്തോളം നടപ്പിലാക്കാൻ കഴിയും? നാല് മാസമായി ഒന്നും ചെയ്യാത്ത ഗവൺമെന്റ് ഇനിയുള്ള ദിവസം എന്തെങ്കിലും ചെയ്യുമോ? ബ്ലേഡ് മാഫിയയുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട പത്തുപേരെ ജയിലിലടയ്ക്കാൻ ശ്രീ. കെ.എം.

മാണിക്ക് സാധിക്കുമോ; അങ്ങനെ കെ.എം. മാണി ഇടപെട്ടാൽ പോലീസിന്റെയും മറ്റുള്ളവരുടെയും സഹായം ലഭിക്കുമോ തുടങ്ങിയ ആശങ്കകൾ നിലനിൽക്കുകയാണ്. യഥാർത്ഥത്തിൽ ബ്ലേഡ് മാഫിയയുമായി ബന്ധപ്പെട്ട് ഒരു വിഷ്യസ് സർക്കിൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. പല ഉന്നതന്മാരുടെയും പണം ഈ ബ്ലേഡ് മാഫിയകളുടെ കൈവശമുണ്ട്. അതുകൊണ്ടുതന്നെ ബ്ലേഡ് മാഫിയകൾക്ക് ആരെയും ഭയമില്ല. അവർക്ക് എന്തും ചെയ്യാമെന്നതിന്റെ ഫലമായി രൂപംകൊണ്ട അംഗീകൃത സ്ഥാപന ങ്ങളായാണ് ന്യൂ ജനറേഷൻ ബാങ്കുകളുടെ പ്രവർത്തനം സംസ്ഥാനത്ത് അനുഭവപ്പെട്ടത്. അതുകൊണ്ട് ന്യൂ ജനറേഷൻ ബാങ്കുകളെക്കൂടി നിയന്ത്രി ക്കാൻ പറ്റുന്ന വിധത്തിലുള്ള ഒരു നിയമമുണ്ടാക്കണം. നമുക്ക് അധികാരമി ല്ലെന്നും റിസർവ്വ് ബാങ്കിന് മാത്രമേ ഇതിന്മേൽ നടപടിയെടുക്കാൻ സാധിക്കുകയുള്ളൂവെന്നും ബഹുമാനപ്പെട്ട കെ. എം. മാണി ഇവിടെ പറഞ്ഞു. അതൊക്കെ ശരിയാണ്. കേന്ദ്ര ഗവൺമെന്റിന് മാത്രമേ ഇതിൽ ഇടപെടാൻ സാധിക്കുകയുള്ളൂ. ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്തെ വിപ്ലവകരമായ ഒരു നടപടിയായിരുന്നു ബാങ്കുകളുടെ ദേശസാത്കരണവുമായി ബന്ധപ്പെട്ട് അന്ന് സ്വീകരിച്ചത്. 1969-ൽ ബാങ്ക് ദേശസാത്കരണം കൊണ്ടുവന്നപ്പോൾ ഇന്ദിരാഗാന്ധിയെ അതിശക്തമായി എതിർക്കുന്ന കാലഘട്ടമായിരുന്നിട്ടുപോലും അക്കാര്യത്തിൽ പാർലമെന്റിൽ ഞങ്ങളുടെ പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു. ഞങ്ങളുടെ പിന്തുണയോടുകൂടയി യാണ് പാർലമെന്റിൽ അന്നത് പാസ്സായത്. അല്ലെങ്കിൽ പാസ്സാകുകയില്ലായിരു ന്നു. മൊറാർജി ദേശായിയും കൂട്ടരും ശക്തമായി എതിർക്കുന്ന കാലമായി രുന്നിട്ടുപോലും അന്നത്തെ കാലത്തെ വിപ്ലവകരമായൊരു നടപടിയായി

രുന്നു അത്. ഇന്ന് ആ പൊതുമേഖല വേണ്ടെന്ന ഒരാശയം വന്നാൽ ഈ ബാങ്കുകൾ എത്ര കാലം ഇനി പൊതുമേഖലയിൽ നിലനിൽക്കും?

ശ്രീ. സി. കെ നാണു: സർ, ഇതുമായി ബന്ധപ്പെട്ട് ചെറിയൊരു വിശദീകരണം നൽകാനുണ്ട്. ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന അവസരത്തിൽ 1966-ൽ കൊച്ചിയിൽ ചേർന്ന കോൺഗ്രസ്സിന്റെ ദേശീയ സമ്മേളനത്തിൽ ശ്രീ. ചന്ദ്രശേഖർ ഉൾപ്പെടെയുള്ള ആളുകൾ മുഴുവൻ ബാങ്കുകളും ദേശസാത്ക്കരിക്കണമെന്ന് നിർബന്ധമായി ആവശ്യപ്പെട്ടപ്പോൾ, ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ വി. കെ. കൃഷ്ണമേനോൻ കോൺഗ്രസ്സിന്റെ എ.ഐ.സി.സി.-യിൽ ബാങ്കുകളുടെ ദേശസാത്കരണം പിന്നീടാകാം, സാമൂഹ്യവത്കരണമാകാം, സാമൂഹ്യവത്കരണപ്രകാരം ഇത്ര ശതമാനം സഹകരണ മേഖലയ്ക്കും ഇത്ര ശതമാനം ചെറുകിട വ്യവസായ മേഖലയ്ക്കുമെന്ന രൂപത്തിലുള്ള സോഷ്യൽ കൺട്രോൾ കോൺഗ്രസ്സിന്റെ എ.ഐ.സി.സി. അംഗീകരിച്ചു. ഞാൻ പറയുന്ന കാര്യങ്ങൾ നിഷേധിക്കാനുള്ള എന്തെങ്കിലും രേഖകൾ ബഹുമാനപ്പെട്ട കെ.സി. ജോസഫിന്റെ കൈവശമുണ്ടെങ്കിൽ സമർപ്പിക്കാം. അതിനുശേഷം 1969-ൽ കോൺഗ്രസ്സ് പിളർപ്പ് വന്നപ്പോൾ പാർട്ടിയിൽ താൻ പുരോഗമനവാദിയാണെന്ന് പറയാൻ അവർ കൊണ്ടുവന്ന നടപടിയാണിതെങ്കിൽപോലും അത് രാജ്യത്തിനും ജനങ്ങൾക്കും ഗുണകരമാണ്. അതിനെപ്പറ്റി ഇപ്പോൾ ഞാൻ വിശദീകരിക്കുന്നില്ല. ആ സോഷ്യൽ കൺട്രോളിൽ പറഞ്ഞ ശതമാനപ്രകാരം ദേശസാത്ക്കരണം നടന്ന് ഇതുവരെയായിട്ടും ഇവിടത്തെ നാഷണലൈസ്ഡ് ബാങ്കുകൾക്ക് വിജയിപ്പിക്കാൻ സാധിച്ചോയെന്നുള്ള കാര്യം പരിശോധിക്കേണ്ടതാണ്. പക്ഷേ, അദ്ദേഹത്തിന്റെ പാർട്ടിയും മറ്റ് പാർട്ടികളും ബാങ്ക് ദേശസാത്കരണം

വന്നപ്പോൾ അതൊരു പുരോഗമനപരമായ നടപടിയെന്നുള്ള നിലയ്ക്ക് അംഗീകരിച്ചു. പക്ഷേ ഇന്ദിരാഗാന്ധി അത് കൊണ്ടുവന്നത് പുരോഗനമപര മായ കാഴ്ചപ്പാടോടുകൂടിയാണെന്ന് ഇതിനോടൊപ്പം വിലയിരുത്തരുതെന്ന് ഞാൻ വിനീതമായി അപേക്ഷിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മൊറാർജി ദേശായിയെപ്പറ്റി പറഞ്ഞാൽ നാണുവേട്ടൻ വെറുതെ വിടില്ലെന്ന് എനിക്കറിയാം. പക്ഷേ.........

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രിവിപേഴ്സ് നിർത്താനും ബാങ്ക് നാഷണലൈസ് ചെയ്യാനും ഇന്ദിരാഗാന്ധി തയ്യാറായതാണ് യഥാർത്ഥത്തിൽ മൊറാർജി ദേശായി പുറത്തുപോകാനുള്ള പ്രധാന കാരണമെന്ന് ലോകത്തുള്ള എല്ലാവർക്കുമറിയാം.

ശ്രീ. സി. കെ. നാണു: അദ്ദേഹം എന്നെക്കാൾ സീനിയറായ കോൺഗ്രസ്സിന്റെ ലീഡറാണ്. ഏറ്റവും കൂടുതൽ കാലം ഇന്ത്യയുടെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നത് മൊറാർജി ദേശായി ആയിരുന്നു. അദ്ദേഹത്തിന് വ്യക്തിപരമായ അഭിപ്രായങ്ങളുണ്ടാകാം. ആ അഭിപ്രായങ്ങൾ പാർട്ടി കമ്മിറ്റിയിൽ വിശദീകരിച്ചതിനുശേഷം പാർട്ടി ഒരു തീരുമാനമെടു ത്താൽ ആ തീരുമാനത്തിൽ നിന്ന് അണുവിടപോലും വ്യതിചലിക്കാത്ത വ്യക്തിത്വമാണ് മൊറാർജി ദേശായിയുടേത്. ഏറ്റവും കൂടുതൽ കാലം ഇന്ത്യയുടെ ധനകാര്യവകുപ്പുമന്ത്രിയായിട്ടും വാടകയ്ക്കെടുത്ത വീട് ഒഴിപ്പിച്ചപ്പോൾ മകന്റെ ഭാര്യ ആത്മഹത്യചെയ്യേണ്ടിവന്ന രീതിയിലുള്ള ദയനീയമായ സാമ്പത്തിക പശ്ചാത്തലം അദ്ദേഹത്തിനുണ്ട്. ഇപ്പോൾ മന്ത്രിമാർ ഉൾപ്പെടെയുള്ളവർ അവരുടെ കുടുംബത്തിനും വരും തലമുറകൾക്കും ജീവിക്കാനുള്ള സ്വത്തുണ്ടാക്കുമ്പോൾ എത്രയോ കാലം

ഇന്ത്യയുടെ ധനകാര്യവകുപ്പുമന്ത്രിയും പ്രധാനമന്ത്രിയുമായിരുന്ന മനുഷ്യന്റെ കുടുംബം ഈ രാജ്യത്ത് പത്തുരൂപപോലും സമ്പാദിച്ചിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബാങ്ക് ദേശസാത്ക്കരണ പ്രശ്നത്തിൽ മൊറാർജി ദേശായി നിലപാട് എടുത്തതിനോടൊപ്പംതന്നെ ജനാധിപത്യത്തിനുവേണ്ടി പോരാടിയ നേതാവുകൂടിയായിരുന്നു. അടിയന്തരാവസ്ഥക്കെതിരായി പോരാടിയതിന് മൊറാർജി ദേശായിയെ ജയിലിലടച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന പോരാട്ടമാണ് അടിയന്തരാവസ്ഥാ ഭരണം അറബിക്കടലിലേയ്ക്ക് വലിച്ചെറിഞ്ഞുകൊണ്ട് ഒരു കോൺഗ്രസ്സിതര ഗവൺമെന്റ് ഇന്ത്യയിൽ ആദ്യമായി അധികാരത്തിൽ വരികയും അതിന്റെ പ്രധാനമന്ത്രിയായി മൊറാർജി ദേശായി മാറുകയും ചെയ്തത്.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഇവിടെ മൊറാർജി ദേശായിയെ വ്യക്തിപരമായി ആരും ആക്ഷേപിച്ചില്ല. ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. സി. കെ. നാണുവും പറഞ്ഞത് സോഷ്യൽ കൺട്രോൾ എന്ന് പറയുന്ന തീരുമാനമാണ് മൊറാർജിദേശായി കൊണ്ടുവന്നത്. അത് മാറ്റി ബാങ്കുകൾ ദേശസാത്കരിക്കാൻ ഇന്ദിരാഗാന്ധി തീരുമാനിച്ചു. സോഷ്യൽ കൺട്രോൾ ആണോ, ബാങ്ക് ദേശസാത്കരണമാണോ നല്ലതെന്ന് ശ്രീ. കോടിയേരി വ്യക്തമാക്കിയാൽ കൊള്ളാം. കാരണം, ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങൾ സോഷ്യൽ കൺട്രോളിനെക്കുറിച്ച് സംസാരിച്ചപ്പോൾ പുറകിലിരുന്ന് കയ്യടിച്ചു. അതുകൊണ്ട് ബഹുമാനപ്പെട്ട പോളിറ്റ്ബ്യൂറോ മെമ്പർ പറയണം. കോൺഗ്രസ്സിന്റെ പിളർപ്പുമായി ബന്ധപ്പെട്ട്, ബാങ്ക് നാഷണലൈസേഷനുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സാമ്പത്തിക നടപടിക്ക് മൊറാർജി ദേശായി കൊണ്ടുവന്നത് സോഷ്യൽ കൺട്രോളാണ്. ഇന്ദിരാ

ഗാന്ധി കൊണ്ടുവന്നത് ബാങ്ക് നാഷണലൈസേഷനാണ്. ഏതായിരുന്നു നല്ല തെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ വ്യക്തമാക്കണമെന്നേയുള്ളൂ.

ശ്രീ. എ. കെ. ബാലൻ: അതേ ബാങ്കുകൾ സ്വകാര്യവത്കരിക്കാനുള്ള ബിൽ ഇപ്പോൾ പാർലമെന്റിൽ ശ്രീ. മൻമോഹൻ സിംഗിന്റെ നേതൃത്വത്തി ലുള്ള കോൺഗ്രസ്സ് ഗവൺമെന്റ് കൊണ്ടുവന്നിരിക്കുകയാണ്. എന്നിട്ട് എന്ത് വിപ്ലവമാണ് ഇവിടെ പറയുന്നത്.

ശ്രീ. സി. കെ. നാണു: വസ്തുതകൾ മനസ്സിലാക്കി വിശദീകരിക്കുന്ന ശ്രീ. ബെന്നി ബെഹനാൻ ഒരു കാര്യം മനസ്സിലാക്കണം. വർഷങ്ങൾ എത്ര കഴിഞ്ഞാലും താങ്കളുടെ നാടായ എറണാകുളത്ത് ചേർന്ന കോൺഗ്രസ്സിന്റെ എ.ഐ.സി.സി.-യിൽ മൊറാർജി ദേശായി എടുത്ത തീരുമാനമല്ല, കോൺഗ്ര സ്സിന്റെ എ.ഐ.സി.സി. എടുത്ത തീരുമാനമാണ് സോഷ്യൽ കൺട്രോൾ. തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയും മൊറാർജിദേശായി ധനകാര്യ വകുപ്പുമന്ത്രിയുമായി. ആ ഗവൺമെന്റ് സോഷ്യൽ കൺട്രോൾ തീരുമാനിച്ചാൽ അത് മൊറാർജി ദേശായിയുടെ വ്യക്തിപരമായ തീരുമാനമാണോ? അത് ശരിയല്ല. ഇവിടെ ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് എടുക്കുന്ന ഒരു തീരുമാനം ധന കാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി നടപ്പിലാക്കിയാൽ അത് ശ്രീ. കെ. എം. മാണിയുടെ വ്യക്തിപരമായ തീരുമാനമാണെന്ന് പറയുന്നത് ജനാധിപത്യ ഭരണസമ്പ്രദായത്തിന് യോജിച്ചതല്ല.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ശ്രീ. സി. കെ. നാണു സഭയെ മിസ്‌ലീഡ് ചെയ്യുകയാണ്. എറണാകുളത്തു നടന്ന എ.ഐ.സി.സി. സമ്മേളന ത്തിൽ ഇന്ദിരാഗാന്ധിയുടെ നിലപാട് ബാങ്ക് ദേശസാത്കരണമായിരുന്നു.

പക്ഷേ, കോൺഗ്രസ്സിന്റെ സമന്വയത്തിനുവേണ്ടി ആ നയത്തിൽ മാറ്റം വരുത്തിയപ്പോഴാണ് സോഷ്യൽ കൺട്രോൾ സംഭവിച്ചത്. അതുകൊണ്ട് ഇന്ദിരാഗാന്ധിയുടെ തീരുമാനം മാറ്റിയിട്ടില്ല. ഇന്ദിരാഗാന്ധി വിട്ടുവീഴ്ച കാണിച്ചത് കോൺഗ്രസ്സിൽ മൊറാർജി ദേശായിയും എസ്.കെ. പട്ടേലുമടക്കമുള്ള സംഘത്തെക്കൂടി ഉൾപ്പെടുത്തി കൊണ്ടുപോകാൻ വേണ്ടിയാണ്.

ശ്രീ. സി. കെ. നാണു: ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞതിനെ ശ്രീ. കെ. സി ജോസഫ് നിരാകരിച്ചതിന് അദ്ദേഹത്തോട് ബഹുമാനമുണ്ട്. ഇക്കാര്യത്തിൽ ഇന്ദിരാഗാന്ധിയുടെ വ്യക്തിപരമായ നിലപാട് എന്തായിരുന്നു എന്നതിനെപ്പറ്റി പരിശോധിക്കാനുള്ള അധികാരമൊന്നുമില്ല. പക്ഷേ, അദ്ദേഹം പറഞ്ഞത് 1966-ലെ എ.ഐ.സി.സി.-യിൽ കോൺഗ്രസ്സ് അംഗീകരിച്ചത് സോഷ്യൽ കൺട്രോളാണ്. ഇന്ദിരാഗാന്ധിയുടെ പുരോഗമനവാദിത്വം എത്ര; ഫിറോസ്ഗാന്ധിയുടെ പുരോഗമനവാദിത്വം എത്ര എന്നതിനെപ്പറ്റി ഇപ്പോൾ ആലോചിക്കുന്നില്ല. അതിനെപ്പറ്റിയുള്ള ചർച്ചകൾ വരുമ്പോൾ ഞാൻ ഏത് സഭയിലാണെങ്കിലും വിശദമായി ആര് എവിടെവരെ പുരോഗമനവാദിയായിരുന്നുവെന്നുള്ളത് പരിശോധിക്കാം. അത് വേറെ കാര്യം. പക്ഷേ കോൺഗ്രസ്സ് സ്വീകരിച്ചൊരു പരിപാടിയാണ് മൊറാർജി ദേശായി നടപ്പിലാക്കിയത്. മൊറാർജി ദേശായിക്ക് വ്യക്തിപരമായി എന്ത് അഭിപ്രായമാണ്? ഒരു പാവം മനുഷ്യനെ പ്രിവിപേഴ്സ് എന്നൊക്കെപറഞ്ഞ് ശ്രീ. ആര്യാടൻ മുഹമ്മദിനെപ്പോലൊരു വ്യക്തി മൊറാർജി ദേശായി മുതലാളിയെന്നും രാജക്കന്മാരുടെ ആളായിരുന്നുവെന്നൊക്കെ പറഞ്ഞാൽ, മരിച്ചതിനുശേഷമുള്ള മൊറാർജി ദേശായിയുടെ ജീവിതം പരിശോധിച്ചതിനുശേഷം പറയൂ, എവിടെ

യെങ്കിലും ഒരു കറുപ്പ് കാണാൻ സാധിക്കുമോ? അദ്ദേഹത്തിന്റെ സമീപനങ്ങൾ വേറെയാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, പുറകിലത്തെ ബഞ്ചിലിരിക്കുന്ന ആൾക്കാർ കയ്യടിച്ചുവെന്ന് അങ്ങൊരു പരാമർശം നടത്തിയല്ലോ? മൊറാർജി ദേശായിയുടെ സോഷ്യൽ കൺട്രോളും ദേശസാത്കരണവും തമ്മിൽ കമ്പയർ ചെയ്തിട്ടല്ല ഞങ്ങൾ കയ്യടിച്ചത്. നാണുവേട്ടനെപ്പോലെയുള്ള, വളരെ സീനിയറായ, അനുഭവമുള്ള ആളുകളാണ് ആ അഭിപ്രായം പറഞ്ഞത്. ഇന്ത്യയിൽ ഏറ്റവും അധികംകാലം ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന മൊറാർജി ദേശായിയുടെ മകന്റെ ഭാര്യയെ വീട്ടിൽ നിന്ന് വാടകക്കാർ പിടിച്ച് പുറത്താക്കിയിട്ട് ആത്മഹത്യ ചെയ്ത അവസ്ഥയെക്കുറിച്ച് നാണുവേട്ടൻ പറഞ്ഞു. അത് ആലോചിച്ചപ്പോൾ ഇന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ചിദംബരത്തെയും അദ്ദേഹത്തിന്റെ സ്ഥിതിയെയും കുറിച്ച് ആലോചിച്ചാണ് ഞങ്ങൾ കയ്യടിച്ചത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഫലത്തിൽ ഇപ്പോൾ മൊറാർജി ദേശായിയുടെ സോഷ്യൽ കൺട്രോളും പോയി ഇന്ദിരാഗാന്ധിയുടെ ദേശവൽക്കരണവും പോയി. ഇത് രണ്ടിനകത്തും ഇപ്പോൾ കോൺഗ്രസ്സ് ഇല്ലെന്നതാണ് ഇപ്പോൾ കേന്ദ്രത്തിലെ ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കുന്നത്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ശ്രീ. എ. കെ. ബാലൻ പറഞ്ഞ ഒരു ലൈനിലാണ് ഇപ്പോൾ അങ്ങ് ഇവിടെ സൂചിപ്പിച്ചത്, ഇത് രണ്ടുമില്ലെന്ന് പറഞ്ഞു. ഇതിനകത്ത് ഡീ-നാഷണലൈസേഷൻ ഇല്ലെന്നുമാത്രമല്ല, ഡോ. മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായതിനുശേഷം നാഷണലൈസ്ഡ് ബാങ്കു

കളുടെ ഡീ-കാപ്പിറ്റലൈസേഷനുവേണ്ടി ആദ്യം 27,000 കോടി രൂപയാണ് കൊടുത്തത്. അതിനുശേഷം യൂണിയൻ ബാങ്കിനും ഇന്ത്യൻ ബാങ്കിനും വീണ്ടും ഡീ-കാപ്പിറ്റലൈസേഷനുവേണ്ടി 18,000 കോടി രൂപ കൊടുത്തു. ഈ ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി കാപ്പിറ്റലൈസേഷനുവേണ്ടി പ്രത്യേകം പണം കൊടുത്ത പ്രധാനമന്ത്രി നാഷണലൈസ്ഡ് ബാങ്കുകൾ സ്വകാര്യവൽക്കരിക്കാൻ തീരുമാനമെടുത്തിരിക്കുകയാണെന്ന് പറയുന്നത് തികച്ചും അടിസ്ഥാനരഹിതമാണ്. അത് ആ നിലയിൽത്തന്നെ നാഷണലൈസ്ഡ് ബാങ്കുകളെ ശക്തിപ്പെടുത്തുക എന്ന ഒരു നയമാണ് കേന്ദ്ര ഗവൺമെന്റ് എടുത്തിരിക്കുന്നതെന്ന കാര്യത്തിൽ സംശയമുണ്ടോ?

ശ്രീ. എളമരം കരീം: സർ, ഇന്ത്യയിലെ ബാങ്കുകളിലെ ജീവനക്കാരെല്ലാവരും കൂടിച്ചേർന്ന് 20-ാം തീയതി ഒരു പണിമുടക്കിന് ആഹ്വാനം ചെയ്തിരിക്കുകയാണ്. ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞ ന്യായം ദേശസാത്കൃത ബാങ്കുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ഒരു സംഘടനയ്ക്കും ബോധ്യപ്പെട്ടില്ല. ഇപ്പോൾ പാർലമെന്റിനുമുമ്പിൽ വന്നിട്ടുള്ള ബാങ്കിംഗ് റഗുലേഷൻ അമെന്റ്മെന്റ് ആക്ട് പൂർണ്ണമായും സ്വകാര്യവത്കരണം ലക്ഷ്യം വച്ചുകൊണ്ടുള്ളതാണെന്ന് നാട് മുഴുവൻ അറിയാം. 49 ശതമാനം ഷെയർ വിറ്റഴിക്കാൻ നിർദ്ദേശിക്കുന്നതും നിലവിലുള്ള ബാങ്കുകളുടെ ആസ്തി വ്യാപിപ്പിക്കുന്നതും നമ്മുടെ ബാങ്കുകളെ ലോകനിലവാരത്തിലേയ്ക്ക് ഉയർത്തണമെന്ന നിർദ്ദേശമാണ് നൽകുന്നത്. എന്നുവച്ചാൽ ലെമെൻ ബ്രദേഴ്സ് പോലെയുള്ള അമേരിക്കൻ ബാങ്കുകൾ തകർന്നുപോയതുപോലെ തകരാവുന്ന സാഹചര്യത്തിലേയ്ക്ക് ഇന്ത്യൻ ബാങ്കിംഗ് മേഖലയെ മാറ്റുന്നതാണ്. ഇതാണ് 20-ാം തീയതിലെ പണിമുടക്കിൽ എത്തിച്ചതെന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, ബാങ്കിംഗ് മേഖലയിലെ തൊഴിലാളികളുടെ പണിമുടക്കിനെ സംബന്ധിച്ച് പറഞ്ഞു, തൊഴിലാളികളുടെ പണിമുടക്കിനുള്ള പ്രധാനപ്പെട്ട കാരണം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാനാടിസ്ഥാനത്തിൽ മുമ്പുണ്ടായിരുന്നതും പിന്നീട് ദേശസാത്കരിക്കപ്പെട്ടതുമായ ബാങ്കുകളെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കുന്നു എന്നതാണ്. അത് കാണാതെ ബാങ്കുകൾ നാഷണലൈസേഷനിൽ നിന്ന് പുറകോട്ട് പോകുന്നുവെന്ന് പറയുന്നത് ശരിയല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ ജീവനക്കാർ വരെ ഇപ്പോൾ സമരത്തിലാണ്. അങ്ങനെയാണെങ്കിൽ അവർ സമരം ചെയ്യേണ്ട കാര്യമുണ്ടോ? ഫലത്തിൽ ഇത്രയധികം ബാങ്കുകളും മറ്റും നമ്മുടെ നാട്ടിലുണ്ടായിട്ടും അമിത പലിശയ്ക്ക് പണം വാങ്ങാൻ ജനങ്ങൾ നിർബന്ധിക്കപ്പെടുന്നത് എന്തുകൊണ്ടാണ്? ഇതാണ് നമ്മൾ ഈ ബില്ലുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യപ്പെടേണ്ട പ്രശ്നം. ഗ്രാമീണ കാർഷിക മേഖലയുടെ വികസനത്തിനുവേണ്ടി രൂപീകരിച്ച നബാർഡുണ്ട്. നബാർഡ് തന്നെ ഇപ്പോൾ അമിത പലിശ വാങ്ങുന്നു. ചുരുങ്ങിയ പലിശയ്ക്ക് കടം കിട്ടുന്നില്ല എന്നുള്ള ആക്ഷേപം നബാർഡിനെ സംബന്ധിച്ച് ഉയർന്നുവന്നിരിക്കുകയാണ്. വലിയ ലക്ഷ്യത്തോടുകൂടി രൂപീകരിക്കുന്ന ഇത്തരം ബാങ്കുകൾ വഴി സാധാരണക്കാർക്ക് ചുരുങ്ങിയ പലിശയ്ക്ക് വായ്പ ലഭ്യമാക്കുന്ന സംരംഭം പരാജയപ്പെടുമ്പോഴാണ് ഇത്തരത്തിലുള്ള അമിത പലിശ കൊടുത്ത് ആളുകൾ പണം കടം വാങ്ങുന്നത്. അതിനായി ഒരു റാക്കറ്റ് പ്രവർത്തിക്കുകയും ചെയ്യുന്നു. ആ പണം ഈടാക്കാൻവേണ്ടി എന്തും ചെയ്യാൻ തയ്യാറായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായി ഇത് മാറുമ്പോൾ അവർക്ക് ചുറ്റും ഒരു മാഫിയ സംഘം വളർന്നുവരികയാണ്. ഇതൊരു സോഷ്യൽ പ്രശ്നമായി

വളർന്നതുകൊണ്ടാണ് ഇത്തരത്തിൽ ഒരു നിയമം കൊണ്ടുവരാൻ നിർബന്ധിക്കപ്പെട്ടതെന്ന് ഈ ബിൽ അവതരിപ്പിക്കുന്ന സന്ദർഭത്തിൽ ബഹു മാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ള ആളുകളെ നിയന്ത്രി ക്കണമെങ്കിൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഈ നിയമം കൊണ്ടുമാത്രം അത് സാദ്ധ്യമാകുമെന്ന് തോന്നുന്നില്ല. വളരെ കർശനമായ നടപടികൾ സ്വീക രിക്കുന്നില്ലെങ്കിൽ എത്ര നിയമം കൊണ്ടുവന്നാലും ഇത് ആവർത്തിച്ചു കൊണ്ടേയിരിക്കും. ഇത്തരത്തിലുള്ള ന്യൂ ജനറേഷൻ ബാങ്കുകൾ ഉൾപ്പെടെ യുള്ള ബാങ്കുകളെ തൊടാതെ തൊലിപ്പുറമേയുള്ള ഒരു ചികിത്സ മാത്രമായി രിക്കും ഈ നിയമം പാസ്സാക്കപ്പെട്ടാൽ ഇവിടെ സംഭവിക്കാൻ പോകുന്നത്. ഞങ്ങൾ ഇതൊക്കെ ചെയ്തിട്ടുണ്ടെന്ന് ഒരു പ്രചരണത്തിനുവേണ്ടി പറയാം. ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് അനുസരിച്ച് ഇത്തര ക്കാരെ തടങ്കലിൽ വയ്ക്കുകയാണ് വേണ്ടത്. അതിനിവിടെ നിയമമുണ്ട്. ആ നിയമം ഫലപ്രദമായി നടപ്പിലാക്കാൻ സംസ്ഥാന ഗവൺമെന്റ് ആർജ്ജവം കാണിക്കണം. അത് ചെയ്യാതെ ഇത്തരത്തിൽ തൊലിപ്പുറമേയുള്ള ചികിത്സ യ്ക്കുവേണ്ടി ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു എന്നതാണ് ഇത് വ്യക്തമാ ക്കുന്നത്. ഈ ഓർഡിനൻസ് നടപ്പാക്കാൻ യാതൊരു താൽപ്പര്യവും പ്രകടി പ്പിക്കാത്ത സർക്കാർ ഇനി നിയമം എങ്ങനെയാണ് നടപ്പിലാക്കുകയെന്നത് കണ്ടറിയേണ്ട ഒരു കാര്യമാണ്. ഇവിടെ സാധാരണക്കാർക്ക് ജീവി ക്കാൻപോലും സാധിക്കാത്ത ഒരു സാഹചര്യമുണ്ടായിരിക്കുന്ന കാലത്ത് ഇങ്ങനെയുള്ള പലിശ, എവിടെ നിന്ന് കിട്ടിയാലും ആളുകൾ പോയി വാങ്ങുന്ന സ്ഥിതി തുടർന്നുകൊണ്ടേയിരിക്കും. 600 രൂപയുണ്ടായാൽ ഒരു മാസം 5 അംഗ കുടുംബത്തിന് ജീവിക്കാമെന്ന് ഡൽഹി മുഖ്യമന്ത്രി പറഞ്ഞ തായി കേട്ടു, അതായത് 4 രൂപ കൊണ്ട് ഒരാൾക്ക് ഒരു ദിവസം ജീവിക്കാം. 4

രൂപ കൊണ്ട് ജീവിക്കാമെന്നുപറഞ്ഞാൽ ഇവിടെ അരിക്ക് 50 രൂപയായി. ഇതൊന്നും കാണാതെ, നാടിനെക്കുറിച്ച് അറിയാത്ത ഭരണാധികാരി ഇങ്ങനെ പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? അഞ്ചംഗ കുടുംബത്തിന് 600 രൂപ കൊണ്ട് ഒരു മാസം ജീവിക്കാമെന്നുപറയുന്നത് കണ്ടുപിടിക്കുന്ന മുഖ്യമന്ത്രി, കേരളത്തിലെ മുഖ്യമന്ത്രിയല്ല, അദ്ദേഹം അങ്ങനെ പറയുമെന്ന് തോന്നുന്നില്ല. ഡൽഹിയിലെ മുഖ്യമന്ത്രി, കോൺഗ്രസ്സിന്റെ ഒരു പ്രധാനപ്പെട്ട നേതാവ് പ്രഖ്യാപിച്ചത് കോൺഗ്രസ്സിന്റെ നിലപാടാണ്. ഈ കാഴ്ചപ്പാടോടു കൂടി ഭരണം നടത്തുന്നവർക്ക് ജനങ്ങളുടെ പ്രശ്നങ്ങളൊന്നും മനസ്സിലാക്കാൻ സാധിക്കില്ല. യഥാർത്ഥത്തിൽ പലിശ വാങ്ങി ദുരിതമനുഭവിക്കുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായകമായ ഒരു നിയമമല്ല ഇത്. ഇതൊരു പ്രചരണത്തിനുവേണ്ടിയുള്ളതാണ്. ഇത്രയെങ്കിലും ചെയ്യുന്നത് നല്ലതുതന്നെ. ഈ ബിൽ വേണ്ട, ഇത്തരമൊരു നിയമമേ വേണ്ട എന്നുള്ള അഭിപ്രായം ഞങ്ങൾക്കില്ല. ഇത് മാത്രമേ ഉദ്ദേശിക്കുന്നുള്ളൂവെങ്കിലും അത്രയെങ്കിലും ഒരു നിയമം വരട്ടെ എന്നുള്ള ഉദ്ദേശത്തോടുകൂടി ഇതിന്റെ വകുപ്പുതിരിച്ചുള്ള ചർച്ചയിലേയ്ക്ക് കടക്കുമ്പോൾ മറ്റ് കാര്യങ്ങൾ പറയാം. വീണ്ടുമൊരു അഭിപ്രായം സ്വീകരിക്കാൻ വേണ്ടി അയയ്ക്കണമെന്ന എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

അമിതപലിശ ഈടാക്കൽ നിരോധനബിൽ കൊണ്ടുവരാനുള്ള നീക്കത്തെ സ്വാഗതം ചെയ്യുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ സാമൂഹിക സുരക്ഷിതത്വത്തിന് ഉതകുന്ന ഒരുപാട് നിയമനിർമ്മാണങ്ങൾ ഉണ്ടായിട്ടുണ്ട്. ആ നിലയ്ക്കുള്ള ഒരു നീക്കമാണ് ഈ ബിൽ കൊണ്ടുവന്നതിലൂടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചെയ്തിട്ടുള്ളതെന്ന് അടിവരയിട്ട് സൂചിപ്പിക്കുകയാണ്. അമിത പലിശ ഈടാക്കുന്നത് വലിയൊരു സാമൂഹ്യ പ്രശ്നമാണ് എന്ന കാര്യം ഇവിടെ എല്ലാവരും ചൂണ്ടിക്കാണിക്കുകയുണ്ടായി. പലിശകൊണ്ട് വലയുന്നവരും കിടപ്പാടം വരെ വിൽക്കേണ്ടിവന്നവരുമായവരുടെ കാര്യങ്ങൾ നമുക്കറിയാം. ഈ രംഗത്ത് നടന്നിട്ടുള്ള നിരവധി ആത്മഹത്യകളെക്കുറിച്ചും നമ്മൾ കേട്ടിട്ടുണ്ട്. വട്ടിപ്പലിശയും മീറ്റർ പലിശയുമൊക്കെയായി വിവിധതരത്തിലുള്ള പലിശകൾ ഇവിടെ ചൂണ്ടിക്കാണിച്ചു. ഈ രംഗത്ത് മാഫിയകൾ കൊഴുക്കുന്ന ഒരു സാഹചര്യമുണ്ട്. ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ തലസ്ഥാന നഗരിയിലെ ചാലയിൽ നടന്ന ഒരു സംഭവം നമ്മുടെയൊക്കെ കണ്ണ് തുറപ്പിക്കുന്നതായിരിക്കണം. പോലീസ് ഉദ്യോഗസ്ഥന്മാർ വട്ടിപ്പലിശയ്ക്ക് പണം കൊടുത്തതും ഇപ്പോൾ നിലവിലുള്ള ഐ.ജി. ഹേമചന്ദ്രൻ ആ വിഷയത്തിൽ അന്വേഷണത്തിന് ഉത്തരവിട്ടതിനെ തുടർന്ന് ആറ് പോലീസ് ഓഫീസർമാർക്കെതിരെ നടപടിയെടുത്തതുമൊക്കെ വർത്തമാന കാലഘട്ടത്തിൽ നമ്മൾ കേട്ടുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. അതുപോലെതന്നെ ഈ വിഷയത്തെപ്പറ്റി സംസാരിക്കുമ്പോൾ രണ്ട് ദിവസം മുമ്പ് എഴുതിത്തള്ളിയ കാലത്തെ വായ്പയ്ക്ക് നോട്ടീസ് നൽകിയതിന്റെ പേരിൽ എന്റെ നിയോജക മണ്ഡലത്തിലുള്ള ഒരു കുടിയേറ്റ കർഷകൻ നോട്ടീസ് കിട്ടിയപ്പോൾ സ്റ്റേറ്റ് ബാങ്കിന്റെ മുമ്പിൽ ദേഹാസ്വാസ്ഥ്യം ഉണ്ടായി കുഴഞ്ഞുവീണ് മരിച്ച സാഹചര്യം ഞാൻ ഓർക്കുകയാണ്. എഴുതി

ത്തള്ളിയ കാലത്തെ പലിശയ്ക്ക് നോട്ടീസ് കൊടുത്തതിന്റെ പേരിലാണ് ഈ ദാരുണമായ സംഭവത്തിന് സാക്ഷ്യം വഹിക്കേണ്ടിവന്നത്. ഇങ്ങനെയുള്ള പശ്ചാത്തലത്തിൽ ഇത്തരമൊരു നിയമനിർമ്മാണത്തിന് മുതിർന്നുവെന്നുള്ളത് ഏറെ സ്വാഗതാർഹമാണ്. ഈ കാര്യങ്ങളെല്ലാം നിയന്ത്രിക്കുന്നതിനുവേണ്ടി 1958-ലെ കേരള മണി ലെൻഡേഴ്സ് ആക്ട് ഉണ്ട് എന്നുള്ളത് നമുക്കെല്ലാം അറിയാവുന്ന വസ്തുതയാണ്. സത്യത്തിൽ അങ്ങനെ ഒരു നിയമമുണ്ടെങ്കിലും ആ നിയമത്തെ ശക്തിപ്പെടുത്താൻ അതിനൊരു അനുബന്ധ നിയമമായിട്ടാണ് നമ്മൾ ഈ നിയമത്തെ കാണേണ്ടത് എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് സംസാരിക്കുമ്പോൾ അവസാനം പറഞ്ഞത് അതാണ്. ഒന്നുമില്ലാതിരിക്കുന്നതിനെക്കാൾ നല്ലത് എന്തെങ്കിലും ഉണ്ടാകുക എന്നതാണ്. ഉള്ള നിയമത്തെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസമുണ്ട്. വരാൻ പോകുന്ന നിയമം വേണ്ടത്ര ശക്തമാണോ, ഇതുകൊണ്ട് നിയന്ത്രണം പൂർണ്ണമാകുമോ എന്ന ആശങ്കകളൊക്കെ അദ്ദേഹം പ്രകടിപ്പിച്ചുവെങ്കിൽ ഒന്നുമില്ലാത്ത ഒരു സാഹചര്യത്തിൽ ഈ മാഫിയകളുടെ ലോകത്ത് അവരെ നിയന്ത്രിക്കുന്നതിന് ഇത്തരമൊരു നിയമമുള്ളത് ആശ്വാസകരമാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇവിടെ ഒരേ വിഷയത്തിൽ വിവിധ നിയമങ്ങൾ ആശയക്കുഴപ്പമുണ്ടാക്കുമെന്നുള്ള പ്രശ്നമുണ്ട്. അമെന്റ് ചെയ്ത് വന്നിട്ടുള്ള ഈ ബില്ലിനകത്ത് തന്നെ പറയുന്ന ചില സംഗതികളുണ്ട്. 9-ാം വകുപ്പിൽ '1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിൽ (1958-ലെ 35) എന്തുതന്നെ അടങ്ങിയിരുന്നാലും' എന്ന ഒരു പ്രയോഗമുണ്ട്. അപ്പോൾ എന്തോ ബന്ധമുള്ള ഒരു സംഗതിയും ഒരു ആശയക്കുഴപ്പവും ഉണ്ട്. ഇത് നാളെ കോടതികളിലൊക്കെ വിശദീകരിക്കു

ബോൾ ഉണ്ടായേക്കാവുന്ന ഒരാശയകുഴപ്പം ഞാൻ ഇവിടെ ഒരു അക്കാഡമിക് ഇന്ററസ്റ്റിൽ ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെ സെക്ഷൻ 11-ൽ പറയുന്ന കാര്യങ്ങൾ. '11. ആക്റ്റ് മറ്റേതെങ്കിലും നിയമങ്ങൾക്ക് ഭംഗം വരുത്തുന്നതല്ലെന്ന് - ഈ ആക്ടിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമെയും അവയ്ക്ക് ഭംഗം വരുത്താതെയും ആയിരിക്കുന്നതാണ്' എന്നാണ്. അതിലും ഒരു വ്യക്തത വരേണ്ടതുണ്ട്. സെക്ഷൻ 12-ഉം അതുപോലെതന്നെയാണ്. സെക്ഷൻ 12-ൽ '1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിന്റെ (1958 -ലെ 35) വ്യവസ്ഥകൾ ബാധകമാകൽ - ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി, 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിലെ (1958 -ലെ 35) വ്യവസ്ഥകൾ പണം കടംകൊടുപ്പുകാർക്ക് ബാധകമായിട്ടുള്ളിടത്തോളം, ആവശ്യമായ മാറ്റങ്ങളോടെ, ഈ ആക്ടിലെ 3-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഒരാൾക്ക് ബാധകമായിരിക്കുന്നതാണ്' എന്നാണ്. അവിടെയൊക്കെ ചില അവ്യക്തതകൾ നിലനിൽക്കുന്നുണ്ട്. അതിന് വ്യക്തത ഉണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്. വ്യക്തതയില്ലെങ്കിൽ പ്രശ്നമുണ്ടാകും. 1975-ലെ കേരള ചിട്ടീസ് ആക്ടിന് നമ്മൾ 2002-ൽ ഒരു അമെൻമെന്റ് കൊണ്ടുവന്നു. ഈ കാര്യത്തിൽ 1982-ലെ സെൻട്രൽ ആക്ട് കൺസിഡർ ചെയ്യാതെ കൊണ്ടുവന്ന അമെൻഡ്മെന്റായതുകൊണ്ട് ഈ വർഷം 8.5.2012-ന് ജസ്റ്റിസ് കപാഡിയയുടെ നേതൃത്വത്തിലുള്ള സുപ്രീംകോടതി ബഞ്ച് ഈ നിയമം റദ്ദാക്കി എന്ന വസ്തുത കൂടി ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്.

അതുപോലെ കഴിഞ്ഞ ഇടതുപക്ഷ ഭരണകാലത്ത്, ഇടതുപക്ഷമോ വലതുപക്ഷമോ ഭരണപക്ഷമോ പ്രതിപക്ഷമോ എന്നുള്ള പ്രശ്നമല്ല. പലതിന്റെയും കോൺസ്റ്റിറ്റ്യൂഷണൽ വാലിഡിറ്റി നമുക്ക് നോക്കേണ്ടതുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എല്ലാവരും കൂടി പാസാക്കിയതാണ് സ്വാശ്രയ നിയമം. പക്ഷെ സെൽഫ് ഫിനാൻസിംഗ് ആക്ടിലെ 7, 8 വകുപ്പുകൾ കേരള ഹൈക്കോടതിയും തുടർന്ന് സുപ്രീംകോടതിയും സ്ട്രൈക്ക്ഓഫ് ചെയ്ത സന്ദർഭത്തിൽ അതിന്റെ കോൺസ്റ്റിറ്റ്യൂഷണൽ വാലിഡിറ്റി ഇല്ലായ്മ. അതുപോലെതന്നെ കോൺസ്റ്റിറ്റ്യൂഷന് അകത്തുനിന്നുകൊണ്ടുള്ള ഒരു നിയമനിർമ്മാണമല്ലാത്തതുകൊണ്ട് സംഭവിച്ച കാര്യമാണ് എന്നുള്ളതും ഞാൻ ഈ സന്ദർഭത്തിൽ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഇവിടെ മറ്റൊരു സംഗതി ചൂണ്ടിക്കാണിക്കാനുള്ളത് ബില്ലുകൾ മലയാളീകരിക്കുമ്പോൾ ജനങ്ങൾക്ക് മനസ്സിലാകുന്ന പ്രയോഗങ്ങളുണ്ടാകണം. ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ ചൂണ്ടിക്കാണിച്ച കാര്യം ഞാൻ അതേപോലെ പറയുകയാണ്. അധമർണ്ണൻ, ഉത്തമർണ്ണൻ എന്നീ പേരുകളൊക്കെയാണ് മലയാളീകരിച്ചപ്പോൾ ബില്ലിൽ കാണുന്നത്. സാധാരണക്കാരായ മലയാളികൾക്ക് ഡെബ്റ്ററും ക്രെഡിറ്ററും ഒരു പക്ഷേ പറഞ്ഞാൽ മനസ്സിലാകും. ഡെബ്റ്റർക്ക് പകരമാണ് അധമർണ്ണൻ എന്ന് കാണിച്ചിരിക്കുന്നത്. വളരെ അധമബോധത്തോടുകൂടി, വളരെ താഴ്ന്നവനായി, നീചനായി പണം കടം വാങ്ങുന്ന ആളിനെ ചിത്രീകരിക്കുന്നുവെന്നുള്ള ഒരു പ്രശ്നം കൂടി അതിലുണ്ട്. അതുപോലെ കൊടുക്കുന്ന ആൾ ക്രെഡിറ്റർ, ഉത്തമർണ്ണൻ ആകുകയാണ്. ഇവിടെ കടം കൊടുക്കുന്ന ആൾ അല്ലെങ്കിൽ കടം വാങ്ങുന്ന ആൾ എന്ന രീതിയിലേയ്ക്ക് ഇതിനെ പരിവർത്തിപ്പിക്കുന്നത് നന്നാകും. അതുപോലെ മലയാള

ത്തിലേയ്ക്ക് പല വകുപ്പുകളും ഭാഷാന്തരം ചെയ്യുമ്പോൾ ഇംഗ്ലീഷിൽ വായിച്ചാൽ മനസ്സിലാകുന്ന കാര്യങ്ങൾപോലും നിയമത്തിലെ ഇത്തരം മലയാളീകരണംകൊണ്ട് മനസ്സിലാക്കാൻ കഴിയാത്തത്രവിധം, ഗ്രാഹ്യമല്ലാത്ത വിധം കടുത്തതായി പോകുന്നു എന്ന ഒരു പ്രശ്നം കൂടിയുണ്ടെന്നുള്ളതും ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. സെക്ഷൻ 6-ലും 8-ലും പറയുന്ന പ്രധാനപ്പെട്ട ഒരു മേന്മകൂടി ഞാൻ ഇവിടെ പറയുകയാണ്. പലപ്പോഴും ബ്ലേഡ് മാഫിയകളും മറ്റും കടം വാങ്ങിയതിന്റെ പേരിൽ കിടപ്പാടം വരെ എഴുതി വാങ്ങുന്ന ഒരു സാഹചര്യമുണ്ട്. '6. വസ്തുവിന്റെ കൈവശം പുന:സ്ഥാപിക്കൽ- എന്നതിൽ അധമർണ്ണൻ ഒരു ഹർജി ഫയൽ ചെയ്താൽ, അയാൾക്ക് നൽകിയ വായ്പയുടേയോ അതിന്മേലുള്ള പലിശയുടെയോ തിരിച്ചടവിലേക്കായി ഏതെങ്കിലും ആൾ കൈവശപ്പെടുത്തിയ സ്ഥാവരമോ ജംഗമമോ ആയ വസ്തു എന്തെങ്കിലും ഉണ്ടെങ്കിൽ അതിന്റെ കൈവശം പുന:സ്ഥാപിച്ച് നൽകുവാൻ കോടതിക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.' വളരെ നല്ല ഒരു വകുപ്പായി, ഒരു സെക്ഷനായി ഞാനിതിനെ കാണുകയാണ്. പലപ്പോഴും കിടപ്പാടംപോലും പണയപ്പെടുത്തുന്നവർക്ക് പലിശയുടെ പേര് പറഞ്ഞ് അതിന്റെ ഇരട്ടിയും നാലിരട്ടിയും വാങ്ങിയാലും തിരിച്ചുകൊടുക്കാത്ത സാഹചര്യമുണ്ട് എന്നുള്ളതുകൊണ്ടുതന്നെ വളരെ ശ്രദ്ധേയമായ വകുപ്പായി നമ്മൾ അതിനെ പ്രശംസിച്ചേ പറ്റൂ എന്ന് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെ 8-ാമത്തെ വകുപ്പ്. '8. പലിശ വകവയ്ക്കൽ. - വായ്പ, അതിന്മേലുള്ള പലിശയുൾപ്പെടെ, തീർക്കുന്നതിനുവേണ്ടി അധമർണ്ണൻ ഫയൽ ചെയ്യുന്ന ഹർജിയിന്മേൽ, 1958-ലെ കേരള പണം കടംകൊടുപ്പുകാർ

ആക്റ്റിന്റെ (1958-ലെ 35) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ നിർദ്ദേശിച്ചിട്ടുള്ള നിരക്കിനുപുറമേ കൂടിയ നിരക്കിൽ എന്തെങ്കിലും പലിശ, അധമർണ്ണൻ നൽകിയിട്ടുണ്ടെങ്കിൽ ആയത് വായ്പയിലേക്ക് വകവയ്ക്കുന്നതിന് കോടതിക്ക് ഒരു ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്' എന്നാണ്.പലിശ കൊടുത്തു മുടിഞ്ഞാലും ഇതിന്റെ മുതലിലേയ്ക്ക് ഒന്നും എത്താറില്ല. കോടതിക്ക് ഒരു ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ് എന്ന 8-ാമത്തെ വകുപ്പും വളരെ ശ്രദ്ധേയമാണ്. ഇതൊക്കെ പറയുന്നതോടൊപ്പം മറ്റൊരു സംഗതി ചൂണ്ടിക്കാണിക്കാനുള്ളത് ഇതിൽ പറയുന്ന 9-ാം വകുപ്പ് വളരെയേറെ ദുരുപയോഗ സാധ്യതയുള്ള ഒന്നാണ്. 9-ാം വകുപ്പിന്റെ ദുരുപയോഗ സാധ്യത ഞാൻ  വായിക്കാം. '(2) വായ്പ നൽകിയ ആളോ അയാളുടെ നിർദ്ദേശപ്രകാരം മറ്റേതെങ്കിലും ആളോ അധമർണ്ണനെ മാനസികമായോ ശാരീരികമായോ പീഡിപ്പിക്കുകയും തത്ഫലമായും, അതിനെ തുടർന്നും അധമർണ്ണൻ ആത്മഹത്യ ചെയ്യുകയും ചെയ്യുന്നിടത്ത്, വായ്പ നൽകിയ ആൾ, കുറ്റസ്ഥാപനത്തിന്മേൽ, അഞ്ചുവർഷം വരെയാകാവുന്ന കാലത്തേയ്ക്കുള്ള തടവിനും അമ്പതിനായിരം രൂപവരെയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേണ്ടതാണ്.'  നിങ്ങൾ ഒന്ന് ആലോചിച്ചുനോക്കണം. ഒരാൾ പണം കടം കൊടുത്തിരിക്കുന്നു, മറ്റൊരാൾ പണം കടം വാങ്ങിയിരിക്കുന്നു. വാങ്ങിയ ആളോ അയാളുടെ കുടുംബത്തിലെ ആളോ ഏതെങ്കിലും  കാരണവശാൽ ആത്മഹത്യ ചെയ്യപ്പെടുന്ന ഒരു സാഹചര്യമുണ്ടായാൽ ഈ പണം കടം കൊടുത്തവനെ പീഡിപ്പിക്കാൻ സാധ്യതയുണ്ട്. അത് ഒരുപക്ഷേ ബ്ലേഡ് മാഫിയകളായിക്കൊള്ളണമെന്നില്ല. നാട്ടിൽ ആരെങ്കിലും പരസ്പരം സഹാ

യിക്കുന്നതിനുവേണ്ടി കൈവായ്പ നൽകിയതായിരിക്കാം. അങ്ങനെ വളരെയേറെ ദുരുപയോഗ സാധ്യതയുള്ള ഒരു ബ്ലാങ്ക് ചെക്കായി ഈ വകുപ്പ് മാറും. ഇപ്പോൾ ആത്മഹത്യാ പ്രേരണയ്ക്ക് അല്ലെങ്കിൽ ഒരാളെ ആത്മഹത്യക്ക് പ്രേരിപ്പിച്ചാൽ ശിക്ഷിക്കാൻ ഇന്ത്യൻ പീനൽകോഡിൽ വകുപ്പുകളുണ്ട് എന്ന വ്യവസ്ഥ നിലനിൽക്കുന്ന സാഹചര്യത്തിൽ വളരെയേറെ ദുരുപയോഗ സാധ്യതയുള്ള ഒന്നാണെന്ന് ഈ ബില്ലിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് തന്നെ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. വളരെയേറെ ദുരുപയോഗ സാധ്യതകൾ ആ വകുപ്പിൽ നിലനിൽക്കുകയാണ്. ഇവിടെ നമ്മൾ കാണേണ്ട ഒരു കാര്യം, ഈ നിയമത്തിന് കർണ്ണാടക ആക്ടുമായി ഒരുപാട് സാദൃശ്യം കാണാൻ സാധിക്കും. പക്ഷേ കർണ്ണാടക ആക്ട് മൊത്തത്തിലെടുത്ത് പരിശോധിച്ചാൽ അതിൽ മുഴുവനും പറയുന്നത് കർഷക ആത്മഹത്യയുടെപശ്ചാത്തലത്തിലാണ് ഈ നിയമം വരുന്നതെന്നാണ്. കർണാടക ആക്ടാണ് എന്റെ കൈവശമുള്ളത്. “Act 4 of the 2004” ആയിട്ടാണ് കർണ്ണാടകയിൽ ഇത് പാസാക്കിയിട്ടുള്ളത്. “It is considered necessary to prohibit the charging of exorbitant interest by any person, in order to obviate the difficulties experienced by the public particularly farmers who are falling prey to the people charging exorbitant interest on the loans.”കർഷക ആത്മഹത്യകളുടെ ഒരു പശ്ചാത്തലത്തിലാണ് ഈ നിയമം ഉണ്ടായിട്ടുള്ളത്. അതുകൊണ്ടാണ് അവിടത്തെ സാമൂഹ്യപശ്ചാത്തലവും കേരളത്തിലെ സാമൂഹ്യ പശ്ചാത്തലവും തമ്മിലുള്ള വ്യത്യാസം ഈ വിഷയത്തിൽ കാണേണ്ടതുണ്ട് എന്നുകൂടി ഞാൻ ചൂണ്ടിക്കാണിക്കുന്നത്. പലരീതിയിൽ വ്യാഖ്യാനിക്കാവുന്ന ഒരു സാഹചര്യം ഈ വിഷയത്തിലുണ്ട് എന്നുള്ളതും നമ്മൾ കാണേണ്ടതുണ്ട്.

കാരണം, നിയമം എപ്പോഴും വളരെ കൃത്യമായി വ്യാഖ്യാനിക്കാവുന്ന ഒരു സാഹചര്യമാണ് ഉണ്ടാക്കേണ്ടത്. നമ്മുടെ പ്രിയങ്കരനായ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ മുമ്പൊരിക്കൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. “A new draftsman has to be born”. ഒരു നല്ല ഡ്രാഫ്റ്റ്സ്മാൻ ഇനിയും ജനിക്കേണ്ടതുണ്ട് എന്നാണ്. ബഹുമാനപ്പെട്ട കെ.എം. മാണി സാറിന്റെ കാര്യത്തിൽ അതിൽ നിന്നും വ്യത്യസ്തമായ ഒരുപാട് നിലപാടുകളും ഒരുപാട് നിയമനിർമ്മാണങ്ങളുമൊക്കെ ഉണ്ടായിട്ടുണ്ട് എന്ന് സ്മരിച്ചുകൊണ്ടുതന്നെ ഞാൻ ഇക്കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെ കർണാടക ആക്ടിലെ പതിമൂന്നാം വകുപ്പ് ഒഴികെ ബാക്കിയെല്ലാ സെക്ഷനുകളും നമ്മുടെ ആക്ടിലേയ്ക്ക് എടുത്തിട്ടുണ്ട്. പതിമൂന്നാം വകുപ്പ് മാത്രം നമ്മൾ ഒഴിവാക്കിയിരിക്കുകയാണ്. അത് Deferment of Repayment of loan - ൽ ആണ്. “Notwithstanding anything contained in the Karnataka Money Lenders Act, 1961, no action to recover a loan against a debtor who is a farmer.......” കൃഷിക്കാർക്ക് പ്രാധാന്യം നൽകികൊണ്ടാണ് സത്യത്തിൽ ഇതിന്റെ മൂലആക്ട് നിൽക്കുന്നത്. നമ്മുടെ ആക്ടിൽ അങ്ങനെ കാണുന്നില്ല എന്നുള്ള ഒരു പോരായ്മയുണ്ട്. “agricultural labourer shall be taken for a period of one year from the date of commencement of this Act.” മറ്റൊരു സംഗതി ഇതിലുള്ളത്, അമെന്റ്മെന്റ് വന്നപ്പോൾ അതിൽ പറയുന്ന കാര്യം വളരെ പ്രധാനപ്പെട്ട ഒരു നിയമപ്രശ്നമാണെന്ന് എന്റെയൊരു എക്സ്പീരിയൻസിൽ തോന്നുന്നു. ഇവിടെ കുറ്റങ്ങൾ കൊഗ്നിസിബിളും ജാമ്യമെടുക്കാവുന്നതല്ലാത്തതുമായിരിക്കുമെന്ന് അതായത് എല്ലാം നമ്മൾ കൊഗ്നിസിബിളും നോൺ ബെയിലബിളുമാക്കിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മാണിസാറിന്റെ ശ്രദ്ധയിൽ ഞാനത് കൊണ്ടുവരികയാണ്.

ഒമ്പതാം വകുപ്പ് (ബി) ഏതെങ്കിലും വായ്പ ഈടാക്കുന്നതിനേക്കാൾ ഏതെങ്കിലും അധമർണ്ണനെ മാനസികമായോ ശാരീരികമായോ പീഡിപ്പിക്കുകയോ അങ്ങനെ പീഡിപ്പിക്കാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ ഒരു വർഷം വരെയാകുന്ന കാലത്തേയ്ക്കുള്ള തടവിനും പതിനായിരം രൂപ വരെയാകുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേണ്ടതാണ്. ഇവിടെ പറയുന്ന ശിക്ഷ ഒരു വർഷമാണ്. പക്ഷേ ഇങ്ങനെ ഒരു വർഷം ശിക്ഷിക്കാവുന്ന ഒരു കുറ്റകൃത്യത്തെ നമ്മൾ നോൺ-ബെയിലബിൾ ആക്കുകയാണ്. ഇൻഡ്യൻ പീനൽ കോഡിൽ കാണുന്ന ഒരു സാഹചര്യം രണ്ടു വർഷമോ അതിൽ കൂടുതലോ ശിക്ഷിക്കപ്പെടുന്ന വകുപ്പുകൾ മാത്രമാണ് നോൺ-ബെയിലബിൾ ആകുന്നത്. അതിന്റെയൊരു കാറ്റഗറി തിരിക്കുന്നതിന് പ്രത്യേകമായ നിയമമൊന്നുമില്ലെങ്കിലും കോടതികളുടെ പ്രാക്ടീസെല്ലാം വച്ച് പരിശോധിക്കുമ്പോൾ രണ്ടുവർഷമോ അതിൽ കൂടുതലോ ശിക്ഷിക്കപ്പെടുന്ന വകുപ്പുകൾ മാത്രമാണ് നോൺ-ബെയിലബിൾ ആയി കണ്ടുവന്നിട്ടുള്ളത്. ഇവിടെ ഒരു വർഷം ശിക്ഷിക്കാവുന്ന ഒരു വകുപ്പിനെ നോൺ-ബെയിലബിൾ ആക്കി മാറ്റുന്നതിലെ അസാംഗത്യം മറ്റു നിയമങ്ങൾക്കുമുണ്ടായ പ്രശ്നങ്ങളെപോലെതന്നെ ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. അതോടൊപ്പം ഈ ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിൽ ഒരു പാട് സംഗതികൾ ഉയർന്നുവന്നു. രാജ്യത്തെ സാമ്പത്തികകുറ്റകൃത്യങ്ങളെക്കുറിച്ചൊക്കെ ചൂണ്ടിക്കാണിച്ചു. ബഹുമാനപ്പെട്ട വി. ചെന്താമരാക്ഷൻ സംസാരിക്കുന്ന സമയത്ത് വളരെ അഭിമാനത്തോടുകൂടി പറഞ്ഞു, ടോട്ടൽ ഫോർയു തട്ടിപ്പ് ഞങ്ങളുടെ കാലത്താണ് നടന്നതെന്ന്. നിങ്ങളുടെ കാലത്ത് അതുമാത്രമല്ല നടന്നത്. ലിസ് ചാക്കോയുടെയും സാന്റിയാഗോ മാർട്ടിന്റെയുമൊക്കെ വലിയ സാമ്പത്തിക ക്രമക്കേടുകളും തട്ടിപ്പുകളും നടന്നത് അക്കാലത്തുതന്നെയാണ്.

എന്നാൽ സാമ്പത്തിക ക്രമക്കേടുകളെ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള വലിയ ശ്രമമാണ് ഇന്ന് ഇവിടെ നടക്കുന്നത് എന്നുകൂടി ചൂണ്ടിക്കാണിക്കുന്നു. ക്ഷേമപെൻഷനുകളെല്ലാം ഈ ഗവൺമെന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. പുതിയ മേഖലകളിൽ ക്ഷേമപെൻഷനുകളും പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്. മാണിസാറിന്റെ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന കാരുണ്യ ബെനവലന്റ് ഫണ്ട് – ലോട്ടറിയിലൂടെ രാജ്യത്തെ പാവപ്പെട്ടവന്റെ, ദുരതമനുഭവിക്കുന്ന വന്റെ കണ്ണീരൊപ്പുന്ന ഒരു വലിയ സംരംഭമാണെന്ന് കാണാൻ സാധിക്കും. അതുപോലെ കോക്ലിയർ ഇംപ്ലാന്റേഷൻ – ശ്രവണവൈകല്യമുള്ള കുട്ടികളെ സംബന്ധിച്ച് അവരുടെ  ജീവിതത്തിന്റെ ചിത്രം തന്നെ മറ്റൊന്നായി പോകുമായിരുന്ന,  വിധിയുടെ തിരുത്ത് ഉണ്ടാക്കാൻ പര്യാപ്തമായിട്ടുള്ള സാമൂഹിക ക്ഷേമ വകുപ്പിന്റെ പദ്ധതി, ഇതുപോലുള്ള ഒരുപാട് ക്ഷേമപദ്ധതികൾ നമുക്ക് ചൂണ്ടിക്കാണിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് വച്ചിട്ടുള്ള നിർദ്ദേശം, അദ്ദേഹത്തിന്റെ താല്പര്യത്തേയും സ്പിരിറ്റിനെയും ഞാൻ ആ അർത്ഥത്തിൽ ഉൾക്കൊള്ളുന്നുവെങ്കിലും ന്യൂ ജനറേഷൻ ബാങ്കുകളെ എന്തുകൊണ്ട് ഇതിന്റെ പരിധിയിൽ കൊണ്ടുവന്നില്ല എന്നാണ് ചോദ്യം. അങ്ങനെ കൊണ്ടുവരുന്നതിന് നിയമപരമായി ഒരുപാട് തടസ്സങ്ങളുണ്ടാകുമെന്നാണ് എന്റെ പരിമിതമായ അറിവ് വച്ച് ഞാൻ മനസ്സിലാക്കുന്നത്. കാരണം ബാങ്കുകളെ നിയന്ത്രിക്കുന്നതിന് ഇവിടെ ബാങ്കിംഗ് റെഗുലേഷൻ ആക്ടുണ്ട്. അത് ന്യൂജനറേഷൻ ബാങ്കുകളായിരുന്നാലും മുമ്പുണ്ടായ ദേശസാൽകൃത ബാങ്കുകളായിരുന്നാലും അവയെ കൺട്രോൾ ചെയ്യുന്നതിന്, റെഗുലേറ്റ് ചെയ്യുന്നതിന് ബാങ്കിംഗ് റെഗുലേഷൻ ആക്ടുണ്ട്. അപെക്സ് ബാങ്കായിട്ടുള്ള റിസർവ്വ് ബാങ്കിനാണ് അതിനുള്ള അധികാരമെന്നുള്ളതുകൊണ്ട്, അത് സെൻട്രൽ ലെജിസ്ലേഷന്റെ ഭാഗവുമാണെന്നുള്ളതുകൊണ്ട് അത്തരം സംഗ

തികൾ കൊണ്ടുവരുന്നതിൽ പ്രയാസമുണ്ടാകുമെന്ന് മനസ്സിലാക്കണം. ഏതായാലും ഈ നിയമം ഇന്നത്തെ സാമൂഹിക പശ്ചാത്തലത്തിൽ ഏറെ ആവശ്യമുള്ള ഒന്നാണ്. ചൂണ്ടിക്കാണിക്കപ്പെട്ട പഴുതുകളും പോരായ്മകളും അടച്ചുകൊണ്ട് നിയമപരമായി നിലനിൽക്കുന്ന ഒന്നായി ഈ നിയമം പാസ്സാക്കാൻ സാധിക്കണമെന്ന നിർദ്ദേശം മുന്നോട്ടുവച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

മി. സ്പീക്കർ: താങ്ക്യൂ മി. ഷംസുദ്ദീൻ, നന്നായി ഹോം വർക്ക് ചെയ്തുവന്ന് അവതരിപ്പിച്ചതിന് താങ്കളെ അഭിനന്ദിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, വാസ്തവത്തിൽ ഇവിടെ ഭരണകക്ഷിയും പ്രതിപക്ഷവും, ഈ നിയമത്തെ സ്വാഗതം ചെയ്തു. ആകെയുള്ള ഒരു തർക്കം എന്നു പറയുന്നത് ഈ നിയമം കുറച്ചുകൂടി കർക്കശമാക്കണമെന്നുള്ളതുമാത്രമാണ്. നമ്മുടെ അധികാരപരിധിയ്ക്കകത്തുനിന്നുകൊണ്ട് ഇത്രമാത്രമേ ചെയ്യാൻ നമുക്ക് കഴിയൂ. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇവിടെ ഒരു കാര്യം ഉന്നയിക്കുകയുണ്ടായി, നിങ്ങളുടെ കാലഘട്ടത്തിൽ മണി ലെൻഡേഴ്സ് ആക്ട് അനുസരിച്ച് എത്ര പേരുടെ പേരിൽ നടപടിയെടുത്തിട്ടുണ്ട്? ഞാൻ തിരിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ചോദിക്കുകയാണ്, അഞ്ചു വർഷം ഭരിച്ച നിങ്ങൾ എത്ര പേരുടെ പേരിൽ നടപടിയെടുത്തു? നിങ്ങളും റിപ്വാൻവിംഗിളിനെപോലെ ഉറങ്ങിക്കിടന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഈ വർഷം വലിയ ഒരഭ്യാസമൊന്നും ഞങ്ങൾ കാണിച്ചിട്ടില്ല. ഞങ്ങളെ കുറ്റപ്പെടുത്തരുത്. ഇന്ന് രാജ്യത്തുള്ള വളരെ വലിയൊരു ജനകീയ പ്രശ്നത്തിന് ഉത്തരം കൊടുക്കുന്നതിനുവേണ്ടി നമ്മൾ

ശ്രമിക്കുന്നു എന്ന് മാത്രമേയുള്ളൂ. പ്രതിപക്ഷത്തുനിന്ന് സംസാരിച്ചവരൊക്കെ മണി ലെൻഡേഴ്സ് ആക്ട് അമെന്റ് ചെയ്താൽ പോരേ, പുതിയ നിയമം വേണോ എന്നു ചോദിച്ചു. മണി ലെൻഡേഴ്സ് ആക്ടിന്റെ വ്യാപ്തി വളരെ കുറവാണ്. മണി ലെൻഡേഴ്സ് ആക്ടിൽ കമ്പനികളെ മുഴുവൻ ഒഴിവാക്കിയിട്ടുണ്ട്, റിസർവ്വ് ബാങ്ക് നിയമത്തിലും കമ്പനികളെ ഒഴിവാക്കിയിട്ടുണ്ട്. കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെയും ഒഴിവാക്കിയിട്ടുണ്ട്. പല സ്ഥാപനങ്ങളെയും ഒഴിവാക്കിയിട്ടുണ്ട്. മണി ലെൻഡേഴ്സ് ആക്ടിന്റെ വ്യാപ്തി വളരെ കുറവായതുകൊണ്ട് ഒരു പുതിയ നിയമം എന്നു പറഞ്ഞാൽ മണി ലെൻഡേഴ്സ് ആക്ട് റിപ്പീൽ ചെയ്തുകൊണ്ടല്ലാതെ അഡീഷണലായി ഒരു നിയമം കൂടി കൊണ്ടുവരുമ്പോൾ രണ്ടുംകൂടി പ്രവർത്തിക്കുമ്പോൾ ഇന്നുള്ളതിനേക്കാൾ കുറച്ചുകൂടി മെച്ചപ്പെട്ട ഒരു വ്യവസ്ഥിതിയുണ്ടാകും. അതിനാണ് നമ്മൾ ആകെ ശ്രമിക്കുന്നത്. ശ്രീ. മുല്ലക്കര രത്നാകരന്റെയും പ്രൊഫ. സി. രവീന്ദ്രനാഥിന്റെയും പ്രസംഗത്തിൽ അവർ വലിയ ഐഡിയലിസ്റ്റുകളായി. ഐഡിയലിസം ഇങ്ങു വന്നുകഴിഞ്ഞ് അതല്ല ഇതിന്റെ ആവശ്യം, പരിതസ്ഥിതികൾ മാറണം, ചുറ്റുപാടുകൾ മാറണം, വലിയ പലിശയ്ക്ക് കടമെടുക്കാൻ നിർബന്ധിതമാകുന്ന സാഹചര്യങ്ങൾ മാറണം എന്നൊക്കെ പറഞ്ഞാൽ വലിയ വിപ്ലവം വേണമെന്നാണ്, ഐഡിയലാകണമെന്നാണ്. സാഹചര്യങ്ങളെ ഒറ്റ ദിവസം കൊണ്ട് മാറ്റാൻ കഴിയുമോ? നിങ്ങളുടെ കാലത്തും സാഹചര്യം മാറിയില്ല, ആ സാഹചര്യങ്ങൾ മാറണം. സാഹചര്യങ്ങളൊക്കെ മാറ്റി ഒരു സ്വർഗ്ഗമാക്കുന്നതിന് നമുക്ക് പെട്ടെന്ന് കഴിയുകയില്ല. കമ്മ്യൂണിസ്റ്റ് പാർട്ടി തന്നെ 'from each according to its capacity, to each according to its deal' അങ്ങനെയൊരു വ്യവസ്ഥയാണ് കമ്മ്യൂണിസ

ത്തിൽ എന്നു പറഞ്ഞാൽ ആ വ്യവസ്ഥ വരുമോ; അതു വന്നോ? എന്റെ ഒരു ചെറിയ അനുഭവത്തിൽ സ്വയംസംരംഭക മിഷൻ ട്രെയിനിംഗ് കിട്ടിയ കുട്ടികൾക്ക് 20 ലക്ഷം രൂപ പലിശയില്ലാതെ വായ്പ കൊടുക്കുന്ന ഒരു സ്കീം കൊണ്ടുവന്നിട്ടുണ്ട്. നല്ല കാര്യമാണ്. പക്ഷേ, എല്ലാത്തിനും ഇങ്ങനെ പലിശയില്ലാത്ത വായ്പ കൊടുക്കാൻ സാധിക്കുമോ; സംസ്ഥാന ഗവൺമെന്റിനെ കൊണ്ട് താങ്ങാൻ കഴിയുമോ; കേന്ദ്ര ഗവൺമെന്റിനെകൊണ്ട് താങ്ങാൻ സാധിക്കുമോ? കൃഷിക്കാർക്ക് പലിശയില്ലാത്ത വായ്പ ലഭിക്കേണ്ടതാണ്. അതിനുവേണ്ടി ഞാൻ എപ്പോഴും വാദിക്കുന്നതാണ്. നല്ല കാര്യമാണ്, അതിനുവേണ്ടി നമുക്കൊന്ന് ശ്രമിക്കാം. ഇന്നല്ലെങ്കിൽ നാളെ പലിശയില്ലാത്ത വായ്പ കൊടുക്കുവാൻ സാധിക്കുമായിരിക്കാം. ഏതായാലും അതിന് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും റിസർവ്വ് ബാങ്കും അങ്ങനെ എല്ലാവരുംകൂടി ഒത്തുപിടിക്കുകയാണെങ്കിൽ പലിശയില്ലാത്ത വായ്പ പ്രയോറിറ്റി സെക്ടറിന് കൊടുക്കാൻ കഴിയുമെന്നുള്ളത് വസ്തുതയാണ്. നമുക്ക് ശ്രമിക്കാം. ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞതിലെ സദുദ്ദേശം ഞാൻ എടുക്കുകയാണ്. 1958-ലെ മണി ലെൻഡേഴ്സ് ആക്ട് പാസ്സാക്കിയപ്പോൾ പലിശ റെഗുലേറ്റ് ചെയ്തിരുന്നില്ല, 1986-ലെ ഭേദഗതി നിയമം വന്നപ്പോഴാണ് പലിശ റെഗുലേറ്റ് ചെയ്തത്. മണി ലെൻഡേഴ്സ് ആക്ട് വളരെ ദുർബലമാണ്. അതിന്റെ 18(ഡി)-യിൽ പറയുന്നത്, ഒരാൾ അമിത പലിശ വാങ്ങുകയാണെങ്കിൽ ഒരു കാര്യമേയുള്ളൂ, അധികമായി വാങ്ങിയ പലിശ തിരിച്ചു കൊടുപ്പിക്കാം, അയാൾക്ക് 25000 രൂപയുടെ പെനാൽറ്റി ചുമത്താം. മണി ലെൻഡേഴ്സ് ആക്ടിൽ ആകെയുള്ളത് അമിത പലിശ ഈടാക്കിയാൽ

തിരിച്ചുകൊടുപ്പിക്കാം, അയാൾക്കൊരു പെനാൽറ്റി ചുമത്താം. ഇതു വളരെ ഇൻഇഫക്ടീവായതുകൊണ്ടാണ് ഇപ്പോൾ ഈ നിയമം കൊണ്ടുവന്ന് മൂന്നു വർഷം വരെ ശിക്ഷ എന്ന വ്യവസ്ഥയുണ്ടാക്കിയിരിക്കുന്നത്. മൂന്നു വർഷം വരെയുള്ള ശിക്ഷ എന്നു പറയുന്നത് നല്ലതാണ്, ഇപ്പോൾ ധാരാളം അമെന്റ്മെന്റുകൾ വന്നിട്ടുണ്ട്. അതു നോക്കുമ്പോൾ നാലു വർഷം തുടങ്ങി അഞ്ച്, ആറ്, ഏഴ് എട്ട് അങ്ങനെ ലൈഫ് വരെ പോയിട്ടുണ്ട്. ഒരു കാര്യം ഞാൻ പറയട്ടെ, പ്രതിപക്ഷത്തുനിന്ന് ഡിസന്റിംഗ് നോട്ടൊക്കെ കൊടുത്തു, ശരിയാണ്. പക്ഷേ ഡിസന്റിംഗ് നോട്ടിനനുസൃതമായ അമെന്റ്മെന്റുകൾക്ക് നിങ്ങൾ നോട്ടീസ് നൽകിയിട്ടില്ല. അപ്പോൾ അതിനകത്ത് സംസാരിക്കുന്ന തിൽ ബോൺഫൈഡ്സിന്റെ ഒരു ഇൻഡിക്കേഷനാണ്. പ്രസംഗിക്കാൻ വേണ്ടി ഡിസന്റിംഗ് നോട്ട് കൊടുത്ത് പ്രസംഗിച്ചു പോകുകയാണ്.

മി. സ്പീക്കർ: ശ്രീ. കെ. എം. മാണി, അവർ കേട്ടുകൊണ്ടിരിക്കുക യാണ്. അങ്ങേയ്ക്ക് നല്ല സുഖമില്ലാത്തതല്ലേ.

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത് ശരിയാണ്. എനിക്ക് പനിയുള്ളതുകൊണ്ട് ഞാൻ പെട്ടെന്ന് നിറുത്തുകയാണ്. ബില്ലായതുകൊണ്ട് വേറൊരാളെ ഏൽപ്പിക്കാൻ കഴിയാത്തതിനാൽ വന്നതാണ്. ഞാൻ അവസാനിപ്പിക്കുകയാണ്. ഉള്ളതിൽ നിന്നും മെച്ചപ്പെടുത്തുക, 1000 രൂപയാണ് നിലവിലുള്ള പിഴ, അത് മൂന്നു വർഷം തടവിലേയ്ക്ക് കൊണ്ടു പോകുന്നു. അതിനകത്തെ വ്യത്യാസം അതാണ്. അങ്ങനെ വ്യവസ്ഥകൾ കർശനമാക്കുന്നതാണ് ഈ നിയമം. നമുക്ക് സമയമുണ്ടല്ലോ, എല്ലാവരുമായി ആലോചിച്ച് ബാക്കിയുള്ളതു ചെയ്യാം. വകുപ്പുതിരിച്ചുള്ള പരിഗണനയി ലേയ്ക്കു പോകുമ്പോൾ മത്സരമൊന്നും വേണ്ട. എല്ലാം പാസ്സാക്കി വേഗം

പോകാൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്. എല്ലാവരും ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി നിരാകരിച്ചു.

മി. സ്പീക്കർ: ശ്രീ. എം. ഷംസുദ്ദീൻ അവരിപ്പിച്ച 2(ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഷംസുദ്ദീൻ: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**രണ്ടാം വകുപ്പ്**

{ശ്രീ. എ. എം. ആരിഫ് : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

112. ഖണ്ഡം (2) -ൽ "വിനിർദ്ദേശിച്ചിട്ടുള്ള" എന്ന വാക്ക് വരുന്നിടത്തെല്ലാം "നിജപ്പെടുത്തിയിട്ടുള്ള" എന്ന വാക്ക് ചേർക്കുക.

മലയാളത്തിൽ ഇന്നുവരെ ഇല്ലാത്ത ഒരു വാക്കാണ്. ഒരിടത്തും ഒരിക്കലും ഉപയോഗിക്കപ്പെട്ടിട്ടില്ലാത്ത ഒരു വാക്കാണ്. ഈ വാക്കിനുപകരം നിജപ്പെടുത്തിയിട്ടുള്ള എന്ന വാക്ക് ചേർക്കുക.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): പല നിയമങ്ങളിലും വിനിർദ്ദേശിച്ചിട്ടുള്ള എന്നവാക്കുണ്ട്. ഇതൊക്കെ ഒത്തിരി കഠിനമാണ്. മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്യുമ്പോൾ ചില വാക്കുകളൊക്കെ ഇങ്ങനെ വരും.

ശ്രീ. കെ. സുരേഷ്കുറുപ്പ്: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

113: ഖണ്ഡം (2) (1) (ബി) യിൽ "അധമർണ്ണൻ" എന്ന വാക്കിന് പകരം "വായ്പ മേടിച്ചിട്ടുള്ള വ്യക്തി" എന്ന വാക്ക് ചേർക്കുക.

"അധമർണ്ണൻ" എന്ന വാക്കിനെക്കുറിച്ച് ഭരണ പക്ഷത്തുനിന്നും പ്രതിപക്ഷത്തു നിന്നും വിമർശനങ്ങൾ ഉണ്ടായി. അധമർണ്ണർ എന്നൊരു വാക്ക് ഉപയോഗിക്കേണ്ട കാര്യമില്ല. വായ്പ മേടിച്ചിട്ടുള്ള വ്യക്തി എന്ന വളരെ ലളിതമായ മലയാളം ഉപയോഗിച്ചാൽ മതി. ഇതിനെക്കുറിച്ച് ഭരണപക്ഷത്തുള്ളവരും പ്രതിപക്ഷത്തുള്ളവരും സംസാരിച്ചു.

മി. സ്പീക്കർ: ഒരുപാട് പേർ സംസാരിച്ചതുകൊണ്ട് മാത്രമായി ഭേദഗതി സ്വീകരിക്കാനോ തള്ളാനോ സാധ്യമല്ല. അതിന് അതിന്റേതായ നടപടിക്രമങ്ങളുണ്ട്.

ശ്രീ. കെ. എം. മാണി: എത്രയോവർഷങ്ങളായി അധമർണ്ണൻ ഉത്തമർണ്ണൻ എന്ന പദം മനുഷ്യഹൃദയത്തിലേക്ക് കയറിയിട്ടുണ്ട്.

117. ഖണ്ഡം 2(1) (സി) താഴെപ്പറയും പ്രകാരം മാറ്റുക.

"സി "അമിതപലിശ" എന്നാൽ "1958 ലെ കേരള പണം കടംകൊടുപ്പുകാർ ആക്ടിലെ (1958-ലെ 35) 7-ാം വകുപ്പ് 1-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള പലിശ നിരക്കിനേക്കാൾ കൂടിയ നിരക്കിൽ കണക്കാക്കുന്ന പലിശ എന്ന് അർത്ഥമാകുന്നതും ദിവസ വട്ടിയും, മണിക്കൂർ വട്ടിയും, കണ്ടുവട്ടിയും, മീറ്റർ വട്ടിയും, തണ്ടലും ഉൾപ്പെടുന്നതും ആകുന്നു."

118. ഖണ്ഡം 2(1) (ഡി) താഴെപ്പറയും പ്രകാരം മാറ്റുക.

"ഡി "മണിക്കൂർ വട്ടി" എന്നാൽ "മണിക്കൂർ അടിസ്ഥാനത്തിൽ കണക്കാക്കുന്ന പലിശ എന്നർത്ഥമാകുന്നു".

ശ്രീ. ബാബു. എം. പാലിശ്ശേരി : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

114: ഖണ്ഡം (2) (1) (ബി) യിൽ ""അമിതപലിശയ്ക്ക്" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. കെ. ദാസൻ :സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

115: ഖണ്ഡം (2) (1) (സി) യിൽ "എന്നതിൽ" എന്ന വാക്കിന് പകരം "എന്നാൽ 1958 ലെ കേരള പണം കടം കൊടുപ്പുകാർ ആക്റ്റിലെ 7-ാം വകുപ്പ് (1) -ാം ഉപവകുപ്പിൽ നിജപ്പെടുത്തിയിട്ടുള്ള പലിശ നിരക്കിനേക്കാൾ കൂടിയ പലിശയും അതിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

120: ഖണ്ഡം 2(എഫ്)ൽ "തണ്ടലിനോ" എന്ന വാക്കിനുശേഷം "പ്രാദേശികമായി അറിയപ്പെടുന്ന മറ്റെന്തെങ്കിലും പേരിലുള്ള പലിശയ്ക്കോ" എന്നീ വാക്കുകൾ ചേർക്കുക

ശ്രീ. എം. ചന്ദ്രൻ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

121: ഖണ്ഡം 2(1) (എഫ്)ൽ "തണ്ടലിനോ വേണ്ടി" എന്നീ വാക്കുകൾക്ക് ശേഷം "അധമർണ്ണന് "എന്ന വാക്ക് ചേർക്കുക

122: ഖണ്ഡം 2(1)-എഫിൽ "മുൻകൂറായി പണം നൽകൽ "എന്നീ വാക്കുകൾക്ക് ശേഷം "ഹയർ-പർച്ചേസ് വ്യവസ്ഥയിന്മേൽ പണം നൽകൽ സ്വകാര്യ സ്വർണ്ണാഭരണ കുറി പണയം സ്വീകരിച്ച് പണം നൽകൽ എന്നിങ്ങനെ" എന്നീ വാക്കുകൾ ചേർക്കുക

ഡോ. കെ.ടി. ജലീൽ. സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

123: ഖണ്ഡം 2(1) (ജി) യിൽ "നിശ്ചിത സമയത്തിനകം തിരിച്ചടയ്ക്കാത്ത" എന്നീ വാക്കുകൾ ഒഴിവാക്കുക

ശ്രീമതി പി. അയിഷാ പോറ്റി : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

125: ഖണ്ഡം 2(1) (എച്ച്) ന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക

"(ഐ) "കുടുംബം" എന്നാൽ ഭാര്യ, ഭർത്താവ്, കൂടെ വസിക്കുന്ന അച്ഛൻ, അമ്മ, പ്രായപൂർത്തിയാകാത്ത മക്കൾ, പ്രായപൂർത്തിയായവരും എന്നാൽ കൂടെ വസിക്കുന്നവരും എന്നർത്ഥമാകുന്നു"

ശ്രീ. കെ.എൻ.എ.ഖാദർ: : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

126: ഖണ്ഡം 2 താഴെപറയും പ്രകാരം മാറ്റുക

"2. നിർവചനങ്ങൾ- (1) ഈ നിയമത്തിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,-

(എ) "അമിതപലിശ" എന്നാൽ 1958-ലെ കേരളം പണം കടം കൊടുപ്പുകാർ നിയമത്തിലെ (1958-ലെ 35) 7-ാം വകുപ്പിന്റെ (1)-ാം ഉപ വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള പലിശ നിരക്കിനേക്കാൾ കൂടിയ പലിശ നിരക്കിൽ മണിക്കൂർ കണക്കിലോ,ദിവസക്കണക്കിലോ, പ്രതിമാസക്കണക്കിലോ, വാർഷികാടിസ്ഥാനത്തിലോ കണക്കാക്കുന്നതും, മണിക്കൂർ വട്ടി, ദിവസ വട്ടി, കണ്ടു വട്ടി, മീറ്റർ വട്ടി, തണ്ടൽ തുടങ്ങി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത പേരുകളിൽ അറിയപ്പെടുന്ന പലിശ രീതികൾ ഉൾപ്പെടുന്നതുമാകുന്നു"

(ബി) "വായ്പ" എന്നാൽ അമിതപലിശയക്ക് പണം കടം കൊടുക്കൽ എന്നർത്ഥമാകുന്നു.

(സി) "ഋണവാൻ" എന്നാൽ വായ്പ സ്വീകരിച്ച ഒരാൾ എന്നർത്ഥമാകുന്നു.

2(2) ഈ നിയമത്തിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതും അതേസമയം 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്ടിൽ (1958-ലെ 35) നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും അവയ്ക്ക് യഥാക്രമം ആ ആക്ടിൽ കല്പിച്ചിട്ടുള്ള അതേ അർത്ഥം തന്നെ ആയിരിക്കുന്നതാണ്.

ശ്രീ. കെ. എം. മാണി: ശ്രീ. കെ. ദാസൻ അവതരിപ്പിച്ച 115-ാം ഭേദഗതി സ്വീകരിക്കാവുന്നതാണ്.

മി. സ്പീക്കർ : ശ്രീ. എ.എം. ആരിഫ് അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ.എം. ആരിഫ്: പ്രസ്സ് ചെയ്യുന്നില്ല

മി. സ്പീക്കർ ശ്രീ. എ.എം ആരിഫ് അവതരിപ്പിച്ച 112 -ാം നമ്പർ ഭേദഗതി നിരാകരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 113,117,118 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സുരേഷ് കുറുപ്പ് : പ്രസ്സ് ചെയ്യുന്നില്ല

മി. സ്പീക്കർ : ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച ഭേദഗതികൾ നിരാകരിച്ചു.

മി. സ്പീക്കർ : ശ്രീ. ബാബു എം. പാലിശ്ശേരി അവതരിപ്പിച്ച 114 -ാം ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ബാബു എം. പാലിശ്ശേരി : പ്രസ്സ് ചെയ്യുന്നില്ല

മി. സ്പീക്കർ ശ്രീ. ബാബു.എം. പാലിശ്ശേരി അവതരിപ്പിച്ച 112 -ാം നമ്പർ ഭേദഗതി നിരാകരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. കെ. ദാസൻ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ദാസൻ : പ്രസ്സ് ചെയ്യുന്നില്ല

മി. സ്പീക്കർ ശ്രീ. കെ. ദാസൻ അവതരിപ്പിച്ച 115 -ാം നമ്പർ ഭേദഗതി നിരാകരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ : സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 120 -ാം നമ്പർ ഭേദഗതി നിരാകരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ചന്ദ്രൻ : പ്രസ്സ് ചെയ്യുന്നു. സർ, ഖണ്ഡം 2(1)-ന് കൊടുത്ത ഭേദഗതി ഈ ബില്ലിൽ വായ്പയുടെ നിർവ്വചനത്തിന് പരിമിതമായിട്ടുള്ള വ്യാപ്തിയെ കൊടുത്തിട്ടുള്ളു ഇതുപോലുള്ള നിയമങ്ങൾ പ്രാല്യത്തിലുള്ള കർണ്ണാടക, തമിഴ്നാട്ടിലൊക്കെ ഈ രൂപത്തിലുള്ള നിരവധി കേസ്സുകൾ വന്നപ്പോൾ അതൊക്കെ വായ്പ വാങ്ങിയവർക്ക് എതിരായിട്ടാണ് വിധി വന്നത്. അതുകൊണ്ട് ഈ ഹയർ പർച്ചേയ്സ് സ്വകാര്യക്കുറികൾ സ്വർണ്ണാഭരണ പണയത്തിന്മേൽ പണം കടം കൊടുക്കുന്നവർ ഭേദഗതിയിൽ എഴുതി കൊടുത്ത

പ്രകാരമല്ല വന്നത്. ഇതുപോലെയാണ് ഞാന എഴുതി കൊടുത്തത്. അവരെ കൂടി ഈ വായ്പയുടെ പരിധിയിൽ ഉൾപ്പെടുത്തണം അതുകൊണ്ട് 122 ഭേദഗതി ഞാൻ പ്രസ്സ് ചെയ്യുകയാണ്. പോൾ ആവശ്യപ്പെടുന്നു.

( സഭാംഗങ്ങൾ താഴെ പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. എ. എ. അസീസ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. വി. ചെന്താമരാക്ഷൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. പി. കെ. ഗുരുദാസൻ
17. ശ്രീ. എം. ഹംസ
18. ശ്രീമതി ജമീലാ പ്രകാശം
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. കെ. കെ. ജയചന്ദ്രൻ
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. എളമരം കരീം
23. ശ്രീ. സി. കൃഷ്ണൻ
24. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
25. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
26. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
27. ശ്രീ. മാത്യു റ്റി. തോമസ്
28. ശ്രീ. സി. കെ. നാണു
29. ശ്രീ. കെ. കെ. നാരായണൻ
30. ശ്രീ. എ. പ്രദീപ്കുമാർ
31. ശ്രീ. പുരുഷൻ കടലുണ്ടി
32. ശ്രീ. പി. റ്റി. എ. റഹീം
33. ശ്രീ. എസ്. രാജേന്ദ്രൻ
34. ശ്രീ. ആർ. രാജേഷ്

35. ശ്രീ. റ്റി. വി. രാജേഷ്
36. ശ്രീ. രാജു എബ്രഹാം
37. ശ്രീ. മുല്ലക്കര രത്നാകരൻ
38. പ്രൊഫ. സി. രവീന്ദ്രനാഥ്
39. ശ്രീ. സി. കെ. സദാശിവൻ
40. ശ്രീ. സാജു പോൾ
41. ശ്രീ. വി. ശശി
42. ശ്രീ. എ. കെ. ശശീന്ദ്രൻ
43. ശ്രീ. ബി. സത്യൻ
44. ശ്രീ. വി. ശിവൻകുട്ടി
45. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
46. ശ്രീ. ജി. സുധാകരൻ
47. ശ്രീ. വി. എസ്. സുനിൽകുമാർ
48. ശ്രീ. കെ. സുരേഷ് കുറുപ്പ്
49. ശ്രീ. ഇ. കെ. വിജയൻ

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. ടി. എ. അഹ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. ടി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീ. പി. സി. ജോർജ്
21. ശ്രീ. ഹൈബി ഈഡൻ
22. ശ്രീമതി പി. കെ. ജയലക്ഷ്മി
23. ഡോ. എൻ. ജയരാജ്
24. ശ്രീ. കെ. സി. ജോസഫ്

25. ശ്രീ. പി. ജെ. ജോസഫ്
26. ശ്രീ. ജോസഫ് വാഴക്കൻ
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. റ്റി. യു. കുരുവിള
31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. പി. എ. മാധവൻ
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. എം. മാണി
35. ശ്രീ. കെ. പി. മോഹനൻ
36. ശ്രീ. മോൻസ് ജോസഫ്
37. ശ്രീ. സി. പി. മുഹമ്മദ്
38. ശ്രീ. ആര്യാടൻ മുഹമ്മദ്
39. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
40. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
41. ശ്രീ. ഉമ്മൻ ചാണ്ടി
42. ശ്രീ. അടൂർ പ്രകാശ്
43. ശ്രീ. റ്റി. എൻ. പ്രതാപൻ
44. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
45. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
46. ശ്രീ. പാലോട് രവി
47. ശ്രീ. റോഷി അഗസ്റ്റിൻ
48. ശ്രീ. എൻ. ശക്തൻ
49. ശ്രീ. വി. ഡി സതീശൻ
50. ശ്രീ. ഷാഫി പറമ്പിൽ
51. ശ്രീ. കെ. എം. ഷാജി
52. ശ്രീ. എൻ. ഷംസുദീൻ
53. ശ്രീ. ആർ. സെൽവരാജ്
54. ശ്രീ. ഷിബു ബേബി ജോൺ
55. ശ്രീ. കെ. ശിവദാസൻ നായർ
56. ശ്രീ. വി. എസ്. ശിവകുമാർ
57. ശ്രീ. സണ്ണി ജോസഫ്
58. ശ്രീ. സി. എഫ്. തോമസ്
59. ശ്രീ. പി. ഉബൈദുള്ള
60. ശ്രീ. എം. ഉമ്മർ
61. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
62. ശ്രീ. എം. എ. വാഹീദ്
63. ശ്രീ. എം. പി. വിൻസെന്റ്
64. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ- ആരുമില്ല

<u>മി. സ്പീക്കർ</u> : അനുകൂലിക്കുന്നവർ...........49

പ്രതികൂലിക്കുന്നവർ...........64

നിഷ്പക്ഷത പാലിക്കുന്നവർ.....ആരുമില്ല

**ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.**

2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. 2012- ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി: ആദ്യം ഈ ആക്ട് അടിച്ചുവന്നപ്പോൾ 'അധവർണ്ണനോ വീട്ടിലുള്ള ഭാര്യയോ ഭർത്താവോ മക്കളോ' എന്നൊക്കെ ചേർത്തിട്ടുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ സബ്ജക്ട് കമ്മിറ്റിക്ക് പോയിട്ട് വന്നപ്പോൾ 9-ാം വകുപ്പിൽ അത് ചേർത്തിട്ടേയില്ല. അങ്ങനെ വരുമ്പോൾ ഒരു കടക്കാരന് പ്രശ്നമുണ്ടായാൽ കടക്കാരനെ മാത്രമാണ് ഇത് ബാധിക്കുക. കടം ഈടാക്കാൻ വേണ്ടി വീട്ടുകാരെ വല്ലാതെ ഉപദ്രവിക്കുന്ന സ്ഥിതി ഉണ്ടാകും. ഇതിൽ ഐ എന്ന ഭേദഗതിയായി 'കുടുംബം' എന്നുകൂടി ചേർക്കണം. അല്ലെങ്കിൽ എന്ത് ചെയ്യാൻ കഴിയും എന്നുള്ള പ്രശ്നം വരും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല എന്ന് നേരത്തെ പറഞ്ഞുകഴിഞ്ഞു.

ശ്രീമതി പി. അയിഷാപോറ്റി, അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി പി. അയിഷാപോറ്റി: ഞാൻ പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. എ. എ. അസീസ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. വി. ചെന്താമരാക്ഷൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. പി. കെ. ഗുരുദാസൻ
18. ശ്രീ. എം. ഹംസ
19. ശ്രീമതി ജമീലാ പ്രകാശം
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. കെ. കെ. ജയചന്ദ്രൻ
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. എളമരം കരീം
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
26. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
27. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
28. ശ്രീ. മാത്യു റ്റി. തോമസ്
29. ശ്രീ. സി. കെ. നാണു
30. ശ്രീ. കെ. കെ. നാരായണൻ
31. ശ്രീ. എ. പ്രദീപ്കുമാർ
32. ശ്രീ. പുരുഷൻ കടലുണ്ടി
33. ശ്രീ. പി. റ്റി. എ. റഹീം
34. ശ്രീ. എസ്. രാജേന്ദ്രൻ
35. ശ്രീ. ആർ. രാജേഷ്
36. ശ്രീ. റ്റി. വി. രാജേഷ്
37. ശ്രീ. കെ. രാജു

38. ശ്രീ. രാജു എബ്രഹാം
39. ശ്രീ. മുല്ലക്കര രത്നാകരൻ
40. പ്രൊഫ. സി. രവീന്ദ്രനാഥ്
41. ശ്രീ. സി. കെ. സദാശിവൻ
42. ശ്രീ. സാജു പോൾ
43. ശ്രീ. എസ്. ശർമ്മ
44. ശ്രീ. വി. ശശി
45. ശ്രീ. എ. കെ. ശശീന്ദ്രൻ
46. ശ്രീ. ബി. സത്യൻ
47. ശ്രീ. വി. ശിവൻകുട്ടി
48. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
49. ശ്രീ. ജി. സുധാകരൻ
50. ശ്രീ. വി. എസ്. സുനിൽകുമാർ
51. ശ്രീ. കെ. സുരേഷ് കുറുപ്പ്
52. ശ്രീ. ഇ. കെ. വിജയൻ

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. ടി. എ. അഹ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. ടി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീ. പി. സി. ജോർജ്
21. ശ്രീ. ഹൈബി ഈഡൻ
22. ശ്രീമതി പി. കെ. ജയലക്ഷ്മി
23. ഡോ. എൻ. ജയരാജ്
24. ശ്രീ. കെ. സി. ജോസഫ്

25. ശ്രീ. പി. ജെ. ജോസഫ്
26. ശ്രീ. ജോസഫ് വാഴക്കൻ
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. റ്റി. യു. കുരുവിള
31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. പി. എ. മാധവൻ
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. എം. മാണി
35. ശ്രീ. കെ. പി. മോഹനൻ
36. ശ്രീ. മോൻസ് ജോസഫ്
37. ശ്രീ. സി. പി. മുഹമ്മദ്
38. ശ്രീ. ആര്യാടൻ മുഹമ്മദ്
39. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
40. ശ്രീ. കെ. മുരളീധരൻ
41. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
42. ശ്രീ. ഉമ്മൻ ചാണ്ടി
43. ശ്രീ. അടൂർ പ്രകാശ്
44. ശ്രീ. റ്റി. എൻ. പ്രതാപൻ
45. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
46. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
47. ശ്രീ. പാലോട് രവി
48. ശ്രീ. റോഷി അഗസ്റ്റിൻ
49. ശ്രീ. വി. പി. സജീന്ദ്രൻ
50. ശ്രീ. എൻ. ശക്തൻ
51. ശ്രീ. വി. ഡി സതീശൻ
52. ശ്രീ. ഷാഫി പറമ്പിൽ
53. ശ്രീ. കെ. എം. ഷാജി
54. ശ്രീ. എൻ. ഷംസുദീൻ
55. ശ്രീ. ആർ. സെൽവരാജ്
56. ശ്രീ. ഷിബു ബേബി ജോൺ
57. ശ്രീ. കെ. ശിവദാസൻ നായർ
58. ശ്രീ. വി. എസ്. ശിവകുമാർ
59. ശ്രീ. സണ്ണി ജോസഫ്
60. ശ്രീ. സി. എഫ്. തോമസ്
61. ശ്രീ. പി. ഉബൈദുള്ള
62. ശ്രീ. എം. ഉമ്മർ
63. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
64. ശ്രീ. എം. എ. വാഹീദ്
65. ശ്രീ. എം. പി. വിൻസെന്റ്
66. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ- ആരുമില്ല

മി. സ്പീക്കർ: ശ്രീമതി പി. അയിഷാപോറ്റി അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ............... 52

പ്രതികൂലിക്കുന്നവർ.............. 66

നിഷ്പക്ഷത പാലിക്കുന്നവർ- ആരുമില്ല

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ

മി. സ്പീക്കർ: അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങ് നേരത്തെ നൽകിയ റൂളിംഗ് പ്രകാരം ഐ-പാഡ് ഉപയോഗിക്കാം. നേരത്തെ അവിടെനിന്ന് ഒരു ഫ്ളാഷ് മിന്നുന്നതുകണ്ടു. ഫോട്ടോ എടുക്കാൻ പാടുണ്ടോ? അതിനെക്കുറിച്ച് ഒരു റൂളിംഗ് വേണം. ഐ-പാഡ് ഉപയോഗിക്കുമ്പോൾ വേണമെങ്കിൽ ഫോട്ടോ എടുക്കാം. ഫ്ളാഷ് മിന്നുന്നത് കണ്ടു. ഫോട്ടോ എടുത്തതാണോ എന്ന് സംശയമുണ്ട്. അങ്ങനെ സഭയ്ക്കുള്ളിൽഫോട്ടോ എടുക്കാൻ പാടുണ്ടോ എന്നതിനെ സംബന്ധിച്ച് റൂളിംഗ് വേണം.

മി. സ്പീക്കർ: ഫോട്ടോ എടുക്കാൻ പാടില്ല. നിയമസഭ നടപടി ക്രമങ്ങളിൽ ചർച്ചകൾക്ക് ഉപയോഗപ്രദമായി ഉപയോഗിക്കുന്നതിനുവേണ്ടി മാത്രമാണെന്ന് വളരെ വ്യക്തമായി ശുദ്ധമായ മലയാള ഭാഷയിൽ പറഞ്ഞിരുന്നു. Between the lines –ലും ചില കാര്യങ്ങൾ പറഞ്ഞു.

ദേഗഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............................................

പ്രതികൂലിക്കുന്നവർ ............................................

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വകുപ്പ്**

ശ്രീ എ. എ. അസീസ്: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

127: ഖണ്ഡം 3-ൽ "യാതൊരാളും അയാൾ" എന്നീ വാക്കുകൾക്ക് പകരം "യാതൊരാളോ സ്ഥാപനമോ, ഒന്നിൽ കൂടുതൽ ആളുകൾ ഉൾപ്പെടുന്ന സംഘമോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

128: ഖണ്ഡം 3 - ന്റെ അവസാനം താഴെപ്പറയുന്ന വാക്കുകൾ കൂട്ടിച്ചേർക്കുക:

"വായ്പയ്ക്ക് ഈടായി എന്തെങ്കിലും സ്ഥാവരജംഗമ വസ്തുക്കൾ, ചെക്കുകൾ, പ്രോമിസറിനോട്ട് മുതലായവ വാങ്ങാൻ പാടില്ലാത്തതാകുന്നു".

ശ്രീ. ടി. എ. അഹ്മദ് കബീർ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

129: ഖണ്ഡം (3) താഴെപ്പറയും പ്രകാരം മാറ്റുക

"3. അമിതപലിശ ഈടാക്കുന്നതിനുള്ള നിരോധനം- ഒരാളുംഅയാൾ നല്കുന്ന ഏതുവിധത്തിലുള്ള വായ്പയിന്മേലും അമിതപലിശ ഈടാക്കാൻ പാടില്ലാത്തതാകുന്നു".

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഭേദഗതികൾ സ്വീകാര്യമല്ല. ഭേദഗതികളുടെ ആവശ്യമില്ല. നിലവിലുള്ള പ്രൊവിഷൻ പര്യാപ്തമാണ്.

മി.സ്പീക്കർ: ശ്രീ എ.എ. അസീസ് അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. എ. അഹ്മദ് കബീർ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................................................

പ്രതികൂലിക്കുന്നവർ .................................................

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ്**

ശ്രീ. എം. ചന്ദ്രൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

130: ഖണ്ഡം 3-ന് ശേഷം താഴെപ്പറയുന്ന ഖണ്ഡം കൂട്ടിച്ചേർക്കുകയും തുടർന്നുവരുന്ന ഖണ്ഡങ്ങൾ അതനുസരിച്ച് ക്രമപ്പെടുത്തുകയും ചെയ്യുക:

"4. അമിതപലിശയ്ക്ക് പണം ലഭ്യമാക്കാമെന്ന വാഗ്ദാനം നടത്തുന്നതിനുള്ള നിരോധനം.-യാതൊരാളും അമിതപലിശയ്ക്ക് പണം ലഭ്യമാക്കാ

മെന്ന വാഗ്ദാനം നടത്തുകയോ പരസ്യപ്പെടുത്തുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു".

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പുതിയ വകുപ്പിന്റെ ആവശ്യമില്ല.

മി. സ്പീക്കർ: പ്രസ്തുത ഭേദഗതി ബില്ലിന്റെ ഭാഗമല്ലാത്തതിനാൽ അഡോപ്റ്റ് ചെയ്യേണ്ടതില്ല.

ശ്രീ. എം ചന്ദ്രൻ അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

**നാലാം വകുപ്പ്**

ശ്രീ എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

131 : ഖണ്ഡം 4 -ൽ താഴെപ്പറയും പ്രകാരം മാറ്റുക

"4. കുറ്റങ്ങൾ വാറണ്ടില്ലാതെയുള്ള അറസ്റ്റിനുവിധേയവും ജാമ്യം കൊടുക്കാവുന്നതല്ലാത്തതും ആയിരിക്കും.- ഈ നിയമപ്രകാരമുള്ള ഏതു കുറ്റവും വാറണ്ടില്ലാതെയുള്ള അറസ്റ്റിന് വിധേയവും ജാമ്യം കൊടുക്കാവുന്നതല്ലാത്തതും ആയിരിക്കുന്നതാണ്".

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എൻ.എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നാലാം വകുപ്പിനെ സംബന്ധിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ച പ്രശ്നം നിലനിൽക്കുമോ എന്ന് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഒന്നും പറഞ്ഞിട്ടില്ല.

ശ്രീ. കെ.എം. മാണി:: സർ, നോൺ ബെയിലബിൾ എന്നുപറഞ്ഞാൽ ജാമ്യം ഇല്ല എന്നുള്ളതല്ല. നോൺ ബെയിലബിൾ എന്നുപറഞ്ഞാൽ കോടതിയിൽനിന്ന് ജാമ്യം എടുക്കാം, പോലീസ് സ്റ്റേഷനിൽ നിന്ന് ജാമ്യം എടുക്കുന്നത് ബെയിലബിളാണ്. കോടതിയിൽപോയി ജാമ്യം എടുക്കട്ടെ.

മി. സ്പീക്കർ: നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..........................................

പ്രതികൂലിക്കുന്നവർ ..........................................

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## അഞ്ചാം വകുപ്പ്

ശ്രീ. എ.എ. അസീസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

132. ഖണ്ഡം 5(1) ൽ "ഏതെങ്കിലും ആളിൽ നിന്ന് " എന്നീ വാക്കുകൾക്ക് പകരം "ഏതെങ്കിലും ആളിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഒന്നിൽ കൂടുതൽ ആളുകൾ ഉൾപ്പെടുന്ന സംഘത്തിൽ നിന്നോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ.കെ. ജയചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

133. ഖണ്ഡം 5(1) ൽ "കെട്ടിവച്ച " എന്ന വാക്കിന് പകരം "കണക്കാക്കിയ" എന്ന വാക്ക് ചേർക്കുക.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

134. ഖണ്ഡം 5(1) ൽ "അധികാരിതയുള്ള" എന്ന വാക്കിനു പകരം "നിയമാധികാരമുള്ള" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

135. ഖണ്ഡം 5(1) ൽ "കെട്ടിവയ്ക്കാവുന്നതാണ് " എന്ന വാക്കിന് പകരം "കെട്ടിവയ്ക്കേണ്ടതാണ് " എന്ന വാക്ക് ചേർക്കുക.

137. ഖണ്ഡം 5(2) - ൽ "പതിനഞ്ച്" എന്ന വാക്കിനു പകരം "മുപ്പത്" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

136. ഖണ്ഡം 5(1) താഴെപ്പറയും പ്രകാരം മാറ്റുക.

"(1) കോടതി മുമ്പാകെ പണം കെട്ടിവച്ച് ഹർജി സമർപ്പിക്കുന്നതിനുള്ള നടപടി ക്രമം:- ഒരു ഋണവാന് അയാൾ ഏതൊരാളിൽ നിന്നും വായ്പയായി സ്വീകരിച്ച പണം പൂർണ്ണമായോ, ഭാഗികമായോ 1958- ലെ പണം കടം കൊടുപ്പുകാർ ആക്ടിന്റെ (1958-ലെ 35) 7-ാം വകുപ്പ് 1-ാം ഉപവകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള നിരക്കിൽ നാളിതുവരെയുള്ള

പലിശയും ചേർത്ത് അധികാരികതയുള്ള കോടതിയിൽ കെട്ടിവയ്ക്കാവുന്നതും, അയാൾ കെട്ടിവച്ച തുകയുടെ വിവരവും അത് -

പൂർണ്ണമോ, ഭാഗികമോ ആയ വായ്പയും നാളിതുവരെയുള്ള പലിശയും ചേർന്നതാണെന്നും ആയത് യഥാവിധി പൂർണ്ണമായോ, ഭാഗികമായോ കൊടുത്തുതീർത്തതായി രേഖപ്പെടുത്തണമെന്നും അപേക്ഷിച്ചുകൊണ്ടുള്ള ഒരു ഹർജിയും അതോടൊപ്പം നൽകാവുന്നതാണ്."

ശ്രീ. സി. കൃഷ്ണൻ: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

138. ഖണ്ഡം 5(2) താഴെപ്പറയും പ്രകാരം മാറ്റുക.

"(1)-ാം ഉപവകുപ്പനുസരിച്ച് കോടതിയിൽ പണം കെട്ടിവച്ചാൽ കോടതി തീർപ്പാക്കും പ്രകാരം വായ്പയും അതിന്റെ പലിശയും യഥാവിധി പൂർണ്ണമായോ ഭാഗികമായോ കൊടുത്തു തീർത്തതായി കണക്കാക്കുന്നതാണ്."

ശ്രീ. സി. മമ്മൂട്ടി: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

139. ഖണ്ഡം 5(2) താഴെപ്പറയും പ്രകാരം മാറ്റുക.

"(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു ഹർജി ലഭിച്ചാൽ, കോടതി, കേസിനെ സംബന്ധിച്ച് ഹർജിയിൽ സൂചിപ്പിച്ചിട്ടുള്ള ആൾക്ക് എന്താണ് പറയാനുള്ളത് അത് പതിനഞ്ച് ദിവസത്തിനകമോ, കോടതി അനുവദിച്ചേക്കാവുന്ന അധിക സമയത്തിനകമോ രേഖാമൂലം നൽകുവാൻ നിർദ്ദേശിച്ചുകൊ് അയാൾക്ക് ഹർജിയുടെ ഒരു പകർപ്പ് നൽകേണ്ടതാണ്. കോടതിക്ക് ആവശ്യ

മെന്നു തോന്നുന്ന അന്വേഷണത്തിനും കക്ഷികളുടെ ഭാഷ്യം പരിഗണിച്ച തിനുശേഷം വായ്പയും അതിന്റെ പലിശയും യഥാവിധി പൂർണ്ണമായോ ഭാഗികമായോ കൊടുത്തുതീർത്തതായി രേഖപ്പെടുത്തിക്കൊണ്ട് ഉത്തരവ് പാസ്സാക്കാവുന്നതാണ്."

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, നിലവിലുള്ള വ്യവസ്ഥ മതിയാകും. ഭേദഗതി കളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എ.എ. അസീസ് അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ.കെ. ജയചന്ദ്രൻ അവതരിപ്പിച്ച 133-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഹംസ, അവതരിപ്പിച്ച 134, 137 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. സി. കൃഷ്ണൻ, അങ്ങയുടെ 138-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുവോ?

ശ്രീ. സി. കൃഷ്ണൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു. കോടതിക്ക് സ്വീകരിക്കാവുന്ന നടപടികളെ സംബന്ധിച്ചാണ് ബില്ലിന്റെ ഭാഗമായി പറഞ്ഞിട്ടുള്ളത്. അതിൽ കൊടുത്തിട്ടുള്ള ഭേദഗതി "കോടതിയിൽ പണം കെട്ടിവച്ചാൽ കോടതി തീർപ്പാക്കും പ്രകാരം വായ്പയും അതിന്റെ പലിശയും യഥാവിധി പൂർണ്ണമായോ ഭാഗികമായോ കൊടുത്തു തീർത്തതായി കണക്കാക്കുന്നതാണ്." എന്ന ഭേദഗതി അംഗീകരിക്കണമെന്നാണ് എന്റെ നിർദ്ദേശം.

എന്റെ 138-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 54

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. എ. എ. അസീസ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. എം. എ. ബേബി
8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ
13. ശ്രീ. കെ. ദാസൻ

14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. പി. കെ. ഗുരുദാസൻ
19. ശ്രീ. എം. ഹംസ
20. ശ്രീമതി ജമീലാ പ്രകാശം
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. കെ. കെ. ജയചന്ദ്രൻ
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. എളമരം കരീം
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
27. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
28. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
29. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
30. ശ്രീ. മാത്യു റ്റി. തോമസ്
31. ശ്രീ. സി. കെ. നാണു
32. ശ്രീ. കെ. കെ. നാരായണൻ
33. ശ്രീ. എ. പ്രദീപ്കുമാർ
34. ശ്രീ. പുരുഷൻ കടലുണ്ടി
35. ശ്രീ. പി. റ്റി. എ. റഹീം
36. ശ്രീ. എസ്. രാജേന്ദ്രൻ
37. ശ്രീ. ആർ. രാജേഷ്
38. ശ്രീ. റ്റി. വി. രാജേഷ്
39. ശ്രീ. കെ. രാജു
40. ശ്രീ. രാജു എബ്രഹാം
41. ശ്രീ. മുല്ലക്കര രത്നാകരൻ
42. പ്രൊഫ. സി. രവീന്ദ്രനാഥ്
43. ശ്രീ. സി. കെ. സദാശിവൻ

44. ശ്രീ. സാജു പോൾ
45. ശ്രീ. എസ്. ശർമ്മ
46. ശ്രീ. വി. ശശി
47. ശ്രീ. എ. കെ. ശശീന്ദ്രൻ
48. ശ്രീ. ബി. സത്യൻ
49. ശ്രീ. വി. ശിവൻകുട്ടി
50. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
51. ശ്രീ. ജി. സുധാകരൻ
52. ശ്രീ. വി. എസ്. സുനിൽകുമാർ
53. ശ്രീ. കെ. സുരേഷ് കുറുപ്പ്
54. ശ്രീ. ഇ. കെ. വിജയൻ

പ്രതികൂലിക്കുന്നവർ - 66

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. ടി. എ. അഹ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. ടി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ

17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീ. പി. സി. ജോർജ്ജ്
21. ശ്രീ. ഹൈബി ഈഡൻ
22. ശ്രീമതി പി. കെ. ജയലക്ഷ്മി
23. ഡോ. എൻ. ജയരാജ്
24. ശ്രീ. കെ. സി. ജോസഫ്
25. ശ്രീ. പി. ജെ. ജോസഫ്
26. ശ്രീ. ജോസഫ് വാഴക്കൻ
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. റ്റി. യു. കുരുവിള
31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. പി. എ. മാധവൻ
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. എം. മാണി
35. ശ്രീ. കെ. പി. മോഹനൻ
36. ശ്രീ. മോൻസ് ജോസഫ്
37. ശ്രീ. സി. പി. മുഹമ്മദ്
38. ശ്രീ. ആര്യാടൻ മുഹമ്മദ്
39. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
40. ശ്രീ. കെ. മുരളീധരൻ
41. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
42. ശ്രീ. ഉമ്മൻ ചാണ്ടി
43. ശ്രീ. അടൂർ പ്രകാശ്
44. ശ്രീ. റ്റി. എൻ. പ്രതാപൻ
45. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

46. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
47. ശ്രീ. പാലോട് രവി
48. ശ്രീ. റോഷി അഗസ്റ്റിൻ
49. ശ്രീ. വി. പി. സജീന്ദ്രൻ
50. ശ്രീ. എൻ. ശക്തൻ
51. ശ്രീ. വി. ഡി സതീശൻ
52. ശ്രീ. ഷാഫി പറമ്പിൽ
53. ശ്രീ. കെ. എം. ഷാജി
54. ശ്രീ. എൻ. ഷംസുദീൻ
55. ശ്രീ. ആർ. സെൽവരാജ്
56. ശ്രീ. ഷിബു ബേബി ജോൺ
57. ശ്രീ. കെ. ശിവദാസൻ നായർ
58. ശ്രീ. വി. എസ്. ശിവകുമാർ
59. ശ്രീ. സണ്ണി ജോസഫ്
60. ശ്രീ. സി. എഫ്. തോമസ്
61. ശ്രീ. പി. ഉബൈദുള്ള
62. ശ്രീ. എം. ഉമ്മർ
63. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
64. ശ്രീ. എം. എ. വാഹീദ്
65. ശ്രീ. എം. പി. വിൻസെന്റ്
66. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: ശ്രീ. സി. കൃഷ്ണൻ അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ - 54

പ്രതികൂലിക്കുന്നവർ - 66

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..............

പ്രതികൂലിക്കുന്നവർ ..................

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ആറാം വകുപ്പ്**

ഡോ. എൻ. ജയരാജ്: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

140 ഖണ്ഡം 6-ൽ, "പലിശയുടെയോ" "ഏതെങ്കിലും ആൾ" എന്നീ വാക്കുകൾക്കു പകരം "ക്രമ പലിശയുടെയോ", "അതതു സംഗതിപൊലെ കെട്ടിവച്ചാൽ ഉത്തമർണ്ണൻ" എന്നീ വാക്കുകൾ യഥാക്രമം ചേർക്കുക.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

141 ഖണ്ഡം 6-ൽ "വസ്തു" എന്ന വാക്കിനു ശേഷം "ചെക്കുകളും പ്രോമിസറി നോട്ടുകളും ഉൾപ്പെടെ"എന്നീ വാക്കുകൾ ചേർക്കുക

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

142 ഖണ്ഡം 6-ൽ, "കൈവശം പുനസ്ഥാപിച്ച് നൽകുവാൻ കോടതിക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "ഉടമസ്ഥത കോടതി മുഖേന തിരിച്ച് ലഭിക്കുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുക

സർ, ഇവിടെ "കൈവശം പുനസ്ഥാപിച്ച് നൽകുവാൻ കോടതിക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്" എന്നത് കോടതിക്കുള്ള ഡയറക്ഷൻപോലെ തോന്നുന്നു. അത് ശരിയാണോ? ഒരു നിയമത്തിലൂടെ കോടതിക്ക് ഡയറക്ഷൻ കൊടുക്കാൻ അധികാരമുണ്ടോ?

ശ്രീ. കെ. എം. മാണി: സർ, നമ്മുടെ നിയമങ്ങളിൽ കോടതികൾ ഇന്നയിന്ന കാര്യങ്ങൾ എന്ന് പറയും. കോടതികൾ ആക്ട് ചെയ്യേത് നിയമങ്ങളുടെ അടിസ്ഥാനത്തിലാണ്. പാർലമെന്റ്/നിയമസഭ പാസാക്കിയ നിയമത്തിനകത്തുനിന്നാണ് കോടതികൾ ഓരോ കേസും തീരുമാനിക്കുന്നത്. കോടതിയുടെ അധികാരങ്ങളും ഈ നിയമത്തിൽ കോടതികൾക്ക് കൊടുക്കുന്ന അധികാരങ്ങളും നമുക്ക് പറയാം. അവരുടെ അധികാരം കവർന്നെടുക്കാതിരുന്നാൽ മതി. ഇതിൽ നിലവിലുള്ള വ്യവസ്ഥ മതിയാകും. ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..............

പ്രതികൂലിക്കുന്നവർ ..................

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഏഴാം വകുപ്പ്**

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

143. ഖണ്ഡം 7 -ൽ "അമിതപലിശ ഈടാക്കുന്ന" എന്നീ വാക്കുകൾക്ക് പകരം "അമിതപലിശയ്ക്ക് വായ്പ നല്കിയിരുന്ന" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ : ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

144. ഖണ്ഡം 7 -ൽ "ഈ ആക്റ്റ് നിലവിൽ വരുന്ന " എന്നീ വാക്കുകൾക്ക് പകരം "2012 -ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ഓർഡിനൻസ് (2012-ലെ 53) പ്രാബല്യത്തിൽ വന്ന" എന്നീ വാക്കുകളും, അക്കങ്ങളും ബ്രാക്കറ്റും ചേർക്കുക.

ശ്രീ. സി. പി. മുഹമ്മദ്: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

145. ഖണ്ഡം 7 -ൽ "ഒരു മാസത്തിനകം " എന്നീ വാക്കുകൾക്ക് പകരം "നാല്പത്തിയഞ്ച് ദിവസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ് : ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

146. ഖണ്ഡം 7 -ൽ "ഒരു മാസത്തിനകം " എന്നീ വാക്കുകൾക്ക് പകരം " അൻപതു ദിവസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ : ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

147. ഖണ്ഡം 7 -ൽ "ഒരു മാസത്തിനകം " എന്നീ വാക്കുകൾക്ക് പകരം " രണ്ട് മാസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി.ഡി.സതീശൻ: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

148. ഖണ്ഡം 7-ൽ "ഒരു മാസത്തിനകം" എന്നീ വാക്കുകൾക്ക് പകരം "രണ്ട് മാസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

149. ഖണ്ഡം 7-ൽ "ഒരു മാസത്തിനകം" എന്നീ വാക്കുകൾക്ക് പകരം "എഴുപത്തഞ്ച് ദിവസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. റ്റി.എൻ. പ്രതാപൻ: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

150. ഖണ്ഡം 7-ൽ "ഒരു മാസത്തിനകം" എന്നീ വാക്കുകൾക്ക് പകരം "മൂന്ന് മാസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

:

ശ്രീ. പാലോട് രവി : ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

151. ഖണ്ഡം 7-ൽ "ഒരു മാസത്തിനകം" എന്നീ വാക്കുകൾക്ക് പകരം "എൺപത് ദിവസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വർക്കല കഹാർ : ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

152. ഖണ്ഡം 7-ൽ "ഒരു മാസത്തിനകം" എന്നീ വാക്കുകൾക്ക് പകരം "മൂന്നു മാസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ.മുരളീധരൻ: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

153. ഖണ്ഡം 7-ൽ "ഒരു മാസത്തിനകം" എന്നീ വാക്കുകൾക്ക് പകരം "നൂറ് ദിവസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ജോസഫ് വാഴക്കൻ : ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

154. ഖണ്ഡം 7-ൽ "ഒരു മാസത്തിനകം" എന്നീ വാക്കുകൾക്ക് പകരം "നൂറ്റിപത്ത് ദിവസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

155. ഖണ്ഡം 7-ൽ "ഒരു മാസത്തിനകം" എന്നീ വാക്കുകൾക്ക് പകരം "നാലു മാസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക

ശ്രീ. പുരുഷൻ കടലുണ്ടി : ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 7-ൽ "ആയിരിക്കേതും" എന്ന വാക്കിനുശേഷം "അതുവരെ ഈടാക്കിയ അമിത പലിശ വായ്പ തുകയിലേക്ക് വകവയ്ക്കേതും" എന്നീ വാക്കുകൾ ചേർക്കുക

സർ, ഒന്നാം ഉപവകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള നിരക്കിൽ ആയിരിക്കേതും ആ വാക്കിനുശേഷം അതുവരെ ഈടാക്കിയ അമിത പലിശ വായ്പത്തുകയിലേയ്ക്ക് വകവയ്ക്കേണ്ടതാണ് എന്ന തിരുത്തൽ വേണം. നാലും അഞ്ചും വർഷം കഴിഞ്ഞിട്ടായിരിക്കും ഇങ്ങനെയൊരു തീരുമാനത്തിലെത്തുക. അതുകൊണ്ട് അമിതമായി ഈടാക്കിയ പലിശ ഈ മുതലിലേയ്ക്ക് വരുത്തണം. അങ്ങനെ മാത്രമേ നീതികിട്ടുകയുള്ളൂ.

ശ്രീ. കെ. കെ. നാരായണൻ : ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

158. ഖണ്ഡം 7 ൽ "സ്വീകരിക്കാൻ" എന്ന വാക്കിന് പകരം "എടുക്കുവാനോ തുടരുവാനോ" എന്നീ വാക്കുകൾ ചേർക്കുക

ശ്രീ. കെ.എം. മാണി: സർ, മണി ലെൻഡേഴ്സ് ആക്ട് നിലനിൽക്കുകയാണ്. അമിതമായി വാങ്ങിയത് തിരിച്ചുകൊടുക്കും. തിരിച്ചുകൊടുക്കുന്നത് മുതലിലേയ്ക്ക് വകവയ്ക്കണം. അതിന് മുതലിലേയ്ക്ക് വേണമെന്ന് എടുത്ത് പറയേണ്ട കാര്യമില്ല. അമിതമായിട്ടുള്ളത് തിരിച്ചുകൊടുക്കും. അത് മണി ലെൻഡേഴ്സ് ആക്ടിൽ വ്യവസ്ഥ നിലനിൽക്കുകയാണ്. ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

കെ. മുരളീധരൻ അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

മി. സ്പീക്കർ: ശ്രീ. പുരുഷൻ കടലുണ്ടി അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുവോ?

ശ്രീ. പുരുഷൻ കടലുണ്ടി: പ്രസ്സ് ചെയ്യുന്നു. എന്റെ 157-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ: -53

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്

4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. എ. എ. അസീസ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. എം. എ. ബേബി
8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. പി. കെ. ഗുരുദാസൻ
19. ശ്രീ. എം. ഹംസ
20. ശ്രീമതി ജമീലാ പ്രകാശം
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. കെ. കെ. ജയചന്ദ്രൻ
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. എളമരം കരീം
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
27. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
28. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
29. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
30. ശ്രീ. മാത്യു റ്റി. തോമസ്
31. ശ്രീ. സി. കെ. നാണു
32. ശ്രീ. കെ. കെ. നാരായണൻ
33. ശ്രീ. എ. പ്രദീപ്കുമാർ

34. ശ്രീ. പുരുഷൻ കടലുണ്ടി
35. ശ്രീ. പി. റ്റി. എ. റഹീം
36. ശ്രീ. എസ്. രാജേന്ദ്രൻ
37. ശ്രീ. ആർ. രാജേഷ്
38. ശ്രീ. റ്റി. വി. രാജേഷ്
39. ശ്രീ. കെ. രാജു
40. ശ്രീ. രാജു എബ്രഹാം
41. ശ്രീ. മുല്ലക്കര രത്നാകരൻ
42. പ്രൊഫ. സി. രവീന്ദ്രനാഥ്
43. ശ്രീ. സി. കെ. സദാശിവൻ
44. ശ്രീ. സാജു പോൾ
45. ശ്രീ. എസ്. ശർമ്മ
46. ശ്രീ. വി. ശശി
47. ശ്രീ. എ. കെ. ശശീന്ദ്രൻ
48. ശ്രീ. ബി. സത്യൻ
49. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
50. ശ്രീ. ജി. സുധാകരൻ
51. ശ്രീ. വി. എസ്. സുനിൽകുമാർ
52. ശ്രീ. കെ. സുരേഷ് കുറുപ്പ്
53. ശ്രീ. ഇ. കെ. വിജയൻ

<u>പ്രതികൂലിക്കുന്നവർ -67</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. ടി. എ. അഹ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി

8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. ടി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീ. പി. സി. ജോർജ്
21. ശ്രീ. ഹൈബി ഈഡൻ
22. ശ്രീമതി പി. കെ. ജയലക്ഷ്മി
23. ഡോ. എൻ. ജയരാജ്
24. ശ്രീ. കെ. സി. ജോസഫ്
25. ശ്രീ. പി. ജെ. ജോസഫ്
26. ശ്രീ. ജോസഫ് വാഴക്കൻ
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. റ്റി. യു. കുരുവിള
31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. പി. എ. മാധവൻ
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. എം. മാണി
35. ശ്രീ. കെ. പി. മോഹനൻ
36. ശ്രീ. മോൻസ് ജോസഫ്

37. ശ്രീ. സി. പി. മുഹമ്മദ്
38. ശ്രീ. ആര്യാടൻ മുഹമ്മദ്
39. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
40. ഡോ.എം. കെ. മുനീർ
41. ശ്രീ. കെ. മുരളീധരൻ
42. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
43. ശ്രീ. ഉമ്മൻ ചാി
44. ശ്രീ. അടൂർ പ്രകാശ്
45. ശ്രീ. റ്റി. എൻ. പ്രതാപൻ
46. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
47. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
48. ശ്രീ. പാലോട് രവി
49. ശ്രീ. റോഷി അഗസ്റ്റിൻ
50. ശ്രീ. വി. പി. സജീന്ദ്രൻ
51. ശ്രീ. എൻ. ശക്തൻ
52. ശ്രീ. വി. ഡി സതീശൻ
53. ശ്രീ. ഷാഫി പറമ്പിൽ
54. ശ്രീ. കെ. എം. ഷാജി
55. ശ്രീ. എൻ. ഷംസുദീൻ
56. ശ്രീ. ആർ. സെൽവരാജ്
57. ശ്രീ. ഷിബു ബേബി ജോൺ
58. ശ്രീ. കെ. ശിവദാസൻ നായർ
59. ശ്രീ. വി. എസ്. ശിവകുമാർ
60. ശ്രീ. സണ്ണി ജോസഫ്
61. ശ്രീ. സി. എഫ്. തോമസ്
62. ശ്രീ. പി. ഉബൈദുള്ള
63. ശ്രീ. എം. ഉമ്മർ
64. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
65. ശ്രീ. എം. എ. വാഹീദ്
66. ശ്രീ. എം. പി. വിൻസെന്റ്

67. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ - 53

പ്രതികൂലിക്കുന്നവർ - 67

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. കെ. നാരായണൻ അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

P-17-12-12- AC-SD-3

02.10-02.20

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ

പ്രതികൂലിക്കുന്നവർ

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

ശ്രീ. പി. റ്റി. എ. റഹീം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

(159). ഖണ്ഡം 8-ൽ “ വായ്പയിലേയ്ക്ക് വയ്ക്കുന്നതിന് കോടതിക്ക് ഒരു ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.” എന്നീ വാക്കുകൾക്ക്

പകരം കോടതിയുത്തരവനുസരിച്ച് വായ്പാ തുകയിലേയ്ക്ക് വക വയ്ക്കുന്നതാണ്." എന്നീ വാക്കുകൾ ചേർക്കുക.

ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി നേരത്തേ പറഞ്ഞത്, നിയമസഭ പാസ്സാക്കുന്ന നിയമമനുസരിച്ച് കോടതികൾ ആക്ട് ചെയ്യണമെന്നാണ്. ഇതിൽ പറയുന്നത് വായ്പയിൽ 2 ശതമാനത്തിലധികം റിസർവ് ബാങ്കിന്റെ നിരക്കിൽ കൊടുത്തിട്ടുള്ള തുക മൊത്തം സംഖ്യയിലേയ്ക്ക് വരവ് വയ്ക്കാൻ കോടതിക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്നാണ് പറയുന്നത്. അതിനുപകരം നിർബന്ധമായി ഒരു നിയമമായി കൊണ്ടുവന്നാൽ കോടതിക്ക് ഓപ്ഷൻ ഉണ്ടാകില്ല. അതുകൊണ്ട് കൃത്യമായി നിർവ്വചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. എം. മാണി : ഭേദഗതി അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. പി. റ്റി. എ. റഹീം അങ്ങയുടെ 159-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. റ്റി. എ. റഹീം: സർ ഞാൻ പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ: -53

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. എ. എ. അസീസ്
6. ശ്രീ. ബാബു എം. പാലിശ്ശേരി

7. ശ്രീ. എം. എ. ബേബി
8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. പി. കെ. ഗുരുദാസൻ
19. ശ്രീ. എം. ഹംസ
20. ശ്രീമതി ജമീലാ പ്രകാശം
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. കെ. കെ. ജയചന്ദ്രൻ
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. എളമരം കരീം
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
27. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
28. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
29. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
30. ശ്രീ. മാത്യു റ്റി. തോമസ്
31. ശ്രീ. സി. കെ. നാണു
32. ശ്രീ. കെ. കെ. നാരായണൻ
33. ശ്രീ. എ. പ്രദീപ്കുമാർ
34. ശ്രീ. പുരുഷൻ കടലുണ്ടി
35. ശ്രീ. പി. റ്റി. എ. റഹീം
36. ശ്രീ. എസ്. രാജേന്ദ്രൻ

37. ശ്രീ. ആർ. രാജേഷ്
38. ശ്രീ. റ്റി. വി. രാജേഷ്
39. ശ്രീ. കെ. രാജു
40. ശ്രീ. രാജു എബ്രഹാം
41. ശ്രീ. മുല്ലക്കര രത്നാകരൻ
42. പ്രൊഫ. സി. രവീന്ദ്രനാഥ്
43. ശ്രീ. സി. കെ. സദാശിവൻ
44. ശ്രീ. സാജു പോൾ
45. ശ്രീ. എസ്. ശർമ്മ
46. ശ്രീ. വി. ശശി
47. ശ്രീ. എ. കെ. ശശീന്ദ്രൻ
48. ശ്രീ. ബി. സത്യൻ
49. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
50. ശ്രീ. ജി. സുധാകരൻ
51. ശ്രീ. വി. എസ്. സുനിൽകുമാർ
52. ശ്രീ. കെ. സുരേഷ് കുറുപ്പ്
53. ശ്രീ. ഇ. കെ. വിജയൻ

<u>പ്രതികൂലിക്കുന്നവർ -68</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. ടി. എ. അഹ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്

11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. ടി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീ. പി. സി. ജോർജ്ജ്
21. ശ്രീ. ഹൈബി ഈഡൻ
22. ശ്രീമതി പി. കെ. ജയലക്ഷ്മി
23. ഡോ. എൻ. ജയരാജ്
24. ശ്രീ. കെ. സി. ജോസഫ്
25. ശ്രീ. പി. ജെ. ജോസഫ്
26. ശ്രീ. ജോസഫ് വാഴക്കൻ
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. റ്റി. യു. കുരുവിള
31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. പി. എ. മാധവൻ
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. എം. മാണി
35. ശ്രീ. കെ. പി. മോഹനൻ
36. ശ്രീ. മോൻസ് ജോസഫ്
37. ശ്രീ. സി. പി. മുഹമ്മദ്
38. ശ്രീ. ആര്യാടൻ മുഹമ്മദ്
39. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

40. ഡോ.എം. കെ. മുനീർ
41. ശ്രീ. കെ. മുരളീധരൻ
42. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
43. ശ്രീ. ഉമ്മൻ ചാി
44. ശ്രീ. അടൂർ പ്രകാശ്
45. ശ്രീ. റ്റി. എൻ. പ്രതാപൻ
46. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
47. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
48. ശ്രീ. പാലോട് രവി
49. ശ്രീ. റോഷി അഗസ്റ്റിൻ
50. ശ്രീ. വി. പി. സജീന്ദ്രൻ
51. ശ്രീ. എൻ. ശക്തൻ
52. ശ്രീ. വി. ഡി സതീശൻ
53. ശ്രീ. ഷാഫി പറമ്പിൽ
54. ശ്രീ. കെ. എം. ഷാജി
55. ശ്രീ. എൻ. ഷംസുദീൻ
56. ശ്രീ. ആർ. സെൽവരാജ്
57. ശ്രീ. എം. വി. ശ്രേയാംസ് കുമാർ
58. ശ്രീ. ഷിബു ബേബി ജോൺ
59. ശ്രീ. കെ. ശിവദാസൻ നായർ
60. ശ്രീ. വി. എസ്. ശിവകുമാർ
61. ശ്രീ. സണ്ണി ജോസഫ്
62. ശ്രീ. സി. എഫ്. തോമസ്
63. ശ്രീ. പി. ഉബൈദുള്ള
64. ശ്രീ. എം. ഉമ്മർ
65. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
66. ശ്രീ. എം. എ. വാഹീദ്
67. ശ്രീ. എം. പി. വിൻസെന്റ്
68. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: ശ്രീ. പി. റ്റി. എ. റഹീം അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ - 53

പ്രതികൂലിക്കുന്നവർ - 68

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..................

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ..................

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഒമ്പതാം വകുപ്പ്**

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

(160) ഖണ്ഡം 9(1) എ-യിൽ, "മൂന്നുവർഷം" എന്ന വാക്കിനു പകരം "നാലുവർഷം", എന്ന വാക്ക് ചേർക്കുക.

(169) ഖണ്ഡം 9(1)(എ)യിൽ "അൻപതിനായിരം " എന്ന വാക്കിന് പകരം "അറുപതിനായിരം" എന്ന വാക്ക് ചേർക്കുക.

(181). ഖണ്ഡം 9(1)(ബി) യിൽ 'ഒരു വർഷം' എന്ന വാക്കിനു പകരം 'മൂന്നു വർഷം' എന്ന വാക്കു ചേർക്കുക.

(187) ഖണ്ഡം 9(1) (ബി)യിൽ 'പതിനായിരം' എന്ന വാക്കിനു പകരം" 'ഇരുപതിനായിരം'എന്ന വാക്ക് ചേർക്കുക

(204) ഖണ്ഡം 9(2) ൽ 'അൻപതിനായിരം' എന്ന വാക്കിനു പകരം 'ഒരു ലക്ഷം' എന്ന വാക്ക് ചേർക്കുക.

സർ, ഇതിൽ ആത്മഹത്യ പ്രേരണയ്ക്കുള്ള ശിക്ഷാ നടപടികൾ എന്ന വളരെ പ്രധാനപ്പെട്ട വകുപ്പ് മാറ്റിയാണ് പറഞ്ഞിരിക്കുന്നത്. ശിക്ഷാ നടപടികൾ ഒന്നുകൂടി ശക്തിപ്പെടുത്തി, മൂന്ന് വർഷം, 50,000 രൂപ എന്നത് കുറച്ചുകൂടി കൂട്ടി കടുത്ത ശിക്ഷ കിട്ടുന്ന തരത്തിലുള ഒരു ഭേദഗതിയാണ് അവതരിപ്പിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കുമെന്നാണ് ഞാൻ കരുതുന്നത്.

<u>(ശ്രീ. കെ. എം. മാണി)</u> : മൂന്ന് വർഷം തടവ് ശിക്ഷയെന്നു പറയുന്നത് കടുത്ത ശിക്ഷയാണ്. വലിയ ശിക്ഷാ രീതിയിലേയ്ക്ക് പോയിട്ട് കാര്യമില്ല.

<u>ശ്രീ. വി.ഡി. സതീശൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(16) ഖണ്ഡം 9(1) എ-യിൽ, "മൂന്നുവർഷം" എന്ന വാക്കിനു പകരം "നാലുവർഷവും ആറുമാസവും", എന്നീ വാക്കുകൾ ചേർക്കുക

(201). ഖണ്ഡം 9(2) ൽ 'അൻപതിനായിരം' എന്ന വാക്കിനു പകരം 'അറുപതിനായിരം' എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. മുരളീധരൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(162). ഖണ്ഡം 9(1) എ-യിൽ, "മൂന്നുവർഷം" എന്ന വാക്കിനു പകരം "അഞ്ചുവർഷം", എന്ന വാക്ക് ചേർക്കുക.

ശ്രീ. പി.സി വിഷ്ണുനാഥ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(163) ഖണ്ഡം 9(1) എ-യിൽ, "മൂന്നുവർഷം" എന്ന വാക്കിനു പകരം "അഞ്ചുവർഷവും ആറുമാസവും", എന്നീ വാക്കുകൾ ചേർക്കുക.

(189) ഖണ്ഡം 9 (1) (ബി) യിൽ 'പതിനായിരം ' എന്ന വാക്കിനു പകരം 'മുപ്പതിനായിരം' എന്ന വാക്ക് ചേർക്കുക.

ശ്രീ. സി. പി. മുഹമ്മദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

(164). ഖണ്ഡം 9(1) എ-യിൽ, "മൂന്നുവർഷം" എന്ന വാക്കിനു പകരം "ആറു വർഷം", എന്ന വാക്ക് ചേർക്കുക.

(202). ഖണ്ഡം 9(2) ൽ 'അൻപതിനായിരം' എന്ന വാക്കിനു പകരം 'അറുപത്തിഅയ്യായിരം' എന്ന വാക്ക് ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(165) ഖണ്ഡം 9(1)(എ)യിൽ "മൂന്ന് വർഷം " എന്ന വാക്കിന് പകരം "ആറ് വർഷവും ആറ് മാസവും " എന്നീ വാക്കുകൾ ചേർക്കുക.

(184) ഖണ്ഡം 9(1)(ബി) യിൽ 'ഒരു വർഷം' എന്ന വാക്കിനു പകരം

'ആറു വർഷം' എന്ന വാക്കു ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു. :

(165) ഖണ്ഡം 9(1)(എ)യിൽ "മൂന്ന് വർഷം " എന്ന വാക്കിന് പകരം "ഏഴ് വർഷം " എന്ന വാക്ക് ചേർക്കുക.

(170) ഖണ്ഡം 9 (1) (എ) യിൽ 'അൻപതിനായിരം' എന്ന വാക്കിനു

പകരം

'എഴുപതിനായിരം' എന്ന വാക്കു ചേർക്കുക.

(182) ഖണ്ഡം 9(1)(ബി) യിൽ 'ഒരു വർഷം' എന്ന വാക്കിനു പകരം

'നാലു വർഷം' എന്ന വാക്കു ചേർക്കുക.

ശ്രീ. ജോസഫ് വാഴക്കൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(164) ഖണ്ഡം 9(1)(എ)യിൽ "മൂന്ന് വർഷം " എന്ന വാക്കിന്

പകരം "എട്ട് വർഷം " എന്ന വാക്ക് ചേർക്കുക.

(203) ഖണ്ഡം 9(2) ൽ 'അൻപതിനായിരം' എന്ന വാക്കിനു പകരം

'എഴുപതിനായിരം' എന്ന വാക്ക് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(165) ഖണ്ഡം 9(1)(എ)യിൽ "മൂന്ന് വർഷം", "അൻപതിനായിരം " എന്നീ വാക്കുകൾക്ക് പകരം "അഞ്ച് വർഷം", "ഒരു ലക്ഷം" എന്നീ വാക്കുകൾ യഥാക്രമം ചേർക്കുക.

(186) ഖണ്ഡം 9 (1)(ബി)യിൽ "ഒരു വർഷം", "പതിനായിരം രൂപ" എന്നീ വാക്കുകൾക്ക് പകരം "്‌ വർഷം", "ഇരുപത്തി അയ്യായിരം രൂപ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(171) ഖണ്ഡം 9 (1) (എ) യിൽ "അൻപതിനായിരം" എന്ന വാക്കിനു പകരം "എഴുപത്തി അയ്യായിരം" എന്ന വാക്കു ചേർക്കുക.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(172) ഖണ്ഡം 9 (1) (എ) യിൽ 'അൻപതിനായിരം' എന്ന വാക്കിനു പകരം 'തൊണ്ണൂറായിരം' എന്ന വാക്കു ചേർക്കുക.

ശ്രീ. രാജു എബ്രഹാം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(176). ഖണ്ഡം 9(1)(എ) യിൽ "അൻപതിനായിരം" എന്ന വാക്കിന് പകരം "രു ലക്ഷം" എന്ന വാക്കു ചേർക്കുക.

(179) ഖണ്ഡം 9(1)(ബി) യിൽ "പീഡിപ്പിക്കുകയോ" എന്ന വാക്കിന് ശേഷം "അപമാനിക്കുകയോ" എന്ന വാക്ക് ചേർക്കുക.

(195) ഖണ്ഡം 9(2)-ൽ "അധമർണ്ണൻ" എന്ന വാക്കിന് പകരം "അധമർണ്ണനെയോ, കുടുംബാംഗങ്ങളെയോ" എന്നീ വാക്കുകൾ ചേർക്കുക.

(207) ഖണ്ഡം 9(2)ൽ "അൻപതിനായിരം" എന്ന വാക്കിനു പകരം "അഞ്ചു ലക്ഷം" എന്ന വാക്ക് ചേർക്കുക.

50,000 രൂപ എന്നുള്ളത് വലിയ തുകയാണ്. 10 വർഷം മുമ്പ് നിയമം നിർമ്മിക്കുമ്പോഴും ഇതേ 50,000 രൂപ തന്നെയാണ് ശിക്ഷാ നിയമത്തിൽ വയ്ക്കാറുള്ളത്. കാലം മാറി. രൂപയുടെ വില കുറഞ്ഞു. മുമ്പ് 100 രൂപ പെറ്റി അടിക്കുന്ന കേസ്സിൽ ഇപ്പോൾ 1000 രൂപയാണ് പെറ്റി അടിക്കുന്നത്. അതുകൊാണ് കാലോചിതമായ മാറ്റം വരുത്തണമെന്ന് ധനകാര്യവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നത്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(177) ഖണ്ഡം 9(1)(എ) യിൽ "മൂന്നു വർഷം വരെയാകാവുന്ന കാലത്തേക്കുള്ള തടവിനും അൻപതിനായിരം രൂപ വരെയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേതും" എന്നീ വാക്കുകൾക്കു പകരം "ഒരു വർഷത്തിൽ കുറയാതെയും മൂന്നു വർഷം വരെ ആകാവുന്നതുമായ കാലത്തേക്കുള്ള തടവിനും പതിനാ

യിരം രൂപയിൽ കുറയാതെയും അൻപതിനായിരം രൂപ വരെ ആകാവുന്നതുമായ പിഴയ്ക്കും ശിക്ഷിക്കപ്പെടേതും" എന്നീ വാക്കുകൾ ചേർക്കുക.

(193) ഖണ്ഡം 9(1)(ബി)-യിൽ "കുറ്റസ്ഥാപനത്തിന്മേൽ ഒരു വർഷം വരെയാകാവുന്ന കാലത്തേക്കുള്ള തടവിനും പതിനായിരം രൂപ വരെയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേതും" എന്നീ വാക്കുകൾക്ക് പകരം "കുറ്റസ്ഥാപനത്തിന്മേൽ ആറ് മാസത്തിൽ കുറയാതെയും ഒരു വർഷംവരെ ആകാവുന്നതുമായ കാലത്തേക്കുള്ള തടവിനും അയ്യായിരം രൂപയിൽ കുറയാതെയും പതിനായിരം രൂപവരെ ആകാവുന്നതുമായ പിഴയ്ക്കും ശിക്ഷിക്കപ്പെടേതും " എന്നീ വാക്കുകൾ ചേർക്കുക.

(198) ഖണ്ഡം 9(2)-ൽ "കുറ്റ സ്ഥാപനത്തിന്മേൽ അഞ്ചുവർഷം വരെയാകാവുന്ന കാലത്തേയ്ക്കുള്ള തടവിനും അൻപതിനായിരം രൂപവരെയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേതാണ്" എന്നീ വാക്കുകൾക്ക് പകരം "കുറ്റ സ്ഥാപനത്തിന്മേൽ മൂന്നുവർഷത്തിൽ കുറയാതെയും അഞ്ചു വർഷംവരെ ആകാവുന്നതുമായ കാലത്തേക്കുള്ള തടവിനും ഇരുപതിനായിരം രൂപയിൽ കുറയാതെയും അൻപതിനായിരം രൂപവരെയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേതാണ്" എന്നീ വാക്കുകൾ ചേർക്കുക.

സർ, ഈ നിയമത്തിന് കൂടുതൽ മൂർച്ച വരാൻ വേി മിനിമം ശിക്ഷയും സ്പെസിഫിക്ക് ആയി പറയണമെന്നുള്ളതാണ് എന്റെ

ഭേദഗതി. ഇപ്പോൾ പരമാവധി ശിക്ഷയുടെ കാര്യം മാത്രമാണ് പറയുന്നത്. മൂന്ന് വർഷം വരെയാകാവുന്ന കാലത്തേയ്ക്കുള്ള തടവിനും 50,000 രൂപ വരെ ആകാവുന്ന പിഴയ്ക്കും ശിക്ഷിക്കുമെന്ന് വച്ചാൽ 10 ദിവസമോ 1 മാസമോ ശിക്ഷിക്കാമെന്നുള്ള രീതിയിലേയ്ക്ക് വരും. ഫുഡ് അഡൽട്ടറേഷൻ ആക്റ്റിലൊക്കെ പറയുന്നതുപോലെ ഒരു മിനിമം കാലാവധി ശിക്ഷ എത്രയെന്ന് കൃത്യമായി പറഞ്ഞെങ്കിൽ മാത്രമേ നിയമത്തിന് മൂർച്ച വരുള്ളു.

ശ്രീ. എ.എ. അസീസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(173) ഖണ്ഡം 9 (1) (എ) യിൽ "അൻപതിനായിരം രൂപ" എന്നീ വാക്കുകൾക്കു പകരം "ഒരു ലക്ഷം രൂപ" എന്നീ വാക്കുകൾ ചേർക്കുക.

(178). ഖണ്ഡം 9(1)(ബി) യിൽ “അധമർണ്ണനെ” എന്ന വാക്കിനു പകരം “അധമർണ്ണനെയോ അയാളുടെ ഭാര്യ, ഭർത്താവ്, ആശ്രിതൻ എന്നിവരെയോ” എന്നീ വാക്കുകൾ ചേർക്കുക.

(190) ഖണ്ഡം 9 (1) (ബി) യിൽ “പതിനായിരം രൂപവരെയാകാവുന്ന ” എന്നീ വാക്കുകൾക്ക് പകരം “അൻപതിനായിരം രൂപ” എന്നീ വാക്കുകൾ ചേർക്കുക

(208) ഖണ്ഡം 9 (2) താഴെപ്പറയും പ്രകാരം മാറ്റുക.

" (2) വായ്പ നൽകിയ ആളോ അയാളുടെ നിർദ്ദേശപ്രകാരം മറ്റേതെങ്കിലും ആളോ അധമർണ്ണനെയോ അയാളുടെ ഭാര്യ, ഭർത്താവ്, ആശ്രിതർ എന്നിവരെയോ മാനസികമായോ ശാരീരികമായോ പീഡിപ്പിക്കുകയോ,

ഭീഷണിപ്പെടുത്തുകയോ ചെയ്യുകയും തൽഫലമായും അതിനെ തുടർന്നും അധമർണ്ണനോ, അയാളുടെ ഭാര്യ, ഭർത്താവ്, ആശ്രിതർ ഇവരിലാരെങ്കിലുമോ ആത്മഹത്യ ചെയ്യുകയും ചെയ്യുന്നിടത്ത്, വായ്പ നൽകിയ ആൾ കുറ്റസ്ഥാപനത്തിന്മേൽ, അഞ്ചുവർഷം വരെയാകാവുന്ന കാലത്തേക്കുള്ള തടവിനും ഒരു ലക്ഷം രൂപ പിഴയ്ക്കും ശിക്ഷിക്കപ്പെടേതാണ്".

ശ്രീ. സണ്ണി ജോസഫ് : ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(178) ഖണ്ഡം 9(1)(ബി) യിൽ "ഒരു വർഷം" എന്ന വാക്കിന് പകരം "രണ്ടു വർഷം" എന്ന വാക്ക് ചേർക്കുക.

ശ്രീ. പാലോട് രവി: ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(174). ഖണ്ഡം 9 (1) (എ) യിൽ 'അൻപതിനായിരം' എന്ന വാക്കിനു പകരം 'ഒരു ലക്ഷം' എന്ന വാക്കു ചേർക്കുക.

(182) ഖണ്ഡം 9(1)(ബി) യിൽ 'ഒരു വർഷം' എന്ന വാക്കിനു പകരം 'അഞ്ചു വർഷം' എന്ന വാക്കു ചേർക്കുക.

ശ്രീ. വർക്കല കഹാർ : ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(200) ഖണ്ഡം 9(2)-ൽ "അൻപതിനായിരം" എന്ന വാക്കിനുപകരം "അൻപത്തി അയ്യായിരം" എന്നീ വാക്കുകൾ ചേർക്കുക

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(205). ഖണ്ഡം 9(2) ൽ 'അൻപതിനായിരം' എന്ന വാക്കിനു പകരം 'ഒരു ലക്ഷത്തിപതിനായിരം' എന്ന വാക്ക് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ : ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(209) ഖണ്ഡം 9 (2) നുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക. "എന്നാൽ 9 (1) (ബി), 9 (2) എന്നീ വകുപ്പുകൾ പ്രകാരം അന്വേഷണം നടത്തി അന്വേഷണ ഉദ്യോഗസ്ഥന് കുറ്റാരോപിതന്റെ പങ്കിനെക്കുറിച്ച് ഉത്തമബോദ്ധ്യം വന്ന ശേഷമേ തുടർനടപടികൾ സ്വീകരിക്കാൻ പാടുള്ളൂ".

ശ്രീ. എ. കെ. ബാലൻ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(185) ഖണ്ഡം 9(1)(ബി) യിൽ "ഒരു വർഷം വരെയാകാവുന്ന കാലത്തേയ്ക്കുള്ള തടവിനും" എന്നീ വാക്കുകൾക്കു പകരം "മൂന്നു വർഷം വരെയാകുന്ന കഠിനതടവിനും" എന്നീ വാക്കുകൾ ചേർക്കുക.

(194). ഖണ്ഡം 9(2)-ൽ "അധമർണ്ണനെ" എന്ന വാക്കിന് പകരം "അധമർണ്ണനെയോ, കുടുംബാംഗങ്ങളെയോ" എന്നീ വാക്കുകൾ ചേർക്കുക.

(199.) ഖണ്ഡം 9(2)-ൽ "തടവിനും" എന്ന വാക്കിനുപകരം "കഠിന തടവിനും" എന്നീ വാക്കുകൾ ചേർക്കുക

(206). ഖണ്ഡം 9(2)-ൽ "അൻപതിനായിരം" എന്ന വാക്കിനു പകരം "അഞ്ചു ലക്ഷം" എന്ന വാക്ക് ചേർക്കുക.

194-ാം നമ്പർ ഭേദഗതി, പീഡനം സഹിക്കാൻ കഴിയാതെ അധമർണ്ണൻ മാത്രമല്ല ആത്മഹത്യ ചെയ്യാൻ നിർബന്ധിക്കപ്പെടുന്നത്. വീട്ടുകാരുമുണ്ട്. സ്വാഭാവികമായും ബന്ധുക്കളും വീട്ടുകാരുമൊക്കെയാണ് ആത്മഹത്യ ചെയ്യുന്നത്. അതുകൊ് ഇതിലെ കുടുംബാംഗങ്ങൾ എന്നുകൂടി ഇതിനകത്ത് കൂട്ടിച്ചേർക്കുന്നതായിരിക്കും നല്ലത്. ബഹുമാനപ്പെട്ട മിനിസ്റ്റർ ഈ ബിൽ പൈലറ്റ് ചെയ്യുമ്പോൾ പറഞ്ഞു ശക്തമായ തടവ് ശിക്ഷ. കഠിന തടവ് എന്നു പറഞ്ഞു. അപ്പോൾ ഞാൻ പറഞ്ഞു, റിഗറസ് ഇംപ്രിസൺമെൻറ് ഇതിലില്ല. റിഗറസ് ഇംപ്രിസൺമെൻറ് ഇല്ലാത്തതുകൊണ്ട് വെറും തടവാണ്. അതുകൊണ്ട് ആ ഒരു വാചകം വന്നാൽതന്നെ ഇതിന് കുറച്ചെങ്കിലും ഒരു പേടിയുണ്ടാകും. അതുകൊണ്ട് 195-ൽ വെറും തടവിന് പകരം കഠിന തടവ് എന്നാക്കണം. 119 (2)-ൽ അതും കഠിന തടവാക്കണം. ആത്മഹത്യ ചെയ്തു കഴിഞ്ഞാൽ സാധാരഗതിയിൽ 5 വർഷത്തെ വെറും തടവ് പോര. 206 (9) (2)-ൽ കോമ്പൻസേഷൻ 50000 എന്നുള്ളത് 5 ലക്ഷമായി വർദ്ധിപ്പിക്കണം. 50000 എന്നുപറയുമ്പോൾ സാധാര നിലയിൽ ഒരാക്സിഡന്റുണ്ടായാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു പെറ്റീഷൻ കൊടുത്താൽ ഒരു ലക്ഷം രൂപ കൊടുക്കും. സാധാരണ നിലയിൽ ഇതൊരു പുതിയ നിയമമെന്നുള്ളതുകൊണ്ട് ആ തുക വർദ്ധിപ്പിക്കണം.

ശ്രീ. കെ. എം. മാണി: സർ, ഈ നിയമം ദുരുപയോഗം ചെയ്യാൻ പാടില്ല. ഇതൊരു ഡബിൾ എഡ്ജ്ഡ് വെപ്പൺ ആണ്. സൂക്ഷിച്ചുവേണം കൈകാര്യം ചെയ്യാൻ 50000 രൂപ എന്നു പറഞ്ഞാൽ വെറും 50000 രൂപ മാത്രമല്ല. മൂന്നു വർഷത്തെ തടവും 50000 രൂപയുമാണ്. സിമ്പിൾ ഇംപ്രിസൺമെന്റ് പറഞ്ഞാൽ ജയിലിൽ ചീട്ട് കളിച്ചിരിക്കുകയല്ല. സിമ്പിൾ ഇംപ്രിസൺമെന്റ് എന്നുപറഞ്ഞാൽ ഇംപ്രിസൺമെന്റാണ്. റിഗറസ് ആണെ

ങ്കിൽ എന്തെങ്കിലും ജോലിയും കൂടി ചെയ്യണമെന്നേയുള്ളൂ. പൂന്തോട്ടത്തിൽ വെള്ളമൊഴിക്കാനോ അല്ലെങ്കിൽ എന്തെങ്കിലും സാധനം എടുത്തുകൊണ്ടു വരാനോ പറയും ഇതൊക്കെ നമുക്ക് അറിയാവുന്ന കാര്യമാണ്. സിമ്പിൾ ആയാലും റിഗറസ് ആയാലും വീട് വിട്ടിട്ട് ജയിലിൽ കിടക്കുക എന്നുപറയുന്നത് വാസ്തവത്തിൽ മാനസികമായി പറയുമ്പോൾ റിഗറസ് ആണ്. സാധാരണ ഗതിയിൽ വളരെ കർശനമാണ്.

ശ്രീ. എ. കെ. ബാലൻ: കഠിനതടവ് ഈ നിയമത്തിൽ ഉണ്ടെന്ന് പറഞ്ഞു. ഇതിൽ കഠിനതടവില്ല. സിമ്പിൾ ഇംപ്രിസൺമെന്റാണ്. കോടതിയിൽപോയാൽ ജാമ്യം കിട്ടും. ഇതിനകത്ത് യാതൊന്നുമില്ല. പോലീസ് സ്റ്റേഷനിൽ നിന്ന് ജാമ്യം കിട്ടില്ല.

ശ്രീ. കെ. എം. മാണി: സർ, ബെയിലബിൾ എന്നുപറയുന്നത് റിഗറസ് ആണോ സിമ്പിൾ ആണോ എന്ന് നോക്കിയിട്ടല്ല. പ്രത്യേകിച്ച് ഇന്നത് ബെയിലബിളാണ് എന്ന് പറയും.

ഭേദഗതികൾ സ്വീകാര്യമല്ല.

(തുടരും)

P.17.12.12 DP-SD (3)
2.20-2.30

മി. സ്പീക്കർ : ശ്രീ. രാജു എബ്രഹാം അങ്ങയുടെ 179-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. രാജു എബ്രഹാം : സർ ഞാൻ പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ-54

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. എ. എ. അസീസ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. പി. കെ. ഗുരുദാസൻ
19. ശ്രീ. എം. ഹംസ
20. ശ്രീമതി ജമീലാ പ്രകാശം
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. കെ. കെ. ജയചന്ദ്രൻ

23. ശ്രീ. ജി. എസ്. ജയലാൽ

24. ശ്രീ. എളമരം കരീം

25. ശ്രീ. സി. കൃഷ്ണൻ

26. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

27. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

28. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

29. ശ്രീ. മാത്യു റ്റി. തോമസ്

30. ശ്രീ. സി. കെ. നാണു

31. ശ്രീ. കെ. കെ. നാരായണൻ

32. ശ്രീ. എ. പ്രദീപ്കുമാർ

33. ശ്രീ. പുരുഷൻ കടലുണ്ടി

34. ശ്രീ. പി. റ്റി. എ. റഹീം

35. ശ്രീ. എസ്. രാജേന്ദ്രൻ

36. ശ്രീ. ആർ. രാജേഷ്

37. ശ്രീ. റ്റി. വി. രാജേഷ്

38. ശ്രീ. കെ. രാജു

39. ശ്രീ. രാജു എബ്രഹാം

40. ശ്രീ. മുല്ലക്കര രത്നാകരൻ

41. പ്രൊഫ. സി. രവീന്ദ്രനാഥ്

42. ശ്രീ. സി. കെ. സദാശിവൻ

43. ശ്രീ. സാജു പോൾ

44. ശ്രീമതി കെ. എസ്. സലീഖ

45. ശ്രീ. എസ്. ശർമ്മ

46. ശ്രീ. വി. ശശി

47. ശ്രീ. എ. കെ. ശശീന്ദ്രൻ

48. ശ്രീ. ബി. സത്യൻ

49. ശ്രീ. വി. ശിവൻകുട്ടി

50. ശ്രീ. പി. ശ്രീരാമകൃഷ്ണൻ

51. ശ്രീ. ജി. സുധാകരൻ

52. ശ്രീ. വി. എസ്. സുനിൽകുമാർ

53. ശ്രീ. കെ. സുരേഷ് കുറുപ്പ്

54. ശ്രീ. ഇ. കെ. വിജയൻ

പ്രതികൂലിക്കുന്നവർ-69

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. ടി. എ. അഹ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അനൂപ് ജേക്കബ്

10. ശ്രീ. അൻവർ സാദത്ത്

11. ശ്രീ. കെ. ബാബു

12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ

14. ശ്രീ. വി. ടി. ബൽറാം

15. ശ്രീ. പി. കെ. ബഷീർ

16. ശ്രീ. ബെന്നി ബെഹനാൻ

17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

19. ശ്രീ. കെ. ബി. ഗണേഷ് കുമാർ

20. ശ്രീ. എ. റ്റി. ജോർജ്

21. ശ്രീ. പി. സി. ജോർജ്

22. ശ്രീ. ഹൈബി ഈഡൻ

23. ശ്രീമതി പി. കെ. ജയലക്ഷ്മി

24. ഡോ. എൻ. ജയരാജ്

25. ശ്രീ. കെ. സി. ജോസഫ്

26. ശ്രീ. പി. ജെ. ജോസഫ്

27. ശ്രീ. ജോസഫ് വാഴക്കൻ

28. ശ്രീ. വർക്കല കഹാർ

29. ശ്രീ. കെ. എൻ. എ. ഖാദർ

30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

31. ശ്രീ. റ്റി. യു. കുരുവിള

32. ശ്രീ. ലൂഡി ലൂയിസ്

33. ശ്രീ. പി. എ. മാധവൻ

34. ശ്രീ. സി. മമ്മൂട്ടി

35. ശ്രീ. കെ. എം. മാണി

36. ശ്രീ. കെ. പി. മോഹനൻ

37. ശ്രീ. മോൻസ് ജോസഫ്

38. ശ്രീ. സി. പി. മുഹമ്മദ്

39. ശ്രീ. ആര്യാടൻ മുഹമ്മദ്

40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

41. ഡോ. എം. കെ. മുനീർ

42. ശ്രീ. കെ. മുരളീധരൻ

43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

44. ശ്രീ. ഉമ്മൻ ചാണ്ടി

45. ശ്രീ. അടൂർ പ്രകാശ്

46. ശ്രീ. റ്റി. എൻ. പ്രതാപൻ

47. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

49. ശ്രീ. രമേഷ് ചെന്നിത്തല

50. ശ്രീ. പാലോട് രവി

51. ശ്രീ. റോഷി അഗസ്റ്റിൻ

52. ശ്രീ. വി. പി. സജീന്ദ്രൻ

53. ശ്രീ. എൻ. ശക്തൻ

54. ശ്രീ. വി. ഡി സതീശൻ

55. ശ്രീ. ഷാഫി പറമ്പിൽ

56. ശ്രീ. കെ. എം. ഷാജി

57. ശ്രീ. എൻ. ഷംസുദീൻ

58. ശ്രീ. ആർ. സെൽവരാജ്

59. ശ്രീ. ഷിബു ബേബി ജോൺ

60. ശ്രീ. കെ. ശിവദാസൻ നായർ

61. ശ്രീ. വി. എസ്. ശിവകുമാർ

62. ശ്രീ. സണ്ണി ജോസഫ്

63. ശ്രീ. സി. എഫ്. തോമസ്

64. ശ്രീ. പി. ഉബൈദുള്ള

65. ശ്രീ. എം. ഉമ്മർ

66. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

67. ശ്രീ. എം. എ. വാഹീദ്

68. ശ്രീ. എം. പി. വിൻസെന്റ്

69. ശ്രീ. പി. സി. വിഷ്ണുനാഥ്

അനുകൂലിക്കുന്നവർ: 54

പ്രതികൂലിക്കുന്നവർ: 69

നിഷ്പക്ഷത പാലിക്കുന്നവർ- ആരുമില്ല.

ഭേഗതി സഭ നിരാകരിച്ചു..

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ അങ്ങയുടെ 194-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ-56

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. എ. എ. അസീസ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. എം. എ. ബേബി
8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. എം. ചന്ദ്രൻ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. വി. ചെന്താമരാക്ഷൻ
14. ശ്രീ. കെ. ദാസൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. സി. ദിവാകരൻ
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ചിറ്റയം ഗോപകുമാർ

19. ശ്രീ. പി. കെ. ഗുരുദാസൻ
20. ശ്രീ. എം. ഹംസ
21. ശ്രീമതി ജമീലാ പ്രകാശം
22. ഡോ. കെ. ടി. ജലീൽ
23. ശ്രീ. കെ. കെ. ജയചന്ദ്രൻ
24. ശ്രീ. ജി. എസ്. ജയലാൽ
25. ശ്രീ. എളമരം കരീം
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
28. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
29. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
30. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
31. ശ്രീ. മാത്യു റ്റി. തോമസ്
32. ശ്രീ. സി. കെ. നാണു
33. ശ്രീ. കെ. കെ. നാരായണൻ
34. ശ്രീ. എ. പ്രദീപ്കുമാർ
35. ശ്രീ. പുരുഷൻ കടലുണ്ടി
36. ശ്രീ. പി. റ്റി. എ. റഹീം
37. ശ്രീ. എസ്. രാജേന്ദ്രൻ
38. ശ്രീ. ആർ. രാജേഷ്
39. ശ്രീ. റ്റി. വി. രാജേഷ്
40. ശ്രീ. കെ. രാജു

41. ശ്രീ. രാജു എബ്രഹാം

42. ശ്രീ. മുല്ലക്കര രത്നാകരൻ

43. പ്രൊഫ. സി. രവീന്ദ്രനാഥ്

44. ശ്രീ. സി. കെ. സദാശിവൻ

45. ശ്രീ. സാജു പോൾ

46. ശ്രീമതി കെ. എസ്. സലീഖ

47. ശ്രീ. എസ്.  ശർമ്മ

48. ശ്രീ. വി. ശശി

49. ശ്രീ. എ. കെ. ശശീന്ദ്രൻ

50. ശ്രീ. ബി. സത്യൻ

51. ശ്രീ. വി. ശിവൻകുട്ടി

52. ശ്രീ. പി. ശ്രീരാമകൃഷ്ണൻ

53. ശ്രീ. ജി. സുധാകരൻ

54. ശ്രീ. വി. എസ്. സുനിൽകുമാർ

55. ശ്രീ. കെ. സുരേഷ് കുറുപ്പ്

56. ശ്രീ. ഇ. കെ. വിജയൻ

പ്രതികൂലിക്കുന്നവർ-69

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. ടി. എ. അഹ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. ടി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്

22. ശ്രീ. ഹൈബി ഈഡൻ

23. ശ്രീമതി പി. കെ. ജയലക്ഷ്മി

24. ഡോ. എൻ. ജയരാജ്

25. ശ്രീ. കെ. സി. ജോസഫ്

26. ശ്രീ. പി. ജെ. ജോസഫ്

27. ശ്രീ. ജോസഫ് വാഴക്കൻ

28. ശ്രീ. വർക്കല കഹാർ

29. ശ്രീ. കെ. എൻ. എ. ഖാദർ

30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

31. ശ്രീ. റ്റി. യു. കുരുവിള

32. ശ്രീ. ലൂഡി ലൂയിസ്

33. ശ്രീ. പി. എ. മാധവൻ

34. ശ്രീ. സി. മമ്മൂട്ടി

35. ശ്രീ. കെ. എം. മാണി

36. ശ്രീ. കെ. പി. മോഹനൻ

37. ശ്രീ. മോൻസ് ജോസഫ്

38. ശ്രീ. സി. പി. മുഹമ്മദ്

39. ശ്രീ. ആര്യാടൻ മുഹമ്മദ്

40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

41. ഡോ. എം. കെ. മുനീർ

42. ശ്രീ. കെ. മുരളീധരൻ

43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

44. ശ്രീ. ഉമ്മൻ ചാണ്ടി
45. ശ്രീ. അടൂർ പ്രകാശ്
46. ശ്രീ. റ്റി. എൻ. പ്രതാപൻ
47. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
49. ശ്രീ. രമേഷ് ചെന്നിത്തല
50. ശ്രീ. പാലോട് രവി
51. ശ്രീ. റോഷി അഗസ്റ്റിൻ
52. ശ്രീ. വി. പി. സജീന്ദ്രൻ
53. ശ്രീ. എൻ. ശക്തൻ
54. ശ്രീ. വി. ഡി സതീശൻ
55. ശ്രീ. ഷാഫി പറമ്പിൽ
56. ശ്രീ. കെ. എം. ഷാജി
57. ശ്രീ. എൻ. ഷംസുദീൻ
58. ശ്രീ. ആർ. സെൽവരാജ്
59. ശ്രീ. ഷിബു ബേബി ജോൺ
60. ശ്രീ. കെ. ശിവദാസൻ നായർ
61. ശ്രീ. വി. എസ്. ശിവകുമാർ
62. ശ്രീ. സണ്ണി ജോസഫ്
63. ശ്രീ. സി. എഫ്. തോമസ്
64. ശ്രീ. പി. ഉബൈദുള്ള
65. ശ്രീ. എം. ഉമ്മർ

66. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

67. ശ്രീ. എം. എ. വാഹീദ്

68. ശ്രീ. എം. പി. വിൻസെന്റ്

69. ശ്രീ. പി. സി. വിഷ്ണുനാഥ്

അനുകൂലിക്കുന്നവർ - 56

പ്രതികൂലിക്കുന്നവർ - 69

നിഷ്പക്ഷത പാലിക്കുന്നവർ- ആരുമില്ല.

ഭേദഗതി സഭ നിരാകരിക്കുന്നു..

(ഡോ. എൻ. ജയരാജ്)

17.12.12 VN-JG-3
2.30-2.40

ഡോ. എൻ. ജയരാജ്: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

197 : ഖണ്ഡം 9(2)-ൽ 'വായ്പ നൽകിയ ആൾ' എന്നീ വാക്കുകൾക്ക് പകരം ബില്ലിൽ പറയുന്നത് 'വായ്പ നൽകിയ ആളും ആയാളുടെ നിർദ്ദേശാനുസരണം പ്രവർത്തിച്ചവരും' എന്നീ വാക്കുകൾ ചേർക്കുക.

വായ്പ നൽകിയ ആളോ അയാളുടെ നിർദ്ദേശ പ്രകാരം മറ്റേതെങ്കിലുമാളോ എന്നു പറഞ്ഞിട്ട് അതേത്തുടർന്ന് അധമർണ്ണൻ ആത്മഹത്യ ചെയ്യുകയും, ചെയ്യുന്നിടത്ത് വായ്പ നൽകിയ ആൾ കുറ്റസമ്മതത്തിൻമേൽ

എന്നാണ് പറയുന്നത്. നേരത്തെ പറഞ്ഞ നിർദ്ദേശ പ്രകാരം ചെയ്യുന്ന വ്യക്തികളെ ഒഴിവാക്കിയിരിക്കുകയും ചെയ്യുന്നു. എന്റെ ഭേദഗതി അതാണ്, 'വായ്പ നൽകിയ ആൾ' എന്നതിന് പകരം 'വായ്പ നൽകിയ ആളും അയാളുടെ നിർദ്ദേശാനുസരണം പ്രവർത്തിച്ചവരും' എന്നുമുണ്ടെങ്കിലേ മുകളിൽ പറയുന്ന സ്പിരിറ്റ് ഉൾക്കൊള്ളാൻ കഴിയൂ.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഡോ. എൻ. ജയരാജാണെങ്കിൽപ്പോലും ആ അമന്റ്മെന്റ് സ്വീകാര്യമല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി.സ്പീക്കർ: പോൾ ആർക്കും ചോദിക്കാം. പോൾ ഇവിടെ മാത്രമല്ല, അവർക്കും ചോദിക്കാം. ഡോ. എൻ. ജയരാജ് അങ്ങ് പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. എൻ. ജയരാജ്: പ്രസ് ചെയ്യുന്നില്ല. ഞാൻ എന്റെ ഭേദഗതി പിൻവലിക്കുന്നു.

മി. സ്പീക്കർ: ഡോ. എൻ. ജയരാജിന്റെ ഭേദഗതി അദ്ദേഹം വിഡ്രോ ചെയ്യുന്നു. ഭേദഗതി വിഡ്രോ ചെയ്യുന്നതിനെതിരായിട്ടാണ് പ്രതിപക്ഷം പോൾ ആവശ്യപ്പെട്ടിരിക്കുന്നത്.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ-68

67. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
68. ശ്രീ. പി. കെ. അബ്ദു റബ്ബ്
69. ശ്രീ. പി. ബി. അബ്ദുൾ റസാക്
70. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
71. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
72. ശ്രീ. ടി. എ. അഹ്മദ് കബീർ
73. ശ്രീ. മഞ്ഞളാംകുഴി അലി
74. ശ്രീ. എ. പി. അനിൽകുമാർ
75. ശ്രീ. അനൂപ് ജേക്കബ്
76. ശ്രീ. അൻവർ സാദത്ത്
77. ശ്രീ. കെ. ബാബു
78. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
79. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
80. ശ്രീ. വി. ടി. ബൽറാം
81. ശ്രീ. പി. കെ. ബഷീർ
82. ശ്രീ. ബെന്നി ബെഹനാൻ
83. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
84. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
85. ശ്രീ. കെ. ബി. ഗണേഷ് കുമാർ
86. ശ്രീ. പി. സി. ജോർജ്
87. ശ്രീ. ഹൈബി ഈഡൻ
88. കുമാരി പി. കെ. ജയലക്ഷ്മി
89. ഡോ. എൻ. ജയരാജ്
90. ശ്രീ. കെ. സി. ജോസഫ്
91. ശ്രീ. പി. ജെ. ജോസഫ്
92. ശ്രീ. ജോസഫ് വാഴക്കൻ
93. ശ്രീ. വർക്കല കഹാർ
94. ശ്രീ. കെ. എൻ. എ. ഖാദർ
95. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

96. ശ്രീ. റ്റി. യു. കുരുവിള
97. ശ്രീ. ലൂഡി ലൂയിസ്
98. ശ്രീ. പി. എ. മാധവൻ
99. ശ്രീ. സി. മമ്മൂട്ടി
100. ശ്രീ. കെ. എം. മാണി
101. ശ്രീ. കെ. പി. മോഹനൻ
102. ശ്രീ. മോൻസ് ജോസഫ്
103. ശ്രീ. സി. പി. മുഹമ്മദ്
104. ശ്രീ. ആര്യാടൻ മുഹമ്മദ്
105. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
106. ശ്രീ. കെ. മുരളീധരൻ
107. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
108. ശ്രീ. ഉമ്മൻ ചാണ്ടി
109. ശ്രീ. അടൂർ പ്രകാശ്
110. ശ്രീ. റ്റി. എൻ. പ്രതാപൻ

111. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
112. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
113. ശ്രീ. പാലോട് രവി
114. ശ്രീ. റോഷി അഗസ്റ്റിൻ
115. ശ്രീ. വി. പി. സജീന്ദ്രൻ
116. ശ്രീ. എൻ. ശക്തൻ
117. ശ്രീ. വി. ഡി സതീശൻ
118. ശ്രീ. ഷാഫി പറമ്പിൽ
119. ശ്രീ. കെ. എം. ഷാജി
120. ശ്രീ. എൻ. ഷംസുദീൻ
121. ശ്രീ. ആർ. സെൽവരാജ്
122. ശ്രീ. ഷിബു ബേബി ജോൺ
123. ശ്രീ. കെ. ശിവദാസൻ നായർ

124. ശ്രീ. വി. എസ്. ശിവകുമാർ
125. ശ്രീ. സണ്ണി ജോസഫ്
126. ശ്രീ. സി. എഫ്. തോമസ്
127. ശ്രീ. പി. ഉബൈദുള്ള
62. ശ്രീ. എം. കെ. മുനീർ
63. ശ്രീ. എം. ഉമ്മർ
64. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
65. ശ്രീ. എം. എ. വാഹീദ്
66. ശ്രീ. എം. പി. വിൻസെന്റ്
67. ശ്രീ. പി. സി. വിഷ്ണുനാഥ്
68. ശ്രീ. രമേശ് ചെന്നിത്തല

പ്രതികൂലിക്കുന്നവർ-56

55. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
56. ശ്രീമതി പി. അയിഷാ പോറ്റി
57. ശ്രീ. കെ. അജിത്
58. ശ്രീ. എ. എം. ആരിഫ്
59. ശ്രീ. എ. എ. അസീസ്
60. ശ്രീ. ബാബു എം. പാലിശ്ശേരി
61. ശ്രീ. എം. എ. ബേബി
62. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
63. ശ്രീ. എ. കെ. ബാലൻ
64. ശ്രീമതി ഇ. എസ്. ബിജിമോൾ
65. ശ്രീ. എം. ചന്ദ്രൻ
66. ശ്രീ. ഇ. ചന്ദ്രശേഖരൻ
67. ശ്രീ. വി. ചെന്താമരാക്ഷൻ

68. ശ്രീ. കെ. ദാസൻ
69. ശ്രീ. ബി. ഡി. ദേവസ്സി
70. ശ്രീ. സി. ദിവാകരൻ
71. ശ്രീമതി ഗീതാ ഗോപി
72. ശ്രീ. ചിറ്റയം ഗോപകുമാർ
73. ശ്രീ. പി. കെ. ഗുരുദാസൻ
74. ശ്രീ. എം. ഹംസ
75. ശ്രീമതി ജമീലാ പ്രകാശം
76. ഡോ. കെ. ടി. ജലീൽ
77. ശ്രീ. കെ. കെ. ജയചന്ദ്രൻ
78. ശ്രീ. ജി. എസ്. ജയലാൽ
79. ശ്രീ. എളമരം കരീം
80. ശ്രീ. സി. കൃഷ്ണൻ
81. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
82. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
83. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
84. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
85. ശ്രീ. മാത്യു റ്റി. തോമസ്
86. ശ്രീ. സി. കെ. നാണു
87. ശ്രീ. കെ. കെ. നാരായണൻ
88. ശ്രീ. എ. പ്രദീപ്കുമാർ
89. ശ്രീ. പുരുഷൻ കടലുണ്ടി
90. ശ്രീ. പി. റ്റി. എ. റഹീം
91. ശ്രീ. എസ്. രാജേന്ദ്രൻ
92. ശ്രീ. ആർ. രാജേഷ്
93. ശ്രീ. റ്റി. വി. രാജേഷ്
94. ശ്രീ. കെ. രാജു
95. ശ്രീ. രാജു എബ്രഹാം
96. ശ്രീ. മുല്ലക്കര രത്നാകരൻ
97. പ്രൊഫ. സി. രവീന്ദ്രനാഥ്

98. ശ്രീ. സി. കെ. സദാശിവൻ
99. ശ്രീ. സാജു പോൾ
100. ശ്രീമതി കെ. എസ്. സലീഖ
101. ശ്രീ. എസ്.  ശർമ്മ
102. ശ്രീ. വി. ശശി
103. ശ്രീ. എ. കെ. ശശീന്ദ്രൻ
104. ശ്രീ. ബി. സത്യൻ
105. ശ്രീ. വി. ശിവൻകുട്ടി
106. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
107. ശ്രീ. ജി. സുധാകരൻ
108. ശ്രീ. വി. എസ്. സുനിൽകുമാർ
109. ശ്രീ. കെ. സുരേഷ് കുറുപ്പ്
110. ശ്രീ. ഇ. കെ. വിജയൻ

മി. സ്പീക്കർ: ഡോ. എൻ. ജയരാജിന്റെ ഭേദഗതി പിൻവലിക്കുന്നതിന് അനുകൂലമായി 68 വോട്ടും പ്രതികൂലമായി 56 വോട്ടുമാണ്. ഭേദഗതി പിൻവലിക്കാനുള്ള അനുമതി സഭ നൽകിയിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..............................................

പ്രതികൂലിക്കുന്നവർ ..............................................

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 10-ാം വകുപ്പ്

ശ്രീ. ബെന്നി ബെഹനാൻ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

210. ഖണ്ഡം 10-ൽ 'നൂറ് രൂപ' എന്നീ വാക്കുകൾക്ക് പകരം അൻപത് രൂപ എന്നീ വാക്കുകൾ ചേർക്കുക

ശ്രീ. എം. ഹംസ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

211. ഖണ്ഡം 10-ൽ 'നൂറ്' എന്ന വാക്കിന് പകരം "അൻപത്"' എന്ന വാക്ക് ചേർക്കുക'

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .............................................

പ്രതികൂലിക്കുന്നവർ .............................................

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 11- ഉം 12 - ഉം **വകുപ്പുകൾ**

(11- ഉം 12 – ഉം വകുപ്പുകൾക്ക് ഭേദഗതിയില്ല)

11- ഉം 12 – ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .............................................

പ്രതികൂലിക്കുന്നവർ .............................................

11- ഉം 12 – ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 13-ാം വകുപ്പ്

ശ്രീ. ബെന്നി ബെഹനാൻ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

212. ഖണ്ഡം 13 (2)-ൽ 'ഈ ആക്ട് പ്രകാരം ചെയ്തതായോ എടുത്തതായോ' എന്നീ വാക്കുകൾക്കുശേഷം 'ആയി' എന്ന വാക്ക് ചേർക്കുക.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഭേദഗതി സ്വീകരിക്കുന്നില്ല. നിലവിലുള്ള ബില്ലിലെ വ്യവസ്ഥയനുസരിച്ച് പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 212-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............................................

പ്രതികൂലിക്കുന്നവർ ............................................

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

മി. സ്പീക്കർ: ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അങ്ങേയ്ക്ക് 110, 111 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, താഴെ പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

110. ഖണ്ഡം 1(1)താഴെപ്പറയും പ്രകാരം മാറ്റുക.

'(1) ഈ നിയമത്തിന്റെ പേര് 2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന നിയമം എന്നായിരിക്കും'

111. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക.

'(2) ഇതിന് 2012 ആഗസ്റ്റ് 27-ാം തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്'.

ഭരണഭാഷ മലയാളം എന്ന് പറയുകയും അതേ സമയത്ത് നിയമത്തിന്റെ മലയാള പരിഭാഷ തയ്യാറാക്കുമ്പോൾ ഈ നിയമത്തിന് നിരോധന ആക്ട് എന്ന് ഉപയോഗിക്കുന്നത് നിരോധന നിയമം എന്ന് തന്നെ പ്രയോഗിക്കുന്നതുകൊണ്ട് തകരാറൊന്നുമില്ല.

ശ്രീ. കെ. എം. മാണി: ആക്ട് ഓഫ് പാർലമെന്റ്, ആക്ട് ഓഫ് ലെജിസ്ലേച്ചർ എന്നാണ് പറയുന്നത്. അതുകൊണ്ട് നിയമം എന്ന് വേണ്ട ആക്ട് എന്ന് തന്നെ മതി. ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 110, 111 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............................................

പ്രതികൂലിക്കുന്നവർ ............................................

ഒന്നാം വകുപ്പും പീഠികയും പേരും വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മൂന്നാം വായന

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അങ്ങേയ്ക്ക് ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി: ഞാൻ പ്രതിപക്ഷത്തോട് പ്രത്യേകിച്ച് നന്ദി പറയുന്നു. കാരണം വലിയ കോലാഹലമോ വഴക്കോ ഡിഫറൻസോ ഒന്നുമില്ലാതെ തത്വത്തിൽ ഈ ബിൽ പാസ്സാക്കി തന്നതിന് എല്ലാവർക്കും നന്ദി. ഇതുകൊണ്ട് ഒരു പുതിയ ചാപ്റ്ററാണ് തുടങ്ങുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇങ്ങനെയൊരു ബിൽ ആവശ്യമാണ്. നാലു മാസമായി ഇത് പ്രാബല്യത്തിലുണ്ട്. ബിൽ സഭ അംഗീകരിച്ചുകൊടുക്കുന്നതോടുകൂടി ഇതിന്റെ ഗതി ഇങ്ങനെയാകാൻ പാടില്ല. കർശനമായ നടപടി സ്വീകരിക്കണം. ഇത് പ്രാബല്യത്തിൽ വന്നു കഴിഞ്ഞതാണ്. അതുകൊണ്ട് ഇന്ന് രാത്രി തന്നെ മാണി സർ ഇങ്ങനെയുള്ള ആളുകളെ മുഴുവൻ പിടിക്കണം. അങ്ങനെ പിടിക്കപ്പെടുന്ന വിധത്തിൽ മാണി സാർ ഇടപെട്ടാൽ അങ്ങ് കേരളത്തിൽ ശ്രദ്ധിക്കപ്പെടുന്ന മന്ത്രിയായി മാറും. അമിത പലിശയ്ക്കിരയാകുന്ന ആളുകൾക്ക് ഒരു രക്ഷകനായി അങ്ങ് മാറുമോ? അല്ലെങ്കിൽ ബില്ലും കെട്ടിപ്പൂട്ടി ഒരറ്റത്ത് ഇരിക്കുമോ എന്നാണ് അറിയേണ്ടത്. ഒരു ഭേദഗതി സ്വീകരിക്കാത്തത് മോശമായിപ്പോയി. ബഹുമാനപ്പെട്ട അംഗം ശ്രീ. സുരേഷ്കുറുപ്പ് കൊണ്ടു വന്ന ഭേദഗതി അംഗീകരിക്കണമായിരുന്നു. മൂന്നാം വായനയിൽ ഇത് നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളല്ലേ പറയേണ്ടത് ഇത് കോടതിയിൽ എത്തിയാൽ വെറും തടവിന് ഒരു ദിവസം ശിക്ഷിച്ചിട്ട് വിട്ട

യയ്ക്കാം. കോടതി പിരിയുന്നതുവരെയും ശിക്ഷിക്കാം. അതിനാൽ ചുരുങ്ങിയ ശിക്ഷ എന്താണെന്ന് പറയാത്തതുകൊണ്ട് കോടതിക്ക് കോടതി പിരിയുന്നതുവരെയും ശിക്ഷിക്കാം എന്ന സാഹചര്യം വരും. ആ വകുപ്പുകൂടി ചേർത്തിരുന്നെങ്കിൽ കുറച്ചുകൂടി നല്ല ഒരു ബില്ലായി ഇത് മാറുമായിരുന്നു. ഇത് നടപ്പാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യം ഇതുടനെ നടപ്പാക്കുന്നതിന് ഭരണസംവിധാനത്തെ ആകെ ഇതിനുവേണ്ടി തയ്യാറാക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ജി. സുധാകരൻ: സർ, പോയിന്റ് ഓഫ് ഓർഡർ, നിയമം എന്ന് പറയാൻ പാടില്ല. ആക്ടെന്നാണ് പറയുന്നതെങ്കിൽ നിയമ നിർമ്മാണ സഭ എന്നതിന് പകരം ആക്ട് നിർമ്മാണ സഭ എന്നാണോ പറയുന്നത്?

മി. സ്പീക്കർ: അത് ഇപ്പോഴല്ല പറയേണ്ടത്. അത് ആ സമയത്ത് പറയണമായിരുന്നു. നിയമനിർമ്മാണത്തിന്റെ എല്ലാ ചർച്ചകളും കഴിഞ്ഞു. മൂന്നാം വായനയും കഴിഞ്ഞു. ഇനി അനുവദിക്കാൻ കഴിയില്ല.

2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ............................

2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

2012 ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ബിൽ പാസ്സായിരിക്കുന്നു.

(തുടരും)

P 17.12.2012 AR-JG-2
2.40-2.50

2. 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

**ചർച്ച**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ബില്ലിന്റെ ഭേദഗതിയിൽ ഇടപെട്ട് സംസാരിച്ചപ്പോൾ ഇതിന്റെ കാര്യങ്ങളെക്കുറിച്ച് ഏറെക്കുറെ വിശദമായി പ്പറഞ്ഞു. ഞങ്ങൾ ഈ ഭേദഗതി ബില്ലിൽ വിയോജനം രേഖപ്പെടുത്തുവാനുള്ള കാരണം മാലിന്യ പ്രശ്നം കേരളത്തിന്റെ ഒരു പൊതുവായ സാമൂഹ്യ വിപത്തായി മാറിയിരിക്കുകയാണ്. ഈ മാലിന്യസംസ്ക്കരണം സമ്പൂർണ്ണമായ ഒരു പ്രശ്നപരിഹാരത്തെ ലക്ഷ്യം വച്ചുകൊണ്ടാണ് ഈ ബിൽ എന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് തർക്കമില്ല. നഗരകാര്യ വികസന വകുപ്പു മന്ത്രിയുടെ ഈ കാര്യത്തിലുള്ള ആത്മാർത്ഥതയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ കേരളത്തിന്റെ മാലിന്യപ്രശ്നത്തെ അഭിസംബോധന ചെയ്യുന്നതിൽ ഈ ബിൽ വളരെ അപര്യാപ്തമാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഈ ബില്ലിന് വ്യക്തത പോരാ; ഈ ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ സർക്കാരിന്റെ ബാധ്യതകളൊന്നും നിർവ്വചിക്കപ്പെട്ടിട്ടില്ല. ഈ

ബിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ മാലിന്യ നിർമ്മാർജ്ജനം യാഥാർത്ഥ്യമാകുമെന്നുള്ള പ്രതീക്ഷയും ഞങ്ങൾക്കില്ല. അതുകൊണ്ട് മാലിന്യ സംസ്ക്കരണം എന്നു പറയുന്ന പ്രശ്നവും മാലിന്യ നിർമ്മാർജ്ജനവും സമഗ്ര പ്രസ്ഥാനമായി കേരളത്തിൽ മാറണം. അതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ, വിവിധ സംഘടനകൾ, പ്രസ്ഥാനങ്ങൾ, യുവജനക്ലബുകൾ ഇതെല്ലാം കൈകോർക്കുന്ന ഒരു മാസ് ഡ്രൈവ് കേരളത്തിൽ ഉണ്ടാക്കണം. അതൊന്നും ഇതിൽ വിഭാവനം ചെയ്യുന്നില്ല. ഇവിടെ പേടിയുള്ളവരെല്ലാം ചുറ്റും നിന്നാൽ മതിയെന്ന പഴഞ്ചൊല്ല് ഉണ്ട്. സ്വയം പേടിക്കുന്ന ഒരാൾ പേടിയുള്ളവരെല്ലാം ചുറ്റും നിന്നാൽ മതിയെന്നുപറയുന്നതുപോലെ മാലിന്യ പ്രശ്നം പരിഹരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെന്തെങ്കിലും മാർഗ്ഗം കണ്ടെത്തണം. ഉറവിടങ്ങളിൽ തന്നെ അത് സംസ്ക്കരിച്ചുകൊള്ളണം എന്ന ഒരു ബാദ്ധ്യത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കൈകെട്ടി മാറി നിൽക്കുന്ന ഒരു സ്ഥിതിവിശേഷമാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നത്. ധനകാര്യ മെമ്മോറാണ്ടത്തിൽ ഈ സർക്കാരിന് ഇതിൽ യാതൊരു ബാദ്ധ്യതയുമുള്ളതായി കാണുന്നില്ല. മാലിന്യ നിർമ്മാർജ്ജന ഫണ്ടിനെക്കുറിച്ച് ഇതിൽ പറയുന്നുണ്ട്. അത് ഈ നിയമം നടപ്പിലാക്കുന്നതിൽ മടി കാണിക്കുകയോ തെറ്റു ചെയ്യുകയോ ആളുകളിൽ നിന്നും ഈടാക്കുന്ന പിഴയുണ്ട്. അത് നാമമാത്രമായ തുകയാണ്. 250 രൂപയാണ് പറഞ്ഞതെങ്കിലും അതിൽ അല്പം വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശം വന്നു. ആ നാമമാത്രമായ തുക കൊണ്ട് കേരളത്തിലൊരു മാലിന്യനിർമ്മാർജ്ജന ഫണ്ട് ഉണ്ടാകുമോ? കേരളത്തിലെ നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിന് സഹായകരമായ ഒരു വലിയ ഫണ്ടായി ആ ഫണ്ടുണ്ടാകുമെന്ന് എങ്ങനെയാണ് പറയുന്നത്? അതിന് എന്ത് യുക്തിയാണു

ള്ളത്? യാതൊരു ലോജിക്കുമില്ലാത്ത ഒരു നിർമ്മാർജ്ജന ഫണ്ടിനെക്കുറിച്ചാണ് അതിൽ പറഞ്ഞിട്ടുള്ളത്. ആ മാലിന്യ നിർമ്മാർജ്ജന ഫണ്ടിലേയ്ക്ക് എത്രയാണ് ഗവൺമെന്റ് സംഭാവന ചെയ്യുവാൻ പോകുന്നത്; ഏതെങ്കിലും നഗരസഭകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ മാലിന്യ നിർമ്മാർജ്ജനത്തിന് ആവശ്യമായ തുക കണ്ടെത്താൻ കഴിയാതെ വന്നാൽ ഗവൺമെന്റ് അവരെ എങ്ങനെ സപ്പോർട്ട് ചെയ്യും; അതിൽ സർക്കാർ എത്ര പണം ചെലവഴിക്കും? ഇത്തരം ഉത്തരവാദിത്തങ്ങൾ ഒന്നും അതിൽ നിർവ്വചിക്കപ്പെട്ടിട്ടില്ല. ഈ സഭയിൽ വിവിധതരം പദ്ധതികളെ സംബന്ധിച്ച് നിരവധി തവണ ചോദ്യോത്തരവേളകളിലും അല്ലാതെയും നമ്മുടെ ബഹുമാന്യനായ ഈ മന്ത്രിയും അതിനു മുമ്പുള്ള നഗര വികസന വകുപ്പുമന്ത്രിയും പല ഉറപ്പുകളും നൽകിയിട്ടുണ്ട്. നവീനമായ ആശയങ്ങളെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യപ്പെട്ടു. പൈറോളിസിസ്, ഇൻസിനറേറ്റർ, മൈസൂർ മോഡൽ ഇവയെക്കുറിച്ചും ബയോഗ്യാസ് പ്ലാന്റുകളെക്കുറിച്ചും ധാരാളം വാഗ്ദാനങ്ങൾ ഇവിടെ വന്നു. എന്താണ് ആ വാഗ്ദാനങ്ങൾക്കെല്ലാം സംഭവിച്ചത്? കേരളത്തിൽ മാലിന്യനിർമ്മാർജ്ജനം ഉറവിടങ്ങളിൽ സംസ്ക്കരിച്ചതുകൊണ്ടു മാത്രം പൂർണ്ണമായും ഇല്ലാതാകുമോ? എങ്ങനെയാണ് നമുക്ക് വികസിത രാജ്യങ്ങളിലെ ചില മാതൃകകൾ ഫലപ്രദമായി സമവായത്തോടുകൂടി മെത്തേഡ് ഓഫ് കൺസെൻസസിൽ സമർപ്പിക്കാൻ കഴിയുക. കഴിഞ്ഞ തവണ ചർച്ച ചെയ്തപ്പോഴും മന്ത്രി പറഞ്ഞത് എവിടെയാണ് ആരാണ് ഇതിന് തയ്യാറാവുക എന്നുള്ളതാണ്. ചില സ്ഥലങ്ങളിലൊക്കെ തയ്യാറാകാനുള്ള സാധ്യതയുണ്ട്. കേരളത്തിലെ ചില ഒറ്റപ്പെട്ട പ്രദേശങ്ങളിൽ മനോഹരമായ പൂങ്കാവനങ്ങളെപ്പോലെ മാലിന്യ നിർമ്മാർജ്ജന കേന്ദ്രങ്ങളെ, സംസ്ക്കരണ കേന്ദ്രങ്ങളെ, മാറ്റിയ അനുഭവങ്ങളുണ്ട്. ഇത്തരം സംഗതികളെക്കുറിച്ച്

നേരത്തെ ഗവൺമെന്റ് പറഞ്ഞിരുന്ന വാക്കുകളും ഗവൺമെന്റിന്റെ വാഗ്ദാനങ്ങളുമെല്ലാം കാറ്റിൽ പറത്തിയിട്ട് പ്രശ്നപരിഹാരത്തിന് ഏറ്റവും നല്ല എളുപ്പവഴി നിങ്ങൾ തന്നെ സംസ്ക്കരിക്കുന്നതാണ് എന്ന് പറയുന്ന ഒരു സ്ഥിതിയാണ് ഇതിൽ വന്നിട്ടുള്ളത്. ഫലത്തിൽ ഇതിന്റെ ഉത്തരവാദിത്വം മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കാണ് വരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സൂക്ഷ്മമായ മോണിറ്ററിംഗും സൂക്ഷ്മമായ ഇടപെടലുകളുമില്ലാതെ ഒന്നും നടക്കില്ല എന്നതാണ് നിയമത്തിന്റെ കാതൽ. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കാതെ ഈ ബിൽ യാഥാർത്ഥ്യമാകാൻ പോകുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്ന നിലപാട് ഈ ഗവൺമെന്റിനുണ്ടോ? അധികാര വികേന്ദ്രീകരണം ഫലപ്രദമായി നിർവ്വഹിച്ച് ഇന്ത്യയ്ക്കാകെ മാതൃകയായിട്ടുള്ള ഒരു സംസ്ഥാനമാണ് കേരള സംസ്ഥാനം. ഞാൻ അതിന്റെ നേട്ടങ്ങളെക്കുറിച്ച് നേരത്തെയും പറഞ്ഞു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ സന്ദർശിക്കുമ്പോൾ നമുക്ക് അറിയാവുന്ന ഒരു കാര്യം, ഭരണഘടനാഭേദഗതിയിലൂടെ നഗരപാലിക പഞ്ചായത്ത് രാജ് ബിൽ നടപ്പിലാക്കിയ സംസ്ഥാനങ്ങളിലൊന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോഴും കാര്യമായ പ്രവൃത്തികളൊന്നും നടത്താൻ കഴിയുന്നില്ല. അവർ നോക്കുകുത്തികൾ മാത്രമാണ്. അവർക്ക് അധികാരങ്ങൾ കൈമാറിയിട്ടില്ല. കൈമാറിയ അധികാരങ്ങൾ ഫലപ്രദമായി നിർവ്വഹിക്കാൻ ആവശ്യമായിട്ടുള്ള സമ്പത്തും അവർക്ക് ലഭിക്കുന്നില്ല. പദ്ധതി വിഹിതത്തിന്റെ 40% താഴെത്തട്ടിലേയ്ക്ക് കൈമാറുവാനുള്ള വിപ്ലവകരമായ തീരുമാനമാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഊർജ്ജസ്വലമായ സ്ഥാപനങ്ങളാക്കി മാറ്റിയത്.

ഒമ്പതാം പഞ്ചവത്സര പദ്ധതിയിലാണ് അത്തരമൊരു തീരുമാനം നിശ്ചയ ദാർഢ്യത്തോടു കൂടി അന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി എടുത്തത്. ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ 40% പദ്ധതിവിഹിതം താഴേയ്ക്ക് കൊടുക്കാൻ തീരുമാനിച്ചപ്പോൾ അത് തോന്നിയതുപോലെ ചെലവഴിക്കാൻ പാടില്ല എന്ന നിബന്ധന കൊണ്ടുവന്നു. അതിന്റെ ഭാഗമായി അത് മൂന്ന് ഘടകങ്ങളായി വിഭജിക്കപ്പെട്ടു. അതിൽ ഒന്ന് പശ്ചാത്തല വികസനത്തിനും, ഒന്ന് ഉല്പാദനമേഖലയ്ക്കും ഒന്ന് സേവനമേഖലയിലേയ്ക്കും കൈമാറ്റം ചെയ്യപ്പെട്ടു. ഈ പദ്ധതികൾ ആസൂത്രണം ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണാധികാരികൾ വാതിലടച്ചിരുന്ന് ഒറ്റയ്ക്ക് ആസൂത്രണം ചെയ്യാൻ പാടില്ല, ജനങ്ങളുമായി സംവദിക്കണമെന്ന് തീരുമാനിച്ചു. അങ്ങനെ ഗ്രാമസഭകൾക്ക് നിയമാനുസൃതമായ, ലെജിറ്റിമേറ്റായ ചില നിബന്ധനകൾ കൊണ്ടുവന്നു. അങ്ങനെ ഗ്രാമസഭകൾ ചേർന്ന് ഗ്രാമസഭകളിലൂടെ ഉയർന്നുവരുന്ന അഭിപ്രായങ്ങളെ പരിഗണിച്ച് കർമ്മസമിതികൾ തയ്യാറാക്കുന്ന നിർദ്ദേശങ്ങൾ വികസന സെമിനാറിൽ അവതരിപ്പിച്ച് വികസന സെമിനാറിന്റെ അപ്രൂവലോടു കൂടി ജനങ്ങളുടേയും സന്നദ്ധസംഘടനാ പ്രവർത്തകരുടേയും പങ്കാളിത്തത്തോടുകൂടിയുള്ള സന്നദ്ധ വിദഗ്ദ്ധ സമിതികളിൽ സമർപ്പിച്ച് അവരുടെ സാങ്കേതിക സഹായത്തെ ഉപയോഗപ്പെടുത്തി അത് പാസ്സാക്കിയെടുത്ത് നടപ്പിലാക്കുന്നതിന്റെ നേട്ടം ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ നമ്മൾ അനുഭവിച്ചു. ഏഴര ലക്ഷത്തോളം വരുന്ന പ്രദേശങ്ങളിലെ ആളുകൾക്ക് വീടുകളുണ്ടായി. ആയിരക്കണക്കിന് കിലോമീറ്റർ ഗ്രാമീണ റോഡുകൾ ടാർ ചെയ്യപ്പെട്ടു. 998 കുടിവെള്ള പദ്ധതികളുണ്ടായി. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. പക്ഷേ അതിന്റെ തുടർച്ച

യായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കാൻ ബാദ്ധ്യതപ്പെട്ട ഗവൺമെന്റ് ഈ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെയും പ്ലാൻ ഫണ്ട് താഴേയ്ക്ക് കൊടുത്ത് അവരെ കൂടുതൽ ഊർജ്ജസ്വലമാക്കേണ്ട ഒരു ഗവൺമെന്റ് എന്തു നിലപാടാണ് സ്വീകരിക്കുന്നത്?

ഡോ. കെ.ടി. ജലീൽ: സർ, മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഈ ബിൽ കേവലം ഒരു കടലാസ് പുലിയാണ്. ഇതിൽ നിഷ്ക്കർഷിക്കുന്ന നിയമങ്ങൾ വ്യക്തമായി ഒന്നും രേഖപ്പെടുത്തപ്പെട്ടിട്ടില്ല. എല്ലാ വീടുകൾക്കും പ്ലാനും സ്കെച്ചും തയ്യാറാക്കി അതിന്റെ അപ്രൂവൽ ലഭിക്കണമെങ്കിലുള്ള നിർദ്ദേശങ്ങളിലൊന്നായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കണമെന്നുള്ളത് വയ്ക്കാമായിരുന്നു. അത്തരത്തിലുള്ള നിഷ്കർഷതകൾ ഒന്നും തന്നെ വീടുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതിൽ നിർദ്ദേശിക്കപ്പെട്ടിട്ടില്ല. വികേന്ദ്രീകൃതമായിട്ടുള്ള മാലിന്യ സംസ്ക്കരണ സംവിധാനമാണ് ഇനി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ സാധിക്കൂ എന്നുള്ളത് പല അനുഭവങ്ങളിലൂടെയും വ്യക്തമായിട്ടുള്ളതാണ്. ജനപ്രതിനിധികൾ ഇതിന് മാതൃക കാണിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. എം.എൽ.എ.-മാരും പഞ്ചായത്ത് പ്രസിഡന്റുമാരുമൊക്കെ ബയോഗ്യാസ് പ്ലാന്റുകൾ അവരവരുടെ വീടുകളിൽ സ്ഥാപിച്ച് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചാലുണ്ടാകുന്ന ബുദ്ധിമുട്ടും പ്രയാസവും ഇന്നതൊക്കെയാണ് എന്ന് ബഹുജനങ്ങളിൽ വലിയ തെറ്റിദ്ധാരണയുണ്ട്, അത് മാറ്റുവാൻ വേണ്ടി ശ്രമിക്കണം. ബഹുമാന്യനായ മുഖ്യമന്ത്രി ഇതുമായി ബന്ധപ്പെട്ട് പറഞ്ഞിട്ടുള്ള കാര്യങ്ങൾ... ബയോഗ്യാസ് പ്ലാന്റുകൾ എം.എൽ.എ. മാർ അവരവരുടെ വീടുകളിൽ സ്ഥാപിച്ചുകൊണ്ട് മാതൃക കാണിക്കണം എന്നു പറഞ്ഞിട്ടുള്ള മുഖ്യമന്ത്രിയുടെ പ്രഖ്യാപനംപോലും യാഥാർത്ഥ്യവൽക്കരിക്കാൻ

സാധ്യമാകാത്ത പശ്ചാത്തലത്തിലാണ് ഇങ്ങനെ ഒരു ബിൽ കൊണ്ടുവരുന്നത് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാലിന്യ സംസ്ക്കരണം ഉറവിടങ്ങളിൽ സംസ്ക്കരിക്കുവാനുള്ള നിർദ്ദേശം നടപ്പിലാകണമെങ്കിൽ എം.എൽ.എ.-മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ മാതൃക കാണിക്കണമെന്ന നിർദ്ദേശം വളരെ ശ്രദ്ധേയമായിട്ടുള്ള നിർദ്ദേശം തന്നെയാണ്. പക്ഷേ കേരളത്തിലെ വീടുകളിലെ ഉറവിടങ്ങളിൽ മാലിന്യം സംസ്ക്കരിക്കാൻ ആരാണ് ഇതിനാവശ്യമായിട്ടുള്ള സർവ്വീസ് പ്രൊവൈഡ് ചെയ്യുക എന്ന ചോദ്യമാണ് നേരത്തെയും ഉയർന്നു വന്നത്. ലക്ഷക്കണക്കിന് വീടുകളിലേയ്ക്ക് ആവശ്യമായിട്ടുള്ള സർവ്വീസ് പ്രൊവൈഡർമാരെ ഗവൺമെന്റ് കണ്ടെത്തിയിട്ടുണ്ടോ; എല്ലാ വീടുകളിലേയ്ക്കും ആവശ്യമായ ബയോഗ്യാസ് പ്ലാന്റുകൾ സപ്ലൈ ചെയ്യാൻ ആളുകളുണ്ടോ?. ഇക്കാര്യത്തിൽ ഒരു വ്യക്തതയില്ല. ഒരു നിർദ്ദേശം പുറപ്പെടുവിച്ചിട്ട് ആകാശത്തേയ്ക്ക് വെടി വെയ്ക്കുന്ന പോലെ ഒരു വെടിവെച്ചിട്ട് എന്തെങ്കിലും ചെയ്തോട്ടെ എന്ന നിലപാട് സ്വീകരിക്കുന്നതിനു പകരം ഗവൺമെന്റിന് ഇക്കാര്യത്തിൽ എന്തു നിലപാട് സ്വീകരിക്കും? ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ എത്ര രൂപ ഗവൺമെന്റ് സബ്സിഡി കൊടുക്കും? എത്ര രൂപ ഗവൺമെന്റ് ഇതിൽ വഹിക്കും? ഗവൺമെന്റ് ഇതിനാവശ്യമായ എന്തെല്ലാം നേതൃത്വപരമായ പങ്ക് വഹിക്കും? എങ്ങനെ ഇതിനെ ഒരു മഹാപ്രസ്ഥാനമാക്കി മാറ്റും? ഇക്കാര്യങ്ങളൊന്നും ഇതിൽ വന്നിട്ടില്ല. ഇതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലയിലിട്ടു കൊടുക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനു പകരം ദുർബലപ്പെടുത്തുന്ന ഒരു പണിയാണ്. അധികാരവികേന്ദ്രീകരണം താഴോട്ടല്ല മറിച്ച് മന്ത്രിസഭയിലാണ് നടപ്പിലാക്കിയത്.

ഇവിടെ രാവിലെ ബഹുമാന്യനായ മുഖ്യമന്ത്രി പറയുകയുണ്ടായി, ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ആളുകൾക്ക് ഞങ്ങൾ മൂന്നായി വീതം വച്ചു. ഈ മൂന്നായി വീതം വച്ച് അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടിയുള്ള യോഗം കൂടാനും അതിന്റെ അദ്ധ്യക്ഷത വഹിക്കാനുമുള്ള ചുമതല എനിക്കാണ് നൽകിയിട്ടുള്ളതെന്ന് അദ്ദേഹം പറഞ്ഞു. പക്ഷേ അങ്ങനെ ഒരു യോഗം കൂടേണ്ട സാഹചര്യം അവർ ഉണ്ടാക്കിയില്ല എന്നുള്ളത് അദ്ദേഹം പോസിറ്റീവായിട്ടാണ് പറഞ്ഞത്.

P 17-12-12 GK-JG-III
02-50-03-00

അതിന്റെയർത്ഥം കേരളത്തിലെ നഗരസഭകളുടേയും പഞ്ചായത്തുകളുടേയും ഗ്രാമവികസനത്തിന്റേയും ചുമതലയുള്ള മൂന്ന് മന്ത്രിമാരെയും വിളിച്ചിരുത്തി ഒരു യോഗം നടത്തുവാൻ ഇന്നുവരേയും ഗവൺമെന്റിനും മന്ത്രിസഭയ്ക്കും സാധിച്ചിട്ടില്ല. ഈ പ്രശ്നങ്ങൾ എങ്ങനെയാണ് ഇവർ പരിഹരിക്കുവാൻ പോകുന്നത്; ഇതിന്റെ ഫലം അനുഭവിക്കുന്നവർ ആരാണ്? കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഈ വർഷം എന്താണ് നടന്നത്? പദ്ധതി നടത്തിപ്പിന്റെ ഒമ്പത് മാസം ഇവിടെ പിന്നിടുകയാണ്. ഒമ്പത് മാസത്തിനു ശേഷം നമ്മുടെ മുന്നിലുള്ള അനുഭവം എന്താണ്? ഉറവിട സംസ്ക്കരണത്തിന് ഈ ബിൽ വരുന്നതിനുമുമ്പ് വലിയ തോതിൽ പണം നീക്കി വയ്ക്കാൻ തയ്യാറുള്ള മനോഹരമായ പദ്ധതികൾ കൊണ്ടുവന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നഗരസഭകളും പഞ്ചായത്തുകളും കേരളത്തിലുണ്ട്. അവർക്ക് ആ പണം നീക്കിവയ്ക്കുന്നതിനുള്ള പദ്ധതികൾക്കുള്ള അംഗീകാരം കൊടുത്തോ? ആ പദ്ധതികൾക്ക് ഗവൺമെന്റിന്റേയോ ബന്ധപ്പെട്ട വിദഗ്ദ്ധ സമിതികളുടേയോ ഡി.പി.സി-കളുടേയോ അംഗീകാരം ലഭിച്ചോ?

പദ്ധതികൾക്ക് നൽകിയ അംഗീകാരവുമായി ബന്ധപ്പെട്ട് 14-12-2012-ൽ ശ്രീ. കെ.സി. ജോസഫ് ഈ സഭയിൽ നൽകിയ ഉത്തരത്തിൽ കേരളത്തിലെ ഏഴ് ജില്ലാ പഞ്ചായത്തുകളിൽ 101 പദ്ധതികൾക്കാണ് അംഗീകാരം കൊടുത്തുവെന്ന് പറഞ്ഞത്. ശരാശരി ഒരു വർഷം 500 പദ്ധതികൾ ജില്ലാ പഞ്ചായത്ത് സമർപ്പിക്കുന്നുണ്ട്. 7500 പദ്ധതികൾ സമർപ്പിക്കേണ്ട കേരളത്തിലെ ജില്ലാ പഞ്ചായത്തുകൾക്ക് 101 പദ്ധതികൾക്കാണ് അംഗീകാരം കിട്ടിയത്. 103 ബ്ലോക്ക് പഞ്ചായത്തുകളാണ് കുറച്ചെങ്കിലും പദ്ധതി രേഖകൾ സമർപ്പിച്ചത്. അവർക്ക് കിട്ടിയത് 1401 ആണ്. ഒരു ബ്ലോക്ക് പഞ്ചായത്ത് ശരാശരി 100 പദ്ധതികൾ സമർപ്പിക്കുമെന്നാണ് കണക്ക്. ബ്ലോക്ക് പഞ്ചായത്തുകളിൽ 15000 -ത്തോളം വരുന്ന പദ്ധതികളിൽ 10 ശതമാനത്തിൽ താഴെ മാത്രമാണ് പദ്ധതികൾ സമർപ്പിക്കപ്പെട്ടത്. ഗ്രാമപഞ്ചായത്തിലെ കണക്കുകളുടെ സ്ഥിതിയും ഇതുതന്നെയാണ്. 90 ശതമാനം പദ്ധതികളും ഗ്രാമപഞ്ചായത്തുകളിൽ കെട്ടിക്കിടക്കുകയാണ്. ഗ്രാമപഞ്ചായത്തുകളിൽ ശരാശരി 125-150 പദ്ധതികളാണ് ഉണ്ടാകേണ്ടത്. 60344 പദ്ധതികളാണ് ആകെ അംഗീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ഒരു പദ്ധതിക്ക് പോലും നിർവ്വഹണം തുടങ്ങാൻ കഴിയാത്ത, ഒന്നും ചെയ്യാൻ കഴിയാത്ത കാഴ്ചവസ്തുക്കളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറുന്നതിന്റെ കൂട്ടത്തിലാണ് ഇങ്ങനെയൊരു പ്രഖ്യാപനവുമായി ഗവൺമെന്റ് വരുന്നത്. ഇതിന്റെ കൂട്ടത്തിൽ ഒട്ടനവധി പ്രശ്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൊണ്ടുവരികയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ച് ഞാൻ പറയാൻ കാരണം, നഗരവികസന വകുപ്പുമന്ത്രിയുടെ വിഭാവന മുഴുവൻ കേന്ദ്രീകരിക്കുന്നത് തദ്ദേശസ്വയം

ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ്. അദ്ദേഹം നഗര മുനിസിപ്പാലിറ്റി യെക്കുറിച്ച് മാത്രമാണ് പറയുന്നതെങ്കിലും ഇതിന്റെ അനുബന്ധമായി താഴേയ്ക്ക് വരുന്നത് അങ്ങനെയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാതെ ഈ ബിൽ ഏകപക്ഷീ യമായി നടത്തിക്കൊണ്ടുപോകുവാൻ കഴിയില്ല. ഐ.എ.വൈ. ഭവന പദ്ധതിക്ക് രണ്ട് ലക്ഷം രൂപയായി ഉയർത്തി കയ്യടി വാങ്ങിച്ചിട്ട് ഒരു കൊല്ലം കഴിഞ്ഞു. ഇവിടെ യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നത്? കേന്ദ്ര വിഹി തമെന്ന് പറയുന്നത് 48500 രൂപ മാത്രമാണ്. ബാക്കി പ്ലാൻ ഫണ്ടുമാണ്. ഒരു വീടിന് ബ്ലോക്ക് പഞ്ചായത്ത് 75000 രൂപ വയ്ക്കണം. ഈ വർഷം ഒന്നര ലക്ഷം ഐ.എ.വൈ. വീടുകൾ അനുവദിച്ചുവെങ്കിൽ 820 കോടി രൂപ ഇതി ലേയ്ക്ക് സംസ്ഥാനം നീക്കി വയ്ക്കണം. അതിൽ എത്ര രൂപയാണ് നീക്കി വച്ചിട്ടുള്ളത്? ആകെ പദ്ധതിയുടെ പകുതി തുകയായ 410 കോടി രൂപ ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതമായി നീക്കി വയ്ക്കേണ്ടതുണ്ട്. സംസ്ഥാനത്തെ ആകെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന പദ്ധതി വിഹിതം 395 കോടി രൂപയാണ്. കേരളത്തിൽ അനുവദിക്കപ്പെട്ടുവെന്ന് കൊട്ടിഘോഷിക്കപ്പെടുന്ന വീടുകൾ നടപ്പിലാക്കണമെങ്കിൽ, സംസ്ഥാന ഗവൺമെന്റിന്റെയും ഗ്രാമവികസന വകുപ്പിന്റേയും തദ്ദേശസ്വയംഭരണ വകു പ്പിന്റേയും പ്രഖ്യാപനം യാഥാർത്ഥ്യമാകണമെങ്കിൽ ബ്ലോക്ക് പഞ്ചായത്തു കൾ 410 കോടി രൂപ നീക്കിവയ്ക്കണം. അവർക്ക് ആകെ കൊടുത്തിട്ടുള്ളത് 395 കോടി രൂപയാണ്. ഐ.എ.വൈ. പ്രകാരം കൃത്യമായി നടപ്പിലാക്കുവാൻ ശ്രമിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് കാലി ചായ കുടിക്കാൻ പോലും കഴി യാത്ത സ്ഥിതിവിശേഷം ഇവിടെ നിലനിൽക്കുകയാണ്. ഇത് സംബന്ധിച്ച്

മുഖ്യമന്ത്രിയോടാണോ പഞ്ചായത്തിന്റെ ചുമതലയുള്ള മന്ത്രിയോടാണോ ഗ്രാമവികസന വകുപ്പുമന്ത്രിയോടാണോ പരാതി പറയേണ്ടത്? കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സമ്പൂർണ്ണമായ തകർച്ചയിലേയ്ക്ക് എത്തിച്ച സംസ്ഥാന ഗവൺമെന്റ് ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കുന്നതുപോലെ യൊരു നിയമവുമായി വന്ന് മാലിന്യപ്രശ്നം പരിഹരിക്കാമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമല്ല. അതുകൊണ്ട് സമഗ്രമായ മാലിന്യനിർമ്മാർജ്ജന പദ്ധതികൾ പ്രഖ്യാപിക്കാത്ത, മാലിന്യ നിർമ്മാർജ്ജന ഫണ്ടിനെ സംബന്ധിച്ച് ഒരു പ്രൊപ്പോസലും വരാത്ത, എത്ര സബ്സിഡി കൊടുക്കുമെന്നതിനെക്കുറിച്ച് കൃത്യതയില്ലാത്ത, സർവ്വീസ് പ്രൊവൈഡർമാരുടെ വൈദഗ്ദ്ധ്യത്തേയും അവ രുടെ സേവനത്തേയും സംബന്ധിച്ച് കൃത്യമായ നിലപാടുകൾ പറയാത്ത, ഈ ബിൽ ഇതേ നിലയിൽ അംഗീകരിക്കുന്നതിൽ യോജിപ്പില്ലായെന്ന വിയോ ജനക്കുറിപ്പ് ഞാൻ ഒരിക്കൽക്കൂടി രേഖപ്പെടുത്തുകയാണ്.

(ശ്രീ. ഇ. കെ. വിജയൻ)

P-17-12-2012-SN-KM-3
3.00-3.10

( തുടർച്ച - ശ്രീ. ഇ.കെ. വിജയൻ)

പക്ഷേ നാടും നഗരവുമെന്ന വ്യത്യാസമില്ലാതെ ഫ്ളാറ്റ് നിർമ്മാണവു മായി ബന്ധപ്പെട്ട് 50 സെന്റുണ്ടെങ്കിൽ ആ 50 സെന്റ് മുഴുവനും കെട്ടിടം നിർമ്മിക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിലുള്ള കോൺക്രീറ്റ് സൗധത്തിന് ചുറ്റും വലിയ തോതിൽ ചൂട് അനുഭവപ്പെടുന്നതിനാൽ പ്രദേശ വാസികൾക്ക് താമസിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ടാകുന്നു. അതിനോടനുബന്ധമായി 30 സെന്റിലോ 40 സെന്റിലോ ഒരു ഗ്രീൻ ബെൽറ്റ് രൂപീകരിക്കണം. ഇന്ത്യയ്ക്ക് അതിനൊരു മാതൃകയായ സമീപനം ആധു

നിക കാലയളവിൽ ഉയർന്നുവന്നത് ബാംഗ്ലൂർ സിറ്റിയിലാണ്. ഇത് മൊത്തം നഗരത്തിൽ പ്ലാൻ ചെയ്യുന്ന ഒരു സമീപനം അവർ കൈക്കൊണ്ടിരുന്നു. നമ്മളും അത് സ്വീകരിക്കേണ്ടതാണ്. കെട്ടിടങ്ങൾ ഉയർന്നുവരുമ്പോൾ മരങ്ങൾ മുഴുവൻ നമ്മൾ വെട്ടിമാറ്റുകയാണ്. അതിനുപകരം പുതിയ മരങ്ങൾ അവിടെ വളർത്തുന്നില്ല. വായു മലിനീകരണം തടയുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് ഇതുകൂടി ചേർക്കേണ്ടതാണെന്നുള്ള നിർദ്ദേശം എനിക്കുണ്ട്. അതുപോലെ നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് ടോയ്‌ലറ്റിന്റെ അപര്യാപ്തത. പ്രത്യേകിച്ച് ചെറിയ കടകളിലും അതുപോലുള്ള മേഖലകളിലും ജോലി ചെയ്യുന്ന സഹോദരിമാർ അവിടെ ടോയ്‌ലറ്റ് സൗകര്യമില്ലാത്തതിനാൽ ഏറെ പ്രയാസപ്പെടുകയാണ്. ടോയ്‌ലറ്റ് സൗകര്യത്തിന്റെ അപര്യാപ്തയുടെ ഫലമായി പൊതുസ്ഥലങ്ങൾ ഉപയോഗപ്പെടുത്തുന്ന സാഹചര്യം വന്നതിന്റെ അടിസ്ഥാനത്തിൽ നഗരങ്ങളും വലിയ തോതിൽ മലിനപ്പെടുകയാണ്. അതിന്റെ ഭാഗമായി വരുന്ന പ്രശ്നം കേരളത്തിൽ ശുദ്ധജലം ഇല്ലാത്ത അവസ്ഥയുണ്ടാകുന്നു എന്നുള്ളതാണ്. 'വെള്ളം വെള്ളം സർവ്വത്ര, തുള്ളി കുടിപ്പാൻ ഇല്ലത്രെ' എന്നുപറഞ്ഞതുപോലെ ശുദ്ധജലം കുടിക്കാൻ സാധിക്കാത്ത സാഹചര്യത്തിലേയ്ക്ക് കേരളം നീങ്ങിയിരിക്കുകയാണ്. മലിനജലം എന്നുപറഞ്ഞാൽ മലം കലർന്ന ജലമാണ്. കേരളത്തിൽ പല സ്ഥലത്തും മലം കെട്ടിക്കിടക്കുകയാണ്. ഇതിന് എങ്ങനെ പരിഹാരം ഉണ്ടാക്കാമെന്നുള്ള കാര്യം നമ്മൾ ആലോചിക്കണം. നാട്ടിൻപുറങ്ങളിൽ കുടിവെള്ളത്തിനായി കിണറുകളാണ് ഉപയോഗിക്കുന്നത്. മുൻകാലങ്ങളിൽ കിണർ കുഴിക്കുന്നതിനെക്കുറിച്ചും കക്കൂസ് എവിടെ നിർമ്മിക്കണമെന്നതിനെക്കുറിച്ചും നല്ല ധാരണയുണ്ടായിരുന്നു. ഇന്ന് ഇത്തരം ധാര

ണകളില്ല. വീട് നിർമ്മിക്കുമ്പോൾ എല്ലാ മുറികളിലും കക്കൂസ് നിർമ്മിക്കുകയും അതിനോടനുബന്ധിച്ച് കിണർ കൂടി ആയതിന്റെ ഫലമായി ശുദ്ധജലം നമുക്ക് ലഭിക്കാൻ സാധിക്കാത്ത അവസ്ഥ സംജാതമായിരിക്കുക യാണ്. പച്ചവെള്ളം കുടിക്കണമെന്ന് ആഗ്രഹിക്കുന്നവർ കുടിക്കുന്ന വെള്ളം എന്താണെന്ന് ആലോചിക്കേണ്ടതാണ്. എല്ലാ കിണറുകളിലേയും വെള്ളം പരിശോധിക്കാനുള്ള സംവിധാനമുണ്ടാകണം. പണ്ട് മുംബെയിൽ പോയാ ലാണ് മഞ്ഞപ്പിത്തം വരുന്നത്. ഇന്ന് നമ്മുടെ വീട്ടിലെ കിണറുകളിലെ ജലം ഉപയോഗിച്ചാൽപ്പോലും മലമ്പനിയും മഞ്ഞപ്പിത്തവും വരുന്ന തരത്തിൽ ശുദ്ധജലം ഇല്ലാത്ത സാഹചര്യം കേരളത്തിൽ ഉയർന്നുവരികയാണ്. വാട്ടർ അതോറിറ്റി നൽകുന്ന ജലത്തിലൂടെയും മാലിന്യം കലരുകയാണ്. പല സ്ഥലങ്ങളിലും പൈപ്പ് പൊട്ടുകയാണ്. എവിടെ നോക്കിയാലും 20-ഉം 30-ഉം മീറ്റർ ഇടവിട്ട് പൈപ്പ് പൊട്ടാറുണ്ട്. അതിലേയ്ക്ക് എലികൾ വരെ കടന്നുവരികയാണ്. ഇത്തരത്തിൽ ശുദ്ധജലം നമുക്ക് ലഭിക്കാത്ത സാഹചര്യ മുണ്ട്. ഇന്ന് ബേക്കറി സാധനങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. ബേക്കറിയുമായി ബന്ധപ്പെട്ടാണ് ഇന്ന് ഏറ്റവും കൂടുതൽ പ്ലാസ്റ്റിക് മാലിന്യം ഉയർന്നുവരുന്നത്. അതുപോലെ മത്സ്യവിതരണ രംഗത്തും പ്ലാസ്റ്റിക് മാലിന്യ ങ്ങൾ ഉണ്ടാകാറുണ്ട്. മത്സ്യവിതരണത്തിൽ ഒരു കാര്യം ശ്രദ്ധിക്കണമെ ന്നാണ് എനിക്ക് തോന്നുന്നത്. ലോറികളിൽനിന്നും മത്സ്യത്തിന്റെ രക്തവും ഐസ്കട്ടയിലെ വെള്ളവും റോഡിലൂടെ ഒഴുകുന്ന സ്ഥിതിയാണുള്ളത്. ദേവാലയങ്ങളിൽ പോകുന്നവരുടെയും സസ്യഭുക്കുകളുടെയും നന്നായി വസ്ത്രം ധരിച്ച് കല്യാണത്തിന് പോകുന്നവരുടെയുമെല്ലാം ദേഹത്ത് ഈ ജലം തെറിക്കുകയാണ്. ഇക്കാര്യം എല്ലാവർക്കും ബോധ്യപ്പെട്ടിട്ടുള്ളതാണെ

ന്നാണ് എനിക്ക് തോന്നുന്നത്. ലോകത്ത് ഒരു സ്ഥലത്തും കാണാത്ത അവസ്ഥയാണിത്. ഇവിടെ ഗ്രാമ-നഗര വ്യത്യാസമില്ലാതെ റോഡിലൂടെ മത്സ്യത്തിന്റെ രക്തവും ഐസ് വെള്ളവും കൂടി കലർന്നൊഴുകുകയാണ്. നടന്നുപോകുന്നവരുടേയും ടൂ വീലറിൽ പോകുന്നവരുടേയും മറ്റ് വാഹനങ്ങളിലൊക്കെ പോകുന്നവരുടെ ശരീരത്തിൽ മൽസ്യത്തിന്റെ രക്തത്തിന്റെ കറ നമുക്ക് കാണാൻ സാധിക്കും. അത് തടയേണ്ടത് അത്യാവശ്യമാണ്. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ആലോചന നടത്തുമ്പോൾ വളരെ ഗൗരവമായി കാണേണ്ട വിഷയമാണിത്. ഇത് ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നാണ് തോന്നുന്നത്. കാരണം ദിവസവും പത്തും അൻപതും ലോറികൾ കടന്നുപോകാത്ത ഒരു റോഡുപോലും ഉണ്ടാകുകയില്ല. അത്രയേറെ ബുദ്ധിമുട്ടുകൾ ഇതുമായി ബന്ധപ്പെട്ട് അനുഭവിക്കുന്നുണ്ട്. മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് ഇത്തരം പ്രശ്നങ്ങൾകൂടി പരിഹരിച്ചില്ലെങ്കിൽ ഈ വിഷയം അർഹിക്കുന്ന ഗൗരവത്തിൽ നമുക്ക് പരിഹരിക്കാൻ സാധിക്കില്ല. ഉറവിടങ്ങളിലെ മാലിന്യ സംസ്കരണത്തെക്കുറിച്ചാണ് ഞാൻ സൂചിപ്പിച്ചത്. പണ്ടുകാലത്ത് മലപ്പുറം, കോഴിക്കോട് മേഖലകളിൽ നെരിപ്പോടുകൾ ഉണ്ടായിരുന്നു. അപ്പോൾ കുട്ടികൾക്ക് മാലിന്യ സംസ്കരണത്തെക്കുറിച്ച് ഒരു അവബോധം ഉണ്ടായിരുന്നു. ചിരട്ടയും തൊണ്ടുമെല്ലാം ശേഖരിക്കുകയും അത് സംസ്ക്കരിക്കേണ്ടതാണെന്നുള്ള കാര്യവും അവരുടെ ബോധമനസ്സിൽ ഉയർന്നുവരുമായിരുന്നു. ഇപ്പോൾ വഴിയരികൽ ഒരു നായ് ചത്ത് കിടന്നാൽപ്പോലും ഗ്രാമീണ മേഖലയിലുൾപ്പെടെയുള്ള ജനം അതെടുത്തുമാറ്റുന്നതിന് പഞ്ചായത്ത് മെമ്പറെയോ കോർപ്പറേഷൻ അധികൃതരയോ വിളിക്കുന്ന അവസ്ഥയാണുള്ളത്. ഇതുസംബന്ധിച്ചെല്ലാം വലിയൊരു അവബോധം സമൂഹത്തിൽ ഉണ്ടാക്കിയെടുക്കാൻ

ഈ ബില്ലിന്റെ ഭാഗമായി നമ്മൾ ശ്രമം നടത്തണം. പുതിയ തലമുറയ്ക്ക് മാലിന്യസംസ്കരണത്തെക്കുറിച്ചുള്ള അവബോധം കുറഞ്ഞിട്ടുണ്ട്. ഒരു പട്ടിയോ പൂച്ചയോ ചത്താൽ മുൻകാലങ്ങളിൽ നാട്ടിലെ ജനങ്ങൾ അപ്പോൾത്തന്നെ അതിനെ കുഴിച്ചുമൂടുമായിരുന്നു. അത്തരത്തിലൊരു ചിന്ത അന്നത്തെ മനുഷ്യരിലുണ്ടായിരുന്നു. ഇന്ന് അത്തരം കാര്യങ്ങളിലൊക്കെ നാം വളരെയേറെ പുറകോട്ട് പോയിരിക്കുകയാണ്. ഒരു സാമൂഹിക അവ ബോധം ഉണ്ടായാൽ മാത്രമേ ഇതിനൊരു പരിഹാരം കാണാൻ സാധിക്കുക യുള്ളൂ. മത്സ്യം കൊണ്ടുപോകുമ്പോൾ നമ്മുടെ നാട്ടിൻപുറങ്ങളിലെ വല്യ മ്മമാർ കുട്ടികളോട് അതൊന്ന് നോക്കി വരാൻ പറയും. അഞ്ച് രൂപയ്ക്ക് എത്ര മത്സ്യം ലഭിക്കും അല്ലെങ്കിൽ പത്ത് രൂപയ്ക്ക് എത്ര ലഭിക്കും എന്നു ള്ളത് ചോദിച്ച് തിരിച്ചുവന്നശേഷം പൈസയുമായി ചെല്ലുമ്പോഴേയ്ക്കും മീൻവിൽപ്പനക്കാരൻ പോയിട്ടുണ്ടാകും. അതുപോലെയാണ് നമ്മൾ ഇക്കാര്യ ങ്ങളെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചിരിക്കുന്നത്. മാലി ന്യപ്രശ്നം ശാശ്വതമായി പരിഹരിക്കുന്നത് ഒരു വെല്ലുവിളി എന്നുള്ള നിലയ്ക്ക് കേരള ഗവൺമെന്റ് ഏറ്റെടുക്കുമ്പോൾ, ബഡ്ജറ്റിൽ പ്രത്യേകം പ്രൊവിഷൻ വച്ചുകൊണ്ട് അതിനാവശ്യമായ തുക ഇതിന്റെ പരിഹാരത്തി നുണ്ട് എന്ന കാര്യം പറയണം. ഇല്ലെങ്കിൽ നേരത്തെ സൂചിപ്പിച്ച മുത്തശ്ശി യുടെ അനുഭവമായിരിക്കും ഉണ്ടാകുക. ഇവിടെ വലിയ ചർച്ചകളും ബില്ലുമൊക്കെ അവതരിപ്പിച്ചാലും വലിയ പുരോഗതിയൊന്നും കൈവരി ക്കാൻ സാധിക്കുകയില്ല. അതിന് മതിയായ ഫണ്ട് ആവശ്യമാണ്. വിദ്യാഭ്യാ സത്തിനും ആരോഗ്യത്തിനും പണം ചെലവഴിക്കുന്നതുപോലെതന്നെ ഈ മേഖലയിലും പണം ചെലവഴിക്കാൻ സാധിക്കണം. എങ്കിൽ മാത്രമേ ഇതിന് ശാശ്വതമായ പരിഹാരം ഉണ്ടാക്കിയെടുക്കാൻ കഴിയുകയുള്ളൂ. ഗവൺമെന്റ്

ഫണ്ട് അനിവാര്യമാണ്. സിംലയിൽ അറിയാതൊന്ന് തുപ്പിയാൽ നൂറ് രൂപ ഫൈൻ ഈടാക്കും. അതുപോലെ ചെറിയ ഫൈൻ ഈടാക്കിയതുകൊണ്ട് ഇതിന് പരിഹാരമുണ്ടാക്കാൻ നമുക്ക് സാധിക്കുകയില്ല. ഇതിനായി ഫണ്ട് അനുവദിക്കാനുള്ള സമീപനം ഉണ്ടാകണം, ഈ ചർച്ചയുടെ ഭാഗമായി അടുത്ത ബഡ്ജറ്റിൽ അതിനുള്ള പ്രൊവിഷൻ ഉണ്ടാകണം. കേരളത്തിൽ ഗ്രാമ-നഗര വ്യത്യാസമില്ലാതെ മാലിന്യപ്രശ്നം പരിഹരിക്കാനുള്ള ശ്രമം നടത്തണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട്, ബില്ലിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യാതെ ഞാൻ ഈ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയാണ്.

(ശ്രീ. പി.റ്റി.എ. റഹീം)

P-17-12-2012-SN-KM-3
3.00-3.10

ശ്രീ. പി.റ്റി.എ. റഹീം: സർ, രണ്ട് വിഷയങ്ങളാണ് ഈ ബില്ലിലൂടെ ഇവിടെ സഭയ്ക്ക് മുന്നിൽ വന്നിട്ടുള്ളത്. വളരെ അവധാനതയോടുകൂടിയല്ല ഈ അമെൻ്റ്മെൻ്റുകൾ കൊണ്ടുവന്നിട്ടുള്ളത് എന്നതുകൊണ്ടാണ് ഇതിനെ എതിർത്ത് സംസാരിക്കേണ്ടി വന്നത്. മുനിസിപ്പൽ ആക്ടിലെ 143(എ) പരാമർശിക്കുന്നത് കൗൺസിലർമാരുടെ സ്വത്ത് വിവരം സംബന്ധിച്ച പ്രസ്താവന നൽകണമെന്നുള്ളതാണ്. അതിനുള്ള കാലപരിധി മാറ്റാൻവേണ്ടിയുള്ള ഒരു നിർദ്ദേശമാണ് ഇവിടെ വന്നിട്ടുള്ളത്. അധികാരമേറ്റ് മൂന്ന് മാസത്തിനകം കോംപീറ്റൻ്റ് അതോറിറ്റിയുടെ മുമ്പിൽ സത്യപ്രസ്താവന നടത്തണമെന്നുള്ളതാണ്. അപ്രകാരം പ്രസ്താവന നടത്തിയതിനുശേഷം പിന്നീട് സമ്പാദിക്കുന്ന സ്വത്തുകളെ സംബന്ധിച്ച് മൂന്ന് മാസത്തിനുള്ളിൽ വീണ്ടും സത്യപ്രസ്താവന നൽകണമെന്നുള്ള വ്യവസ്ഥ മാറ്റി മൂന്ന് മാസമെന്നുള്ളത് പതിനഞ്ച് മാസമാക്കി മാറ്റാനുള്ളതാണ് ഒരു നിർദ്ദേശം. ഒരു വർഷത്തിലധികം ഇതിന് കാലയളവ് നൽകുന്നത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. കാരണം, ഒരു വർഷത്തിൽ കുറഞ്ഞ കാലയളവിലേയ്ക്ക് അത് നിജപ്പെടുത്തേണ്ടതാണ് എന്നുള്ളതാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. മാത്രമല്ല, ഈ നിയമം കൊണ്ടുവരുന്നതിനായി പറഞ്ഞിരിക്കുന്ന ഉദ്ദേശ കാരണങ്ങൾ വളരെ ബാലിശമാണ് എന്ന് കൂടി ഈ സന്ദർഭത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിനു പറയുന്ന ഒരു കാരണം, സമയപരിധി വളരെ കുറവായതിനാൽ സംസ്ഥാനത്തെ പല കൗൺസിലർമാർക്കും സമയപരിധിക്കകം അവരുടെ സ്വത്ത് വിവരം സംബന്ധിച്ചുള്ള സ്റ്റേറ്റുമെൻ്റുകൾ സമർപ്പിക്കാൻ

സാധിച്ചിട്ടില്ലെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനിതാ സംവരണം 50 ശതമാനമാക്കി വർദ്ധിപ്പിച്ചതിനുശേഷം നടന്ന ആദ്യത്തെ തെരഞ്ഞെടുപ്പ് ആയതിനാൽ വനിതാ കൗൺസിലർമാരെ പരിഗണിച്ചുകൊണ്ടാണ് മൂന്ന് മാസം എന്നുള്ളത് 15 മാസമാക്കാൻ തീരുമാനിച്ചത് എന്നാണ് ഇവിടെ പറഞ്ഞത്. ഈ ഉദ്ദേശലക്ഷ്യങ്ങൾ വായിക്കുമ്പോൾ, വനിതാ സംവരണം 50 ശതമാനമാക്കിയത് ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലിക്ക് അരോചകമായി തോന്നിയിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്.

( തുടരും - ശ്രീമതി കെ.എസ്. സലീഖ)

P-17-12-2012-LV-KM-3
3.10-20

(ശ്രീ. പി. റ്റി. എ. റഹീം .....തുടർച്ച)

ശ്രീമതി കെ. എസ്. സലീഖ: സർ, ഒരു മെമ്പറിന്റെയോ അദ്ദേഹത്തിന്റെ കുടുംബത്തിന്റെയോ സ്വത്തുക്കളുടേയും ബാദ്ധ്യതകളുടേയും സ്റ്റേറ്റ്മെന്റ് സർക്കാർ വിജ്ഞാപനം മുഖേന അധികാരപ്പെടുത്തുന്ന കോമ്പീറ്റന്റ് അതോറിറ്റി മുമ്പാകെ സമർപ്പിക്കാത്ത 32 പുരുഷ മെമ്പർമാരുള്ളപ്പോൾ 14 സ്ത്രീകൾ മാത്രമേ ആ കൂട്ടത്തിലുള്ളൂ. അതുകൊണ്ട് എന്തിനാണ് സ്ത്രീകളെ അപമാനിക്കുന്ന തരത്തിലേയ്ക്ക് ഇങ്ങനെയൊരു സംഗതി ബില്ലിൽ ഉൾപ്പെടുത്തിയതെന്നതിനെപ്പറ്റി മനസ്സിലാവുന്നില്ല. സംവരണം 50 ശതമാനം വന്നതിലുള്ള പ്രയാസം കൊണ്ടാണോ എന്നു സംശയിച്ചുപോകുന്ന രീതിയിൽ സ്ത്രീകളെ പ്രതിപാദിക്കേണ്ടിയിരുന്നില്ല. ഇതിനെപ്പറ്റി ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായമെന്താണ്?

ശ്രീ. പി. റ്റി. എ. റഹീം: എന്റെ അഭിപ്രായം ഞാൻ പറഞ്ഞുകഴിഞ്ഞു. സിനിമാരംഗത്ത് പ്രവർത്തിക്കുന്ന ഒരാളെന്ന നിലയ്ക്ക് സ്ത്രീകളോട് ഇത്രയധികം വിവേചനം ബഹുമാനപ്പെട്ട മന്ത്രി കാണിച്ചത് ശരിയായില്ല എന്നുള്ള അഭിപ്രായം കൂടി എനിക്കുണ്ട്. ഇതിൽ സമീപനത്തിന്റെ ഒരു വിഷയമുണ്ട്. കാരണം ഇവിടെ ഭേദഗതി അവതരിപ്പിച്ച ശ്രീ. എസ്. രാജേന്ദ്രനും ശ്രീ. സുരേഷ്കുറുപ്പും പറയുന്നത് ഇതിനുള്ള കാലാവധി ആറ് മാസമാക്കണമെന്നും ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഒൻപത് മാസമാക്കണമെന്നുമാണ് പറയുന്നത്. എന്നാൽ ഭരണപക്ഷത്തുള്ള ശ്രീ. കെ. ശിവദാസൻ നായരുടെ അഭിപ്രായത്തിൽ ഇത് 16 മാസമാക്കണമെന്നും ശ്രീ. ബെന്നി ബെഹനാൻ 15 മാസമാക്കണമെന്നും ജോസഫ് വാഴക്കൻ 18 മാസമാക്കണമെന്നും ശ്രീ. വി. ഡി. സതീ

ശൻ 19 മാസമാക്കണമെന്നും ശ്രീ. ടി. എൻ. പ്രതാപൻ 20 മാസമാക്കണമെന്നും തേറമ്പിൽ രാമകൃഷ്ണൻ 21 മാസമാക്കണമെന്നുമാണ് പറയുന്നത്. അങ്ങനെയാണെങ്കിൽ പിന്നെ ഈ നിയമം തന്നെ വേണ്ടെന്ന് വച്ചാൽ പോരേ? ഒരുവർഷത്തിലധികമെന്ന് പറയുമ്പോൾത്തന്നെ മനസ്സിലാക്കേണ്ടത് ഇതൊരു സമീപനത്തിന്റെ വ്യത്യാസമാണ്. കാരണം, ഇത് ഇടതുപക്ഷത്തുനിന്നുള്ള ആളുകൾ കൊണ്ടുവന്നപ്പോൾ ഈ നിയമത്തിനൊരു ഉദ്ദേശമുണ്ടായിരുന്നതുകൊണ്ട് ഒരു പരിധിവേണമെന്ന് വച്ചു. എന്നാൽ ആ ഉദ്ദേശത്തെ പരാജയപ്പെടുത്തുന്ന രൂപത്തിലാണ് ഇത് 15 മാസമാക്കണമെന്ന് പറയുന്നത്. ഇതിന്മേൽ ഭരണപക്ഷക്കാരുടെ ഭേദഗതികളൊക്കെ അവതരിപ്പിച്ചാൽ എന്ത് സംഭവിക്കുമെന്നുള്ളത് വളരെ വ്യക്തമാണ്. അഴിമതി ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള ഈ ബിൽ പുലർച്ചെ നാലര മണിവരെ ഇരുന്ന് ചർച്ച ചെയ്താണ് നിയമസഭ പാസ്സാക്കിയത്. അത്രയും സമഗ്രമായ, എല്ലാവരും ഏകകണ്ഠമായി പാസ്സാക്കിയൊരു നിയമത്തിൽ ഇപ്പോൾ ഇങ്ങനെയൊരു ഭേദഗതികൊണ്ടുവന്ന് അതിന്റെ ഉദ്ദേശശുദ്ധിയെ കളയുന്നുണ്ടോ എന്നാണ് പരിശോധിക്കേണ്ടത്. മാത്രമല്ല, ഒരു പദ്ധതിയുടെ കാലാവധിതന്നെ ഒരുവർഷമാണെന്നിരിക്കെ അതിനപ്പുറത്തേയ്ക്ക് ഈ നിയമത്തെ കൊണ്ടുപോകുന്നത് ശരിയായ നടപടിയല്ല. ഇപ്പോൾ സംവരണസീറ്റുകളാണുള്ളത്. അടുത്ത തെരഞ്ഞെടുപ്പിൽ തങ്ങൾക്ക് ആ സീറ്റിൽ മത്സരിക്കാൻ കഴിയില്ലെന്ന കാര്യം സംവരണ സീറ്റുകളിൽ മത്സരിച്ച എല്ലാ സ്ത്രീ-പുരുഷ മെമ്പർമാർക്കും വളരെ വ്യക്തമായി അറിയാം. ആ നിലയ്ക്കാണ് ഇപ്പോഴത്തെ സംവരണം പോകുന്നത്. യാതൊരു ഉത്തരവാദിത്തവുമില്ലാത്ത രൂപത്തിലാണ് ഇപ്പോൾ

കാര്യങ്ങൾ നടന്നുവരുന്നത്. അതുകൊണ്ട് ഈ അമെന്റ്മെന്റ് വേണോയെന്നും വേണമെങ്കിൽത്തന്നെ അതിനൊരു പരിധി വേണ്ടേയെന്നും ബഹുമാനപ്പെട്ട മന്ത്രി ചിന്തിക്കണമെന്നാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. രണ്ടാമത്തെ അമെന്റ്മെന്റിൽ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇതൊക്കെ രാഷ്ട്രീയവത്കരിച്ച ഒരു സ്ഥിതിവിശേഷമാണുള്ളത്. തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽശാലയെ സംബന്ധിച്ച് ഇത്രയും വലിയൊരു പ്രചരണം ഉണ്ടാക്കുകയും പൊതുജനങ്ങൾക്കിടയിൽ ഇത്രയും വലിയൊരു ചർച്ച കൊണ്ടുവരികയും ചെയ്തതുകൊണ്ടുണ്ടായിട്ടുള്ള ഒരു പ്രയാസം എന്താണെന്നുവച്ചാൽ ഇപ്പോൾ കേരളത്തിൽ ഒരു സ്ഥലത്തും ഒന്നും ചെയ്യാൻ സാധിക്കാത്ത സാഹചര്യമുണ്ടായിരിക്കുന്നു എന്നുള്ളതാണ്. ഒരു റോഡിന്റെ പ്രവൃത്തിക്കായി ടാർ മിക്സ് ചെയ്യുന്നതിനെ സംബന്ധിച്ച് വലിയ ബഹളമാണ്. എല്ലാവർക്കും ഇപ്പോൾ പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ചുള്ള വലിയ അവബോധമുണ്ടായിരിക്കുന്നു. യഥാർത്ഥത്തിൽ അതിന് വളം വച്ചുകൊടുത്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലിയുമടങ്ങുന്ന ഈ ഭരണകൂടമാണ്. തിരുവനന്തപുരം കോർപ്പറേഷനിൽ രാഷ്ട്രീയമായൊരു പകപോക്കലിന്റെ അടിസ്ഥാനത്തിൽ വരുത്തിവച്ചിട്ടുള്ള വലിയ വിപത്താണ് ഇതുകൊണ്ടുണ്ടായിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. റ്റി. എ. റഹീം, വിളപ്പിൽശാലയിൽ ചവർ സംസ്ക്കരണ ഫാക്ടറി കൊണ്ടുവന്നതുകൊണ്ടല്ലേ അവിടെ സമരം തുടങ്ങിയത്, അല്ലെങ്കിൽ അവിടെ സമരം വരില്ലായിരുന്നു.

ശ്രീ. പി. റ്റി. എ റഹീം: സർ, വിളപ്പിൽശാലയിൽ ഒരു സുപ്രഭാതത്തിലല്ല ഈ ചവർ സംസ്ക്കരണഫാക്ടറി വന്നത്. അമിതാ പട്ടേൽ എന്നൊരു പൊതു പ്രവർത്തക സുപ്രീംകോടതിയിൽ നൽകിയ ഒരു പൊതുതാൽപ്പര്യഹർജിയുടെ അടിസ്ഥാനത്തിൽ അസ്നാനി എന്നയാൾ ചെയർമാനായ ഒരു സമിതിയെ സുപ്രീംകോടതി നിയോഗിച്ചു. ആ സമിതിയാണ് ഇന്താരാജ്യത്തിലെ 'എ' ക്ലാസ് നഗരങ്ങളിലെല്ലാം പ്ലാന്റുകൾ സ്ഥാപിക്കണമെന്ന് പറഞ്ഞത്. ഇപ്പോൾ അതിന് ബുദ്ധിമുട്ടുണ്ടാകും. ഏതെങ്കിലും ഒരു നഗരത്തിലെ മാലിന്യം മുഴുവൻ ഒരു ഗ്രാമപ്രദേശത്ത് കൊണ്ടുപോയി തള്ളണമെന്ന അഭിപ്രായക്കാരനല്ല ഞാൻ. അത് പറ്റില്ലെന്നുള്ള അഭിപ്രായക്കാരനാണ്. പക്ഷേ, ഒരു വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വിളപ്പിൽശാലയിൽ ഇത്തരമൊരു ഫാക്ടറി വന്നിട്ടുള്ളത്. അതുകൊണ്ടുതന്നെ ഒരു സുപ്രഭാതത്തിൽ അതിനെ ഇല്ലാതാക്കാനും പറ്റില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു വിദഗ്ദ്ധ സമിതിയും വിളപ്പിൽശാലയിൽ മാലിന്യസംസ്ക്കരണ ഫാക്ടറി ആരംഭിക്കണമെന്ന് പറഞ്ഞിട്ടില്ല.

ശ്രീ. വി. ശിവൻകുട്ടി: സർ, ചെയറിൽ ഇരിക്കുന്ന ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ മുൻകൈയെടുത്താണല്ലോ ആ ഫാക്ടറി അടപ്പിക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങൾ ചെയ്തത്. അതുകൊണ്ട് അങ്ങ് മനസ്സിലാക്കിയിരിക്കേണ്ട ഒരു കാര്യമുണ്ട്. വിളപ്പിൽശാല ചവർ സംസ്ക്കരണ ഫാക്ടറി ആരംഭിക്കുന്നത്, കെ. കരുണാകരൻ കേരളത്തിലെ മുഖ്യമന്ത്രിയായിരുന്ന സമയത്ത് ഡമ്പിംഗ് യാർഡിനുവേണ്ടി കോൺഗ്രസ് പാർട്ടിയിൽപ്പെട്ട ആളുകളുടെ സഹായത്തോടുകൂടിയാണ് വിളപ്പിൽശാലയിൽ 12.65 ഏക്കർ ഭൂമി വാങ്ങുന്നത്. 1995-2000-ത്തിൽ ഞാൻ തിരുവനന്തപുരം കോർപ്പറേഷൻ മേയ

റായി വന്നകാലഘട്ടത്തിൽ അമിതാപട്ടേൽ എന്നൊരു പൊതുപ്രവർത്തക സുപ്രീംകോടതിയിൽ കൊടുത്ത കേസിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ എല്ലാ 'എ' ക്ലാസ് നഗരങ്ങളിലും മാലിന്യസംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കണമെന്നുമുള്ള ഉത്തരവുണ്ടാവുകയും ഡോ. അസ്നാനി എന്ന ശാസ്ത്രജ്ഞനെ അതിന്റെ നോഡൽ ഓഫീസറായി നിയോഗിക്കുകയും ചെയ്തു. ഡോ. അസ്നാനി ചെയർമാനായി, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ടെക്നിക്കൽ ഓഫീസറും വാട്ടർ അതോറിറ്റിയുൾപ്പെടെ എല്ലാ ഡിപ്പാർട്ടുമെന്റുകളിലേയും ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു സമിതി രൂപീകരിക്കുകയും ആ സമിതി മാലിന്യ സംസ്ക്കരണത്തിനുവേണ്ടിയുള്ള ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. അങ്ങനെ ടെണ്ടർ ക്ഷണിച്ചപ്പോൾ പോബ്സൺ എന്നൊരു കമ്പനി ഏറ്റവും ലോവസ്റ്റ് ടെണ്ടർ ക്വാട്ട് ചെയ്യുകയും തിരുവനന്തപുരം കോർപ്പറേഷനോ സംസ്ഥാന ഗവൺമെന്റിനോ ഒരു പൈസപോലും ചെലവാകാതെ ഏതാണ്ട് ഒൻപത് കോടി രൂപ മുതൽ മുടക്കുള്ള ഫാക്ടറി അവിടെ സ്ഥാപിക്കുകയുമാണ് ചെയ്തത്. ഈ ഫാക്ടറി പന്ത്രണ്ട് വർഷക്കാലം ഗംഭീരമായി പ്രവർത്തിക്കുകയും ഒരു കോടി രൂപയുടെ വളം അവിടെ വിൽക്കുകയും ചെയ്തിട്ടുണ്ട്. തെരഞ്ഞെടുപ്പ് കാലഘട്ടത്തിൽ ഈ ഫാക്ടറി പൂട്ടിക്കാമെന്ന് അങ്ങ് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറും ഇടപെട്ടാണ് ഇടതുപക്ഷം ഭരിക്കുന്ന കോർപ്പറേഷനിലുള്ള ഈ ഫാക്ടറി പൂട്ടിച്ചത്. കേരളത്തിൽ ഇനിയൊരു മാലിന്യസംസ്ക്കരണ ഫാക്ടറി എവിടെയെങ്കിലും തുടങ്ങാതിരിക്കുമെങ്കിൽ അതിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർക്കും മുഖ്യമന്ത്രിക്കും ആയിരിക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട വി. ശിവൻകുട്ടീ, ചെയറിൽ ഇരുന്നുകൊണ്ട് അതിനെപ്പറ്റി സംസാരിക്കുന്നത് ശരിയല്ല. എന്നാലും ബഹുമാനപ്പെട്ട അംഗം സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലാണ് ഇവിടെ സംസാരിച്ചത്. ആരാധ്യനായ ലീഡർ ചവർസംസ്ക്കരണ ഫാക്ടറി ആരംഭിക്കുന്നതിനുവേണ്ടി വിളപ്പിൽശാലയിൽ വസ്തു വാങ്ങിയിട്ടില്ല. ഔഷധത്തോട്ടം നിർമ്മിക്കുന്നതിനുവേണ്ടിയാണ് അവിടെ ആദ്യം വസ്തു എടുക്കുന്നത്, അങ്ങ് മേയർ ആയിരിക്കുന്ന സമയത്ത് തെറ്റിദ്ധരിപ്പിച്ചുകൊണ്ടാണ് അവിടെ സംസ്ക്കരണ ഫാക്ടറി ആരംഭിച്ചത്. മാലിന്യ സംസ്ക്കരണ ഫാക്ടറി ആരംഭിക്കുന്നത് സംബന്ധിച്ച്.............(ബഹളം)........

(ചെയറിൽ ഇരുന്നുകൊണ്ട് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുന്നതായി ആരോപിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചു.)

മി. ഡെപ്യൂട്ടി സ്പീക്കർ: ഞാൻ ചെയറിൽ ഇരുന്നുകൊണ്ട് സംസാരിക്കുന്നില്ല. ബഹുമാനപ്പെട്ട പി.ടി.എ. റഹീമിന് സംസാരിക്കാം. ബഹുമാനപ്പെട്ട വി. ശിവൻ കുട്ടി സഭയെ തെറ്റിദ്ധരിപ്പിച്ചതുകൊണ്ട് പറഞ്ഞതാണ്. .

.....(ബഹളം)..........

ശ്രീ. സി. പി. മുഹമ്മദ്: സർ, അങ്ങ് ചെയറിൽ ഇരിക്കുന്നത് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ എന്നുള്ള നിലയിലാണ്. അദ്ദേഹത്തിനെതിരെ ഇത്രയും ഗുരുതരമായൊരാരോപണം അങ്ങ് ചെയറിൽ ഇരിക്കുമ്പോൾ ഈ സഭയിൽ ഉന്നയിച്ചുവെങ്കിൽ അത് രേഖയിലുണ്ടാവാൻ പാടില്ല. ..............(ബഹളം)................

ശ്രീ. എ. കെ. ബാലൻ: സർ, സ്പീക്കറുടെ ചെയറിലിരുന്നുകൊണ്ട് പ്രതിപക്ഷത്തിന് നിരക്കാത്ത പരാമർശം ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞാൽ പിന്നെ ഞങ്ങൾ എന്തുചെയ്യും.........

ശ്രീ. സി. പി. മുഹമ്മദ്: പ്രതിപക്ഷത്തിന് നിരക്കാത്ത സംസാരം പറഞ്ഞിട്ടില്ല, പ്രതിപക്ഷാംഗങ്ങൾ ഇതിനെപ്പറ്റി സംസാരിച്ചപ്പോൾ വിശദീകരിക്കുകയാണ് ഡെപ്യൂട്ടി സ്പീക്കർ ചെയ്തത്. അത് രേഖയിലുണ്ടാവാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ...........(ബഹളം)............ ഞാൻ ചെയറിൽ ഇരുന്നുകൊണ്ട് സംസാരിച്ചതല്ല. ഞാൻ ചെയറിൽ ഇരിക്കുന്ന അവസരത്തിൽ എന്റെ പേര് എടുത്തുപറഞ്ഞ് സംസാരിച്ചതുകൊണ്ട് ഞാൻ അതിന്റെ യഥാർത്ഥസ്ഥിതി പറഞ്ഞുവെന്നേയുള്ളൂ.

(ശ്രീ.പി.റ്റി.എ. റഹീം ............തുടർച്ച)

P-17-12-12 SV-KM-IV
3.20-3.30

(ശ്രീ. പി. റ്റി. എ. റഹീം തുടർച്ച.........)

ശ്രീ. പി. റ്റി. എ. റഹീം: സർ, വിളപ്പിൽശാലയിലല്ല തലശ്ശേരിയിലുള്ള പെട്ടിപ്പാലമാണെങ്കിലും ഒരാളുടെ മാലിന്യം പേറാൻ മറ്റാരെയും നിർബന്ധിക്കുന്നത് ശരിയല്ല. പക്ഷേ അതിനൊരു ബദൽ സംവിധാനം കാണാതെ പെട്ടെന്ന് അതിനെതിരായുള്ള നീക്കം നടത്തുന്നത് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉളവാക്കും. മെഡിക്കൽ സോഴ്സിന്റെ റിപ്പോർട്ടനുസരിച്ച് ഇപ്പോൾ ഏറ്റവുമധികം പകർച്ചവ്യാധി വരുന്ന ഒരു സ്ഥലമായി തിരുവനന്തപുരം മാറിയിട്ടുണ്ട്. വിളപ്പിൽശാലയെ സംബന്ധിച്ച കാര്യം രാഷ്ട്രീയമായി കൈകാര്യം ചെയ്തുവെന്ന് പറഞ്ഞു. ഇതുപോലുള്ള പ്രശ്നമാണ് തലശ്ശേരിയിലെ പെട്ടിപ്പാലത്തുണ്ടായത്. ഗവൺമെന്റ് അവിടെ എടുത്ത നടപടികൾ എന്താണ്; വിവേചനമുണ്ടാകാൻ കാരണമെന്താണ്; ഇവിടെ എടുത്ത അതേ സമീപനമല്ലല്ലോ പെട്ടിപ്പാലത്ത് സ്വീകരിച്ചത്? ഇവിടെ ബഹുമാനപ്പെട്ട ഹൈക്കോടതിയും സുപ്രീംകോടതിയുമൊക്കെ ഇടപെട്ടതുകൊണ്ട് ഗവൺമെന്റ് സ്വീകരിച്ച നിലപാട് തലശ്ശേരിയിലെ പെട്ടിപ്പാലത്ത് സ്വീകരിച്ചതിൽനിന്നും തികച്ചും വ്യത്യസ്തമാണ്. ഒരു സുപ്രഭാതത്തിൽ 4 മണിക്കു തന്നെ പോയി എല്ലാ ആളുകളെയും അടിച്ചോടിച്ചു, കുട്ടികളെയും സ്ത്രീകളെയും റോഡിലൂടെ വലിച്ചിഴച്ചു, അവരുടെ പേരിൽ കള്ളക്കേസുണ്ടാക്കി, ബസ് തടഞ്ഞുവച്ചതിന് കേസുണ്ടാക്കി, ലോറി കത്തിച്ചതിന് കേസുണ്ടാക്കി; ഇങ്ങനെയുള്ള എല്ലാ കാര്യങ്ങളും ചെയ്തു. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം മാലിന്യമല്ല പ്രശ്നം. പെട്ടിപ്പാലത്തും വിളപ്പിൽശാലയിലും എടുത്തിട്ടുള്ള നിലപാടുകൾ രാഷ്ട്രീയ പ്രേരിതമാണെന്ന് നമുക്കറിയാം. മാലിന്യ

പ്രശ്നത്തിൽ രാഷ്ട്രീയം കലരാതെ നമുക്ക് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കേണ്ടതുണ്ട്.

എനിക്ക് വേറൊരു കാര്യം പറയാനുള്ളത്, ഇറച്ചിക്കടകളെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മത്സ്യക്കടകളെ ഉൾപ്പെടുത്തിയിട്ടില്ല എന്നുള്ളതാണ്. അതുകൂടി ഉൾപ്പെടുത്തേണ്ടതാണെന്നുള്ള ഒരു അഭിപ്രായം കൂടി എനിക്കുണ്ട്. മാലിന്യ സംസ്ക്കരണത്തിനായി വളരെ വ്യക്തമായ ചില സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. മുഴുവൻ വീടുകളെയും ഈ പദ്ധതി യിൽ കൊണ്ടുവരേണ്ടതുണ്ട്. ഉറവിട കേന്ദ്രങ്ങളിൽ വച്ചുതന്നെ മാലിന്യം സംസ്ക്കരിക്കുക എന്നുള്ളതാണ് വളരെ പ്രധാനപ്പെട്ട ഒരു കാര്യം. ഒരു വീട്ടിൽ നിന്ന് മാക്സിമം ഒന്നോ ഒന്നരയോ കിലോ വേസ്റ്റാണ് ഒരു ദിവസം ഉൽപ്പാദിപ്പിക്കുന്നത്. അത് ആ സ്ഥലത്തുവച്ചുതന്നെ നശിപ്പിക്കാൻ സാധി ച്ചാൽ വലിയ പ്രയാസങ്ങളുണ്ടാകുകയില്ല. ഈ നിയമത്തിൽ മാലിന്യ നിർമ്മാർജ്ജന ഫണ്ടിന്റെ രൂപീകരണത്തെ സംബന്ധിച്ച് പറയുന്നുണ്ട്. ഗവൺമെന്റിന് ഒരു ബാദ്ധ്യതയുമില്ലാത്ത രൂപത്തിലാണ് ഇതിൽ എഴുതിയിരി ക്കുന്നത്. ഗവൺമെന്റിന് ബാദ്ധ്യത വേണം. ഗവൺമെന്റിന് പണമില്ലെങ്കിൽ ഇതിനുവേണ്ടി ഒരു ലോട്ടറി നടത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. കാരുണ്യ ലോട്ടറി കൊണ്ടുവന്നതിന്റെ പേരിൽ കെ. എം. മാണി സാറിന് വലിയ കീർത്തിയുണ്ടായി എന്ന് നേരത്തെ പ്രസംഗിച്ച ശ്രീ. എൻ. ഷംസു ദ്ദീൻ പറഞ്ഞു. ലോട്ടറി എടുക്കൽ ഒരു പുണ്യകർമ്മമാണെന്നുള്ളതാണ് ഇപ്പോൾ ഗവൺമെന്റിന്റെ സമീപനം. മുമ്പ്, ലോട്ടറി പാടില്ലെന്ന് പറഞ്ഞ ആളുകളാണ് ഇവർ. ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ പോലും അതിനെ അനുകൂലിച്ച് ഇവിടെ പ്രസംഗിച്ചിട്ടുള്ള സാഹചര്യത്തിൽ.......

ശ്രീ. വി. ഡി. സതീശൻ: .......(മൈക്ക് ഓഫ്)......

ശ്രീ. പി. റ്റി. എ. റഹീം: ലോട്ടറി പാടില്ലെന്ന് പറഞ്ഞത് ആരാണെന്ന് ഞാൻ പറയാം. കഴിഞ്ഞ തവണ ഭരിച്ചിരുന്ന എൽ. ഡി. എഫ്. ഗവൺമെന്റ് സ്കൂളുകളുടെ പുരോഗതിക്കുവേണ്ടി ഒരു സ്പോർട്സ് ലോട്ടറി ആരംഭിച്ചു. ആ സ്പോർട്ട്സ് ലോട്ടറി സ്കൂളുകളിൽ കൊടുത്തപ്പോൾ അത് ഇസ്ലാമിക വിരുദ്ധമാണെന്ന് പറഞ്ഞുകൊണ്ട് വർഗ്ഗീയ വിദ്വേഷം സ്കൂളുകളിലൊക്കെ യുണ്ടാക്കി സമരം നടത്തിയിട്ടുള്ള ആളുകളാണ്. നിങ്ങൾ. ശ്രീ. എൻ. ഷംസുദ്ദീനെ സംബന്ധിച്ച് ധാരാളം മാറ്റങ്ങൾ വന്നിട്ടില്ലേ? ശ്രീ. മഞ്ഞളാംകുഴി അലി നിലവിളക്ക് കത്തിച്ചിരുന്നയാളാണ്, ഇപ്പോൾ അദ്ദേഹം കത്തിക്കു ന്നില്ല. അതൊരു മാറ്റമാണ്. പാർട്ടി മാറുന്നതനുസരിച്ച് ധാരാളം മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ആ ഭാഗത്തുനിന്നും ഇങ്ങനെ നല്ല രീതിയി ലുള്ള ഒരു മാറ്റം വന്നിട്ടുള്ള സാഹചര്യത്തിൽ വേണമെങ്കിൽ പുതിയൊരു പേരിൽ ലോട്ടറി തുടങ്ങാവുന്നതാണ്.

ശ്രീ. രാജു എബ്രഹാം: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് അങ്ങ് ചൂണ്ടിക്കാണിച്ചുകൊണ്ടിരിക്കുന്നത്. മാലിന്യം പരിഹരിക്കാനുള്ള ലോട്ടറിക്ക് 'മാലിന്യ ലോട്ടറി' എന്ന് പേരിടുന്നത് സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. പി. റ്റി. എ. റഹീം: സർ, ആ പേര് അത്ര നന്നല്ല. 'സുന്ദര കേരളം ലോട്ടറി' എന്നുപറഞ്ഞുകൊണ്ട് ഒരു ലോട്ടറി ആരംഭിക്കണമെന്നാണ് എന്റെ അഭിപ്രായം. കാരണം ലീഗുകാർ കൂടി പിന്തുണ നൽകിയതുകൊണ്ട് ലോട്ടറി വിറ്റഴിക്കാൻ ഒരു പ്രയാസവുമുണ്ടാകില്ല, ഒരു തർക്കവും ഒരു സ്ഥലത്തുമു ണ്ടാകില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. റ്റി. എ. റഹീം 16 മിനിറ്റ് കഴിഞ്ഞു., പ്ലീസ് കൺക്ലൂഡ്...

ശ്രീ. പി. റ്റി. എ. റഹീം: സർ, ഇവിടെ രണ്ടുദിവസം മുമ്പ് ശ്രീ. കെ. എൻ. എ. ഖാദർ മഹാത്മാഗാന്ധിയെ 'അദ്ദേഹത്തിന്റെ കാലം കാലഹരണപ്പെട്ടുപോയി' എന്ന് പറഞ്ഞ് അതിനിശിതമായി വിമർശിച്ചു. മഹാത്മാഗാന്ധി പറഞ്ഞത് രാമരാജ്യത്തെപ്പറ്റിയാണ്, ഉമറുൽ ഫാറൂഖിന്റെ ഭരണത്തെ സംബന്ധിച്ചാണ്. ആ രാമരാജ്യം അദ്ദേഹം സ്വപ്നം കണ്ടത് ഉമറുൽ ഫാറൂഖിന്റെ ഭരണത്തെ സംബന്ധിച്ച്..... ......(ബഹളം)........ ഇത് മണലല്ല, അവിടെ ഇരിക്കൂ....... ഇത് മണലല്ല.

ശ്രീ. കെ. എം. ഷാജി: സർ, പോയിന്റ് ഓഫ് ഓർഡർ... മഹാത്മാഗാന്ധിയെ ബഹുമാനപ്പെട്ട കെ. എൻ. എ. ഖാദർ ഈ സഭയിൽ വിമർശിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെയൊരു പരാമർശം രേഖയിലുണ്ടാകാൻ പാടില്ല. അങ്ങനെയൊരു വിമർശനം ഇവിടെ നടത്തിയിട്ടില്ല. അത് നിർബന്ധമായി നീക്കണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ശ്രീ. കെ. എൻ. എ. ഖാദർ ഇവിടെ പറഞ്ഞതിനെക്കുറിച്ച് അന്ന് സഭയിൽ വളരെ രൂക്ഷമായ വിമർശനവും പ്രതിവിമർശനവുമുണ്ടായതാണ്. ......(ബഹളം)......പ്ലീസ്............ഞാൻ പറഞ്ഞുതീരട്ടെ. .....(ബഹളം)..... എന്നെ പറയാൻ അനുവദിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം പറയട്ടെ.....(ബഹളം).....

ശ്രീ. എ. കെ. ശശീന്ദ്രൻ: എന്നെ പറയാൻ അനുവദിക്കണം. .....(ബഹളം)... ഞാൻ പറഞ്ഞതിനുശേഷം എന്താണെന്നുവച്ചാൽ തീരുമാനിച്ചോളൂ. തീരുമാനം ചെയറിന്റേതാണ്, എന്നെ പറയാൻ അനുവദിക്കണം.

അന്ന് ഇവിടെ നല്ല ചർച്ച നടന്നതാണ്. ആ ചർച്ചയിൽ ഉന്നയിച്ചിട്ടുള്ള ഒരു പരാമർശവും അന്ന് സ്പീക്കർ റൂൾ ചെയ്തിട്ടില്ല. എല്ലാം രേഖയിലുണ്ട്. ആ വിമർശനങ്ങൾ ഇവിടെ ആവർത്തിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് അത് രേഖയിൽ നിന്ന് നീക്കം ചെയ്യാൻ പാടില്ല.

ശ്രീ. പി. റ്റി. എ. റഹീം: സർ, അന്ന്, മഹാത്മാഗാന്ധിയെ സംബന്ധിച്ച് നിശിതമായി വിമർശിക്കുന്നത് കേൾക്കാൻ പ്രയാസമായതുകൊണ്ട് ബഹുമാനപ്പെട്ട സി. കെ. നാണു എം. എൽ. എ. അദ്ദേഹത്തിന്റെ പ്രായം വകവയ്ക്കാതെ പുറത്തുനിന്ന് ഓടി വന്നാണ് അതിനെതിരായ വാദങ്ങൾ നിരത്തിയത്. ഇത് ആർക്കാണ് അറിഞ്ഞുകൂടാത്തത്? മഹാത്മാഗാന്ധി വിഭാവനം ചെയ്തത് ഉമറുൽ ഫാറൂഖിന്റെ ഭരണമാണ്. അതിന്റെ കാലാവധി കഴിഞ്ഞുപോയി എന്നുപറയാൻ ശ്രീ. കെ. എൻ. എ. ഖാദറിന് സാധിക്കും, പരമ്പരാഗതമായി ലീഗുകാരായ എനിക്കും നിങ്ങൾക്കും സാധിക്കുമോ? നിങ്ങളാരും വിമർശിക്കുന്നതിൽ എനിക്ക് കുഴപ്പമില്ല. ഞാൻ പറഞ്ഞതൊക്കെ ശരിയാണ്. ഇവിടെ മാറ്റങ്ങൾ ധാരാളമുണ്ടായി. ഹരിത എം.എൽ.എ.-മാർ എന്നുപറഞ്ഞുകൊണ്ട് ചില ആളുകൾ ഇപ്പോൾ പോലീസ് സ്റ്റേഷനിൽ മണലുകാരെ സഹായിക്കാൻ വേണ്ടിയല്ലേ പോകുന്നത്; മാറ്റങ്ങൾ ധാരാളമുണ്ട്. ആ കാര്യങ്ങൾ സംബന്ധിച്ച് നമ്മൾ പറയേണ്ട. ഏതായാലും കുറച്ചുകൂടി സമഗ്രമായി, വളരെ ശക്തമായ ശിക്ഷയോടുകൂടിയുള്ള ഒരു ബില്ലായി മാറ്റണമെന്നുള്ള അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(ശ്രീ. വി. എസ്. സുനിൽ കുമാർ)

P-17-12-12 SV-KM-IV

3.20-3.30

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യ ണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇന്ന് കേരളം നേരിടുന്ന ഗുരുതരമായ മാലിന്യപ്രശ്നം പരിഹരിക്കുന്ന തിനുവേണ്ടിയാണ് ബഹുമാന്യനായ മന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിലെ മാലിന്യപ്രശ്നം പരിഹരി ക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് വേണ്ടത്ര താൽപ്പര്യം കാണിക്കു ന്നുണ്ടോ എന്ന കാര്യത്തിൽ സംശയമുണ്ട്. ഞാനിത് പറയാൻ കാരണം, തിരുവനന്തപുരത്തുതന്നെ മാലിന്യപ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ കോർപ്പറേഷനും ഗവൺമെന്റും തമ്മിൽ ഒരുമിച്ച് നിന്നുകൊണ്ടുള്ള ഒരു മൂവ്മെന്റല്ല നടന്നത്. ജനവികാരം ശക്തമാണ്. അങ്ങ് ചെയറിലിരിക്കുമ്പോ ഴാണ് ഈ ചർച്ച നടക്കുന്നത്. വിളപ്പിൽശാലയുമായി ബന്ധപ്പെട്ട വിഷയ ത്തിലുള്ള അങ്ങയുടെ നിലപാട് എല്ലാവർക്കും വ്യക്തമായി അറിയാവുന്ന കാര്യമാണ്. പക്ഷേ വിളപ്പിൽശാലയുടേതിന് സമാനമായ പ്രശ്നങ്ങൾ നമ്മുടെ രാജ്യത്ത് വ്യാപകമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. വിള പ്പിൽശാല മാത്രമല്ല, ലാലൂർ, ഞെളിയൻപറമ്പ് തുടങ്ങിയ സ്ഥലങ്ങളിലെ പ്രശ്നമുണ്ട്. ഇപ്പോൾ സംസ്ഥാന വ്യാപകമായി ഒരു പ്രധാനപ്പെട്ട പ്രശ്ന മായി മാലിന്യ പ്രശ്നം മാറിയിരിക്കുകയാണ്. ഇതിന് പരിഹാരമുണ്ടാക്കുന്ന കാര്യത്തിൽ നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് ഒരു ഗവൺമെന്റിനെയും വിശ്വാ സമില്ലാതായി തീർന്നിരിക്കുകയാണ്. കാരണം, പലതരം പദ്ധതികൾ ഇങ്ങനെ പ്രഖ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ഈ പദ്ധതികളൊക്കെ പ്രായോഗികതല

ത്തിൽ വന്നതിന്റെ ഒരു ദൃഷ്ടാന്തവും നമുക്ക് കാണിക്കാനില്ല. ചാലയിലെ മാലിന്യമെല്ലാം കൊണ്ടുപോയി പാറമടയിൽ നിക്ഷേപിക്കാൻ പോകുകയാണെന്ന് ഇവിടെ നേരത്തെ പറഞ്ഞു ഗുജറാത്തിലെ ഒരു കമ്പനിയെ അതിന് ഏൽപ്പിച്ചുകൊടുത്തുവെന്നും നവംബർ മാസത്തോടുകൂടി അതിന്റെ പണി ആരംഭിക്കുമെന്നും 1 കോടി രൂപയാണ് അതിനുവേണ്ടി അനുവദിക്കുന്നതെന്നുമെല്ലാം പറഞ്ഞു. അപ്പോഴാണ് എ. റ്റി. ജോർജിനെപ്പോലെയുള്ള എം. എൽ. എ.-മാരുടെ നേതൃത്വത്തിൽ ശക്തമായ സമരവുമായി ആളുകൾ രംഗത്ത് വന്നത്. സ്ത്രീകളും കുട്ടികളും രംഗത്തിറങ്ങി.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട സുനിൽ കുമാർ മാലിന്യ സംസ്ക്കരണത്തിന്റെ ഉത്തരവാദിത്വം നഗരസഭയ്ക്കല്ലേ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഈ നിയമപ്രകാരം ആദ്യം അറസ്റ്റ് ചെയ്യേണ്ടിവരിക നഗരസഭകളെയായിരിക്കും. കാരണം, ഉറവിടത്തിൽത്തന്നെ സംസ്ക്കരിക്കണമെന്ന് തീരുമാനിച്ചാൽ ഏത് നഗരസഭയ്ക്കാണ് ഉറവിടത്തിൽ സംസ്ക്കരിക്കാൻ സാധിക്കുക? അതിലും കേസെടുക്കേണ്ടി വരിക നഗരസഭയ്ക്കെതിരെയായിരിക്കും. ഇക്കാര്യത്തിൽ എന്ത് ചെയ്യണമെന്നതിനെക്കുറിച്ച് ഗവൺമെന്റുകൾക്ക് അറിയില്ല. മാലിന്യസംസ്കരണം ലോക്കൽ ബോഡിയുടെ മാത്രം ഉത്തരവാദിത്വമാണോ; സർക്കാരിന്റെ മാത്രം ഉത്തരവാദിത്വമാണോ; ഭരിക്കുന്നവരുടെ മാത്രം ഉത്തരവാദിത്വമാണോ; ഈ കാര്യത്തിന്റെ ഗുണഭോക്താക്കളോ അല്ലെങ്കിൽ ഇരകളോ ആയിത്തീർന്ന ജനങ്ങളുടെ മാത്രം ഉത്തരവാദിത്വമാണോ? എല്ലാവരുടെയും ഉത്തരവാദിത്വമായിരിക്കുന്ന ഈ മാലിന്യ പ്രശ്നത്തിൽ വ്യക്തമായ നിലപാടുണ്ടാക്കാൻ നമുക്ക് സാധിച്ചിട്ടില്ല. ഇപ്പോൾ ഈ നിയമം കൊണ്ടുവന്നതുകൊണ്ടേ അത്

സാധിക്കൂ. ഏട്ടിലെ പശു പുല്ല് തിന്നില്ലെന്ന് പറയും. ഒരു നിയമം ഉള്ളതു കൊണ്ടുമാത്രം ഈ നിയമം പ്രാബല്യത്തിൽ വന്നുകൊള്ളണമെന്നില്ല.

(തുടരും......)

17.12.2012
JJ/VK-4
3.30-3.40

ശ്രീ. വി. എസ്. സുനിൽ കുമാർ (തുടർച്ച)

ഏട്ടിലെ പശു പുല്ല് തിന്നില്ലായെന്ന് പറയും. ഒരു നിയമം ഉള്ളതുകൊണ്ടു മാത്രം ഈ നിയമം പ്രാബല്യത്തിൽ വന്നുകൊള്ളണമെന്നില്ല. നിലവിൽ തന്നെ 1994-ലെ മുനിസിപ്പൽ ആക്ടിലെ 330-ാം വകുപ്പുപ്രകാരം വാസസ്ഥല മൊഴികെയുള്ള അപ്പാർട്ടുമെന്റുകൾ, വ്യാപാരസ്ഥാപനങ്ങൾ, കല്ല്യാണമണ്ഡ പങ്ങൾ, ഹോട്ടലുകൾ, അറവുശാലകൾ, ചിക്കൻസ്റ്റാളുകൾ, ചന്തകൾ മുത ലായ സ്ഥലങ്ങളിലെ ജൈവമാലിന്യങ്ങൾ അതാത് സ്ഥലങ്ങളിൽ തന്നെ സംസ്ക്കരിക്കാനുള്ള ബാദ്ധ്യത അതാത് സ്ഥാപനങ്ങൾക്ക് തന്നെയെന്ന് വളരെ വ്യക്തമായി നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് എവി ടെയാണ് അതാത് സ്ഥലങ്ങളിൽ മാലിന്യം സംസ്ക്കരിക്കാനാവശ്യമായ നട പടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. നിയമമില്ലാത്തതുകൊണ്ടല്ല. നിയമങ്ങൾ ഉണ്ട്. നമ്മുടെ സംസ്ഥാനത്ത് നിരവധി നിയമങ്ങളുണ്ടെങ്കിലും ആ നിയമങ്ങ ളൊക്കെ പാലിക്കുവാനോ അതനുസരിച്ച് പ്രവർത്തിക്കുവാനോ കഴിയുന്നില്ല. ദീർഘവീക്ഷണമെന്ന് പറയുന്നത് ഒരു ഭരണാധികാരിയുടെ ഏറ്റവും പ്രധാന പ്പെട്ട കാര്യമാണ്. ദീർഘവീക്ഷണത്തോടുകൂടി ഇത്തരം കാര്യങ്ങൾ ചെയ്യു ന്നതിന് ഗവൺമെന്റുകൾക്ക് കഴിയാതെ വരുന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഇവിടെ നേരത്തെ പറഞ്ഞു, പാറമടയിൽ കൊണ്ടുപോകാൻ തീരുമാ

നിച്ചപ്പോൾ അവിടെ ആളുകൾ എതിരായിട്ട് രംഗത്തുവന്നു. എന്താണ് കാര്യം? അവർക്ക് വിശ്വാസമില്ല. ശാസ്ത്രം പറഞ്ഞുകൊണ്ടിരുന്നിട്ട് കാര്യമൊന്നുമില്ല. ജനങ്ങൾക്ക് അവരെയാരെയും വിശ്വാസമില്ല. ഇപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പ് എല്ലാ സ്ഥലത്തും ശവസംസ്ക്കാരത്തിനുവേണ്ടിയുള്ള ശ്മശാനങ്ങൾ ആരംഭിക്കാൻ വേണ്ടി ലക്ഷക്കണക്കിന് രൂപ കൊടുത്തു. ശ്മശാനം ആരംഭിക്കാൻ വേണ്ടി തീരുമാനിച്ച എല്ലാ പ്രദേശങ്ങളിലും ജനങ്ങൾ ജനകീയ സമിതിയുണ്ടാക്കി സമരത്തിലാണ്. തൃശ്ശൂർ ജില്ലയിൽ തന്നെ നാലോ അഞ്ചോ സ്ഥലത്ത് ശ്മശാനങ്ങൾക്ക് വേണ്ടി കണ്ടെത്തിയ ഭൂമിക്ക് ചുറ്റും താമസിക്കുന്ന ആളുകളെല്ലാം ജനകീയമായ സമരവുമായി വന്നിരിക്കുകയാണെന്ന് എനിക്ക് അറിയാം. ആ സമരത്തിന് യാതൊരു രാഷ്ട്രീയ വ്യത്യാസവുമില്ല. എല്ലാവരും സമര രംഗത്താണ്. മുഖ്യമായും സ്ത്രീകളാണ് സമരത്തിന് മുമ്പിൽ നിൽക്കുന്നത്. അതിന് കാരണം എന്താണ്? ഇവിടെ പല ആളുകളും നേരത്തെ പറഞ്ഞതുപോലെ നമുക്ക് അറിയാവുന്ന കാര്യമാണ്. പല രാജ്യങ്ങളിലും പല പ്രദേശങ്ങളിലും വളരെ മനോഹരമായ ശ്മശാനങ്ങൾ യാതൊരു പൊലൂഷനുമില്ലാതെ നടത്തിക്കൊണ്ടിരിക്കുന്നുവെന്ന് പറയുന്നുണ്ട്. ഇവിടെ അത്തരത്തിലൊന്ന് നമുക്ക് കാണിച്ചുതരാനില്ല. എവിടെ ശ്മശാനമുണ്ടോ അവിടെയെല്ലാം പ്രശ്നമുണ്ടായിക്കൊണ്ടിരിക്കുകയാണ്. തൃശ്ശൂർ ജില്ലയിലെ കുറുക്കൻചേരിയിൽ ഒരു ശ്മശാനമുണ്ട്. ഒരു പ്രത്യേക സമുദായം നടത്തുന്നതാണെങ്കിലും എല്ലാവർക്കും അവിടെ ശവസംസ്ക്കാരം നടത്താൻ കഴിയും. ഇപ്പോൾ എന്താണ് സ്ഥിതി? ഇപ്പോൾ അവിടെത്തെ ആളുകളെല്ലാം കൂടി  ആ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്തെ ആളുകളെയല്ലാതെ ആരെയും അങ്ങോട്ട് കൊണ്ടുവരാൻ പാടില്ലെന്ന് നഷ്ക്കർഷിക്കുകയും സമരം ആരംഭിക്കുകയും ചെയ്തിരിക്കുകയാണ്. ഭാരതപ്പുഴയുടെ തീരത്തു

ണ്ടായിരുന്ന ഒരു സ്ഥലം. അവിടെയെന്താണ് സ്ഥിതി? എല്ലാ സ്ഥലത്തും ശവസംസ്ക്കാരമുൾപ്പെടെയുള്ള കാര്യങ്ങൾ വലിയ ഗുരുതരമായ പ്രശ്നത്തിലേയ്ക്ക് പോകുകയാണ്. രണ്ടും മൂന്നും സെന്റ് സ്ഥലത്ത് താമസിക്കുന്ന ആളുകൾ, അല്ലെങ്കിൽ ഒരു ഫ്ളാറ്റിൽ താമസിക്കുന്ന ആളുകളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. മരണം സംഭവിച്ചാൽ ഇവരെ എവിടെ കൊണ്ടുപോയി സംസ്ക്കരിക്കും എന്നുപോലും അറിയാൻ പറ്റാത്ത വിധത്തിൽ അതീവഗുരുതരമായ ഒരു പ്രശ്നമായി മാലിന്യ പ്രശ്നം മാറിയിരിക്കുകയാണ്. ഇത് വളരെ ഗൗരവമായി, വിശദമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ട കാര്യമാണ്. നമ്മുടെ നാട്ടിലെ മാലിന്യ സംസ്ക്കരണമെന്ന് പറയുന്നത് ആണവമാലിന്യ സംസ്ക്കരണമെന്നതുപോലെ ഗൗരവമായ ഒരു പ്രശ്നമായി മാറിയിരിക്കുകയാണ്. ക്രമസമാധാന പ്രശ്നമായി മാറിയിരിക്കുകയാണ്. തിരുവനന്തപുരത്ത് നിരോധനാജ്ഞ പ്രഖ്യാപിച്ചു. ക്രമസമാധാനത്തിനല്ലാതെ ആദ്യമായി തിരുവനന്തപുരം ജില്ലയിൽ കളക്ടർ നിരോധനാജ്ഞ പ്രഖ്യാപിക്കുന്നത് മാലിന്യ പ്രശ്നത്തിന്റെ പേരിലാണ്. എന്താണ് കാര്യം? Shoot at sight എന്ന് പറയുന്നതുപോലെ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടാൽ അപ്പോൾ പിടിച്ചുകൊണ്ടുപോകും എന്ന നിലയിലേയ്ക്ക് നിയമം കൊണ്ടുവന്നു. ഇങ്ങനെ നിയമം കൊണ്ടുവന്ന ആളുകളെ പേടിപ്പിച്ച് ഉണ്ടാക്കാൻ പറ്റുമോ? നമ്മൾ ഇവിടെ പ്രഖ്യാപിച്ചു ആരെങ്കിലും റോഡിൽ മൂത്രമൊഴിച്ചാൽ 100 രൂപ പിഴ അടപ്പിക്കുമെന്ന്. റോഡിൽ ആരും മൂത്രമൊഴിക്കാൻ പാടില്ലെന്ന് പറഞ്ഞു. പക്ഷേ നമ്മുടെ നാട്ടിൽ എവിടെയാണ് ഒരു പൊതുമൂത്രപ്പുരയുള്ളത്?. തിരുവനന്തപുരം സിറ്റിയ്ക്കകത്തുണ്ടോ? അല്ലെങ്കിൽ അതിന് പുറത്തുള്ള പഞ്ചായത്തുകളുടെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിലുണ്ടോ? സ്ത്രീകൾക്ക് രാവിലെ വീട്ടിൽ

നിന്നും ഇറങ്ങിക്കഴിഞ്ഞാൽ തിരിച്ച് വീട്ടിലെത്തുന്നതുവരെ പ്രാഥമികമായ കൃത്യം നിർവ്വഹിക്കാൻ വേണ്ട ഒരു സ്ഥലമുണ്ടാക്കിക്കൊടുക്കാൻ പറ്റാത്ത നമുക്ക് 100 രൂപ പിഴയടക്കണമെന്ന് പറഞ്ഞാൽ ആണുങ്ങളെ പിടിക്കാം. ഈ പാവപ്പെട്ട സ്ത്രീകൾ എവിടെ പോകും. അവർക്ക് മാന്യമായി മൂത്രമൊഴിക്കാനുള്ള സംവിധാനമില്ല. സ്ക്കൂളിൽ പോകുന്ന കുട്ടികൾ എവിടെയാണ് മൂത്രമൊഴിക്കുന്നത്. സ്ക്കൂളിലെ കുട്ടികൾ ഓരോ സ്ഥലത്തും മൂത്രമൊഴിക്കുകയല്ലേ?. ഇതൊക്കെ പണ്ടുകാലത്തുണ്ടായിരുന്ന കാര്യമാണ്. ഇപ്പോൾ എന്താണ് സ്ഥിതി? കുട്ടികൾക്ക് ആനുപാതികമായി മുത്രപ്പുര സ്ക്കൂളുകളിൽ കൊടുക്കാൻ നമുക്ക് കഴിയുന്നില്ല. അവർക്ക് ലാട്രിൻ കൊടുക്കാൻ കഴിയുന്നില്ല. വിദേശങ്ങളിൽ നിന്നും വരുന്ന ആളുകളൊക്കെ നമ്മളെ കളിയാക്കിക്കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരത്ത് പട്ടണത്തിൽ എവിടെയാണ് മൂത്രപ്പുര എന്ന് ചോദിച്ചാൽ ആർക്കെങ്കിലും പറയാൻ പറ്റുമോ? ഉള്ള സ്ഥലത്താണെങ്കിൽ എന്താണ് സ്ഥിതി? അങ്ങോട്ടേയ്ക്ക് കടക്കാൻ പോലും പറ്റാത്ത വിധത്തിൽ മലീമസമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന സ്ഥലമായി മൂത്രപ്പുരകൾ മാറിക്കഴിഞ്ഞിരിക്കുകയാണ്. അപ്പോൾ മാലിന്യസംസ്ക്കരണത്തെക്കുറിച്ചുള്ള നമ്മുടെ കൺസപ്റ്റ് തന്നെ അടിമുടി മാറാനുതകുന്ന വിധത്തിലുള്ള സംവിധാനത്തിലേയ്ക്ക് വരേണ്ടതുണ്ട്. അതിനുകാരണം ജനങ്ങളുടെ കൂടി സഹായത്തോടുകൂടി കാര്യങ്ങൾ നിർവ്വഹിക്കുക എന്നുള്ളതാണ്.

ശ്രീ. എ. എം. ആരിഫ് : സർ, അങ്ങ് ഇത് പറഞ്ഞപ്പോൾ ഒരു കഥ ഓർമ്മവരികയാണ്. വിദേശത്ത് പഠിക്കാൻ വിട്ട ഒരു മകൻ ഒരുപാട് പൈസ രക്ഷകർത്താവിനോട് ആവശ്യപ്പെട്ടപ്പോൾ അത് പരിശോധിക്കാൻ വേണ്ടി രക്ഷകർത്താവ് പോയ കഥ അങ്ങ് പറഞ്ഞത് ഓർക്കുന്നുണ്ടാകുമല്ലോ? അതാ

യത് മകൻ കൂടുതൽ പൈസ ചോദിക്കുന്നത് അന്വേഷിച്ച് അവിടെ ചെന്നിറങ്ങിക്കഴിഞ്ഞപ്പോൾ പിതാവിന് മൂത്രമൊഴിക്കാൻ മുട്ടി. വഴിയിൽ നിന്ന് ഒന്ന് മൂത്രമൊഴിച്ചു. പോലീസ് പിടിച്ചുകൊണ്ടുപോയപ്പോൾ വലിയ ഫൈൻ ഈടാക്കി. തിരിച്ചുവന്ന് അമ്മയോട് പറഞ്ഞു ഒരു പ്രാവശ്യം മൂത്രമൊഴിക്കാൻ അവിടെ 200 രൂപ കൊടുക്കേണ്ടിവരും. അതുകൊണ്ട് കൂടുതൽ പൈസ മകന് അയച്ചുകൊടുക്കേണ്ടതാണ് എന്നൊരു കഥ അങ്ങ് പറഞ്ഞായിരുന്നല്ലോ?

ശ്രീ. വി. എസ്. സുനിൽകുമാർ : അങ്ങനെ ഒരുപാട് കഥകളുണ്ട് നെഹറു റഷ്യയിൽ പോയ കഥയൊക്കെ എനിക്കറിയാം. അത് ഇവിടെ പറയാൻ പറ്റിയ കഥയല്ല. അപ്പോൾ നമ്മുടെ ശീലങ്ങളിൽ മാറ്റം വരുത്തണം. അതിനെന്താണ് വഴി? മാലിന്യ സംസ്ക്കരണത്തെക്കുറിച്ച് നമ്മുടെ പാഠപുസ്തകങ്ങളിൽ തന്നെ കൊണ്ടുവരണം. നേഴ്സറി സ്ക്കൂൾ മുതൽ മാലിന്യത്തെക്കുറിച്ചും മാലിന്യ സംസ്ക്കരണത്തെക്കുറിച്ചുമുള്ള കാര്യങ്ങൾ പഠിപ്പിക്കണം. വ്യക്തിശുചിത്വത്തിന്റെ കാര്യത്തിൽ മലയാളികൾ വളരെ മിടുക്കരാണ്. വെളുക്കെ ചിരിക്കുകയും വെളുത്തമുണ്ട് ഉടുക്കുകയും രാവിലെ കുളിക്കുകയുമൊക്കെ ചെയ്യുന്ന ആൾക്കാരാണ് മലയാളികൾ. പക്ഷേ നമ്മുടെ ഒരു സംസ്ക്കാരമനുസരിച്ച് പൊതുസ്ഥലങ്ങളിലെ മാലിന്യ സംസ്ക്കരണത്തെക്കുറിച്ച് ഇപ്പോഴും വേണ്ടത്ര അവബോധം മലയാളികൾക്ക് ഇടയിൽ ഇല്ലാതെ പോകുന്നതിനുള്ള കാരണമെന്താണ്? സ്ക്കൂളുകളിൽ നിന്നുതന്നെ അത് പഠിപ്പിക്കാനാവശ്യമായ സംവിധാനമുണ്ടാകണം. വിദേശ രാജ്യങ്ങളിലൊക്കെതന്നെ അവർ എന്തുകൊണ്ട് റോഡിൽ തുപ്പുന്നില്ല?. റോഡിൽ തുപ്പുന്നത് തന്നെ തെറ്റാണെന്ന കാര്യം ജനിക്കുമ്പോൾ മുതൽ കുട്ടികളെ പഠിപ്പി

ക്കുന്നുണ്ട്. ഇവിടെ അങ്ങനെയല്ലല്ലോ. കുട്ടികൾ കാണുമ്പോൾ എല്ലാവരും റോഡിൽ തുപ്പുകയാണ്. ഇവിടെതന്നെ തുപ്പാത്തത് എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. ഏതൊരു സ്ഥലത്ത് പോയാലും ഒരു ലിഫ്റ്റിന്റെ മൂലയിൽ മുറുക്കി തുപ്പിയിരിക്കുന്നത് നമുക്ക് കാണാൻ കഴിയും.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : അങ്ങ് നമ്മുടെ നാട്ടിലെ പൊതു സ്വഭാവത്തെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഏറ്റവും വലിയ ഒരു പ്രശ്നം കേരളത്തിലെ മിക്കവാറും സ്ഥലങ്ങളിൽ കോഴിമാലിന്യങ്ങൾ കൊണ്ടുപോയി ചാക്കിൽ കെട്ടി സകല പുഴകളിലും തോടുകളിലും ഇടുകയാണ്. സത്യത്തിൽ ഇത് വലിയൊരു സാമൂഹ്യ പ്രശ്നമാണ്. നമ്മുടെ തോടുകളും ജലാശയങ്ങളുമൊക്കെ മലിനമായിക്കൊണ്ടിരിക്കുകയാണ്. നിയമമുണ്ടെങ്കിലും കർശനമായിട്ട് കൈകാര്യം ചെയ്യുന്നതിന് ഗവൺമെന്റിനോ പോലീസിനോ കഴിയുന്നില്ലെന്നത് ഒരു യാഥാർത്ഥ്യമല്ലേ?

ശ്രീ. വി. എസ്. സുനിൽ കുമാർ : ഞാൻ പറഞ്ഞുവന്ന ആശയം വേറെയാണ്. പോലീസിനെ വച്ചുകൊണ്ടുമാത്രം ഈ പ്രശ്നം പരിഹരിക്കാൻ പറ്റില്ല. കുറച്ചൊക്കെ നടക്കും. അതുകൊണ്ടാണ് ഞാൻ പറയുന്നത് ഇത് നമ്മുടെ സ്കൂൾ സിലബസിന്റെ ഭാഗമാക്കി മാറ്റണം. ചെറിയ കുട്ടികളായിരിക്കുമ്പോൾ മുതൽ തന്നെ കുട്ടികളെ മാലിന്യ സംസ്ക്കരണത്തിന്റെ ബാലപാഠങ്ങൾ പഠിപ്പിക്കുകയും അവരുടെ ജീവിതചര്യയാക്കി മാറ്റുകയും വേണം. നമ്മൾ രാവിലെ പല്ലുതേയ്ക്കണമെന്ന് കുട്ടികളെ പഠിപ്പിക്കുന്നില്ലേ? പല്ലുതേയ്ക്കണമെന്ന് പഠിപ്പിച്ചില്ലെങ്കിൽ കുട്ടികൾ ആരും പല്ല് തേയ്ക്കാൻ പോകുന്നില്ല. പല്ല് തേയ്ക്കണമെന്ന് മാതാപിതാക്കൾ കുട്ടികളെ രാവിലെ മുതൽ പഠിപ്പിക്കുകയാണ്. ചെറുപ്പം മുതൽ പഠിപ്പിക്കുന്നതുകൊണ്ട് കുട്ടികൾ അങ്ങനെ പല്ല് തേയ്ക്കുന്നു. രണ്ടുനേരം പല്ല് തേയ്ക്കുന്നവരുണ്ട്. അതുപോലെ കുട്ടിക

ളെ ഇത് പഠിപ്പിക്കാനാവശ്യമായിട്ടുള്ള വളരെ കർക്കശമായ നിലപാടിലേയ്ക്ക് ഗവൺമെന്റ് വരണം. അങ്ങനെയാണെങ്കിൽ മാത്രമേ അഞ്ചോ പത്തോ കൊല്ലം കൊണ്ട് നമ്മുടെ രാജ്യത്ത് മാലിന്യ സംസ്ക്കരണത്തിന്റെ കാര്യത്തിൽ വ്യക്തിപരമായ ഒരു ഉത്തരവാദിത്വത്തിലേയ്ക്ക് വരികയുള്ളു. ഇതുമാത്രമല്ല പലരീതിയിൽപ്പെട്ട പൊലൂഷനുണ്ട്. ഡൽഹി പട്ടണം ഇപ്പോൾ ഏറ്റവും പൊലൂഷൻ കുറഞ്ഞ ഒരു പട്ടണമായി മാറിയിട്ടുണ്ട്. പത്തോ പതിനഞ്ചോ കൊല്ലം മുമ്പ് പോയതുപോലെയല്ല. അവിടെ വാഹനങ്ങളിലെല്ലാം ഡീസലോ പെട്രോളോ ഉപയോഗിക്കാൻ കഴിയില്ല. പ്രകൃതിവാതകം ഉപയോഗിച്ചാണ് ഓടിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് പൊലൂഷന്റെ കാര്യത്തിൽ അവിടെ വലിയ മാറ്റം വന്നിരിക്കുന്നു. വായുവിലെ പൊലൂഷനിൽ മാറ്റം വന്നിരിക്കുന്നു. നമ്മുടെ നാട്ടിലെ സ്ഥിതി അതാണോ?. ഇവിടെ വായു മലിനമാണ്. മണ്ണ് മലിനമാണ്. ജലം മലിനമാണ്.  'ജലസമൃദ്ധി മാറി ഇപ്പോൾ മലിനജല സമൃദ്ധിയായി കേരളം മാറിയിരിക്കുന്നു' എന്ന് മാതൃഭൂമിയുടെ എഡിറ്റോറിയലിൽ എഴുതുകയുണ്ടായി. മാതൃഭൂമി പത്രം മാത്രമല്ല ഒരുപാട് പത്രങ്ങൾ അതുമായി ബന്ധപ്പെട്ട എഡിറ്റോറിയലുകളൊക്കെ എഴുതിയതാണ്. കേരളം നിരവധി നദികളെക്കൊണ്ട് സമൃദ്ധമായ ഒരു സംസ്ഥാനമാണ്. പക്ഷേ ഈ നദികളെല്ലാം മലീമസപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ നേരത്തെ ശ്രീ.കെ.വി.അബ്ദുൾ ഖാദർ സൂചിപ്പിച്ചതുപോലെ ആശുപത്രി മാലിന്യം, ഫാക്ടറികളിലെ മാലിന്യം, വീടുകളിലെ കക്കൂസുകളിൽനിന്നുള്ള മാലിന്യം, ഡ്രൈനേജ്, അറവ്ശാലകളുടെ മാലിന്യം, എല്ലാ മാർക്കറ്റുകളുടെയും മാലിന്യം തുടങ്ങിയവയെല്ലാം തള്ളുന്ന ഒരു സ്ഥലമാണ് ജലാശയങ്ങൾ എന്നൊരു കൺസപ്ട് നമ്മുടെ നാട്ടിൽ വന്നിരിക്കുകയാണ്. ഗ്രാമപ്രദേശങ്ങളിലെ എല്ലാ കുളങ്ങളും

പ്ലാസ്റ്റിക് മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുകയാണ്. എല്ലാവരും പ്ലാസ്റ്റിക്ക് അവിടെ കൊണ്ടുചെന്നിടുന്നു. എല്ലാ മാലിന്യങ്ങളും കൊണ്ടിടുന്ന സ്ഥലമാണ് നമ്മുടെ കുളങ്ങളും ജലാശയങ്ങളും എന്ന ബോധത്തിലേയ്ക്ക് മലയാളി മാറിയിരിക്കുന്നു.

മി. ഡെ. സ്പീക്കർ : യെസ്.

ശ്രീ. വി. എസ്. സുനിൽകുമാർ : പന്ത്രണ്ട് മിനിട്ടേ ആയുള്ളു. ഒരു പ്രധാനപ്പെട്ട കാര്യമല്ലേ? ഞാൻ ഒന്നൊന്നര മണിക്കൂർ സംസാരിക്കണമെന്ന് വിചാരിച്ചതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഡിസെന്റിംഗ് നോട്ട് എഴുതിയവർ 12 മിനിട്ടേ സംസാരിച്ചിട്ടുള്ളു.

(തുടരും)

P-17.12.12-GR-VK-4
3.40 – 3.50

(ശ്രീ. വി. എസ്. സുനിൽകുമാർ - തുടർച്ച)

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, ഞാൻ ചുരുക്കുകയാണ്. ഇവിടെ ഏതെങ്കിലും ദുരന്തം വരുന്നതുവരെ നമ്മൾ കാത്തിരിക്കേണ്ടതുണ്ടോ? നമുക്കൊരു പാഠമായിരിക്കേണ്ട കാര്യം, ഗുജറാത്തിലെ സൂററ്റിൽ പ്ലേഗ് പടർന്നു പിടിച്ച് നിരവധി ആളുകൾ മരണപ്പെട്ടു. പ്ലേഗ് എന്ന മാരകരോഗം പടർന്നതോ

ടുകൂടി സൂററ്റ് എന്ന നഗരം ലോകത്തിനുമുമ്പിൽ നാണംകെട്ടുപോയി. അതിൽ നിന്നും പിന്നീട് കണ്ടത് ഒരു ഉയിർത്തെഴുന്നേൽപ്പിന്റെ സൂററ്റിനെയാണ്. മാലിന്യരഹിതമായ നഗരമായി സൂററ്റ് മാറി. അങ്ങനെ പ്ലേഗ് വരുന്നതു വരെ മലയാളി കാത്തിരിക്കേണ്ടതുണ്ടോ അതോ അല്ലാതെ തന്നെ ചെയ്യാൻ നമുക്ക് കഴിയുമോ? ഇവിടെ സിക്കിമിലെ കാര്യം സൂചിപ്പിക്കുകയുണ്ടായി. നിയമസഭാ സമിതി സിക്കിമിലേയ്ക്ക് പോയപ്പോൾ വളരെ സന്തോഷം തോന്നുന്ന കാഴ്ചയാണ് അവിടെ കണ്ടത്. വാഹനത്തിൽ കയറിയ ഉടനെ ഡ്രൈവർ, നിങ്ങളുടെ കൈവശമുള്ള പ്ലാസ്റ്റിക്കുകളൊന്നും പുറത്തേയ്ക്ക് എറിയരുത്, അങ്ങനെ എറിഞ്ഞാൽ എന്റെ പേരിലും നിങ്ങളുടെ പേരിലും ഫൈൻ ഈടാക്കുമെന്ന് പറഞ്ഞുകൊണ്ട് നമ്മുടെ കൈവശമുണ്ടായിരുന്ന പ്ലാസ്റ്റിക് ബാഗുകളും പ്ലാസ്റ്റിക് കുപ്പികളും വാങ്ങി അദ്ദേഹംതന്നെ സൂക്ഷിച്ചു വച്ചു. രാവിലെ ഞങ്ങൾ കണ്ട കാഴ്ച, ഓരോ കോളനി പ്രദേശത്തെയും ആളുകൾ ക്യൂ നിൽക്കുകയാണ്. പാലു വാങ്ങുന്നതിനുവേണ്ടി ക്യൂ നിൽക്കുകയാണെന്നാണ് ഞങ്ങൾ ആദ്യം വിചാരിച്ചത്. പക്ഷേ, അവർ മാലിന്യം കയറ്റിപോകുന്ന വാഹനങ്ങൾക്കുവേണ്ടി കാത്തുനിൽക്കുകയാണെന്ന് പിന്നീടാണ് മനസ്സിലായത്. ഓരോ വീട്ടിലെയും വീട്ടമ്മമാരോ അല്ലെങ്കിൽ കുടുംബത്തിലെ ഒരംഗമോ പ്ലാസ്റ്റിക് മാലിന്യങ്ങളും ജൈവ മാലിന്യങ്ങളും വ്യത്യസ്തമായ ബാഗുകളിലാക്കി കൊടുക്കുന്നതിനുവേണ്ടി കാത്തു നിൽക്കുകയാണ്. മാലിന്യ സംസ്കരണത്തിനുവേണ്ടി  വീട്ടുകാരും നാട്ടുകാരും മുനിസിപ്പാലിറ്റിയും സർക്കാരും സഹകരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന കാഴ്ച അവിടെ കാണാൻ സാധിച്ചു. മാലിന്യസംസ്കരണത്തിന്റെ കാര്യത്തിൽ സർക്കാരിൽ ജനങ്ങൾക്ക് വിശ്വാസമുണ്ടാക്കിയെടുക്കാൻ കഴിഞ്ഞു എന്നുള്ളതുകൊണ്ടാണ് ആളുകൾ ഇവിടെ ബിവറേജസ് കോർപ്പറേഷന് മുമ്പിൽ ക്യൂ

നിൽക്കുന്നതുപോലെ മാലിന്യം കളയുന്നതിന് അവർ അവിടെ ക്യൂ നിൽക്കുന്നത്. സംസ്ഥാനത്തെ ജനങ്ങൾക്ക് സർക്കാരിനുമേലുള്ള വിശ്വാസം നഷ്ടപ്പെട്ടത് തിരിച്ചുകൊണ്ടുവരത്തക്കവണ്ണം എന്ത് പരിപാടിയാണ് അങ്ങയുടെ കൈവശമുള്ളത്? അങ്ങ് അഞ്ചാമത്തെ മന്ത്രിയായി വന്ന ആളാണ്. അങ്ങൊരു മാലിന്യമന്ത്രിയെന്ന പേരു കേട്ട് ഇറങ്ങിപ്പോകേണ്ട സ്ഥിതിവിശേഷമുണ്ടാകരുത്. അങ്ങയുടെ കൈവശമേൽപ്പിച്ചിരിക്കുന്ന മഹാദൗത്യം കൃത്യമായി നിർവ്വഹിക്കുവാൻ അങ്ങേയ്ക്ക് കഴിയുമോ? അതിനു കഴിയുമെന്ന് പ്രതീക്ഷിച്ചുകൊണ്ടാണ് ഞങ്ങൾ ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കുന്നത്. ഒരു നിയമമുണ്ടാക്കിയിരിക്കുന്നു, നിയമത്തിൽ പുതിയ വകുപ്പുണ്ടാക്കിയിരിക്കുന്നു എന്നു പറഞ്ഞതുകൊണ്ടു മാത്രം ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയില്ല. ഒരു കമ്പനിയുണ്ടാക്കുന്ന കാര്യത്തെക്കുറിച്ച് അങ്ങ് പറയുകയുണ്ടായി. നഗരാസൂത്രണ വകുപ്പ് ഒരു കമ്പനിയുണ്ടാക്കാൻ പോകുന്നു. കമ്പനികളുടെ സ്ഥിതിയെന്താണ്? കോർപ്പറേഷൻ ചെയർമാൻമാരെ കാണാൻ ഓരോരുത്തരും ഓരോ പ്രോജക്ടുകളുമായി വരും, എന്റെ കൈയിൽ ഒരു കമ്പനിയുണ്ട്. ഇത്ര കോടി രൂപ ചെലവഴിച്ചുകൊണ്ട് ഇന്നയിന്ന കാര്യങ്ങൾ ചെയ്യാൻ പോകുന്നുവെന്ന് പറഞ്ഞുകൊണ്ട് ഓരോ നഗരസഭകളെയും സ്വാധീനിച്ചുകൊണ്ട് ഓരോരോ കമ്പനികൾ വരുന്നു. ആ കമ്പനികൾ കുറെ തുക വാങ്ങി സ്ഥാപനങ്ങൾ സ്ഥാപിക്കുന്നു. പിന്നീട് പല സ്ഥലങ്ങളിലും അവ ഒരു സ്മാരകം പോലെ നിൽക്കുകയാണ്. അങ്ങനെ സ്മാരകമായി നിൽക്കുന്ന ഒരുപാട് സ്ഥാപനങ്ങൾ ഇവിടെയുണ്ടായി. എന്നതുപോലെയുള്ള ഒരു കമ്പനിയാകുമോ അത്? എന്റെ സംശയമല്ല. നാട്ടിലെ ജനങ്ങളുടെ സംശയമാണ്. ജനങ്ങൾ അങ്ങനെ സംശയിക്കാൻ കാരണം അങ്ങ് അഞ്ചാം മന്ത്രിയായതിലുള്ള വിഷമം കൊണ്ടല്ല, ജനങ്ങൾക്ക് ഗവൺമെന്റിലുള്ള വിശ്വാസം

നഷ്ടപ്പെട്ടതുകൊണ്ടാണ്. കമ്പനികൾ ഒരുപാടുണ്ടായി എന്നതുകൊണ്ടു മാത്രം പ്രശ്നം പരിഹരിക്കാൻ സാധ്യമല്ല. സംസ്ഥാനത്ത് മാലിന്യ സംസ്ക്കരണതിനുവേണ്ടിയുള്ള ഒരു പുതിയ സംസ്കാരം വാർത്തെടുക്കുന്നതിന് നിങ്ങൾക്ക് എന്തു ചെയ്യാൻ കഴിയും?

ശ്രീ. സി. പി. മുഹമ്മദ്: സർ, അങ്ങ് വളരെ വസ്തുനിഷ്ഠമായിട്ടാണ് ഈ വിഷയത്തെ കാണുന്നത്. ബോധവൽക്കരണവും കുട്ടികളെ ചെറുപ്പം മുതലുള്ള പാഠം പഠിപ്പിക്കലും, രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും ഇക്കാര്യത്തിൽ ഒരുപാട് പങ്കില്ലേ. തിരുവനന്തപുരം നഗരത്തിലെ നാലും കൂടിയ കവലകളിലുള്ള പുൽത്തകിടിയിൽ കൊടി നാട്ടുന്നില്ലേ, മാല കെട്ടുന്നില്ലേ? കെ. എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡുകളുടെ സ്ഥിതിയെന്താണ്? സൂററ്റിലെ പ്ലേഗിന്റെ കാര്യം അങ്ങ് പറഞ്ഞു. കേരളത്തിൽ അത് ഫ്ളാഗാണ് എന്നുള്ള വ്യത്യാസം മാത്രമേയുള്ളൂ. എവിടെയും മാലയും കൊടിയും കെട്ടി നഗരവീഥികളും ഗ്രാമങ്ങളും വൃത്തികേടാക്കുന്നതിൽ നമുക്കും ഒരു പങ്കില്ലേ? നമ്മളും ഒരു ആത്മപരിശോധന നടത്തേണ്ടതല്ലേ?

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, കൊടി എവിടെ കെട്ടണമെന്നുള്ളതൊക്കെ നിസ്സാര കാര്യമാണ്. അത് എല്ലാവരും കൂടി തീരുമാനിച്ച് നടത്താവുന്ന കാര്യമാണ്. പല സ്ഥലത്തും ഒരുപാട് സമരങ്ങൾ നടക്കുന്നുണ്ട്. ലാലൂരിലെയും വിളപ്പിൽശാലയിലെയും സമരങ്ങൾ ജനകീയ സമരങ്ങളാണ്, നമ്മളാരും നിഷേധിക്കുന്ന കാര്യമല്ല. അവിടെ സാംസ്കാരിക നായകൻമാർ വന്നുകൊണ്ടിരിക്കുകയാണ്. വരുന്ന സാംസ്കാരിക നായകൻമാർ ഓരോ സഞ്ചിനിറയെ മാലിന്യങ്ങൾ തിരിച്ചുകൊണ്ടു പോയിരുന്നെങ്കിൽ അവിടെത്തെ മാലിന്യപ്രശ്നം അന്നേ തീരുമായിരുന്നു. അത്രയധികം സാംസ്കാരികനായകൻമാർ എല്ലാ സ്ഥലത്തും വന്നിട്ടുണ്ട്. പക്ഷേ ഒന്നിനും പരിഹാരമു

ണ്ടായിട്ടില്ല. വരുന്ന ആളുകൾ ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഓരോ സഞ്ചി മാലിന്യം തിരികെ കൊണ്ടുപോയിരുന്നെങ്കിൽ എല്ലാ മാലിന്യപ്രശ്നവും അവിടങ്ങളിൽ അവസാനിക്കുമായിരുന്നു.

ശ്രീ. ജി. സുധാകരൻ: സർ, എമർജിംഗ് കേരളയിൽ പത്ത്അയ്യായിരം പേർ ഒരു മാസം തിന്നും കുടിച്ചും ആ കോർപ്പറേഷനുണ്ടാക്കിയ മാലിന്യത്തിന്റെ കണക്ക് നിശ്ചയമുണ്ടോ?

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, ജിം നടത്തിയ സമയത്ത് മാലിന്യങ്ങൾ കക്കൂസിലേയ്ക്ക് ഒലിച്ചുപോയി എന്നാണ് മുൻമുഖ്യമന്ത്രി ഇ.കെ.നായനാർ അന്ന് പറഞ്ഞത്. ഇന്ന് അതിനേക്കാൾ കൂടുതലാണ്. വാസ്തവത്തിൽ 13 കോടി രൂപയുടെ മാലിന്യം എമർജിംഗ് കേരള ചർച്ച ചെയ്യുന്നതിനുവേണ്ടി മാത്രമുണ്ടായി. അതിന്റെ പേരിൽ മാലിന്യമുണ്ടാക്കിയെന്നതല്ലാതെ ഇവിടെ എന്തു സംഭവിച്ചു? എമർജിംഗ് കേരളയിൽ പറയുന്ന പദ്ധതികൾ നിങ്ങൾ എവിടെ കൊണ്ടുവരും. ചീഞ്ഞുനാറുന്ന കേരളത്തിൽ എങ്ങനെയാണ് എമർജിംഗ് കേരള വരുന്നത്? നമുക്ക് ഒരു കാര്യത്തിലും ആസൂത്രണമില്ല. ആസൂത്രണമില്ലാതെ ഇങ്ങനെ പൊയ്ക്കൊണ്ടിരിക്കുകയാണ്. മാലിന്യനിർമ്മാർജ്ജന ഫണ്ടിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഫണ്ടിന്റെ കാര്യത്തിൽ എല്ലാവർക്കും വളരെ മിടുക്കാണ്. ഇവിടെ റിവർ മാനേജ്മെന്റ് ഫണ്ടുണ്ട്, അതിന്റെ സ്ഥിതി എന്താണ്? കോടിക്കണക്കിന് രൂപയുടെ റിവർ മാനേജ്മെന്റ് ഫണ്ട് കളക്ട്രേറ്റുകളിലിരിക്കുകയാണ്. ഒന്നും ചെയ്യുന്നില്ല. ഒന്നുകിൽ നദികളെ സംരക്ഷിക്കണം, നദീകളുടെ വശങ്ങൾ സംരക്ഷിക്കണം. നദികളെ സംരക്ഷിക്കുന്നതിന് ഒരു നടപടിയുമില്ല. റിവർ മാനേജ്മെന്റ് ഫണ്ട് പോലെ മാലിന്യനിർമ്മാർജ്ജന ഫണ്ടിനെ മാറ്റാൻ അങ്ങ് ഉദ്ദേശിക്കുന്നുണ്ടോ; ഈ ഫണ്ട് എന്തിനാണ് ഉപയോഗിക്കാൻ പോകുന്നത്? മാലിന്യനിർമ്മാർജ്ജന

ത്തിന്റെ പേരിൽ ഫണ്ടുണ്ടാക്കിയതുകൊണ്ടുമാത്രം കാര്യമില്ല. ഒരു ഫണ്ടല്ല ഇവിടെ വേണ്ടത്. ഫണ്ടിന്റെയോ നിയമത്തിന്റെയോ കുറവുകൊണ്ടല്ല ഇവിടെ പ്രശ്നമുണ്ടാകുന്നത്. ജനങ്ങൾക്ക് ഗവൺമെന്റുകളിൽ വിശ്വാസമില്ലാത്തതാണ് ഇവിടെത്തെ പ്രശ്നമെന്ന് ഞാൻ വീണ്ടും ആവർത്തിച്ചുപറയുന്നു. ഈ രീതിയിൽ തന്നെയാണ് നിങ്ങൾ പോകുന്നതെങ്കിൽ തിരുവനന്തപുരം നഗരസഭയിലെ മാലിന്യനിർമ്മാർജ്ജന കാര്യത്തിൽ നടന്നുകൊണ്ടിരിക്കുന്ന രാഷ്ട്രീയ നിലപാടുകൾ, എല്ലാവരെയും ഒരുമിച്ചു നിറുത്തുന്നതിന് ചുമതലപ്പെട്ട  സർക്കാർ എടുക്കുന്ന നിലപാടെന്താണ്? സർക്കാർ എടുക്കുന്ന നിലപാട് സത്യസന്ധമാണോ, സുതാര്യമാണോ? പ്രശ്നമെന്താണെന്ന് മനസ്സിലാക്കി അതിൽ അധിഷ്ഠിതമായി കാര്യങ്ങൾ ചെയ്യാനാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്? ആ രൂപത്തിൽ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് നമുക്ക് സാധിക്കുന്നില്ലെങ്കിൽ സംസ്ഥാനത്തെ മാലിന്യനിർമ്മാർജ്ജനമെന്നു പറയുന്നത്....

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, അങ്ങ് വസ്തുനിഷ്ഠമായി കാര്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. പക്ഷേ ഇതിന് പരിഹാരമുണ്ടാകേണ്ടതല്ലേ? ഇത് നഗരവും ഗ്രാമവും തമ്മിലുള്ള വഴക്കിനേക്കാൾ കൂടുതലായി ജനങ്ങൾ ഒന്നടങ്കം എതിർക്കുകയും കോടതി ഉത്തരവ് വരെ ലംഘിക്കുകയും ചെയ്യുമ്പോൾ ഗവൺമെന്റിന് എന്തു ചെയ്യാൻ കഴിയും; എന്തു ചെയ്യണമെന്നാണ് അങ്ങ് പറയുന്നത്. മാത്രമല്ല, ഇക്കാര്യത്തിൽ സമന്വയമുണ്ടാക്കാൻ പ്രതിപക്ഷം മുൻകൈ എടുക്കേണ്ടതല്ലേ; അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, ജനങ്ങളെ വെടിവച്ചുകൊല്ലണമെന്നൊന്നുമല്ല ഞാൻ പറഞ്ഞത്. അവിടെ ജനങ്ങൾക്ക് എതിർപ്പുണ്ടാകാൻ കാര

ണമെന്ത്, അതിനുള്ള ഘടകമെന്താണ്, അതാണ് പ്രശ്നം. അവരെയും ഇവരെയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. നിയമസഭയിൽ ഒരു ചർച്ച നടത്തുന്നത് ഒരു നിയമമുണ്ടാക്കാൻ വേണ്ടിയാണ്. നമ്മളെല്ലാവരും രാഷ്ട്രീയമായി അഭിപ്രായ വ്യത്യാസമുള്ളവരാണ്. വ്യക്തമായ രാഷ്ട്രീയമുണ്ടെങ്കിലും ഇക്കാര്യത്തിൽ രാഷ്ട്രീയത്തിനതീതമായ ഒരു പരിഹാരമുണ്ടാക്കുന്നതിന് ജനങ്ങളെയെല്ലാം ഒരുമിപ്പിച്ച് നിറുത്താൻ കഴിയണം. നേരത്തെ ശ്രീ. സി.പി. മുഹമ്മദ് സൂചിപ്പിച്ചല്ലോ, കൊടി അഴിച്ചതുകൊണ്ട് കാര്യമില്ല, വാസ്തവത്തിൽ കൊടി കെട്ടുകയാണ് വേണ്ടത്. എല്ലാവരുടെയും കൊടികൾ ഒന്നിച്ചുകെട്ടി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുവാൻ കഴിയുമോ എന്നുള്ളതാണ് ആലോചിക്കേണ്ടത്. ലോക്കൽ ബോഡി ഗവൺമെന്റ് ഒരു മുന്നണിയുടെയും ഗവൺമെന്റ് വേറെ മുന്നണിയുടേതുമാണെങ്കിൽ പലയിടത്തും സംഭവിച്ചതു പോലെ ചിലപ്പോൾ അഭിപ്രായ വ്യത്യാസമുണ്ടാകാം, പ്രശ്നങ്ങളുണ്ടാകാം. എല്ലാം ലോക്കൽ ബോഡി ഗവൺമെന്റുകളുടെ തലയിൽ കെട്ടിവയ്ക്കുന്നു എന്ന് നേരത്തെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ അദ്ദേഹത്തിന്റെ വിയോജനക്കുറിപ്പിൽ പറയുകയുണ്ടായി. പക്ഷേ എല്ലാ ഉത്തരവാദിത്തവും ലോക്കൽ ബോഡി ഗവൺമെന്റുകളുടെ തലയിൽ കെട്ടിവച്ചുകൊണ്ട് മാറാൻ സർക്കാരിന് കഴിയുകയില്ല.

(തുടരും.....)

P-17-12-2012 GA-VK-4
3.50-4.00

(ശ്രീ. വി. എസ്. സുനിൽ കുമാർ - തുടർച്ച)

നമ്മുടെ സംസ്ഥാനത്തെ മാലിന്യനിർമ്മാർജ്ജനത്തിനുവേണ്ടിയുള്ള നിയമം എന്നതിനേക്കാൾ ഉപരിയായി നമ്മുടെ സംസ്ഥനത്തിലെ ഓരോ വ്യക്തിയു

ടെയും വ്യക്തിപരമായ ശുചിത്വംപോലെതന്നെ സമൂഹത്തിന്റെ ശുചിത്വവും ഓരോരുത്തരുടേയും ഉത്തരവാദിത്വമാണെന്ന് തോന്നത്തക്കവിധത്തിലുള്ള ഒരു ബോധം കേരളത്തിലെ ജനങ്ങൾക്കിടയിൽ ഉണ്ടാക്കിയെടുക്കാൻ സാധിക്കണം. ഈ നിയമം ഏട്ടിലെ പശുവായി മാറാതിരിക്കാൻവേണ്ടി സംസ്ഥാന ഗവൺമെന്റ്, ലോക്കൽ ബോഡി ഗവൺമെന്റ് പ്രഖ്യാപിക്കുന്ന കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കി അവരെ ബോദ്ധ്യപ്പെടുത്തണം. കാണിച്ചുകൊടുക്കാതെ ഒരു ജനവും ഒരു ഗവൺമെന്റിനെയും വിശ്വസിക്കാൻ പോകുന്നില്ല. ഒരിക്കലും ശ്രീ. മഞ്ഞളാംകുഴി അലിയെയും ആളുകൾ വിശ്വസിക്കാൻ പോകുന്നില്ല. കാരണം മറ്റൊന്നുമല്ല. താങ്കൾക്ക് ഇതുവരെ ഇക്കാര്യത്തിൽ കാര്യമാത്രപ്രസക്തമായ എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞുവെന്ന് ഞാൻ കരുതുന്നില്ല. ചെയ്യാൻ കഴിയണം. അങ്ങ് നേരത്തെ ഇവിടെ അവതരിപ്പിച്ച ബില്ലിൽ ചെയ്ത കാര്യമെന്താണ്? ഇതിന്റെ ആദ്യ ഭേദഗതി എന്തായിരുന്നു? നേരത്തെ പറഞ്ഞതുപോലെ കണക്ക് കൊടുക്കുന്നതുമായി ബന്ധപ്പെട്ട ഭേദഗതി. അതിനകത്ത് പറഞ്ഞ കാര്യമെന്താണ്? 50% സംവരണം വന്നതുകൊണ്ട് കണക്ക് കൊടുക്കാൻ സ്ത്രീകൾ വൈകി. അങ്ങ് സ്ത്രീകളെ അപമാനിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇതിനകത്ത് ഉദ്ദേശിച്ച കാര്യം വ്യക്തമായി പറഞ്ഞിരിക്കുന്നു. വാസ്തവത്തിൽ ഞാൻ മനസ്സിലാക്കിയിരിക്കുന്നത് കണക്ക് കൊടുക്കാത്ത ആളുകളുടെ കൂട്ടത്തിൽ ഏറ്റവും കൂടുതൽ ആണുങ്ങളാണ്. സ്ത്രീകളുടെ എണ്ണം കുറവാണ്. ആണുങ്ങളെക്കാൾ കൂടുതൽ ഇക്കാര്യത്തിലെല്ലാം ശുഷ്കാന്തി കാണിക്കുന്നവരാണ് സ്ത്രീകൾ. എന്നിട്ട് നിങ്ങൾ പറഞ്ഞിരിക്കുന്ന കാര്യം എന്താണ്? ആണുങ്ങൾക്ക് 50 ശതമാനം സംവരണം വന്നതുകൊണ്ട്. അപ്പോൾ അങ്ങ് 50 ശതമാനം സംവരണ

ത്തിന് എതിരായതുകൊണ്ടാണോ; സ്ത്രീകൾ വന്നതുകൊണ്ടാണോ; അങ്ങനെയുള്ള കാഴ്ചപാടുണ്ടോ? ഈ നഗരസഭകളിലും ഗ്രാമസഭകളിലും 50 ശതമാനത്തിലധികം സ്ത്രീകൾ വന്നതുകൊണ്ട് എന്തെങ്കിലും ഇൻ-എഫിഷ്യൻസി ഉണ്ടെന്ന് അങ്ങയുടെ മന്ത്രാലയത്തിലോ സർക്കാരിനോ അഭിപ്രായമുണ്ടോ? ഒരു കാരണവശാലും ഒരിക്കലും ഒരു ജനാധിപത്യ ഗവൺമെന്റ് എഴുതിവയ്ക്കാൻ പാടില്ലാത്ത വിധത്തിൽ അങ്ങ് ഉദ്ദേശകാരണത്തിൽ പറഞ്ഞ കാര്യം, 50 ശതമാനം സംവരണം ഏർപ്പെടുത്തി സ്ത്രീകളായതുകൊണ്ട് അവർക്ക് മറ്റ് പല ജോലികളുള്ളതുകൊണ്ട് കണക്ക് അവർക്ക് കാണിക്കാൻ കഴിയാത്തതുകൊണ്ട് ഞാൻ ഇത് അവതരിപ്പിക്കുന്നു എന്നു പറഞ്ഞാൽ, തീർച്ചയായിട്ടും അങ്ങയോട് യോജിക്കാൻ ഞങ്ങൾക്കാർക്കും സാധ്യമല്ല. സമയം നീട്ടികൊടുത്തതുകൊണ്ട് വിരോധമൊന്നുമില്ല. പക്ഷേ, ഇങ്ങനെ എഴുതിവച്ച് നീട്ടികൊടുക്കരുത്. അതുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്. ഇത് ജനങ്ങൾക്ക് ചർച്ച ചെയ്യുന്നതിനുവേണ്ടിയുള്ള അവസരം കൊടുക്കണം. പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണം. രാജ്യവ്യാപകമായി, സംസ്ഥാന വ്യാപകമായി ചർച്ച നടക്കണം. ഇതൊരു ബോധവത്ക്കരണ പരിപാടി ആക്കണം. ഈ നിയമം വരാൻപോകുന്നു. ഈ നിയമം വന്നുകഴിഞ്ഞതിൽ നിന്നും ഉണ്ടാകാൻ പോകുന്നു. അതിന് കർക്കശമായ നടപടികൾ ഇന്നതാണ്. ജനങ്ങൾക്ക് എന്തൊക്കെ അഭിപ്രായങ്ങൾ പറയാനുണ്ട്? അവരുടെ അഭിപ്രായങ്ങൾ കൂടി കേട്ട് നമുക്ക് ഈ നിയമം പ്രബലമായ ഒരു നിയമമാക്കി ഈ നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കുന്നതാണ് ഉചിതം എന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്.

(ശ്രീ. ടി.എ. അഹ്മദ് കബീർ)

P-17-12-2012 GA-VK-4
3.50-4.00

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. ടി. എ. അഹ്മദ് കബീർ അങ്ങേയ്ക്ക് 2 (ബി) ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ.ടി. എ. അഹ്മദ് കബീർ : സർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിൽ കഴിഞ്ഞ കുറെക്കാലമായി ഒരലസ നയമാണ് മാലിന്യ സംസ്ക്കരണ കാര്യത്തിൽ നിലനിന്നിരുന്നത്. 1996-ൽ സുപ്രീകോടതി ഈ വിഷയത്തിൽ ഇടപ്പെട്ടു. 2000-ൽ മുൻസിപ്പൽ സോളിഡ് വേയ്സ്റ്റ് റൂൾസ് നിലവിൽ വന്നു. നിർഭാഗ്യവശാൽ ഇത്രയും കാലം അതിനിടയിൽ രണ്ട് ഗവൺമെന്റുകൾ മാറി., എൽ.ഡി.എഫും, യു.ഡി.എഫും. രണ്ട് സർക്കാരും ഈ വിഷയം അഡ്രസ്സ് ചെയ്തിരുന്നു. എന്നാൽ മാറിയ സാഹചര്യത്തിൽ ഇന്നത്തെ ഗവൺമെന്റ് ഈ വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ഒരു പുതിയ നിയമമല്ല കൊണ്ടുവന്നിരിക്കുന്നത്. അതിന്റെ പരിമിതികളുണ്ടാവും. മറിച്ച് മുനിസിപ്പൽ നിയമത്തിൽ ഒരു ഭേദഗതിയിലൂടെ ഇന്ന് നമ്മുടെ സംസ്ഥാനം അനുഭവിക്കുന്ന വളരെ ഗൗരവതരമായൊരു വിഷയത്തെ അഡ്രസ്സ് ചെയ്യാൻ മുന്നോട്ടുവന്ന ഈ ഗവൺമെന്റിനെ കേരളത്തിലെ ജനങ്ങൾ അഭിവാദ്യം ചെയ്യുമെന്ന കാര്യത്തിൽ എനിക്ക് ഒരു സംശയവുമില്ല. നമ്മൾ ഈ മാലിന്യസംസ്ക്കരണ വിഷയത്തിൽ എത്തിനിൽക്കുന്നത് ഒരു വലിയ അപകടത്തിന്റെ കൊടുമുടി തുമ്പിലാണ്. അവിടെ നിന്ന് ഈ ജനതയെ രക്ഷിക്കാനുള്ള മൗലികമായ പരിപാടികളെക്കുറിച്ചാണ് നമ്മൾ ആലോ

ചിക്കേണ്ടത്. എന്താണ് സംഭവിച്ചത്. നമുക്ക് മൗലികമായ മൂന്ന് പ്രശ്നങ്ങളുണ്ട്. ഒന്ന്, മാലിന്യങ്ങൾ കുമ്പാരമാകും. ഇതെങ്ങനെ ശേഖരിക്കും. രണ്ടാമത്തെ വിഷയം, ഇങ്ങനെ ശേഖരിക്കുന്ന മാലിന്യം എങ്ങനെയാണ് ട്രാൻസ്പോർട്ടേഷൻ നടത്തുക. നമ്മുടെ ആരോഗ്യത്തേയും പരിസ്ഥിതിയേയും ബാധിക്കാതെ ഇത്ര വലിയ ഒരു മാലിന്യ കൂമ്പാരം ഒരിടത്ത് നിന്ന് മറ്റൊരിടത്തേയ്ക്ക് എങ്ങനെയാണ് എത്തിക്കുന്നത്?. മൂന്നാമത്തേത്, ഇത് ട്രീറ്റ് ചെയ്യുക എന്നുള്ളതാണ്. ഈ മൂന്ന് വലിയ ജോലികൾ ഏറ്റെടുക്കേണ്ട മൗലികമായൊരു വിഷയത്തിൽ സമഗ്രമായ ആസൂത്രണമാണ്. കഴിഞ്ഞ പത്ത് പന്ത്രണ്ട് കൊല്ലം നമ്മളെല്ലാവരും ഉറങ്ങുകയായിരുന്നു. ഒരു സ്റ്റാറ്റസ് റിപ്പോർട്ട് ഇല്ലാതെ ആസൂത്രണം വിജയിക്കുകയില്ല. നിർമ്മാണത്തേക്കാൾ പ്രധാനമാണ് ആസൂത്രണം. നിർമ്മാണം വിജയിക്കണമെങ്കിൽ ആസൂത്രണമുണ്ടാകണം. അതിനാണ് ഈ ജനായത്ത സംവിധാനത്തിൽ ഈ പരിപാടികളെല്ലാം ആവിഷ്ക്കരിക്കുന്നത്. എവിടെയാണ് ഒരു സ്റ്റാറ്റസ് റിപ്പോർട്ട്? വിശ്വസനീയമായൊരു സ്റ്റാറ്റസ് റിപ്പോർട്ട് എവിടെയാണ്? റിലയബിളായ, മെഷറബിളായ, കമ്പയർ ചെയ്യാൻ കഴിയുന്ന ഒരു സ്റ്റാറ്റസ് റിപ്പോർട്ട് നമ്മുടെ കൈയ്യിലുണ്ടോ? ഇല്ല. നമ്മൾ ഒരാപാട് ഏജൻസികളുണ്ടാക്കും. ഒരു സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അഭാവത്തിൽ നമ്മുടെ ആസൂത്രണം പാളുകയാണ്. ആസൂത്രണം പാളിയതുകൊണ്ട് ഫണ്ടുകളെല്ലാം ദുർവിനിയോഗം ചെയ്യപ്പെട്ടിരിക്കുന്നു. ഈ വിഷയത്തിൽ ധാരാളം ഫണ്ടുകൾ ഉണ്ടായിട്ടുണ്ട്. നമ്മുടെ മുൻസിപ്പാലിറ്റികൾ, നമ്മുടെ കോർപ്പറേഷനുകൾ എല്ലാം എത്ര കോടി ഉറുപ്പികയാണ് കഴിഞ്ഞ കുറേ വർഷങ്ങളായി ഈയിനത്തിൽ ചെലവിടാനായി മാറ്റിവച്ചത്. ഈ സഭ ഉത്തരവാദപ്പെട്ട ഒരു സഭയാണ്. അതിനുവേണ്ടി നീക്കിവച്ച കോടിക്കണക്കിന് രൂപയുടെ ക്വാളിറ്റി

എക്സ്പെന്റിച്ചർ എന്താണെന്ന് ആലോചിക്കാൻ ഞാനും നിങ്ങളും ബാധ്യസ്ഥരാണ്. കഴിഞ്ഞദിവസം പ്ലാനിംഗ് കമ്മീഷന്റെ ഒരു മെമ്പർ ശ്രീ. അരുൺ മേറ പറഞ്ഞു, ജനോറാം അടക്കമുള്ള സ്ഥാപനങ്ങളിലെ ഈ രംഗത്തെ ചെലവിടൽ ആരോഗ്യകരമല്ല. ശാസ്ത്രീയമല്ല. അർബൻ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട് ഒരു പാർലമെന്ററി പാനൽ വന്നു. ആ പാനൽ പറഞ്ഞു, ഈ രംഗത്ത് പരാജയമുണ്ട്. 12-ാം ധനകാര്യ കമ്മീഷന്റെ കാര്യമെടുക്കൂ. പതുമൂന്നാം ധനകാര്യകമ്മീഷന്റെ കാര്യമെടുക്കൂ. ഏതാണ്ട്, 5000-6000 കോടി ഉറുപ്പിക അർബൻ ഡെവലപ്മെന്റിനുവേണ്ടി മാറ്റിവച്ചിരിക്കുന്നു. ഇതിന്റെ നേരെ പകുതി മാലിന്യസംസ്ക്കരണത്തിനുവേണ്ടിയുള്ളതാണ്. എന്നിട്ടാണ് നമ്മൾ ഇരുട്ടിൽ തപ്പുന്നത്. നമ്മൾ അത്യന്തം അപകടകരമായ ഒരു കൊടുമുടിത്തുമ്പിൽ നിർക്കുമ്പോൾ ജനങ്ങളെ രക്ഷപ്പെടുത്തുന്നതിന് സഹായകമാകുംവിധം മാലിന്യങ്ങൾ സംസ്ക്കരിക്കാൻ കഴിയുന്നവിധമുള്ള പുതിയ ഏർപ്പാടുകൾ ഉണ്ടാകണം. നിർഭാഗ്യവശാൽ ഇവിടെ ഒരുപാട് ടെക്നോളജിയുണ്ട്. ഇതൊന്നുമിവിടെ പേരെടുത്ത് പറയേണ്ട കാര്യമില്ല. എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണ്. ടെക്നോളജി തെരഞ്ഞെടുക്കുമ്പോൾ രണ്ട് കാര്യങ്ങളായ എക്കണോമിക്സും ടെക്നോളജിയും നോക്കണം. സാമ്പത്തികമായ ശേഷിയില്ലാതെ ഈ രംഗത്ത് നമുക്ക് എന്ത് ചെയ്യാൻ കഴിയും? രണ്ട്, ടെക്നോളജി വളരെ വ്യക്തമായി ഇന്ന ടെക്നോളജിയാണ് അഡ്വൈസബിൾ എന്നു പറയാൻ കഴിയാത്തവിധം നമ്മൾ ഒരുപാട് പരീക്ഷണം നടത്തുന്നു. അതുകൊണ്ട് എനിക്ക് തോന്നിയത് സിയാൽ മാതൃകയിൽ ഒരു കമ്പനി ഉണ്ടാക്കാനെടുത്ത തീരുമാനം സ്വാഗതാർഹമാണ്. സിയാൽ മാതൃകയിൽ ഒരു പുതിയ കമ്പനി വരുമ്പോൾ അതിന് നേരത്തെ ഈ സഭയിലെ പല അംഗങ്ങളും സൂചിപ്പിച്ചതുപോലെ ഒരു വികേന്ദ്രീക്രത സ്വഭാവം

ഉണ്ടാകേണ്ടതുണ്ട്. ആ കമ്പനിയുടെ കീഴിൽ ജില്ലാതലത്തിലാണ് അതിനാവ ശ്യമായ ആസൂത്രണം ഉണ്ടാകേണ്ടത്. അതിനനുസരിച്ച് ഒരു ദീർഘവിക്ഷണ ത്തോടെ ഈ പരിപാടികളുമായി മുന്നോട്ട് പോകണം. നഗരാസൂത്രണത്തിന് മാലിന്യ സംസ്ക്കരണത്തിന് ഒരു മുന്തിയ പ്രാധാന്യം നൽകണം. എന്നു പറ ഞ്ഞാൽ ബഡ്ജറ്ററി പ്രൊവിഷൻ ഉണ്ടാകണം. സ്കാന്റിനേവിയൻ രാജ്യ ങ്ങളുടെ നിലവാരത്തോടൊപ്പം നമ്മുടെ സംസ്ഥാനം വളർന്നു. വിദ്യാഭ്യാസം ആരോഗ്യ പരിരക്ഷ ഈ രണ്ട് രംഗത്തുമുണ്ടായ പുരോഗതി അർത്ഥപൂർണ്ണമാ കണമെങ്കിൽ, ഗുണപരമാകണമെങ്കിൽ, ഇവിടെ സംഭവിക്കേണ്ടത് ഇന്ന് ലോകം മുഴുവൻ പേറുന്ന ഒരു വലിയ മൗലികമായ പ്രശ്നമായ മാലിന്യ സംസ്ക്കരണത്തിന് മുൻഗണന നൽകിവേണം മുന്നോട്ടു പോകേണ്ടത്. അതുകൊണ്ട് നമ്മുടെ അടുത്ത ബഡ്ജറ്റ് എനിക്ക് വിശ്വാസമുണ്ട്. കേരള ത്തിന്റെ പ്രഗത്ഭനായ ധനാകാര്യവകുപ്പുമന്ത്രി ഇന്ന് ഈ സംസ്ഥാനം അനുഭ വിക്കുന്ന തീഷ്ണമായ ഒരു പ്രശ്നത്തിന്റെ വിരാമമിടുന്നതിനുവേണ്ടി ബഡ്ജ റ്റിൽ ഇതിന് മുഖ്യപ്രാധാന്യം നൽകുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഇപ്പോൾ ഇവിടെ ഈ പ്രശ്നം ശ്രദ്ധിച്ചാൽ പരിഹരിക്കാൻ കഴിയും ഇവിടെ ആളുകൾ പറയുമ്പോൾ ഇതിന്റെ വേറൊരു സ്റ്റാറ്റിസ്റ്റിക്സ് പുറത്തുവന്നിട്ടു ണ്ട്. ഇപ്പോൾ 'നീറി' എന്നൊരു കേന്ദ്ര ഏജൻസിയുണ്ട്. 'തേരി' എന്നു പറ യുന്ന മറ്റൊരു കേന്ദ്ര ഏജൻസിയുണ്ട്. അവർ നടത്തിയ പഠനങ്ങൾ പുറത്തു വന്നു. അതുകൂടാതെ ഐ.ഐ.റ്റി. കാൺപൂർ നടത്തിയ ഒരു പഠനം പുറത്തു വന്നിട്ടുണ്ട്. അവരുടെ കണക്കനുസരിച്ച് ലോകത്തെ ലോ ഇൻകം ഗ്രൂപ്പ് രാജ്യങ്ങളുടെ പെർ - ക്യാപിറ്റ വേയ്സ്റ്റ് ജനറേഷനേക്കാൾ കുറവാണ്. നമ്മൾ ഭയപ്പെട്ട് ഇവിടെ പരിഹരിക്കാൻ കഴിയാത്ത അപരിഹാര്യമായ

എന്തോ സംഭവിച്ചു എന്ന മട്ടിൽ നമ്മൾ ഒരിക്കലും ഭീതി പരത്തേണ്ട ആവശ്യമില്ല. നീറി പറഞ്ഞതുപോലെ, തേരി പറഞ്ഞതുപോലെ മൂന്നാമത് ഐ.ഐ.റ്റി കാൺപൂർ പറഞ്ഞതുപോലെ അവർ പറയുന്നത് ബംഗ്ലാദേശിലെ പാവപ്പെട്ട ജനങ്ങൾ ജനറേറ്റ് ചെയ്യുന്ന പെർ - ക്യാപിറ്റ വെയ്സ്റ്റിനെക്കാൾ കുറവാണ് നമ്മുടെ രാജ്യമെന്നാണ്. അതുകൊണ്ട് ഇത് പരിഹരിക്കാൻ കഴിയുന്ന അപകടമാണുള്ളത്. അതിനു വേണ്ടത് വളരെ ബോധപൂർവ്വകമായ പ്ലാനിംഗും അതിനനുസൃതമായ സാമ്പത്തികമായ അലോക്കേഷനുമാണ്. ഇവിടെ അലംഭാവം ഒരു ഭാഗത്തും ഉണ്ടാവാൻ പാടില്ല. ഇതെല്ലാം സർക്കാർ ചെയ്യേണ്ടതാണെന്ന മട്ടിൽ ജനങ്ങൾ മാറിനിൽക്കാനും പാടില്ല.

(തുടരും)

P-17-12-2012
SE-SP-IV
4.00-4.10

(ശ്രീ. ടി. എ. അഹ്മദ് കബീർ............തുടർച്ച)

ഈ നിയമത്തിൽ ചില അപായ സൂചനയുണ്ട്. ഇതെല്ലാം താഴെതട്ടിലുള്ളവർ ചെയ്യണം എന്ന സൂചന പാടില്ല. മാലിന്യ സംസ്കരണം എന്നത് മുനിസിപ്പൽ ഭരണത്തിന്റെ ഭാഗമാണ്. ലോകത്തെവിടെയുമുള്ള മുനിസിപ്പൽ നിയമങ്ങളിൽ മാലിന്യ സംസ്കരണം ഒരു വിഷയമാണ്. അതേ സമയം കേരളത്തിലെ നഗരങ്ങളിലെ ജനസംഖ്യ എന്താണെന്നത് നമ്മൾ മനസ്സിലാക്കേണ്ട ഒരു വിഷയമാണ്. തിരുവനന്തപുരം - 8 ലക്ഷം, കൊച്ചി -6 ലക്ഷം, കോഴിക്കോട് -4 ലക്ഷം, ആലപ്പുഴ ഏതാണ്ട് 2 ലക്ഷത്തിന് താഴെ മാത്രമാണ് ജനസംഖ്യ. ഒരു മില്യൻ പോപ്പുലേഷൻ ഇല്ലാത്തവയാണ് നമ്മുടെ നഗരങ്ങൾ. മുനിസിപ്പാലിറ്റികളാക്കിയ അങ്കമാലിയിലും കളമശ്ശേരിയിലുമൊക്കെ 50,000

-ൽ താഴെയാണ് ജനസംഖ്യ. അപരിഹാര്യമായ യാതൊരു പ്രശ്നവുമില്ല. രാഷ്ട്രീയമായ ഇച്ഛാശക്തിയും സാമ്പത്തിക പിൻബലവും നല്ല ആസൂത്രണവുമാണ് ഇവിടെ വേണ്ടത്. ഇത് മൂന്നുമുണ്ടെങ്കിൽ നമുക്ക് ഈ പ്രശ്നം പരിഹരിക്കാൻ ഒരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല. കളക്ഷനും ട്രാൻസ്പോർട്ടേഷനും ട്രീറ്റുമെന്റിനും ധാരാളം ടെക്നോളജി കണ്ടുപിടിച്ചിട്ടുണ്ട്. ടെക്നോളജി തെരഞ്ഞെടുക്കുന്നതിൽ വളരെ നല്ല ശ്രദ്ധ വേണം. വേസ്റ്റ് എനർജി ടെക്നോളജി എന്ന ആശയംകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? ഒറ്റനോട്ടത്തിൽ Refuse Derived Fuel നല്ലതാണെന്ന് നമുക്ക് തോന്നും. പക്ഷേ power consumption വളരെ പ്രധാനമാണ്. ഇത്തരം യൂണിറ്റുകളുടെ പ്രത്യേകത ആർ.ഡി.എഫ് എന്ന concept ആണ് ഇവിടെ ഉപയോഗിക്കുന്നത്. ശരിക്കുപറഞ്ഞാൽ തെർമൽ പ്രോസസ്സിന്റെ ഭാഗമായ ഇൻസിനറേറ്റർ ആയാലും ഇൻഡസ്ട്രിയൽ ഫർണസ് ആയാലും ഇതിന് പറ്റിയ ഒന്നാണ് പെലറ്റ്. അത് നമുക്ക് വളരെ എളുപ്പത്തിൽ സ്റ്റോർ ചെയ്യാനും ട്രാൻസ്പോർട്ട് ചെയ്യാനും കഴിയും. കൽക്കരിയെക്കാൾ വില കുറഞ്ഞ ഒരു ഇന്ധനമായി പെലറ്റുപയോഗിക്കാം. പക്ഷേ കേരളംപോലെ വൈദ്യുതി പ്രതിസന്ധി നേരിടുന്ന ഒരു സംസ്ഥാനത്ത് ഇതുണ്ടാക്കാൻ പ്രയാസമാണ്. ഇത് എനർജി ഇന്റൻസീവായതുകൊണ്ട് ആ വിഷയം പരിഗണിക്കേണ്ടതാണ്. മാത്രമല്ല ഇപ്പോൾ മഴ മുടങ്ങിയിട്ടുണ്ടെങ്കിലും, മഴക്കാലത്ത് ഈ പ്ലാന്റ് വിജയകരമായി നടക്കുമോ എന്ന കാര്യത്തിൽ സംശയമുണ്ട്. അതുകൊണ്ട് ഇതിന്റെ വയബിലിറ്റിയും സസ്റ്റയിനബിലിറ്റിയും ടെക്നോളജിക്കലായി തെളിയിക്കപ്പെടേണ്ടിയിരിക്കുകയാണ്. അതുകൊണ്ട് ടെക്നോളജി തെരഞ്ഞെടുക്കുമ്പോൾ ഒരിക്കലും ധൃതി പിടിക്കാൻ പാടില്ല എന്ന് വളരെ വിനയത്തോടുകൂടി

ആത്മാർത്ഥമായി മാലിന്യ സംസ്കരണത്തിന് മുന്നോട്ടുവരുന്ന മന്ത്രിയേയും വകുപ്പിനേയും ഗവൺമെന്റിനേയും ഓർമ്മപ്പെടുത്താൻകൂടി ഈ അവസരം ഉപയോഗപ്പെടുത്തുന്നു. ഓരോ മുനിസിപ്പാലിറ്റിയിലും യാതൊരു എക്സ്പീരിയൻസുമില്ലാത്ത ചെറിയ ചെറിയ ഓഫീസർമാരെ ഈ ചുമതല ഏൽപ്പിച്ചിരിക്കുകയാണ്. അവർക്ക് ഒറ്റയ്ക്കുചെയ്യാൻ കഴിയില്ല. അതുകൊണ്ട് കേരളത്തിന് മൊത്തത്തിൽ ആവശ്യമായ ഈ സംവിധാനത്തെക്കുറിച്ച് സിയാൽ മോഡലിൽ വരുന്ന ഈ കമ്പനിയുടെ അടിസ്ഥാനത്തിൽ മതിയായ പഠനം നടത്തി, ഇപ്പോൾ നടക്കുന്ന റെഗുലേഷനുകളൊക്കെ ഒരു റെഗുലേറ്ററി മെഷറായി മാത്രമേ കാണേണ്ടതുള്ളൂ. ആ കാര്യങ്ങൾ അങ്ങനെതന്നെ നടക്കട്ടെ. ബാക്കിയുള്ളത് നല്ല പഠനത്തിന്റെ അടിസ്ഥാനത്തിൽ വേണം മുന്നോട്ടുപോകാൻ എന്നുകൂടി ഞാൻ ഓർമ്മപ്പെടുത്തുകയാണ്. നേരത്തെ പറഞ്ഞ ഫണ്ട് കൂടാതെ ജനറം ഫണ്ടിലും അർബൻ റിന്യൂവൽ ഫണ്ടിലും മാലിന്യ സംസ്കരണത്തിന് അലോക്കേഷനുണ്ട്. ആ ഫണ്ടുകൾ മുഴുവൻ നമ്മുടെ സംസ്ഥാനത്തിന് പ്രയോജനപ്പെടുന്ന രീതിയിൽ ഉപയോഗിക്കാൻ കഴിയണം. അതുപോലെ വേസ്റ്റ് കമ്പോസ്റ്റ് ചെയ്യുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. എയറോബിക് ആയാലും ഓക്സിജൻ ആവശ്യമുള്ള കമ്പോസ്റ്റ് നിർമ്മാണം ആയാലും ഓക്സിജൻ ആവശ്യമില്ലാത്ത കമ്പോസ്റ്റ് നിർമ്മാണമായാലും ഈ രംഗത്ത് നമുക്ക് എസ്റ്റാബ്ലിഷ് ചെയ്ത ടെക്നോളജി ലഭ്യമാണ്. അതുകൊണ്ട് ഓർഗാനിക്കായതും ബയോഡീഗ്രേഡബിളായതുമായ ഫ്രാക്ഷൻ ഉപയോഗപ്പെടുത്തി കമ്പോസ്റ്റ് എന്ന ആശയം, ശ്രീ. വി.എസ്. സുനിൽ കുമാർ പറഞ്ഞതുപോലെ വ്യാപകമായ പ്രചാരണങ്ങളിലൂടെ എല്ലാ രംഗത്തും ഈ സന്ദേശം എത്തിച്ചുകൊണ്ട് നമുക്ക് ചെയ്യാൻ കഴിയുന്നത് മണ്ണ് സംരക്ഷണത്തിന് നല്ല സംരംഭമായ കമ്പോസ്റ്റിംഗ് ഓർഗാനിക്

Uncorrected / Not for publication

ബയോഡീഗ്രേഡബിൾ പോർഷനെടുത്തിട്ട്, നമ്മൾ ചെയ്യേണ്ടത് ജൈവകൃഷിക്കുവേണ്ടിയും ജൈവ വളമുണ്ടാക്കുന്നതിനുവേണ്ടിയുമുള്ള വമ്പിച്ച ക്യാമ്പയിനും ഇതിന്റെ ഭാഗമായി നടക്കണം. എല്ലാ വീടുകളിലും കഴിയുന്നിടത്തോളം ജൈവകൃഷിക്കും പൂന്തോട്ടനിർമ്മാണത്തിനും അനുകൂലമായ ഒരു സംസ്കാരം വളർത്തിയെടുക്കാൻ നമ്മുടെ ഈ സംരഭത്തിന്റെ ഭാഗമായി സാധിച്ചാൽ നമുക്ക് മാലിന്യസംസ്കരണത്തിന് സഹായകമാകുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതിൽ നമുക്ക് ചെയ്യാവുന്ന കാര്യം ആശ-അങ്കൻവാടി വർക്കേഴ്സ്, എൻ.സി.സി, സ്കൗട്ട്സ് ആന്റ് ഗൈഡ്സ്, എൻ.എസ്.എസ്, സ്റ്റുഡന്റ് പോലീസ് കാഡറ്റ്, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ, എൻ.ജി.ഒകൾ, സാമുദായിക സംഘടനകൾ തുടങ്ങി കേരളത്തിലുള്ള നിരവധി ഏജൻസികളെയെല്ലാം ഇതിന്റെ ഭാഗമാക്കി മാറ്റാൻ കഴിയുന്ന രീതിയിലായിരിക്കണം നമ്മുടെ ഭാവി പ്രവർത്തനങ്ങൾ എന്നുകൂടി ഞാൻ ഓർമ്മപ്പെടുത്തുകയാണ്. നീക്കിവച്ച ഫണ്ടുകൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല എന്ന പ്രശ്നമുണ്ട്. അതെല്ലാം മിസ് യൂസ് ചെയ്യപ്പെടുകയോ വേണ്ടരംഗത്ത് വേണ്ട സമയത്ത് വേണ്ട രീതിയിൽ ചെലവാക്കപ്പെടുകയോ ചെയ്യാത്ത ഒരവസ്ഥയുണ്ട്. ദുരുപയോഗമുണ്ടെന്ന് ഞാൻ പറയുന്നില്ല. അതിന്റെ ലാപ്സസ് ഒഴിവാക്കിയെടുക്കാനും ശ്രമമുണ്ടാകേണ്ടതുണ്ട്. ബോധവത്ക്കരണവും ശിക്ഷാനടപടികളും പൊതു ശുചിത്വബോധവും ജനങ്ങളിലുണ്ടാക്കാൻ സഹായകമാകുംവിധം പുനരാവിഷ്കരിക്കാനുള്ള എല്ലാ ശ്രമങ്ങളും ശ്ലാഘനീയമാണ്. എനിക്ക് തോന്നുന്നത് ഇപ്പോൾ ഒരു അമെന്റ്മെന്റിലൂടെ ഈ നിയമം വരുമ്പോഴുണ്ടാകുന്ന ഈ സന്ദേശം മലയാളികൾ അംഗീകരിക്കുകയും ഈ രംഗത്ത് ഇന്ത്യക്ക് മാതൃകയാകുംവിധം, ഞാൻ നേരത്തെ സൂചിപ്പിച്ചല്ലോ, ഇന്ത്യയിൽ നടന്ന വിശദമായ പഠനങ്ങളി

ലൊന്നും നിർഭാഗ്യവശാൽ കേരളത്തിന് ഒരു റോളില്ലാതെ വന്നിരിക്കുന്നു. ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളുടെയും പേരുകൾ പഠന റിപ്പോർട്ടിൽ വരുമ്പോൾ നമ്മുടെ സംസ്ഥാനം പിന്നിൽ പോയി. വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും മുന്നിൽ വന്ന കേരളം മാലിന്യ സംസ്കരണ രംഗത്ത് പിന്നോക്കം പോയതിന്റെ ദുരവസ്ഥ മനസ്സിലാക്കിക്കൊണ്ട് കേരളത്തെ മുന്നോട്ടുകൊണ്ടുവരാൻവേണ്ടിയുള്ള ശ്രമമെന്ന നിലയ്ക്ക് നമ്മൾ നേതൃത്വപരമായ പങ്ക് വഹിക്കണം. അതുകൊണ്ട് ഗവൺമെന്റ് ഏജൻസികളേയും പ്രൈവറ്റ് ഏജൻസികളെയും ഒന്നിച്ച് അണിനിരത്തിക്കൊണ്ട് നമ്മുടെ എല്ലാ പഠന വേദികളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് നമ്മുടെ നാട്ടിൽ മാലിന്യ സംസ്കരണത്തിന് സഹായകമാകും വിധമുള്ള ഈ അമെന്റ്മെന്റിനെ നമ്മൾ തെറ്റിദ്ധരിക്കാൻ പാടില്ല. നിലവിലുള്ള നിയമത്തിൽ ഒരു അടിയന്തര പ്രശ്നം അഡ്രസ് ചെയ്യുന്നതിനുവേണ്ടി വളരെ ബോധപൂർവ്വമായ ഇടപെടലാണ് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും നടത്തിയിരിക്കുന്നത്. ഭാവിയിൽ കുറെക്കൂടി ഫലപ്രദമായ രീതിയിലുള്ള നിയമനിർമ്മാണം നടത്തുന്നതിന് ഈ അമെന്റ്മെന്റ് സഹായകമാകും അതിനുവേണ്ടി ഈ സഭയ്ക്ക് ഒരുമിച്ച് മുന്നോട്ടു പോകാം എന്നു പറഞ്ഞുകൊണ്ട് ഈ ഭേദഗതി മൂവ് ചെയ്യുന്നു.

(ശ്രീ. മഞ്ഞളാംകുഴി അലി)

P-17-12-2012
SE-SP-IV
4.00-4.10

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, വിയോജന കുറിപ്പുകൾ രേഖപ്പെടുത്തിക്കൊണ്ട് എന്റെ ചില സുഹൃത്തുക്കൾ, പ്രത്യേകിച്ച് എന്റെ നാട്ടുകാരൻ കൂടിയായ ശ്രീ. പി. ശ്രീരാമ കൃഷ്ണനെപ്പൊലെയുള്ള എന്റെ സ്നേഹിതന്മാർ സംസാരിച്ചപ്പോൾ രാമായ ണം മുഴുവൻ വായിച്ച് കഴിഞ്ഞപ്പോൾ രാമനും സീതയും തമ്മിൽ എങ്ങനെ എന്നുള്ള നിലയിലാണ് എനിക്ക് തോന്നിയത്. ഇതുമായി ബന്ധമില്ലാത്ത കുറെ കാര്യങ്ങൾ ശ്രീ. പി. ശ്രീരാമകൃഷ്ണൻ സംസാരിച്ചു. അതല്ലാതെ ഈ ബില്ലിൽ എന്താണ് പറഞ്ഞിട്ടുള്ളത് എന്നതിനെക്കുറിച്ചുമാത്രം അദ്ദേഹം സംസാരിച്ചില്ല. മറ്റുള്ള കുറെ കാര്യങ്ങൾ അദ്ദേഹം പറഞ്ഞു. നമ്മുടെ നാട്ടിലുണ്ടാ കുന്ന 70 ശതമാനം വേസ്റ്റും ഉത്പാദിപ്പിക്കുന്നത് കൊമേഴ്സ്യൽ എസ്റ്റാ

ബ്ലിഷ്മെന്റുകൾ, ആശുപത്രികൾ, അറവുശാലകൾ, ചന്തകൾ, ഫിഷ് മാർക്കറ്റ്, കല്യാണ മണ്ഡപങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളാണ്. ഇതുവരെയും മുനിസിപ്പാലിയുടേയും കോർപ്പറേഷനുകളുടേയും മാത്രം ഉത്തരവാദിത്വമായിരുന്നു ഈ വേസ്റ്റ് സംസ്കരിക്കുക എന്നത്. 70 ശതമാനത്തോളം വരുന്ന വേസ്റ്റ് പ്രോസസ്സ് ചെയ്യുകയെന്നത് മുനിസിപ്പാലിറ്റികളെ സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. മുനിസിപ്പാലിറ്റികളുടെ കൂടുതൽ പണവും അതിനുവേണ്ടിയായിരുന്നു ചെലവഴിച്ചിരുന്നത്. സ്വാഭാവികമായും ഇത് ഉത്പാദിപ്പിക്കുന്ന ആളുകൾതന്നെ ഉറവിടത്തിൽ സംസ്കരിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ അമെന്റ്മെന്റ് കൊണ്ടുവന്നത്. ഇതിന്റെ മൂല നിയമത്തിൽ വളരെയധികം കാര്യങ്ങൾ പറയുന്നുണ്ട്. ഈ അമെന്റ്മെന്റിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ളത് കൊമേഴ്സ്യൽ സ്ഥാപനങ്ങളിലെ വേസ്റ്റ് അവർതന്നെ സംസ്കരിക്കണം അല്ലെങ്കിൽ അതിനവർ പണം ചെലവഴിക്കണമെന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. അത് മനസ്സിലാക്കാതെ ഇവിടെ പല മെമ്പർമാരും സംസാരിച്ചു. അത്തരം കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ധനകാര്യ ബാധ്യതയെപ്പറ്റി എല്ലാവരും വിശദമായി സംസാരിച്ചു. കഴിഞ്ഞ കാലഘട്ടങ്ങളിൽ 2008-2009 സാമ്പത്തിക വർഷത്തിൽ വേസ്റ്റ് മാനേജുമെന്റിനുവേണ്ടി ശുചിത്വ മിഷന് സർക്കാർ നൽകിയത് ഒരു കോടി 97 ലക്ഷം രൂപയും 2009-2010-ൽ 91 ലക്ഷം രൂപയും 2010-2011-ൽ ഒരുകോടി 31 ലക്ഷം രൂപയും 2011-2012-ൽ 45 കോടി 23 ലക്ഷം രൂപയുമാണ്.

(തുടരും)

P-17-12-2012 AS-SP-IV
4.10-4.20

(ശ്രീ. മഞ്ഞളാംകുഴി അലി ..... തുടർച്ച)

അന്ന് ഉണ്ടായിരുന്ന വേസ്റ്റ് പ്രോസസ് ചെയ്യാതെ ഒരു സ്ഥലത്ത് ഡമ്പ് ചെയ്യുകയായിരുന്നു. ഇന്ന് കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണിതെന്ന് മനസിലാക്കിയതുകൊണ്ടാണ് ഈ സർക്കാർ കഴിഞ്ഞ വർഷം 45 കോടി രൂപയും ഈ വർഷം 177 കോടി രൂപയും ശുചിത്വമിഷന് നൽകിയത്. ഇത് മുനിസിപ്പാലിറ്റികൾക്ക് നൽകുന്ന പ്ലാൻ ഫണ്ട് കൂടാതെയാണ്. ശുചിത്വമിഷൻ വളരെ നല്ല രീതിയിലാണ് നമ്മുടെ നാട്ടിൽ ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. ഉറവിടമാലിന്യ സംസ്കരണത്തിനുവേണ്ടിയാണ് സർക്കാർ കൂടുതൽ തുക ഇതിൽ ചെലവഴിച്ചിട്ടുള്ളത്. 2012 മാർച്ച് മാസത്തി

നുശേഷം 34210 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഫണ്ട് നൽകിയിട്ടുണ്ട്. 14493 മണ്ണിര കമ്പോസ്റ്റും 1,80,420 പൈപ്പ് കമ്പോസ്റ്റും 18925 റിംഗ് കമ്പോസ്റ്റും സ്ഥാപിച്ചിട്ടുണ്ട്. സമയം കൂടുതൽ ആവശ്യമായതുകൊണ്ട് മറ്റുള്ള വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഉറവിട മാലിന്യ സംസ്കരണമെന്നത് ഈ സർക്കാരിന്റെ പ്രധാനപ്പെട്ട നയങ്ങളിലൊന്നാണ്. അതിനുവേണ്ടി ഫണ്ട് ആവശ്യപ്പെട്ട എല്ലാ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും പഞ്ചായത്തുകൾക്കും ഫണ്ട് നൽകിയിട്ടുണ്ട്. പ്രധാനപ്പെട്ട നഗരങ്ങളിലെ മാലിന്യം പ്രോസസ് ചെയ്യണമെന്നുണ്ടെങ്കിൽ അതിന് ആധുനിക രീതിയിലുള്ള പ്ലാന്റുകൾ വേണം. അത് മനസ്സിലാക്കിക്കൊണ്ടാണ് ആറ് പ്രധാനപ്പെട്ട നഗരങ്ങളിൽ ഗ്യാസിഫിക്കേഷൻ മോഡലിൽ ആറ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതി നടപ്പിലാക്കുന്നത്. തിരുവനന്തപുരത്തും എറണാകുളത്തും തൃശ്ശൂരും കോഴിക്കോടും കണ്ണൂരും കോട്ടയത്തുമാണ് ഈ പ്ലാൻറുകൾ സ്ഥാപിക്കുന്നത്. ഗ്യാസിഫിക്കേഷൻ മോഡലിലുള്ള ഈ പ്ലാന്റുകൾക്കായി നമ്മൾ തുക ചെലവഴിക്കുന്നില്ല എന്നതാണ് ഏറ്റവും വലിയ പ്രത്യേകത. കാരണം വിദേശ കമ്പനികളാണ് പ്ലാന്റ് സ്ഥാപിക്കുന്നത്. നമ്മൾ അവരിൽ നിന്നും ഇലക്ട്രിസിറ്റി വാങ്ങണമെന്നതാണ് വ്യവസ്ഥ. ഇലക്ട്രിസിറ്റി ഒരു യൂണിറ്റിന് 7 രൂപ 90 പൈസയ്ക്കാണ് വാങ്ങേണ്ടത്. പലപ്പോഴും കേരളത്തിൽ പീക്ക് ടൈമിൽ ഇലക്ട്രിസിറ്റി വാങ്ങുന്നത് ഇതിനെക്കാളും കൂടിയ നിരക്കിലാണ്. തിരുവനന്തപുരത്ത് സ്ഥാപിക്കുന്നത് 35 ടൺ പ്ലാന്റാണ്. നമ്മൾ ഒരു ദിവസം 35 ടൺ മാലിന്യം നൽകുമ്പോൾ ആ കമ്പനി ഒരു വർഷം നമുക്ക് തരുന്നത് 7,20,000 രൂപയാണ്. ഇങ്ങനെ വളരെ വലിയ രീതിയിലാണ്

സർക്കാർ ഇതിനെ കാണുന്നത്. ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടു തന്നെയാണ് ഈ കാര്യങ്ങളുമായി മുന്നോട്ടുപോകുന്നത്. ഇക്കാര്യത്തിൽ ഒരു ആശങ്കയും ശ്രീ. വി.എസ്. സുനിൽകുമാറിന് ഉണ്ടാകേണ്ട കാര്യമില്ല. ശ്രീ. പി. റ്റി.എ. റഹീം സംസാരിച്ചപ്പോൾ ഇതിൽ സ്ത്രീകളെപ്പറ്റി എന്തോ ദു:സൂചനയുണ്ടെന്ന രീതിയിലാണ് പറഞ്ഞത്. അങ്ങനെയുള്ള യാതൊന്നും ഇതിൽ പറഞ്ഞിട്ടില്ല. ഇതിൽ പറഞ്ഞിട്ടുള്ളത് വനിതാ സംവരണം 50 ശതമാനമായി വർദ്ധിപ്പിച്ചതിനുശേഷം നടന്ന ആദ്യ തെരഞ്ഞെടുപ്പായതിനാലും വനിതാ കൗൺസിലർമാർ ഉൾപ്പെടെയുള്ള കൗൺസിലർമാർ തങ്ങളുടെ വാർഡിലെ വികസന പ്രവർത്തനങ്ങളിൽ വ്യാപൃതരായിരുന്നതിനാലും പ്രസ്തുത ചുരുങ്ങിയ കാലാവധിക്കുള്ളിൽ സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നൽകാൻ അവർക്ക് കഴിഞ്ഞിട്ടില്ല എന്നാണ്. വനിതകളെ ഒരു മമതയോടുകൂടിയാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. അല്ലാതെ ക്രിട്ടിസൈസ് ചെയ്തിട്ടില്ല. ആദ്യമായി വരുന്ന ആളുകൾക്ക് ചിലപ്പോൾ ഈ കാര്യങ്ങൾ അറിയില്ലായിരിക്കും. അതുമാത്രമാണ് ഉദ്ദേശിച്ചത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇങ്ങനെയൊരു നിയമം പാസാക്കേണ്ടി വന്നത് കൃത്യാന്തരബാഹുല്യത്താൽ അത് മറന്നുപോയ അംഗങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് എന്ന് മാത്രം പറഞ്ഞാൽ പോരെ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഓരോരുത്തർക്കും അവരുടെ കാര്യം പറയാൻ അവരുടേതായ ഭാഷയുണ്ടാകും. അദ്ദേഹം പറയുന്ന രീതിയിൽത്തന്നെ ഞാൻ പറയണമെന്ന് വാശി പിടിച്ചാൽ അത് നടക്കില്ല. കാർബൺ ഡൈഓക്സൈഡിനെക്കുറിച്ചും മീൻ ലോറികളിൽനിന്ന് വെള്ളം ഒഴുകുന്നതിനെക്കുറിച്ചും പറഞ്ഞു. ആ കാര്യങ്ങൾ നോക്കേണ്ടത് ആഭ്യന്തര

വകുപ്പാണ്. അവരുമായി ചർച്ച ചെയ്ത് പരിഹാരം കാണാവുന്നതാണ്. മാലിന്യവുമായി ബന്ധപ്പെട്ട വിഷയങ്ങളെ സംബന്ധിച്ച് കുട്ടികളിൽ അവബോധമുണ്ടാക്കണമെന്ന് ശ്രീ. വി.എസ് സുനിൽകുമാർ പറഞ്ഞത് വളരെ നല്ല നിർദ്ദേമാണ്. ഇപ്പോൾ അംഗൻവാടികളിലും നഴ്സറി സ്കൂളുകളിലും കുട്ടികളെ മാലിന്യത്തെ സംബന്ധിച്ചും ശുചിത്വത്തിന്റെ ആവശ്യകതയെക്കുറിച്ചും പഠിപ്പിക്കുന്നതിനായി 'ശൈശവ ശുദ്ധി ശാശ്വത ശുദ്ധി' എന്ന പദ്ധതി ശുചിത്വ മിഷൻ വളരെ വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സ്കൂളുകളെ കേന്ദ്രീകരിച്ച് 'അക്ഷരമുറ്റം ശുചിത്വമുറ്റം' എന്ന പരിപാടിയും കുട്ടികളെ ഇക്കാര്യങ്ങളിൽ അവബോധമുണ്ടാക്കുന്നതിനായി നടപ്പാക്കുന്നുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങൾക്കും സർക്കാർ ശ്രദ്ധ നൽകുന്നുണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ശ്മശാനങ്ങളുടെ കാര്യത്തെ സംബന്ധിച്ച് ശ്രീ. വി.എസ്. സുനിൽ കുമാർ പറഞ്ഞത് എല്ലാവരും ശ്രദ്ധ നൽകേണ്ട വിഷയമാണ്. ശ്മശാനം ഇല്ലാത്തതുകൊണ്ട് എല്ലാ പഞ്ചായത്തുകളിലും സമരങ്ങൾ നടക്കുകയാണ്. പല സ്ഥലങ്ങളിലും പഞ്ചായത്ത് കമ്മിറ്റിയെപ്പോലും ഉപരോധിക്കുകയാണ്. മാലിന്യം പോലെ തന്നെ ഇതും വളരെ ഗൗരവമുള്ള പ്രശ്നമാണ്. എല്ലാ പഞ്ചായത്തുകളിലും പൊതു ശ്മശാനമുണ്ടാക്കുന്നതിനുവേണ്ടി ഗവൺമെന്റ് മുൻകൈയെടുക്കണം. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഇത് വളരെ വലിയ പ്രശ്നമാണ്. രാഷ്ട്രീയപ്പാർട്ടികളെല്ലാവരുംകൂടി വളരെ സീരിയസായി ഇതിനെക്കുറിച്ച് ആലോചിച്ചില്ലെങ്കിൽ ഇങ്ങനെയുള്ള കാര്യങ്ങളിൽ കേരളത്തിന്റെ സ്ഥിതിയെന്താകുമെന്ന് പറയാൻ കഴിയില്ല. കേന്ദ്രഗവൺമെന്റിന്റെ കോടിക്കണക്കിന്

രൂപപോലും ചെലവഴിക്കാൻകഴിയാത്ത ഒരു സ്ഥിതി വിശേഷം ഇന്ന് കേരളത്തിലുണ്ട്. എല്ലാ കാര്യങ്ങൾക്കും എല്ലാവരും എതിരുനിന്നാൽ എങ്ങനെയാണ് ഇതുപോലുള്ള പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നത്. ഭരണകക്ഷിയിൽപ്പെട്ട പല മെമ്പമാർമാരും പല രീതിയിലാണ് കാര്യങ്ങൾ അവതരിപ്പിച്ചതെന്ന് ശ്രീ. പി.റ്റി.എ. റഹിം പറഞ്ഞു. ഈ അമെന്റ്മെന്റുകൾ തന്നെ പ്രതിപക്ഷത്തുള്ള ഒരാൾ രണ്ട് കാര്യമാണ് എഴുതിത്തന്നിട്ടുള്ളത്. വ്യത്യസ്ത വ്യക്തികളാകുമ്പോൾ വ്യത്യസ്തമായ ആശയങ്ങളുണ്ടാകും. അതുകൊണ്ട് ശ്രീ. പി.റ്റി.എ. റഹീം പറഞ്ഞ കാര്യത്തെപ്പറ്റി ഞാൻ കൂടുതൽ പറയുന്നില്ല. 15 മാസം വളരെ കൂടിപ്പോയി എന്നാണ് പറയുന്നത്. കാലാവധി ചുരുക്കിയാൽ പല ആൾക്കാരും അയോഗ്യരാകും. അതുകൊണ്ടാണ് 15 മാസ മെന്ന് പറഞ്ഞിരിക്കുന്നത്.

ശ്രീമതി അയിഷാ പോറ്റി: സർ, അത് one time മാത്രമായി കൊടു ത്താലും പോരെ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പതിനഞ്ച് മാസമെന്നുള്ളത് പിന്നീട് വേണമെങ്കിൽ അമെന്റ് ചെയ്യാവുന്നതാണ്. ഇപ്പോൾ one time മാത്രമായി കൊടുക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. 2012-ലെ കേരള മുനിസി പ്പാലിറ്റി (ഭേദഗതി) ബിൽ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

(മി.സ്പീക്കർ)

P-17-12-12 –AC-SP-4
4.20-4.30

(തുടർച്ച.......)

മി. സ്പീക്കർ: ശ്രീ. റ്റി. എ. അഹ്മദ് കബീർ അങ്ങയുടെ 2 ബി നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. റ്റി. എ. അഹമ്മദ് കബീർ, അങ്ങയുടെ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ................

പ്രതികൂലിക്കുന്നവർ ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

**വകുപ്പ് തിരിച്ചുള്ള പരിഗണന**

**രണ്ടാം വകുപ്പ്**

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

> 109. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 143എ (1) ൽ 'പതിനഞ്ച്' എന്ന വാക്കിനുപകരം 'ആറ്' എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

111. ഖണ്ഡ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 143എ (1) ൽ 'പതിനഞ്ച്' എന്ന വാക്കിനുപകരം 'ഒൻപത്' എന്ന വാക്ക് ചേർക്കുക.

15 മാസമെന്നുള്ളത് ഇപ്പോഴത്തെ കാര്യമല്ല. കാലാകാലങ്ങളിൽ ആവശ്യമുണ്ടെന്നുള്ള ചോദ്യത്തിന് അദ്ദേഹം വ്യക്തമായി പറയുന്നില്ല. അതുകൊണ്ട് ഞാൻ പ്രസ്സ് ചെയ്യുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

115. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 143 എ(1)ൽ "പതിനഞ്ച് മാസങ്ങൾക്കകം" എന്നീ വാക്കുകൾക്ക് പകരം "പത്തൊൻപത് മാസം" എന്നീ വാക്കുകൾ ചേർക്കുക.

116. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 143 എ(1)ൽ "പതിനഞ്ച് മാസങ്ങൾക്കകം" എന്നീ വാക്കുകൾക്ക് പകരം "ഇരുപത് മാസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

117. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 143 എ(1)ൽ "പതിനഞ്ച് മാസങ്ങൾക്കകം" എന്നീ വാക്കുകൾക്ക് പകരം "ഇരുപത്തി ഒന്ന് മാസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

110. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന, പ്രധാന ആക്ടിലെ വകുപ്പ് 143 എ (1)-ൽ "പതിനഞ്ചു മാസങ്ങൾക്കകം" എന്നീ വാക്കുകൾക്ക് പകരം "ആറു മാസങ്ങൾക്കകം" എന്നീ വാക്കുകൾ ചേർക്കുക.

സമയപരിധി വച്ചിരിക്കുന്നതിൽ അടുത്ത സമയപരിധി ആകേണ്ടതിന്റെ കാരണമെന്താണ്? തെരഞ്ഞെടുത്ത് ഒരു സ്ഥാനത്ത് വരുന്ന ആൾ ആ സ്ഥാനത്തിരുന്നുകൊണ്ട് മറ്റേതെങ്കിലും തരത്തിലുള്ള സ്വത്ത് ആർജ്ജിച്ചതിനുശേഷമാകരുത് സ്വത്ത് ഡിക്ലയർ ചെയ്യുന്നത്. ഒരു വർഷത്തിൽ കൂടുതൽ സമയമാണ് ഇപ്പോൾ കൊടുത്തിരിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട് അധികം കഴിയുന്നതിന് മുമ്പ് സ്വത്ത് വിവരം ഡിക്ലെയർ ചെയ്യുക എന്നുള്ളതാണ് അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദ്ദേശം. തെരഞ്ഞെടുത്ത് കുറേ കാലം കഴിഞ്ഞതിനുശേഷം സ്വത്ത് ഡിക്ലെയർ ചെയ്യുന്നതിൽ അർത്ഥമില്ല. അതുകൊണ്ടാണ് സമയപരിധി ചുരുക്കണമെന്ന് പറഞ്ഞത്. മാത്രമല്ല അതിൽ പറഞ്ഞിരിക്കുന്ന കാരണങ്ങൾ flimsy reasons ആണ്. സ്ത്രീകൾക്ക് സ്വത്ത് വിവരം ഡിക്ലെയർ ചെയ്യാൻ ഒരു വർഷത്തിൽ കൂടുതൽ സമയം വേണമെന്ന് പറയുന്നതിൽ എന്ത് ന്യായമാണുള്ളത്? അതുകൊണ്ട് സ്വത്ത് വിവരം ഡിക്ലെയർ

ചെയ്യുന്നത് തെരഞ്ഞെടുക്കപ്പെട്ട് ഉടൻ ആയിരിക്കണമെന്നാണ് എന്റെ ഭേദഗതി.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, രണ്ടാം വകുപ്പിലെ ഒരു ഭേദഗതിയും സ്വീകരിക്കുന്നില്ല. കാരണം ഈ ബില്ലിന്റെ ഉദ്ദേശം തന്നെ ഇല്ലാതാകും.

മി. സ്പീക്കർ : ശ്രീ. എസ്. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി.ഡി. സതീഷൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതി യോടു കൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനു മതിയോടു കൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ്കുറുപ്പ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ...

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**3-ാം വകുപ്പ്**

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

118. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 എ(1)-ൽ "ചിക്കൻ സ്റ്റാളുകൾ" എന്നീ വാക്കുകൾക്ക് ശേഷം "മത്സ്യ സ്റ്റാളുകൾ"എന്ന വാക്ക് കൂടി ചേർക്കുക.

132. ഖണ്ഡം 3 പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 334എ(2)-ൽ "നൽകിയശേഷം" എന്ന വാക്കിന് ശേഷം "30 ദിവസ ങ്ങൾക്കകം" എന്നീ അക്കങ്ങളും വാക്കും ചേർക്കുക.

161. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 ബി(1)എയിൽ "കൊണ്ടുപോകുന്നതിനുള്ള" എന്ന വാക്കിനുശേഷം " നിയമാനുസൃതമായ മൈക്രോൺ അളവുള്ള" എന്നീ വാക്കുകൾ ചേർക്കുക.

168. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 ബി(1)(സി)-യിൽ "പാഴ്" എന്ന വാക്കിനു പകരം "ഉപയോഗ യോഗ്യമല്ലാത്ത"എന്ന വാക്കു ചേർക്കുക.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരി പ്പിക്കുന്നു.

120. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 എ(1)-ൽ "കാറ്ററിംഗ് സർവ്വീസ് സ്ഥാപനങ്ങൾ" എന്നീ വാക്കുകൾക്കു ശേഷം "ആഡംബര നികുതി നൽകാൻ ബാദ്ധ്യസ്ഥ മായ" എന്നീ വാക്കുകൾ കൂടിചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

121. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന വകുപ്പ് 334 എ(1)-ൽ "600 ചതുരശ്രമീറ്ററിൽ" എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും പകരം "200 ചതുരശ്രമീറ്ററിൽ" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

125. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 334 എ(1)(ബി) വകുപ്പിന്റെ അവസാനം താഴെ പറയുന്ന വാക്കുകൾ ചേർക്കുക.

"മുനിസിപ്പാലിറ്റി അത്തരം ജൈവമാലിന്യങ്ങൾ നീക്കം ചെയ്യേണ്ടതും സംസ്ക്കരിക്കേണ്ടതുമാണ്".

127. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334എ(1)(സി) യിൽ "അടക്കേണ്ട തുക" എന്നീ വാക്കുകൾക്ക് ശേഷം "മുനിസിപ്പാലിറ്റി അത്തരം അജൈവമാലിന്യങ്ങൾ നീക്കം ചെയ്യേണ്ടതും സംസ്ക്കരിക്കേണ്ടതുമാണ് എന്നീ വാക്കുകൾ കൂട്ടിചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

122. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 എ(1)-ൽ "600 ചതുരശ്രമീറ്ററിൽ" എന്നീ അക്കങ്ങൾക്കും

വാക്കുകൾക്കും പകരം "800 ചതുരശ്രമീറ്ററിൽ" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

123. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 എ(1)ൽ "മുനിസിപ്പാലിറ്റികൾ വിജ്ഞാപനം ചെയ്തേക്കാവുന്ന അങ്ങനെയുള്ള മറ്റ് സ്ഥാപനങ്ങൾ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

124. ഖണ്ഡം 3 പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334-എ(1)(ബി)യിൽ "നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള" എന്നീ വാക്കുകൾക്കു പകരം "മുനിസിപ്പാലിറ്റി നിശ്ചയിക്കുന്ന" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

126. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334എ(1)(സി) യിൽ "അത്തരം മാലിന്യങ്ങൾ" എന്ന വാക്കിനു പകരം " അത്തരം മാലിന്യങ്ങൾക്ക്" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ബി. അബ്ദുൾ റസാക് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

128. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 334-എ(1)(ഡി)യിൽ "പൊതു സ്ഥലങ്ങളിലേക്കോ"എന്നീ വാക്കുകൾക്ക് ശേഷം "മറ്റൊരാളുടെ കൈവശത്തിലുള്ള സ്ഥലത്തേക്കോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

129. ഖണ്ഡം 3 പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 334എ(2)-ൽ "സ്ഥാപനങ്ങൾ" എന്ന വാക്കിന് ശേഷം "വീടുകൾ" എന്ന വാക്ക് ചേർക്കുക.

162. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 ബി(1)എയിൽ "പ്ലാസ്റ്റിക് കവറുകളുടെയും ഏറ്റവും കുറഞ്ഞ വില" എന്നീ വാക്കുകൾക്കുശേഷം "കുറഞ്ഞ തൂക്കം മൈക്രോണിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീമതി പി. അയിഷാപോറ്റി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

131 ഖണ്ഡം 3 പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 334 എ(2)-ൽ "ലൈസൻസോ" എന്ന വാക്കിന് ശേഷം "വീട്ടുനമ്പരോ" എന്ന വാക്ക് ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

133 ഖണ്ഡം 3 പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 334എ(2)-ൽ "റദ്ദാക്കാവുന്നതാണ്" എന്ന വാക്കിന് പകരം "റദ്ദാക്കേണ്ടതും മതിയായ സംവിധാനം ഉപയോഗിക്കാത്ത വീടുകൾ നിയമവിരുദ്ധ നിർമ്മിതിയായി കണക്കാക്കി നടപടി സ്വീകരിക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

134. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 (എ) (2) താഴെപ്പറയും പ്രകാരം മാറ്റുക.

" (2) (1) -ാം ഉപവകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവയ്ക്ക് പ്രസ്തുത ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരമുള്ള മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ അവയുടെ നിർമ്മാണ വേളയിൽ തന്നെ ഏർപ്പെടുത്തേണ്ടതും അപ്രകാരമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താത്തവയ്ക്ക് പ്രവർത്തനാനുമതിയോ ലൈസൻസോ നല്കാൻ പാടില്ലാത്തതുമാകുന്നു. നിലവിലുള്ള അത്തരം കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവയുടെ കാര്യത്തിൽ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനോ, സംവിധാനത്തിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനോ, അത് സംബന്ധിച്ച വ്യക്തമായ നിർദ്ദേശമടങ്ങുന്ന നോട്ടീസ് നല്കുന്ന തീയതി മുതൽ ഒരു വർഷത്തിൽ അധികമാകാത്ത കാലയളവ് സെക്രട്ടറിക്ക് അനുവദിക്കാവുന്നതും, അനുവദിച്ച കാലയളവിനുള്ളിൽ നിർദ്ദേശാനുസരണമുള്ള സംവിധാനം ഉണ്ടാക്കാത്ത സ്ഥാപനങ്ങളുടെ

ലൈസൻസും, പ്രവർത്തനാനുമതിയും ബന്ധപ്പെട്ട കക്ഷിക്ക് പറയുവാനു ള്ളത് പറയുവാൻ ഒരു അവസരം നൽകിയശേഷം റദ്ദാക്കാവുന്നതുമാണ്"

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

136 ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334(എ) (3) -ൽ "ആറ് മാസത്തിൽ കുറയാതെയും ഒരു വർഷം വരെ" എന്നീ വാക്കുകൾക്ക് പകരം " ഒരു വർഷത്തിൽ കുറയാതെയും രണ്ട് വർഷംവരെ" എന്നീ വാക്കുകൾ ചേർക്കുക..

145. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334(എ) (3)-ൽ "പതിനായിരം രൂപയിൽ കുറയാതെയും അമ്പതിനായിരം രൂപ വരെ" എന്നീ വാക്കുകൾക്ക് പകരം " അമ്പതിനായിരം രൂപയിൽ കുറയാതെയും ഒരു ലക്ഷം രൂപവരെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. മുരളീധരൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

137. ഖണ്ഡം 3 പ്രകാരം ചേർക്കുവാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 എ(3)-ൽ "ഒരു വർഷം" എന്നീ വാക്കുകൾക്ക് പകരം "രണ്ട് വർഷം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. എ. മാധവൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

139. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 334 എ(3) ൽ "ഒരു വർഷം വരെ" എന്നീ വാക്കുകൾക്ക് പകരം "നാല് വർഷം വരെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

140 ഖണ്ഡം 3 പ്രകാരം ചേർക്കുവാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വുപ്പ് 334 എ(3) ൽ "പതിനായിരം" എന്ന വാക്കിനു പകരം "ഇരുപതിനായിരം" എന്ന വാക്ക് ചേർക്കുക.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

141. ഖണ്ഡം 3 പ്രകാരം ചേർക്കുവാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 334 എ(3) ൽ "പതിനായിരം" എന്ന വാക്കിനു പകരം "ഇരുപത്തി അയ്യായിരം " എന്ന വാക്ക് ചേർക്കുക.

ശ്രീ. പാലോട് രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

142. ഖണ്ഡം 3 പ്രകാരം ചേർക്കുവാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 334 എ(3) ൽ "പതിനായിരം" എന്ന വാക്കിനു പകരം "മുപ്പതിനായിരം" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

143 ഖണ്ഡം 3 പ്രകാരം ചേർക്കുവാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 എ (3) -യിൽ " പതിനായിരം" എന്ന വാക്കിന് പകരം " മുപ്പത്തി അയ്യായിരം" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

144. ഖണ്ഡം 3 പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 എ (3)-ൽ "പതിനായിരം" എന്ന വാക്കിന് പകരം " അൻപതിനായിരം" എന്ന വാക്ക് ചേർക്കുക.

148.ഖണ്ഡം 3 പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 എ (3)-യിൽ "അമ്പതിനായിരം" എന്ന വാക്കിന് പകരം " ഒരു ലക്ഷം" എന്ന വാക്ക് ചേർക്കുക.

159. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 എ(4)-ൽ "ആയിരം" എന്ന വാക്കിന് പകരം " രണ്ടായിരം" എന്ന വാക്ക് ചേർക്കുക.

174.ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 334 സി (സി) യ്ക്കുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക.

"(ഡി) തനത് ഫണ്ടുള്ള സ്ഥാപനങ്ങൾ 3% തനത് ഫണ്ടിൽ നിന്ന് നീക്കി വച്ച തുക"

ശ്രീ. എസ്. ശർമ്മ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

149. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 എ (3) യിൽ "അമ്പതിനായിരം" എന്ന വാക്കിന് പകരം " അഞ്ച് ലക്ഷം" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

151. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334(എ) (3) ന് ശേഷം താഴെപറയുന്ന ഉപവകുപ്പ് (4) ചേർക്കുകയും തുടർന്നുള്ള ഉപവകുപ്പുകൾ പുനരക്കം ചെയ്യേണ്ടതുമാണ്..

"ഇനിമുതൽ നിർമ്മാണണാനുമതിയോ, പ്രവർത്തനാനുമതിയോ നല്കുന്ന (1)-ാം ഉപവകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവയുടെ കാര്യത്തിൽ മതിയായ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾക്കുള്ള രൂപരേഖയോ, വ്യവസ്ഥയോ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അനുമതി നല്കുന്ന ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതും, നിർമ്മാണഘട്ടത്തിലോ, പ്രവർത്തനഘട്ടത്തിലോ, രൂപരേഖയോ, വ്യവസ്ഥയോ ലംഘിക്കപ്പെടുന്നില്ലെന്ന് പരിശോധനയ്ക്ക് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതുമാണ്. ഇക്കാര്യങ്ങളിൽ വീഴ്ചയുണ്ടായാൽ

ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദിയാകുന്നതും, ശിക്ഷണ നടപടിക്ക് വിധേയനാക്കപ്പെടുന്നതുമായിരിക്കും ”

ശ്രീ. സണ്ണി ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

152. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334(എ) (4) ൽ “ആയിരം” എന്ന വാക്കിന് പകരം “ആയിരത്തിഇരുന്നൂറ്” എന്നീ വാക്കുകൾ ചേർക്കുക...

ശ്രീ. സി. പി. മുഹമ്മദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

153. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334(എ) (4) ൽ “ആയിരം” എന്ന വാക്കിന് പകരം “ആയിരത്തിഇരുന്നൂറ്റി അൻപത്” എന്നീ വാക്കുകൾ ചേർക്കുക..

ശ്രീ. വർക്കല കഹാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

154. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 എ (4) -ൽ, “ആയിരം” എന്ന വാക്കിനു പകരം “ആയിരത്തി മുന്നുറ്” എന്ന വാക്ക് ചേർക്കുക.

ശ്രീ. റ്റി.എൻ. പ്രതാപൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

156. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 എ (4)-ൽ, "ആയിരം" എന്ന വാക്കിനു പകരം "ആയിരത്തി എഴുന്നൂറ്റി അൻപത്" എന്ന വാക്ക് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

157. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 34 എ (4) -ൽ, "ആയിരം" എന്ന വാക്കിനു പകരം "രണ്ടായിരം" എന്ന വാക്ക് ചേർക്കുക

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

160. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 എ(4) താഴെപ്പറയും പ്രകാരം മാറ്റുക

"(4) മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ നോട്ടീസ് കിട്ടിയ ശേഷവും (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും ആയിരം രൂപവീതം പിഴ നൽകേണ്ടതാണ്.".

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

163. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 ബി(1)എയിൽ "യാതൊരു സ്ഥാപനമോ ആളോ അപ്രകാരം ചെയ്യുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ മുനിസിപ്പാ

ലിറ്റി സ്വീകരിക്കേണ്ടതുമാണ്" എന്നീ വാക്കുകൾക്കു പകരം "ഇത് ലംഘിക്കുന്ന ഏതൊരു സ്ഥാപനവും വ്യക്തിയും ലംഘനം തുടരുന്ന ഓരോ ദിവസവും അയ്യായിരം രൂപവീതം പിഴ നൽകേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സാജു പോൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

164. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 ബി(1)(എ) ക്കു ശേഷം താഴെപ്പറയുന്നത് ഉപവകുപ്പ് (ബി) ആയി ചേർക്കുകയും തുടർന്ന് അവ പുന:ക്രമീകരിക്കുകയും ചെയ്യുക.

"(ബി) സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള ഏതു തരം പ്ലാസ്റ്റിക് സഞ്ചികളുടെയും, പ്ലാസ്റ്റിക് കവറുകളുടെയും വില്പന നിരോധിക്കാൻ മുനിസിപ്പാലിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്."

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

164. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 ബി(1)(ബി)-യിൽ "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള കാലയളവിലേക്ക്, വിൽക്കാനുദ്ദേശിക്കുന്ന പ്ലാസ്റ്റിക് സഞ്ചികളുടെയും പ്ലാസ്റ്റിക് കവറുകളുടെയും ഏകദേശ എണ്ണത്തിനോ അളവിനോ അനുസരിച്ച്, അങ്ങനെയുള്ള" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

165. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 ബി(1)(ബി)-ൽ "ഈടാക്കാവുന്നതാണ്" എന്ന വാക്കിനു പകരം "നൽകേണ്ടതുമാണ്"എന്ന വാക്കു ചേർക്കുക.

ശ്രീ. റ്റി.എ. അഹ്മദ് കബീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 ബി(1)(ബി) യ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളായ തുണി, പേപ്പർ സ്വാഭാവിക നാരുകൾ മുതലായവ കൊണ്ടുള്ള സഞ്ചികളും കവറുകളും പൊതിയൽ വസ്തുക്കളും മാത്രം ഉപയോഗിക്കേണ്ടത് സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കാനും ജനങ്ങളുടെ ഉപയോഗത്തിന് അത്തരം വസ്തുക്കൾ കുടുംബശ്രീ മുഖേനയോ മറ്റ് ഏജൻസികൾ മുഖേനയോ ലഭ്യമാക്കിയ ശേഷം അതത് മുനിസിപ്പൽ പരിധിയിൽ പ്ലാസ്റ്റിക് കവറുകളും സഞ്ചികളും പാടേ നിരോധിക്കാനും മുനിസിപ്പാലിറ്റികൾക്ക് അധികാരവും ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതുമാണ്."

ശ്രീ. സി. കെ. സദാശിവൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

169. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 ബി(1)(സി)-യിൽ "ഉപഭോക്താവും" എന്ന വാക്കിനു പകരം "വീട്ടുടമയും സ്ഥാപനമുടമയും" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

170. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ

(i) വകുപ്പ് 334ബി(1)(സി) താഴെപ്പറയും പ്രകാരം മാറ്റുക.

"(സി) പാഴ്പ്ലാസ്റ്റിക് സഞ്ചികൾ, പ്ലാസ്റ്റിക് ചാക്കുകളും കവറുകളും കുപ്പികളും മറ്റ് ഉപയോഗശൂന്യമായ പ്ലാസ്റ്റിക് വസ്തുക്കളും ഓരോ ഉപഭോക്താവും മറ്റു മാലിന്യങ്ങളിൽ നിന്നും തരംതിരിച്ച് സൂക്ഷിക്കേണ്ടതും അവ കുടുംബശ്രീ മുഖേനയോ, മറ്റ് ഏജൻസികൾ മുഖേനയോ ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനം അതത് മുനിസിപ്പാലിറ്റികൾ ഏർപ്പെടുത്തേണ്ടതും, അതിനായി കൗൺസിൽ നിശ്ചയിക്കുന്ന ഫീസ് ഉപഭോക്താവിൽ നിന്നും ഈടാക്കാവുന്നതും അങ്ങനെ ഈടാക്കുന്ന തുക മാലിന്യനിർമ്മാർജ്ജന ഫണ്ടിൽ വരവു വയ്ക്കാവുന്നതുമാണ്"

(ii) വകുപ്പ് 334(സി)(ബി) യ്ക്ക് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർത്ത് ശേഷിക്കുന്ന ഉപവകുപ്പ് പുനഃക്രമീകരിക്കുക.

"(സി) 334ബി വകുപ്പിന്റെ (1)-ാം ഉപവകുപ്പിന്റെ (സി) ഖണ്ഡപ്രകാരം ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന തുക"

<u>ശ്രീ. രാജു എബ്രഹാം :</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

171. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 334ബി(2) ഒഴിവാക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

172. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334(സി) യിൽ "പ്രദേശത്ത് ഉണ്ടാകുന്ന മാലിന്യ നിർമ്മാർജ്ജന" എന്നീ വാക്കുകൾക്കു പകരം "പരിധിക്കകത്ത് നടത്തേണ്ട മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ" എന്നീ വാക്കുകൾ ചേർക്കുക

ഡോ. എൻ. ജയരാജ് : സർ, മാലിന്യം ഉറവിടങ്ങളിൽ കൈകാര്യം ചെയ്യുമെന്ന് പറഞ്ഞിരിക്കുന്നത് അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ കല്യാണമണ്ഡപങ്ങൾ തുടങ്ങിയവയിലാണെന്നാണ്. മത്സ്യസ്റ്റാളുകളും പ്രധാനമായും മാലിന്യമുണ്ടാക്കുന്ന സ്രോതസ് ആണ്. മത്സ്യസ്റ്റാൾ കൂടി ഉൾപ്പെടുത്തണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. കെ. സുരേഷ്കുറുപ്പ് : സർ, 6000 ചരുരശ്ര മീറ്റർ എന്നുപറയുന്നത് വലിയ വീടുകളാണ്. അത്തരം വീടുകൾ കെരളത്തിൽ വയ്ക്കുന്നുണ്ടെങ്കിലും വളരെ കുറവാണ്. 2000 സ്ക്വയർ ഫീറ്റിൽ വീട് പണിയുന്നവർ ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. അല്ലെങ്കിൽ ഒറ്റ വീടും ഈ പരിധിയിൽ വരില്ല. എന്റെ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ വിനീതമായ അപേക്ഷ.

(തുടരും)

Uncorrected / Not for publication

P 17-12-12 GK-JG-III
02-50-03-00

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ ഈ ബിൽ അവതരിപ്പിക്കുന്ന സമീപനത്തോട് യോജിക്കുകയാണെങ്കിലും, ഈ ബിൽ നമ്മുടെ നാട്ടിലെ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകരമായ രീതിയിൽ ധന കാര്യ മെമ്മോറാണ്ടത്തിൽ വേണ്ടത്ര നിർദ്ദേശം വരാത്തതുകൊണ്ടാണ് ശക്ത മായി വിയോജിക്കുന്നത്. പഴയകാലത്ത് മലബാർ മേഖലയിലുള്ള നമ്മുടെ കുടുംബങ്ങളിലെ എല്ലാ വീടുകളിലും നെരിപ്പോടുകൾ ഉണ്ടായിരുന്നു. എന്നു പറഞ്ഞാൽ, വീട്ടിൽ നിന്നാണ് മാലിന്യസംസ്ക്കരണം ആരംഭിക്കുന്നത്. വൃശ്ചികമാസത്തിലാണെങ്കിൽ നെരിപ്പോട് വൃദ്ധജനങ്ങൾക്ക് തണുപ്പ് മാറാനുള്ള സഹായം കൂടിയാണ്, തീകായാൻ. വൃശ്ചികമാസത്തിലാണ് കുളിര് ആരംഭിക്കുന്നത്, ധനു, മകരേ ഘോരേ...ഘോരേ... ആ സമയങ്ങളി ലൊക്കെ ഒരു അവബോധം സമൂഹത്തിൽ തന്നെയുണ്ടാക്കുവാൻ പഴയ തല മുറയിലെ രക്ഷിതാക്കൾക്ക് കഴിയുമായിരുന്നു. നമ്മുടെ പറമ്പുകളിലുള്ള എല്ലാ ചവറുകളും ഈ നെരിപ്പോടിൽ കൊണ്ടിട്ട് കത്തിച്ച് അവിടെവച്ചുതന്നെ പരിഹരിക്കുമായിരുന്നു. ഇത് രണ്ട് രീതിയിലുണ്ട് ക്ഷാരകണം കൂടുതലുള്ള വേസ്റ്റ് വേറൊരു നെരിപ്പോടിലും ഉണങ്ങിയ ഇല തുടങ്ങിയവ വേറെയൊന്നി ലുമാണ് സംസ്ക്കരിക്കുന്നത്. ഇവ പ്രത്യേകം പ്രത്യേകം ഉപയോഗപ്പെടുത്തി പച്ചക്കറി കൃഷിക്ക് ഉപയോഗിക്കാവുന്ന രീതിയിൽ പൊട്ടാഷ് എന്ന നിലയ്ക്ക് ക്ഷാരം വളരെ കുറഞ്ഞ വെണ്ണീർ അതിന് ഉപയോഗിക്കുവാൻ കഴിയുമായി രുന്നു. അത്തരമൊരു സംസ്ക്കാരമുള്ള കേരളത്തിലാണ് മാലിന്യത്തിന്റെ കൂമ്പാരമായി കേരളം മാറിയിരിക്കുന്നത്. നാട്ടിൻപുറങ്ങളിൽ ഉപ്പ് മുതൽ മത്സ്യംവരെ വാങ്ങിക്കുവാൻ തേക്കിന്റെ ഇല ഉപയോഗിച്ചിരുന്നു. ഇപ്പോൾ

അതെല്ലാം മാറി എല്ലാ മേഖലയിലും പ്ലാസ്റ്റിക്കാണ് ഉപയോഗിക്കുന്നത്. ഉറവിടത്തിലെ സംസ്ക്കരണമെന്നതിനേക്കാൾ പ്ലാസ്റ്റിക്ക് കേരളത്തിൽ നിരോധിക്കുവാൻ എന്താണ് മാർഗ്ഗമെന്ന നിർദ്ദേശമാണ് യഥാർത്ഥത്തിൽ ഈ ബില്ലിൽ വരേണ്ടത്. എങ്കിൽ മാത്രമേ ഇതിനൊരു ശാശ്വതമായ പരിഹാരം ഉണ്ടാകൂ. മാലിന്യം കുന്നുകൂടാൻ ഇടയായത് പ്ലാസ്റ്റിക്കിന്റെ വരവോടുകൂടിയാണ്. കേരളത്തിൽ ഇതിനൊരു പരിഹാരം കാണണമെങ്കിൽ പ്ലാസ്റ്റിക്കിനെ തടയുവാനുള്ള സംവിധാനവും പരിഹാര മാർഗ്ഗവും കണ്ടെത്തുകയെന്നത് അത്യാവശ്യമാണ്. എങ്കിൽ മാത്രമേ മാലിന്യം കുന്നുകൂടുന്നത് തടയുവാൻ കഴിയൂ. മാലിന്യം നഗരത്തിൽ മാത്രം പരിഹരിക്കുവാൻ കഴിയുന്ന കാര്യമല്ല. കേരളത്തിലെ ജനസംഖ്യയിൽ നല്ലൊരു ശതമാനവും ഫ്ളോട്ടിംഗ് പോപ്പുലേഷനാണ്.  എല്ലാവരുടേയും കയ്യിൽ ഒരു പ്ലാസ്റ്റിക്കിന്റെ പാക്കറ്റുണ്ടാകും. അത് മത്സ്യമോ ബേക്കറി സാധനങ്ങളോ തുണിക്കടയിൽ നിന്നുള്ള സാധനങ്ങളോ സ്വർണ്ണക്കടയിൽ നിന്നുള്ള സാധനങ്ങളോ എന്തുമാകാം. ഇങ്ങനെ എല്ലാവരുടേയും കൈകളിൽ എത്തിയ പ്ലാസ്റ്റിക്കാണ് വീടുകളിൽ കുന്നുകൂടുന്നത്. ഇതാണ് നമുക്ക് ഒഴിവാക്കുവാൻ കഴിയാത്ത രീതിയിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി വളരെ ഗൗരവപൂർവ്വമായി ആലോചിക്കേണ്ടത് ഗ്രാമ-നഗര വ്യത്യാസമില്ലാതെ പ്ലാസ്റ്റിക്ക് തടയുകയെന്ന ലക്ഷ്യംവച്ചുകൊണ്ട് ഒരു പരിഹാരം കണ്ടെത്തിയാലേ പരിഹരിക്കുവാൻ കഴിയൂ. മാത്രവുമല്ല ഇപ്പോൾ ഈ ബിൽ കൊണ്ടുവരുമ്പോൾ, 2025-ആകുമ്പോൾ കേരളത്തിലെ ജനസംഖ്യ എത്രമാത്രമായിരിക്കും. ഖര മാലിന്യമായാലും മറ്റ് മാലിന്യങ്ങളായാലും അതിന്റെ അളവ് എത്രമാത്രം വർദ്ധിക്കുവാൻ ഇടയുണ്ട്. അതിനനുസൃതമായി സംസ്ക്കരണ യൂണിറ്റുകളും പ്ലാന്റുകളും ആരംഭിച്ചാലേ ശാശ്വത

മായ പരിഹാരം ഉണ്ടാക്കിയെടുക്കുവാൻ കഴിയുകയുള്ളൂ. യുദ്ധകാലാടിസ്ഥാനത്തിൽ പ്ലാസ്റ്റിക്ക് ശേഖരിക്കുകയെന്ന ലക്ഷ്യംവച്ചുകൊണ്ട് ഇതിന് പരിഹാരം ഉണ്ടാക്കിയെടുക്കുവാൻ കഴിയുകയില്ല. ആ അർത്ഥത്തിൽ നീങ്ങുന്ന രീതിയിലേയ്ക്ക് മാറ്റിയെടുക്കുവാൻ ശ്രമിച്ചാൽ മാത്രമേ നമുക്കിത് തടയുവാൻ കഴിയുകയുള്ളു. മാലിന്യത്തെക്കുറിച്ച് പറയുമ്പോൾ വായുവിന്റെയും, ജലത്തിന്റെയും മലിനാവസ്ഥയെക്കുറിച്ച് പറയാറില്ല. വലിയ തോതിൽ കെട്ടിടങ്ങളും ഫ്ളാറ്റ് സമുച്ചയങ്ങളും ഉയർന്നുവരുന്നതിന്റെ ഭാഗമായും അമിതമായ വാഹനത്തിന്റെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിലും നഗരങ്ങളിലെ ജീവിതം സ്വൈരപൂർണ്ണമല്ല. അത്രയേറെ കാർബൺഡയോക്സൈഡിന്റെ അളവ് കൂടിയിരിക്കുകയാണ്. ഇതിന്റെ ഭാഗമായി ഉയർന്നുവരേണ്ട വസ്തുതയാണ്. ഫ്ളാറ്റുകളുടെ നിർമ്മാണത്തിന്റെ ഭാഗമായി ഒരു പ്ലാനിംഗ് അനിവാര്യമാണ്. സംസ്ക്കരണ യൂണിറ്റ് ഉണ്ടെങ്കിൽ മാത്രമേ പുതിയ കെട്ടിടങ്ങൾ അനുവദിക്കൂ എന്ന് പറഞ്ഞിട്ടുണ്ട്. ഫ്ളാറ്റുകൾ നിർമ്മിക്കുമ്പോൾ അതിന്റെ ഭാഗമായി ഗ്രീൻ ബെൽറ്റ്, മരങ്ങൾ വച്ച് വളർത്തണമെന്ന ഒരു സമീപനത്തെക്കുറിച്ച് തീരുമാനിക്കാത്തിടത്തോളം കാലം വായു മലിനീകരണം തടയുവാൻ കഴിയുകയില്ല. നഗരങ്ങളിലാണ് ഫ്ളാറ്റിന്റെ വലിയ തോതിലുള്ള വളർച്ച വരുന്നത്. നാടും നഗരവും വ്യത്യാസമില്ലാതെ ഫ്ളാറ്റുകൾ ഉയർന്നുവരികയാണ്. ഫ്ളാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് അമ്പത് സെന്റിൽ അമ്പത് സെന്റും ഫ്ളാറ്റാണ് നിർമ്മിക്കുന്നത്.

(ശ്രീ. ഇ. കെ. വിജയൻ തുടരും)

P.17.12.2012 DP-SD (4)
4.30-4.40

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

162. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 ബി (1) (എ) ൽ "പ്ലാസ്റ്റിക് കവറുകളുടേയും ഏറ്റവും കുറഞ്ഞ വില" എന്നീ വാക്കുകൾക്കുശേഷം "കുറഞ്ഞ തൂക്കം മൈക്രോണിൽ "എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

133. ഖണ്ഡം 3 പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 എ (2)-ൽ "റദ്ദാക്കാവുന്നതുമാണ് "എന്ന വാക്കിനുപകരം "റദ്ദാക്കേണ്ടതും മതിയായ സംവിധാനം ഉപയോഗിക്കാത്ത വീടുകൾ നിയമവിരുദ്ധ നിർമ്മിതിയായി കണക്കാക്കി നടപടി സ്വീകരിക്കേണ്ടതു മാണ് "എന്നീ വാക്കുകൾ ചേർക്കുക.

സർ, ലൈസൻസ് റദ്ദാക്കുന്നത് സംബന്ധിച്ച് പറയുന്ന ഒരു വകുപ്പാണിത്. ഇതിനകത്ത് അധികാരം നൽകിയത് സംബന്ധിച്ച് തെറ്റായി ചെയ്തു കഴിഞ്ഞാൽ റദ്ദാക്കാവുന്നതാണ് എന്നാണ്. സെക്രട്ടറിയുടെ കയ്യിലൊക്കെ ഇങ്ങനെയുള്ള അധികാരം വരുമ്പോൾ ഒരു റദ്ദാക്കലും നടക്കാൻ പോകുന്നില്ല. അവിടെ ഒത്തുകളി നടക്കും. നിയമത്തിനകത്തുതന്നെ വ്യക്തമായിട്ടുള്ള വ്യവസ്ഥ വേണമെന്നുള്ളതുകൊണ്ടാണ് ഇത്തരത്തിലുള്ള ഒരു ഭേദഗതി ഞാൻ കൊണ്ടുവരാൻ കാരണം.

ശ്രീ. എം. ഹംസ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു

159. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 എ(4)-ൽ ''ആയിരം'' എന്ന വാക്കിനുപകരം ''രണ്ടായിരം'' എന്ന വാക്ക് ചേർക്കുക.

ഒരിക്കൽ ശിക്ഷിക്കപ്പെട്ട ആൾ വീണ്ടും ആ കുറ്റം ആവർത്തിച്ചാൽ ദിവസത്തിൽ ആയിരും രൂപയാണ് ഫൈൻ ഈടാക്കുന്നത്. അതുപോര അതൊരു പതിനായിരം രൂപ ആക്കിയാലെ ഈ ശിക്ഷ കൊണ്ട് ഗുണമുള്ളൂ. ഒരിക്കൽ ശിക്ഷിച്ചു, ഒരിക്കൽ ഫൈൻ അടച്ചു. വീണ്ടും അത് ആവർത്തിച്ചാൽ ആയിരം രൂപ മാത്രമാണ് ഫൈൻ. അതൊന്ന് കൂട്ടണം.

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറിപ്പ്, അങ്ങയുടെ 121, 125, 127 എന്നീ ഭേദഗതികൾ ഒരുമിച്ച് വിളിച്ചിരുന്നു. മൂന്നു ഭേദഗതിയും വിളിച്ചിട്ടാണ് ശ്രീ. ബെന്നി ബെഹനാന്റെ പേര് വിളിച്ചത്.

ശ്രീ. കെ. സുരേഷ് കുറിപ്പ്: ക്ഷമിക്കണം സർ, ഇതിനകത്ത് ഫീസ് മുനിസിപ്പാലിറ്റി കെട്ടണമെന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. ഈ ഫീസ് കിട്ടിയിട്ട് മുനിസിപ്പാലിറ്റി മാലിന്യങ്ങൾ ശേഖരിക്കുകയും സംസ്കരിക്കുകയും ചെയ്യണമെന്ന് പറയണ്ടെ. അതാണ് ഞാൻ ഉദ്ദേശിച്ചത്.

മി. സ്പീക്കർ: അത് മന്ത്രി പിന്നെ പറയും.

ശ്രീ. സാജുപോൾ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

164. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 ബി(1)(എ)യ്ക്കുശേഷം താഴെപ്പറയുന്നത് ഉപവകുപ്പ്(ബി) ആയി

ചേർക്കുകയും തുടർന്ന് അവ പുനഃക്രമീകരിക്കുകയും ചെയ്യുക. "(ബി)സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള ഏതു തരം പ്ലാസ്റ്റിക് സഞ്ചികളുടെയും പ്ലാസ്റ്റിക് കവറുകളുടെയും വില്പന നിരോധിക്കാൻ മുനിസിപ്പാലിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. "

ഈ മാലിന്യങ്ങൾ മുഴുവനും പ്ലാസ്റ്റിക് ബാഗുകളിലാണ് കൊണ്ടുപോയി നിക്ഷേപിക്കുന്നത്. അതുകൊണ്ട് ഏതുതരം പ്ലാസ്റ്റിക് ബാഗുകളും നിരോധിക്കാൻ നഗരസഭകൾക്ക് അധികാരം കൊടുക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. സി. കെ. സദാശിവൻ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

169. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 ബി(1)(സി)യിൽ "ഉപഭോക്താവും" എന്ന വാക്കിനു പകരം "വീട്ടമ്മയും സ്ഥാപനമുടമയും" എന്നീ വാക്കുകൾ ചേർക്കുക.

പ്ലാസ്റ്റിക് സഞ്ചികളും പ്ലാസ്റ്റിക് കവറുകളും ഓരോ ഉപഭോക്താവും എന്നതിനുപകരം വീട്ടുടമയും സ്ഥാപനമുടമയും എന്നീ വാക്കുകൾ ചേർക്കണം. ഉറവിടം എന്നതിന് കൂടുതൽ വ്യക്തത വരണമെങ്കിൽ ഈ വാക്കുകൾ ചേർക്കുന്നതായിരിക്കും നല്ലത്. ബില്ല് സ്ട്രെങ്ത്തൺ ചെയ്യാൻ അതായിരിക്കും നല്ലതെന്നാണ് എന്റെ അഭിപ്രായം.

**നഗരകാര്യവും ന്യൂനപക്ഷവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഞാൻ താഴെ പറയുന്ന ഓറൽ അമന്റ്മെന്റ് അവതരിപ്പിക്കുന്നു.**

(121) ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334എ(1) -ൽ "600 ചതുരശ്രമീറ്ററിൽ" എന്നീ അക്കങ്ങൾക്കും വാക്കു

കൾക്കും പകരം "400 ചതുരശ്ര മീറ്ററിൽ " എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

(126) ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334എ(1) (സി)യിൽ " അത്തരം മാലിന്യങ്ങൾ" എന്നീ വാക്കുകൾക്കു പകരം " അത്തരം മാലിന്യങ്ങൾക്ക്" എന്നീ വാക്കുകൾ ചേർക്കുക.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

ശ്രീമതി അയിഷാ പോറ്റി അവതരിപ്പിച്ച 131-ാം നമ്പർ ഭേഗതി "വീട്ടുനമ്പരോ" എന്നുള്ളത് "കെട്ടിടനമ്പരോ" എന്നാക്കി അതൊരു ഓറൽ അമന്റ്മെന്റായി അംഗീകരിക്കുകയാണ്. അതിൽ 2(1) അപ്രകാരമുള്ള സംവിധാനങ്ങളില്ലാത്തവയ്ക്ക് പ്രവർത്തനാനുമതിയോ, ലൈസൻസോ, കെട്ടിടനമ്പരോ., അതുപോലെതന്നെ അതിന്റെ അവസാനത്തേതിൽ "മൂന്നാമത്തെ ലൈൻ സംവിധാനമുണ്ടാക്കാത്ത സ്ഥാപനങ്ങളുടെ ലൈസൻസും കെട്ടിടനമ്പരും" എന്നത് ഒരു ഓറൽ അമന്റ്മെന്റായി അംഗീകരിക്കുന്നു.

(ഡോ. എൻ. ജയരാജ്)

ഡോ. എൻ. ജയരാജ് സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

161. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 ബി (1) (എ) യിൽ "കൊണ്ടുപോകുന്നതിനുള്ള" എന്ന വാക്കിനു ശേഷം "നിയമാനുസൃതമായ മൈക്രോൺ അളവുള്ള" എന്നീ വാക്കുകൾ ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, കേന്ദ്ര നിയമ പ്രകാരമാണ് മൈക്രോണിന്റെ അളവ് നിശ്ചയിക്കുന്നത് അല്ലാതെ സംസ്ഥാനമല്ല. നമുക്കത് ചെയ്യാനുള്ള അധികാരമില്ല. അതു കൊണ്ടാണത് ഒഴിവാക്കിയത്.

ശ്രീ. എ. കെ. ബാലൻ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

163. ഖണ്ഡം 3 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 334 ബി (1) (എ)യിൽ "യാതൊരു സ്ഥാപനമോ ആളോ അപ്രകാരം ചെയ്യുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ മുനിസിപ്പാലിറ്റി സ്വീകരിക്കേണ്ടതുമാണ്" എന്നീ വാക്കുകൾക്ക് പകരം "ഇത് ലംഘിക്കുന്ന ഏതൊരു സ്ഥാപനവും വ്യക്തിയും ലംഘനം തുടരുന്ന ഓരോ ദിവസവും അയ്യായിരം രൂപ വീതം പിഴ നൽകേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

163 -ൽ ഖണ്ഡം എ (3) 334 ബി യിൽ പറയുന്നത് സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള വിവിധതരം പ്ലാസ്റ്റിക് സഞ്ചികളുടെയും പ്ലാസ്റ്റിക് കവറുകളുടെയും ഏറ്റവും കുറഞ്ഞ വില വിജ്ഞാപനപ്രകാരം മുനിസിപ്പാലിറ്റി നിശ്ചയിക്കേണ്ടതുണ്ട്. അങ്ങനെ നിശ്ചയിച്ച വിലയെക്കാൾ കുറഞ്ഞ വിലയ്ക്കോ സൗജന്യമായോ അത്തരം സഞ്ചികളോ കവറുകളോ യാതൊരു സ്ഥാപനമോ ആളോ വിൽക്കുകയോ നൽകുകയോ ചെയ്യാൻ പാടില്ലാത്തതും യാതൊരു സ്ഥാപനമോ ആളോ അപ്രകാരം ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ മുനിസിപ്പാലിറ്റി സ്വീകരിക്കേണ്ടതുമാണ്. ഇതൊരു മതപ്രസംഗംപോലെ നടത്തിയാൽ പറ്റില്ല. ഇത് എൻഫോഴ്സ് ചെയ്യുന്നില്ലായെങ്കിൽ എന്ത് ചെയ്യും.

(ബി)യുടെ അവസാനം പറയുന്നത് പ്ലാസ്റ്റിക് കവറുകളുടേയും ഏകദേശ എണ്ണത്തിനോ അളവിനോ അനുസരിച്ച് അങ്ങനെയുള്ള ഒരു നിശ്ചിത തുക അധിക ഫീസായി മുനിസിപ്പാലിറ്റി ഈടാക്കാവുന്നതുമാണ്. ഏതാണ് നിശ്ചിത തുക? ഒരു നിയമമുണ്ടാക്കുമ്പോൾ അതിൽ സ്പെസിഫിക്കായി പറയണം. വയലേഷൻ നടത്തിക്കഴിഞ്ഞാൽ ഇന്നതാണ് പെനാൽറ്റി എന്നുള്ളത് കൃത്യമായി പറയണം. എന്റെ ഭേദഗതി എന്താണെന്നു പറഞ്ഞാൽ "ഇത് ലംഘിക്കുന്ന ഏതൊരു സ്ഥാപനവും വ്യക്തിയും ലംഘനം തുടരുന്ന ഓരോ ദിവസവും അയ്യായിരം രൂപ വീതം പിഴ നൽകേണ്ടതാണ് " എന്നീ വാക്കുകൾ ഇതിന്റെ കൂടെ ചേർക്കണമെന്നുള്ളതാണ്. അല്ലെങ്കിൽ നിയമം നിലനിൽക്കില്ല.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: ഭേദഗതി സ്വീകരിക്കുന്നില്ല.

<u>ശ്രീ. എ. കെ. ബാലൻ:</u> ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ-49

111. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
112. ശ്രീമതി പി. അയിഷാ പോറ്റി
113. ശ്രീ. കെ. അജിത്
114. ശ്രീ. എ. എം. ആരിഫ്
115. ശ്രീ. എ. എ. അസീസ്
116. ശ്രീ. ബാബു എം. പാലിശ്ശേരി
117. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
118. ശ്രീ. എ. കെ. ബാലൻ
119. ശ്രീ. എം. ചന്ദ്രൻ
120. ശ്രീ. ഇ. ചന്ദ്രശേഖരൻ
121. ശ്രീ. വി. ചെന്താമരാക്ഷൻ
122. ശ്രീ. കെ. ദാസൻ
123. ശ്രീ. ബി. ഡി. ദേവസ്സി
124. ശ്രീ. സി. ദിവാകരൻ
125. ശ്രീമതി ഗീതാ ഗോപി
126. ശ്രീ. ചിറ്റയം ഗോപകുമാർ
127. ശ്രീ. പി. കെ. ഗുരുദാസൻ
128. ശ്രീ. എം. ഹംസ
129. ഡോ. കെ. ടി. ജലീൽ
130. ശ്രീ. കെ. കെ. ജയചന്ദ്രൻ
131. ശ്രീ. ജി. എസ്. ജയലാൽ
132. ശ്രീ. എളമരം കരീം
133. ശ്രീ. സി. കൃഷ്ണൻ
134. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
135. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
136. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

137. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

138. ശ്രീ. മാത്യു റ്റി. തോമസ്

139. ശ്രീ. സി. കെ. നാണു

140. ശ്രീ. കെ. കെ. നാരായണൻ

141.ശ്രീ. എ. പ്രദീപ്കുമാർ

142. ശ്രീ. പുരുഷൻ കടലുണ്ടി

143. ശ്രീ. പി. റ്റി. എ. റഹീം

144. ശ്രീ. എസ്. രാജേന്ദ്രൻ

145. ശ്രീ. രാജു എബ്രഹാം

146. പ്രൊഫ. സി. രവീന്ദ്രനാഥ്

147. ശ്രീ. സി. കെ. സദാശിവൻ

148. ശ്രീ. സാജു പോൾ

149. ശ്രീമതി കെ. എസ്. സലീഖ

150. ശ്രീ. എസ്. ശർമ്മ

151.ശ്രീ. വി. ശശി

152. ശ്രീ. എ. കെ. ശശീന്ദ്രൻ

153. ശ്രീ. ജോസ് തെറ്റയിൽ

154. ശ്രീ. വി. ശിവൻകുട്ടി

155. ശ്രീ. പി. ശ്രീരാമകൃഷ്ണൻ

156. ശ്രീ. ജി. സുധാകരൻ

157. ശ്രീ. വി. എസ്. സുനിൽകുമാർ

158. ശ്രീ. കെ. സുരേഷ് കുറുപ്പ്

159. ശ്രീ. ഇ. കെ. വിജയൻ

പ്രതികൂലിക്കുന്നവർ-**69**

128. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

129. ശ്രീ. പി. കെ. അബ്ദു റബ്ബ്

130. ശ്രീ. പി. ബി. അബ്ദുൾ റസാക്

131.ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

132. ശ്രീ. എം. പി. അബ്ദുസമദ് സമദാനി

133. ശ്രീ. ടി. എ. അഹ്മദ് കബീർ

134. ശ്രീ. മഞ്ഞളാംകുഴി അലി

135. ശ്രീ. എ. പി. അനിൽകുമാർ

136. ശ്രീ. അനൂപ് ജേക്കബ്

137. ശ്രീ. അൻവർ സാദത്ത്

138. ശ്രീ. കെ. ബാബു

139. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

140. ശ്രീ. സി. എൻ. ബാലകൃഷ്ണൻ

141.ശ്രീ. വി. ടി. ബൽറാം

142. ശ്രീ. പി. കെ. ബഷീർ

143. ശ്രീ. ബെന്നി ബെഹനാൻ

144. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

145. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

146. ശ്രീ. കെ. ബി. ഗണേഷ് കുമാർ

147. ശ്രീ. പി. സി. ജോർജ്

148. ശ്രീ. ഹൈബി ഈഡൻ

149. കുമാരി പി. കെ. ജയലക്ഷ്മി

150. ഡോ. എൻ. ജയരാജ്

151.ശ്രീ. കെ. സി. ജോസഫ്

152. ശ്രീ. രമേശ് ചെന്നിത്തല

153. ശ്രീ. ജോസഫ് വാഴക്കൻ

154. ശ്രീ. വർക്കല കഹാർ

155. ശ്രീ. കെ. എൻ. എ. ഖാദർ

156. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

157. ശ്രീ. റ്റി. യു. കുരുവിള

158. ശ്രീ. ലൂഡി ലൂയിസ്

159. ശ്രീ. പി. എ. മാധവൻ

160. ശ്രീ. സി. മമ്മൂട്ടി
161.ശ്രീ. എ. റ്റി. ജോർജ്
162. ശ്രീ. കെ. പി. മോഹനൻ
163. ശ്രീ. മോൻസ് ജോസഫ്
164. ശ്രീ. സി. പി. മുഹമ്മദ്
165. ശ്രീ. ആര്യാടൻ മുഹമ്മദ്
166. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
167. ശ്രീ. കെ. മുരളീധരൻ
168. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
169. ശ്രീ. ഉമ്മൻ ചാണ്ടി
170. ശ്രീ. അടൂർ പ്രകാശ്
171.ശ്രീ. റ്റി. എൻ. പ്രതാപൻ
172. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
173. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
174. ശ്രീ. പാലോട് രവി
175. ശ്രീ. റോഷി അഗസ്റ്റിൻ
176. ശ്രീ. വി. പി. സജീന്ദ്രൻ
177. ശ്രീ. എൻ. ശക്തൻ
178. ശ്രീ. വി. ഡി സതീശൻ
179. ശ്രീ. ഷാഫി പറമ്പിൽ
180. ശ്രീ. കെ. എം. ഷാജി
181.ശ്രീ. എൻ. ഷംസുദീൻ
182. ശ്രീ. ആർ. സെൽവരാജ്
183. ശ്രീ. ഷിബു ബേബി ജോൺ
184. ശ്രീ. കെ. ശിവദാസൻ നായർ
185. ശ്രീ. വി. എസ്. ശിവകുമാർ
186. ശ്രീ. സണ്ണി ജോസഫ്
187. ശ്രീ. സി. എഫ്. തോമസ്
188. ശ്രീ. പി. ഉബൈദുള്ള
189. ശ്രീ. എം. ഉമ്മർ

190. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

191.ശ്രീ. കെ. അച്ചുതൻ

192. ശ്രീ. എം. പി. വിൻസെന്റ്

193. ശ്രീ. പി. സി. വിഷ്ണുനാഥ്

194. ശ്രീ. തോമസ് ഉണ്ണിയാടൻ

195. ശ്രീ. സി. മോയിൻകുട്ടി

196. ഡോ. എം. കെ. മുനീർ

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ - 49

പ്രതികൂലിക്കുന്നവർ - 69

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ......................

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**നാലാം വകുപ്പ്**

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ......................

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............................................

പ്രതികൂലിക്കുന്നവർ ............................................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മൂന്നാം വായന

മി. സ്പീക്കർ: നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രിക്ക് ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 2012-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

Uncorrected / Not for publication

മി. സ്പീക്കർ: 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................
പ്രതികൂലിക്കുന്നവർ..........................

2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സായിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(18-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.46-ന് പിരിഞ്ഞു.)

*********